# സന്തോഷം

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# സന്തോഷം


## പ്രൊഫ. എം.വൈ. യോഹന്നാൻ

റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 683 562**

●

Cover Page & Design
Abitha Fenix, DentCare

●

Printed at
Sterling Print House, Cochin - 682 041

●

Price: ` 70

●



All rights reserved with the publisher

## ആമുഖം

ദൈവത്തിന്റെ അത്ഭുതകൃപയാൽ അനേകം പുസ്തകങ്ങൾ രചിക്കുവാൻ എനിക്ക് കഴിഞ്ഞു. ഇത് എന്റെ 142-ാമത്തെ പുസ്തകമാണ്. ഇത്രത്തോളം യഹോവ എന്നെ സഹായിച്ചു. ഏബെൻ-ഏസർ! ആത്മീയമായി വേദശാസ്ത്ര പാണ്ഡിത്യമോ തിരുവചനത്തിലുള്ള അവഗാഹമോ ഒന്നും എനിക്കില്ല. പതിനേഴാമത്തെ വയസ്സിൽ എന്റെ ജീവിതം യേശുക്രിസ്തുവിന് സമർപ്പിച്ചതിനുശേഷം ഒരു വിശുദ്ധജീവിതം നയിക്കുവാനുള്ള ആഗ്രഹം എന്റെ മനസ്സിൽ മൊട്ടിട്ടു.

വിശുദ്ധന്മാരായ അനേകം ദൈവമക്കളുടെ പുസ്തകങ്ങൾ വായിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായി. തിരുവചനം ആദിയോടന്തം 29 പ്രാവശ്യം മുട്ടിന്മേലിരുന്ന് വായിച്ചു തീർക്കുവാനിടയായി. എനിക്ക് വൃക്കസംബന്ധമായ അസുഖം വന്നതിനുശേഷം മുട്ടിന്മേലിരുന്ന് പ്രാർത്ഥിക്കുകയോ ബൈബിൾ വായിക്കുകയോ ചെയ്യേണ്ട എന്ന് ഡോക്ടർ നിർദ്ദേശിച്ചു. ഇപ്പോൾ കസേരയിലിരുന്ന് വായിക്കുകയും പ്രാർത്ഥിക്കുകയുമെല്ലാം ചെയ്യുന്നു. ഈ രോഗത്തിന്റെ അവശതകളുടെ ഇടയിലും വായിക്കുവാനും ഗ്രന്ഥരചനയിലേർപ്പെടുവാനും എല്ലാം കർത്താവ് കൃപ നൽകിയതോർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു, ദൈവതിരുനാമം മഹത്വപ്പെടുത്തുന്നു.

ഈ പുസ്തകത്തിന് 'സന്തോഷം' എന്ന പേര് കൊടുത്തതുതന്നെ സന്തോഷമില്ലാതെ ഉള്ളം നൊന്തുകലങ്ങി വല

യുന്ന ഓരോരുത്തർക്കും സന്തോഷം ലഭിക്കണം എന്ന ആശ യാണ്. ക്രിസ്തുവിന്റെ ജനനത്തിങ്കൽ ആദ്യത്തെ സുവിശേഷ പ്രസംഗം ബേത്‌ലഹേം മലഞ്ചെരുവിൽ മുഴങ്ങി. ആ പ്രസംഗം ചെയ്തത് മാലാഖമാരായിരുന്നു. സ്വർഗ്ഗത്തിലെ മാലാഖമാർ! അവരുടെ പ്രസംഗവിഷയം: “സർവ്വജനത്തിനും ഉണ്ടാകുവാ നുള്ള മഹാസന്തോഷം” എന്നുള്ളതായിരുന്നു. ആ പ്രസംഗം കേട്ടത് മലഞ്ചെരുവിൽ ആട്ടിൻകൂട്ടത്തെ കാവൽകാത്ത് പാർത്തിരുന്ന ഇടയന്മാരാണ്. കർത്താവിന്റെ തേജസ്സ് അവരെ ചുറ്റി മിന്നി, അവർ ഭയപരവശരായിത്തീർന്നു. ദൂതൻ അവ രോട്: “ഭയപ്പെടേണ്ട, സർവ്വജനത്തിനും ഉണ്ടാകുവാനു ള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവി ശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. നിങ്ങൾക്കടയാളമോ, ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിട ക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും” എന്ന് പറഞ്ഞു.

തിരുപ്പിറവി, ഏവർക്കും മഹാസന്തോഷമുളവാക്കുന്ന താണ്. ഭയചകിതരായിരിക്കുന്നവർക്ക് ഭയപ്പാട് മാറ്റുന്നതാണ്. ഉള്ളം നൊന്ത് വിങ്ങിയിരിക്കുന്നവർക്ക് ആശ്വാസം പകരുന്ന താണ്. അതാണ് മാലാഖമാരുടെ വൃന്ദം പാടിയത്: “അത്യുന്ന തങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം.” ലൂക്കോസ് 2 : 14.

ഈ മഹാസന്തോഷം, കാലാകാലങ്ങളിൽ ഭക്തന്മാർ അനുഭവിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ദാവീദ് പാടിയത്:

**“ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു, കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു.”**

**സങ്കീർത്തനങ്ങൾ 46 : 1**

42, 43 സങ്കീർത്തനങ്ങളിൽ ഒരു കാര്യം ദാവീദ് പറയുന്നു:

"എന്റെ ആത്മാവേ, നീ വിഷാദിച്ച് ഉള്ളിൽ ഞരങ്ങുന്നതെന്ത്? ദൈവത്തിൽ പ്രത്യാശ വയ്ക്കുക. അവൻ എന്റെ മുഖപ്രകാശ കരക്ഷയും എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും." വിശ്വാസസ്ഥിരതയോടെ സങ്കീർത്തനക്കാരൻ പറഞ്ഞു: "നീ എന്റെ ദീപത്തെ കത്തിക്കും; എന്റെ ദൈവമായ യഹോവ എന്റെ അന്ധകാ രത്തെ പ്രകാശമാക്കും. നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞു ചെല്ലും. എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും." സങ്കീർത്തനങ്ങൾ 18 : 28, 29.

ഫുൾട്ടൻ ജെ. ഷീൻ – 'Way to Happiness' എന്ന ഗ്രന്ഥ ത്തിൽ എഴുതി: He who loses himself finds himself and finds his happiness. മറ്റെല്ലാം മറന്ന് ഒരേ ഒരു കാര്യത്തിൽ ലയിച്ചിരി ക്കുന്ന അവസ്ഥയിൽ സാക്ഷാത്തായ സന്തോഷം കണ്ടെ ത്താൻ സാധിക്കുന്നു. അപ്പോൾ എല്ലാം മറന്ന് സ്വയം നഷ്ട പ്പെടുമ്പോഴാണ് ഒരാൾ തന്നെത്തന്നെ യഥാർത്ഥത്തിൽ കണ്ടെ ത്തുക.

ആ സന്തോഷം ലഭിച്ചുകഴിയുമ്പോൾ പരിസരം മറന്ന് ഒരു പ്രത്യേക ആനന്ദാനുഭൂതിയിൽ നാം ലയിക്കും.

മാൾട്ടക്കാരിയായ ഒരു പെൺകുട്ടി മദർതെരേസയുടെ സഭയിൽ ചേരാൻ വന്നു. മദർ അവളെ ആദ്യദിവസംതന്നെ അയച്ചത് മരിച്ചുകൊണ്ടിരുന്ന ഒരാളെ ശുശ്രൂഷിക്കാനായി രുന്നു. നാല് മണിക്കൂർ കഴിഞ്ഞ് അവൾ തിരിച്ചെത്തിയപ്പോൾ അവളിൽ നിറഞ്ഞ സന്തോഷമാണ് കണ്ടത്. അവളുടെ സന്തോഷത്തിന്റെ കാരണം ചോദിച്ച മദറിനോട് അവൾ പറഞ്ഞു: "മദറേ, മൂന്ന് മണിക്കൂർ ഞാൻ യേശുവിനെ കൈക ളിൽ എടുത്തു." തെരുവിൽ ആരോരുമില്ലാതെ ശരീരമാസ കലം വ്രണം നിറഞ്ഞ, ദുർഗന്ധം വമിക്കുന്ന ആ മരണാസന്ന രോഗിയെ കൈകളിലെടുത്ത് ശുശ്രൂഷിച്ചുകൊണ്ടിരുന്നപ്പോൾ

തന്റെ കൈകളിലുള്ളത് സാക്ഷാൽ യേശുവാണെന്നാണ് അവൾക്ക് തോന്നിയത്. അതാണ് അവൾ ആനന്ദനിർവൃതി അണയാൻ കാരണം.

യേശുക്രിസ്തുവിനെ ഹൃദയത്തിൽ കൈക്കൊള്ളുക! നമ്മുടെ ശരീരത്തിലെ ഓരോ കോശവും ക്രിസ്തുവിന്റെ പരിശുദ്ധാത്മാവിനാൽ നിറയുക! നമ്മുടെ ശരീരത്തിലുള്ള ഓരോ അവയവത്തിലും ക്രിസ്തുവിന്റെ തിരുരക്തത്തിന്റെ മുദ്രയുണ്ടായിരിക്കുക! അത് എന്തൊരു അവാച്യാനുഭൂതിയാണ്! അത് എന്തൊരു സന്തോഷത്തികവാണ്! അത് ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾത്തന്നെ ലഭിക്കും എന്ന യാഥാർത്ഥ്യം സ്വന്ത അനുഭവത്തിലാകുമ്പോഴാണ് സാക്ഷാത്തായ സന്തോഷം നമുക്ക് ലഭിക്കുന്നത്.

സാലോക്യ, സാമീപ്യ, സാരൂപ്യ, സായൂജ്യങ്ങൾ എന്ന നിർവ്വാണാവസ്ഥ പ്രാപിക്കുക എന്നതായിരിക്കട്ടെ നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം. അതാണ് സാക്ഷാൽ മോക്ഷം. ആ അനുഭവം പ്രാപിക്കുന്ന വിശുദ്ധന്മാർക്ക്: ‘‘എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നു” എന്ന് പറയാൻ സാധിക്കും (ഫിലിപ്പിയർ 1 : 21). ക്രിസ്തുവിന് സമർപ്പിതമായ ജീവിതത്തിൽ എന്നും ആനന്ദത്തികവായിരിക്കും. “എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ്വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം” എന്ന് സെന്റ് പോൾ 1 തെസ്സലോനിക്യർ 5 : 16-18 വാക്യങ്ങളിൽ പറയുന്നത് നമുക്കുള്ള നിയോഗമാണ്.

അങ്ങനെ കലങ്ങി മറിയുന്ന കടലിൽ ആടിയുലയുന്ന ഒരു ബോട്ടുപോലെ അസ്വസ്ഥമായിരിക്കുന്ന നമ്മുടെ ജീവിതം ക്രിസ്തു വസിക്കുന്ന ഒന്നായി തീരുമ്പോഴുണ്ടാകുന്ന സുസ്ഥിരതയും ധൈര്യവും നമുക്ക് സംപ്രാപ്തമാക്കാം.

അതിന് ഈ ഗ്രന്ഥത്തിന്റെ പാരായണം ഓരോരുത്തർക്കും അനുഭവമായിത്തീരട്ടെ, പ്രയോജനപ്രദമായിത്തീരട്ടെ എന്നാണ് എന്റെ പ്രാർത്ഥനയും ആശംസയും.

ഈ ഗ്രന്ഥരചനയിൽ എന്നെ സഹായിച്ച അനേകം ആത്മീയ സഹോദരങ്ങളുണ്ട്. അവരെ ഓരോരുത്തരേയും പേരുപറഞ്ഞ് അലോസരപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എല്ലാം കാണുന്ന നിത്യരാജാധിരാജാവായ ക്രിസ്തു തന്റെ രണ്ടാമത്തെ വരവിൽ അവർക്കേവർക്കും പ്രതിഫലം നൽകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഇത് വായിക്കുന്ന ഓരോരുത്തർക്കും ക്രിസ്തു നൽകുന്ന സന്തോഷം ലഭിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞാൻ നിറുത്തുന്നു.

നിങ്ങളുടെ വിനീത വിധേയൻ,

**എം.വൈ. യോഹന്നാൻ**

# ഒന്ന്

**"നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും."**

**ലൂക്കോസ് 1 : 14**

നിത്യനായ ദൈവത്തിന്റെ അരുളപ്പാട്, വ്യക്തിപരമായി സെഖര്യാപുരോഹിതന് ലഭിക്കുന്നു. ഇത് ശക്തമായ ദൈവിക വാഗ്ദത്തമാണ്. ഇപ്പോൾ നിനക്ക് സന്തോഷമില്ല. ഇപ്പോൾ നിനക്ക് ഉല്ലാസമില്ല. പക്ഷേ, നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും.

ആശ്വാസകരമായ ഒരു വാക്കാണത്. ഇന്ന് നീറിപ്പുകയുന്ന മനസ്സാണ്, വരണ്ടുണങ്ങിയ ഹൃദയമാണ്, കണ്ണീരണിഞ്ഞ മുഖമാണ്, വേദനയിൽ അഴലാണ്ട് വലഞ്ഞ് വിഷമിച്ചിരിക്കുന്ന ഒരനുഭവമാണ്. ഇന്ന് ഒരിടത്തുനോക്കിയാലും സമാധാനം കാണാൻ കിട്ടുന്നില്ല. എല്ലാ സൗകര്യങ്ങളുമുണ്ട്. പക്ഷേ, സമാധാനം മാത്രമില്ല. എല്ലാ ഭൗതികമായ നേട്ടങ്ങളും നന്മകളുമുണ്ട്. പക്ഷേ, ഹൃദയത്തിൽ സന്തോഷമില്ല.

സന്തോഷമില്ലാത്ത ഒരു സമൂഹം! ഉല്ലാസമില്ലാത്ത സമൂഹം! മനസ്സ് ആധി പിടിച്ചിരിക്കുന്ന ഒരു സമൂഹം! വേദനിച്ചു ഞരങ്ങുന്ന ഒരു സമൂഹം! വിവിധ കാരണങ്ങളാൽ തകർന്നുപോയ ജീവിതങ്ങൾ! സമാധാനമില്ലാത്ത ജീവിതങ്ങൾ! മനസ്സ് ആകെ കലങ്ങിയിരിക്കുന്ന ജീവിതങ്ങൾ!

കർത്താവ് പറയുന്നു: "നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും." സെഖര്യാപുരോഹിതന് കൊടുത്ത ആ വാഗ്ദത്തം ദൈവം നിവർത്തിച്ചു.

സെഖര്യാപുരോഹിതൻ ദൈവാലയത്തിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുകയാണ്. പക്ഷേ, ഉള്ളിൽ ഒരാധിയും വേദനയുമുണ്ട്. അത് പുറത്തേക്ക് പൊന്തിവരുന്നില്ലെങ്കിലും അകത്ത് നീറ്റലുണ്ട്.

ഒരു കുഞ്ഞില്ല. ഒരു മകനെ ലാളിക്കാൻ സാധിക്കുന്നില്ല. പ്രതീക്ഷകൾ പോയി. ഭാര്യയായ എലീശബെത്ത് വാർദ്ധക്യത്തിലായി. സെഖര്യാപുരോഹിതനും വാർദ്ധക്യത്തിലായി. ഇനി ഒരു മകനുണ്ടാകാനുള്ള സാദ്ധ്യതയില്ല. വേദനപുരണ്ട മനോഗതമായി ഉള്ളിൽ ആ നൊമ്പരം കിടക്കുന്നുണ്ട്.

സെഖര്യാവ് പുരോഹിതനായിരുന്നു പക്ഷേ, വൃദ്ധനായി. സെഖര്യാവിന്റെ ഭാര്യ എലീശബെത്ത് മച്ചിയായിരുന്നു. ഒരു കുഞ്ഞ് പിറക്കാനുള്ള സാദ്ധ്യതയില്ല.

ദൈവം പറയുന്നു: "നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും. നിനക്ക് ഒരു മകനെ കിട്ടും."

**"അവൻ കൂറിന്റെ ക്രമപ്രകാരം ദൈവസന്നിധിയിൽ പുരോഹിതനായി ശുശ്രൂഷ ചെയ്തുവരുമ്പോൾ: പൗരോഹിത്യ മര്യാദപ്രകാരം കർത്താവിന്റെ മന്ദിരത്തിൽ ചെന്നു ധൂപം കാട്ടുവാൻ അവന് നറുക്കു വന്നു. ധൂപം കാട്ടുന്ന നാഴികയിൽ ജനസമൂഹം ഒക്കെയും പുറത്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അപ്പോൾ കർത്താവിന്റെ ദൂതൻ ധൂപപീഠത്തിന്റെ വലത്തുഭാഗത്തു നിൽക്കുന്നവനായിട്ട് അവന് പ്രത്യക്ഷനായി. സെഖര്യാവ് അവനെ കണ്ടു ഭ്രമിച്ചു ഭയപരവശനായി. ദൂതൻ അവനോട് പറഞ്ഞത്: സെഖര്യാവേ, ഭയപ്പെടേണ്ട; നിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമായി: നിന്റെ ഭാര്യ എലീശബെത്ത് നിനക്ക് ഒരു മകനെ പ്രസവിക്കും; അവന് യോഹന്നാൻ എന്നു പേർ ഇടേണം. നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും; അവന്റെ ജനനത്തിങ്കൽ പലരും സന്തോഷിക്കും." ലൂക്കോസ് 1 : 8 – 14**

തേജോരൂപിയായ മാലാഖ വന്നു നിന്നപ്പോൾ സെഖര്യാവ്

പേടിച്ചുപോയി; ഭയപരവശനായിത്തീർന്നു. ഉടനെ ദൂതൻ പറഞ്ഞു: "സെഖര്യാവേ, ഭയപ്പെടേണ്ട; നിന്റെ പ്രാർത്ഥനക്ക് ഉത്തരമായി." (ലൂക്കോസ് 1 : 13)

പ്രാർത്ഥിച്ചുകൊണ്ടിരുന്ന ദൈവദാസന്റെ പ്രാർത്ഥനക്ക് ഉത്തരമായി. നിങ്ങൾ പ്രാർത്ഥിക്കുന്നവരാണോ? കൂടിയേ കഴിയൂ എന്നുവച്ച് പ്രാർത്ഥിക്കുന്നവരാണോ? നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം തരുന്ന ദൈവം ജീവിക്കുന്നു.

നിന്റെ പ്രാർത്ഥനക്ക് ഉത്തരമായി എന്നാണ് പറയുന്നത്. നിന്റെ ഭാര്യ എലീശബെത്ത് ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. എന്തൊരു ആശ്വാസകരമായ വാക്കാണത്! പ്രാർത്ഥന കേൾക്കുന്ന ഒരു ദൈവമുണ്ട്.

പ്രതീക്ഷയ്ക്ക് വകയില്ലാതെ മനസ്സ് ആടിയുലഞ്ഞ് തകർന്ന് തളർന്ന് വിഷമിച്ചിരിക്കുന്നവർ ആരെങ്കിലും ഇതു വായിക്കുന്നുണ്ടോ? എപ്പോഴും മുഖം വാടി നടക്കുന്നു. എപ്പോഴും മ്ലാനവദനരായി നടക്കുന്നു. ജീവിതത്തിൽ സന്തോഷമെല്ലാം തീർന്നു. അപ്പൻ മരിച്ചുപോയതുകൊണ്ട്, അനാഥനായി പോയതുകൊണ്ട് എല്ലാം തീർന്നല്ലോ. ഇനി എങ്ങനെ ജീവിക്കും? ഇങ്ങനെ ജീവിതത്തിൽ ലാക്കും ലക്ഷ്യവുമില്ലാതെ വിരസമായി, തകർന്നുപോയ ജീവിതങ്ങൾ!

പക്ഷേ, ദൈവം പറയുന്നു: "സെഖര്യാവേ ഭയപ്പെടേണ്ട; നിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമായി." (ലൂക്കോസ് 1 : 13) സ്വർഗ്ഗത്തിൽ നിന്റെ പ്രാർത്ഥന എത്തിയിരിക്കുന്നു. നിങ്ങൾക്ക് ഈ വാക്ക് കർത്താവിൽനിന്ന് കേൾക്കണമോ? നിങ്ങൾ കർത്താവിനോട് പറയണം: അത് എന്റെ സ്വന്തം അനുഭവത്തിലേക്ക് എനിക്കു തരുന്ന ഒരു വചനമായി സ്വീകരിക്കാൻ എനിക്ക് ഭാഗ്യം തരണമേ. ഇത് ഒരു logos (പൊതുവായ വചനം) ആയിട്ടല്ല, എന്റെ Rhema (വ്യക്തിപരമായ വാഗ്ദത്തം) ആയിട്ട് എനിക്ക് സംഭവിക്കുമാറാകണമേ.

നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകുമ്പോൾ അനേകർക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും. ഇന്ന് അനേകരും മുഖം വാടിയിരിക്കുന്നു. എനിക്ക് ഒരു ജോലി കിട്ടിയില്ലല്ലോ. എനിക്ക് സ്വന്തമായി പത്തുരൂപയെടുക്കാനുള്ള മാർഗ്ഗമൊന്നും ഇല്ലല്ലോ. എന്റെ വിവാഹം നടന്നില്ലല്ലോ. ഇനി അതിൽ പ്രതീക്ഷയൊന്നുമില്ല. എനിക്ക് ഒരു കുഞ്ഞിനെ കിട്ടിയില്ലല്ലോ. സ്വന്തമായി ഒരു വീടുവയ്ക്കാൻ സാധിച്ചില്ലല്ലോ. ഇന്നും വാടകവീട്ടിലാണല്ലോ കിടക്കുന്നത്. എനിക്ക് ഉയർന്ന് പഠിക്കണമെന്നുണ്ടായിരുന്നു പക്ഷേ, സാധിച്ചില്ലല്ലോ. ഇനി സാദ്ധ്യമല്ല, സിലബസ് എല്ലാം മാറിപ്പോയി. ഇങ്ങനെ അനേകം പ്രശ്നങ്ങൾ!

എന്നാൽ, പ്രതീക്ഷ നശിച്ചുപോയിടത്ത് പുത്തൻ പ്രതീക്ഷയുടെ ഉണർവ്വേകാൻ കർത്താവായ യേശുക്രിസ്തു ജീവിക്കുന്നു. യേശു നിങ്ങളോട് വ്യക്തിപരമായി സംസാരി ക്കുകയാണ്: മോനേ, ഭയപ്പെടേണ്ട, നിന്റെ പ്രാർത്ഥനയ്ക്കു ത്തരമായി. അവിചാരിതമെന്നവണ്ണം അപ്രതീക്ഷിതമെന്ന് നീ കരുതിയിരുന്ന കാര്യങ്ങൾ എല്ലാം പ്രതീക്ഷാനിർഭരമായി ത്തീരാൻ പോവുകയാണ്; നിനക്ക് സാധിച്ചുകിട്ടാൻ പോവുക യാണ്, അനുഭവങ്ങൾ ലഭിക്കാൻ പോവുകയാണ്. നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ ഞാൻ നിനക്കു തരും.

ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് പെട്ടെന്ന് അവിടെ മാലാഖ പ്രത്യക്ഷപ്പെട്ടത്. സെഖര്യാപുരോഹിതൻ അമ്പരന്നുപോയി. മാലാഖ പറഞ്ഞു: “ഭയപ്പെടണ്ട, നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും.”

സെഖര്യാപുരോഹിതന് അത് കേട്ടിട്ട് വിശ്വസിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് അതിന്റെ ശിക്ഷണം കിട്ടി. കുറെക്കാലം മൗനമായിരിക്കേണ്ടി വന്നു. എങ്കിലും അനുഗ്രഹം ലഭിച്ചു. ഒരു മകനുണ്ടായി, അതാണ് യോഹന്നാൻ സ്നാപ കൻ!

മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന നിന്ദ കർത്താവ് മാറ്റി എന്നാണ് എലീശബെത്ത് പറയുന്നത്.

**"ആ നാളുകൾ കഴിഞ്ഞിട്ട് അവന്റെ ഭാര്യ എലീശബെത്ത് ഗർഭം ധരിച്ചു: മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന നിന്ദ നീക്കുവാൻ കർത്താവ് എന്നെ കടാക്ഷിച്ച നാളിൽ ഇങ്ങനെ എനിക്കു ചെയ്തുതന്നിരിക്കുന്നു എന്നു പറഞ്ഞു അഞ്ചു മാസം ഒളിച്ചുപാർത്തു." ലൂക്കോസ് 1 : 24, 25**

എലീശബെത്ത് പറയുകയാണ്: എന്റെ നിന്ദ മാറി. ഞാനൊരു അപമാനപാത്രമായിരുന്നു. ഞാനൊരു നിന്ദാപാത്രമായിരുന്നു. പലർക്കും എന്നെ വിലയില്ലായിരുന്നു. എന്നെ ആരും ഗൗനിച്ചിട്ടില്ലായിരുന്നു. മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന നിന്ദ കർത്താവ് നീക്കി.

ഇന്ന് ആർക്കും നമ്മളെ വിലയില്ല. പലർക്കും നമ്മെ പുച്ഛമാണ്. ഇന്ന് നമ്മെക്കുറിച്ച് ഇല്ലാത്തതൊക്കെ പറഞ്ഞ് കളിയാക്കും പരിഹസിക്കും. നമുക്ക് ചിന്തിക്കാൻപോലും പറ്റാത്ത കുറ്റം നമ്മുടെമേൽ ആരോപിക്കും. നമ്മെ അപമാനിക്കാൻ ശ്രമിക്കും. അവർ പരസ്പരം നമ്മെക്കുറിച്ച് പരിഹാസമായിപ്പറയും.

മനുഷ്യരുടെ ഇടയിൽ നിന്ദയുണ്ട്. എന്നാൽ ഈ നിന്ദ നീങ്ങുന്ന ഒരു മഹാഭാഗ്യം കർത്താവ് നമുക്ക് ഒരുക്കിവെച്ചിരിക്കുന്നു. ഈ മനുഷ്യരുടെ ഇടയിൽ നമുക്കുള്ള നിന്ദ നീങ്ങുവാൻ കർത്താവ് നമ്മെ കടാക്ഷിക്കും, വിശ്വസിക്കുക.

നിന്ദ മാറുമ്പോൾ സന്തോഷം ഉണ്ടാകും. നിങ്ങളുടെ ലജ്ജ മാറിപ്പോകും. അപമാനം മാറിപ്പോകും. ജീവിതത്തിൽ എവിടെയെല്ലാമാണോ നിങ്ങൾക്ക് മുന്നേറ്റം കിട്ടാതെ പോയത്, അവിടെയെല്ലാം കർത്താവ് പ്രവർത്തിച്ച് നിങ്ങൾക്ക് മുന്നേറ്റം തരും. ദൈവം നിങ്ങൾക്ക് പുരോഗതി തരും.

നിങ്ങളിൽ പലരും അപകർഷതാബോധമുള്ളവരാണ്.

Inferiority complex! എനിക്ക് ഇന്ന കുറവുണ്ട്. എനിക്ക് വലിയ വിദ്യാഭ്യാസമില്ല, മറ്റുള്ളവർക്കൊക്കെ നല്ല വിദ്യാഭ്യാസം കിട്ടി. എനിക്ക് ഇംഗ്ലീഷ് അറിഞ്ഞുകൂടാ. എനിക്ക് സമാധാനമുള്ള ജീവിതമില്ല. എന്റെ കുടുംബം തകർന്ന കുടുംബമാണ്, ആർക്കും വിലയില്ലാത്ത കുടുംബമാണ്. പാരമ്പര്യം ഒന്നും പറയാനില്ല. കുലീനത്വമോ, ആഢ്യത്വമോ, തറവാടിത്തമോ ഒന്നും പറയാനില്ല. എനിക്ക് ആരുടെയും മുന്നിൽ സംസാരിക്കാനുള്ള കഴിവില്ല. എന്തെങ്കിലും മിണ്ടാനുള്ള പ്രാപ്തിയെനിക്കില്ല. ഇങ്ങനെ അപകർഷതാബോധം എല്ലാവർക്കുമുണ്ട് ഓരോ അളവിൽ.

എന്റെ ഭർത്താവ് കഴിവുകെട്ട ആളാണ്. അദ്ദേഹം ചെയ്യേണ്ട കാര്യങ്ങൾ കൂടി ഞാൻ ചെയ്തുകൊടുത്താലേ കാര്യങ്ങൾ നടക്കൂ. എന്റെ ജീവിതം പരാജയമാണ്. നഷ്ടമാണ് എന്റെ ജീവിതം. എന്റെ ഭർത്താവ് മദ്യപിക്കുന്നു, ലക്കില്ലാതെ നടക്കുന്നു. ബോധമില്ലാത്തതുപോലെ പെരുമാറുന്നു. മക്കളെ തല്ലുന്നു, എന്നെയും തല്ലുന്നു. ഞാൻ എന്തു ചെയ്യും? ഞാൻ ഇങ്ങനെ ഒരു വശംകെട്ടവളായിപ്പോയല്ലോ. ഇങ്ങനെയുള്ള അനേകമനേകം ചിന്തകൾ നമ്മെ അലട്ടിക്കൊണ്ടിരിക്കുന്നു. അപകർഷത നിറഞ്ഞ ചിന്തകൾ!

മകന്, മകൾക്ക് വിവാഹപ്രായം കഴിഞ്ഞിരിക്കുന്നു. വിവാഹം നടന്നിട്ടില്ല. വിവാഹം നടന്നില്ലേ, ആലോചനയൊന്നും വരുന്നില്ലേയെന്ന് മറ്റുള്ളവർ ചോദിക്കുന്നു. ഞാൻ ഒരു ബലഹീന മനുഷ്യനാണ്, എനിക്ക് ഇങ്ങനെയുള്ള കാര്യങ്ങൾക്കൊന്നും കഴിവില്ല എന്നിങ്ങനെ സ്വയം പരിതപിക്കുന്നു. അതുകൊണ്ട് നിങ്ങളുടെ മുഖം വാടിയിരിക്കുന്നു, ഹൃദയം വാടിയിരിക്കുന്നു. മനസ്സിന് ഉന്മേഷമില്ല. മുഖത്ത് സന്തോഷമില്ല, പ്രസന്നതയില്ല. അകത്ത് ധൈര്യമില്ല. എവിടെയും പുറകിലേക്ക് മാറിനിൽക്കാൻ താത്പര്യപ്പെടുന്നു. ഇതെല്ലാം inferiority feelings ആണ്.

എന്നാൽ എവിടെയെല്ലാം നിങ്ങൾക്ക് അപകർഷതാ

ബോധമുണ്ടോ, അവിടെയെല്ലാം നിങ്ങൾക്ക് താഴ്ച മാറ്റി ഉയർച്ച തരാൻ കർത്താവ് ആഗ്രഹിക്കുന്നു; സ്വർഗ്ഗത്തിലെ ദൈവം പരിപാടിയിട്ടിരിക്കുന്നു, നിങ്ങൾ നിന്നുകൊടുത്താൽ മതി. നിങ്ങൾ കർത്താവിനുവേണ്ടി നിങ്ങളുടെ ഹൃദയം തുറന്നു കൊടുത്താൽ മാത്രം മതി, കർത്താവ് നിങ്ങളുടെ നിന്ദ മാറ്റി ത്തരും.

നിങ്ങൾക്ക് എവിടെയെല്ലാം പരാജയമുണ്ടോ, എവിടെ യെല്ലാം പോരായ്മയുണ്ടോ, എവിടെയെല്ലാം താഴ്ചയുണ്ടോ അവിടമെല്ലാം നികത്തിത്തരാൻ യേശുക്രിസ്തു ഉണ്ട്, വിശ്വ സിക്കുക. യേശുക്രിസ്തു അങ്ങ് ദൂരെ ദൂരെ മാറി നിൽക്കുന്ന വനല്ല, നിങ്ങളുടെ തൊട്ടരികത്ത് ചേർന്നിരിക്കുന്ന, നിങ്ങളുടെ വേദനകൾ കാണുന്ന ദൈവമാണ്.

യേശുക്രിസ്തു ഒരു സജീവ വ്യക്തിത്വമാണ്. വെറും ഊഹാപോഹമല്ല. യേശുക്രിസ്തു നമ്മുടെ തെറ്റുകൾ കണ്ടുപി ടിച്ച് നമ്മെ ന്യായവിധിയ്ക്കായി ഒരുക്കുന്ന ഒരാളല്ല. ഒരു തെറ്റു വരാതെ നമ്മെ സൂക്ഷിച്ച്, ഓമനിച്ച്, നമ്മെ താലോലിച്ച്, നമ്മുടെ ആവശ്യങ്ങൾ നിറവേറ്റിത്തന്ന് അനുനിമിഷം നട ത്തുന്ന സ്നേഹവാനായ ദൈവമാണ്.

നിങ്ങളെ ശിക്ഷിക്കാൻ നിൽക്കുന്നവനല്ല യേശു. നിന്നെ സ്നേഹത്തോടെ മാറോടണയ്ക്കുന്ന നിത്യസ്നേഹമാണ് യേശു. ഈ യേശുവിനെ നിങ്ങൾ കാണുക. ഈ സ്നേഹത്തെ നിങ്ങൾ കാണുക. എത്ര തെറ്റു ചെയ്താലും പിന്നെയും ക്ഷമി ക്കുന്ന സ്നേഹം! എത്രപ്രാവശ്യം വീണാലും പിന്നെയും പിടി ച്ചെഴുന്നേൽപ്പിക്കുന്ന സ്നേഹം! ഏതെല്ലാം തെറ്റായ വഴികളി ലൂടെ നടന്നാലും പിന്നെയും ആകർഷിക്കുന്ന സ്നേഹം! ഗോഗുൽത്തായിലെ പരമോന്നത സ്നേഹം!

“മഹൽ സ്നേഹം മഹൽ സ്നേഹം പരലോകപിതാവുതൻ
മകനെ മരിപ്പതിന്നായ് കുരിശിൽ കൈവെടിഞ്ഞോ
മരണത്താൽ മാറാത്ത മഹൽ സ്നേഹപ്രഭയാൽ

പിരിയാബന്ധമാണിതു യുഗകാലം വരെയും.

ആ സ്നേഹബന്ധം പിരിയാത്ത ബന്ധമാണ്. യുഗങ്ങൾ കഴിഞ്ഞുപോകും, ഈ സ്നേഹബന്ധം പിരിയുകയില്ല. പലരും മാറിപ്പോകും. സ്നേഹിതന്മാർ വിട്ടുപോകും. പക്ഷേ, ക്രിസ്തുവിനോടുള്ള ബന്ധം വിട്ടുപോകുകയില്ല. ബന്ധക്കാരും സ്വന്തക്കാരും മാറിയെന്നുവരും. സ്വന്തം കുടുംബത്തിൽ ഭാര്യ എതിരായി എന്നുവരും. സ്വന്തം മക്കൾ എതിരായി എന്നുവരും. സ്വന്തം മാതാപിതാക്കൾ എതിരായി എന്നുവരും. പള്ളിയിലുള്ളവർ എതിരായി എന്നുവരും. പള്ളിയിലെ പ്രമാണിമാർ എതിരായി എന്നുവരും. പക്ഷേ, ഈ ബന്ധം പിരിയാബന്ധമാണ്.

ആരെല്ലാം എതിരായാലും ഈ ബന്ധം തകർക്കാൻ സാദ്ധ്യമല്ല. അത് യേശുവിനോടുള്ള ബന്ധമാണ്. അത് മഹൽസ്നേഹത്തിന്റെ ബന്ധമാണ്. യുഗകാലങ്ങൾ നിലനിൽക്കുന്ന സ്നേഹബന്ധം! പിരിയാത്ത ഒരു ബന്ധം യേശുവിനോടു കിട്ടുക! അതൊരു മഹാഭാഗ്യമാണ്.

യേശുവിനോടു പിരിയാബന്ധം കിട്ടിയാൽ നിങ്ങൾ ഭാഗ്യശാലികളാകും, നിങ്ങൾ ശ്രേഷ്ഠരായിത്തീരും. ഉറങ്ങാൻ കിടക്കുമ്പോഴും ആ ബന്ധം കൂടെയുണ്ടായിരിക്കും. രോഗം വരുമ്പോൾ ആ ബന്ധം മാറുകില്ല. ആവശ്യഭാരങ്ങൾ ഞെരുക്കുമ്പോൾ ആ ബന്ധം മാറുകില്ല. യുഗകാലംവരെയും പിരിയാത്ത ഒരു ബന്ധമാണത്.

ഈ പിരിയാബന്ധത്തിലേക്ക് വരാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? അവനിതാ നിങ്ങളുടെ അരികത്ത് നിങ്ങളെ വീണ്ടെടുക്കാൻ വന്നു നിൽക്കുകയാണ്. ശത്രുവിന്റെ കൈയിൽ അമർന്നുപോയ നിന്നെ വീണ്ടെടുക്കാൻ അവൻ തന്റെ രക്തം ചിന്തിയിരിക്കുകയാണ്. പിശാചിന്റെ കൈയിൽ പെട്ടുപോയ മനുഷ്യനെ വിടുവിക്കുവാൻ അവൻ രക്തം ചിന്തിയിരിക്കുന്നു.

സാത്താന്റെ പണിപ്പുരയിൽ ജോലി ചെയ്തുകൊണ്ടിരി

ക്കുന്നവരെ വിടുവിക്കാൻ യേശുക്രിസ്തു രക്തം ചൊരിഞ്ഞി രിക്കുന്നു. യേശു പറയുന്നു: മോനേ, നീ ഇനിയും പാപത്തിൽ ജീവിക്കണ്ട. മോളേ, നീ ഇനിയും പാപത്തിൽ നശിക്കേണ്ട ആവശ്യമില്ല. നീ നരകാഗ്നിയിലേക്ക് പോകേണ്ട കാര്യമില്ല. നിന്നെ സ്വർഗ്ഗത്തിലാക്കുവാനാണ് ഞാൻ സ്വർഗ്ഗം വിട്ട് ഇറങ്ങി വന്നത്.

എന്റെ ശരീരം തകർക്കാൻ വിട്ടുകൊടുത്തത് നിന്നെ രക്ഷിക്കാനാണ്. നിന്നെ വീണ്ടെടുക്കാനാണ്. എന്റെ ശരീരം മുറിവേറ്റത് മാരകമായ മരണത്തിന്റെ ഭീകരതയിൽ നിങ്ങൾ ഉഴ ലാതിരിക്കാനാണ്. അതിന് ഞാൻ നരകത്തിന്റെ വേദന രുചി നോക്കി. നിങ്ങൾ വിശ്വസിക്കൂ. എന്നെ നിങ്ങൾ സ്വീകരിക്കൂ. ഞാൻ നിങ്ങളുടെ ഹൃദയത്തിലേക്ക് വരാം.

കഴിഞ്ഞകാലപാപങ്ങളെല്ലാം ഞാൻ മറച്ചുതരാം. എന്തെല്ലാം പാപങ്ങൾ വന്നിട്ടുണ്ടെങ്കിലും എല്ലാം ക്ഷമിക്കാൻ ഞാൻ തയ്യാറാണ്. ഏതെല്ലാം പാപങ്ങൾ നിങ്ങൾക്കു വന്നിട്ടു ണ്ടെങ്കിലും എത്രയും കൊടുംക്രൂരപാതകങ്ങൾ നിങ്ങൾ ചെയ്തെങ്കിലും എല്ലാ പാപവും മാറ്റി നിങ്ങളെ വിശുദ്ധീകരി ക്കാൻ എന്റെ തിരുരക്തം മതിയായതാണ് എന്നുപറഞ്ഞു കൊണ്ട് യേശു നിൽക്കുന്നു.

യേശുക്രിസ്തുവിന്റെ തിരുരക്തത്തിന്റെ ചുവട്ടടിയി ലേക്ക്, യേശുക്രിസ്തുവിന്റെ തിരുവചനത്തിന്റെ ശക്തിയി ലേക്ക് നിങ്ങൾ ഓടിവരുവിൻ. യേശുവിനോട് നിങ്ങൾ പറയു വിൻ: “കർത്താവേ, എന്നെ വീണ്ടെടുപ്പാൻവേണ്ടി എന്റെ പാപം നീ വഹിച്ചല്ലോ. എന്റെ ശിക്ഷ നീ ഏറ്റല്ലോ. ഞാനാണ് ശിക്ഷ ഏൽക്കേണ്ടിയിരുന്നത്. എന്നാൽ നീ എനിക്കുപകരം ശിക്ഷയേറ്റല്ലോ. വിശ്വസിക്കുന്നു കർത്താവേ. ഇന്ന് എന്റെ ജീവിതം നിന്റെ കരങ്ങളിലേക്ക് ഞാൻ തരുന്നു.

എന്റെ ആയുസ്സ് നിന്റെ കൈയിലേക്ക് കൈ മാറുന്നു. എന്റെ അശുദ്ധിയാർന്ന ജീവിതം, രക്തപാതകമുള്ള ജീവിതം,

തിന്മയുള്ള ജീവിതം, ദുഷ്ടതയുള്ള ജീവിതം, ക്രൂരതയുള്ള ജീവിതം, സ്വാർത്ഥതയുള്ള ജീവിതം, അഹങ്കാരമുള്ള ജീവിതം എല്ലാം തിരുമുമ്പാകെ കൊണ്ടുവന്ന് അടിയറവച്ചിട്ട് നാഥാ, നിന്റെ കരങ്ങളിലേക്ക് എന്നെ ഏല്പിക്കുന്നു. ഉടയവനേ, നീ എന്നെ സ്വീകരിക്കണമേ.

യേശുവിനോടു പറയുമോ നിങ്ങൾ? നിങ്ങളുടെ പാപത്തിന്റെ മോചനത്തിനായി ക്രൂശിൽ മരിച്ച രക്ഷകനെ രക്ഷിതാവും കർത്താവുമായി ഇപ്പോൾ സ്വീകരിക്കുമോ? യേശുവേ, എന്റെ ഹൃദയത്തിൽ വാഴണമേ. എന്നിൽ വസിക്കണമേ. എന്നെ നയിക്കണമേ. എന്നെ നടത്തണമേ. എന്റെമേൽ നിന്റെ അനുഗ്രഹം മുഴുവൻ ചൊരിയണമേ.

## രണ്ട്

**"കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു." ഫിലിപ്പിയർ 4 : 4**

ദൈവം പറയുകയാണ്, പരിശുദ്ധാത്മാവ് പറയുകയാണ്: സന്തോഷിപ്പിൻ. നമ്മളോ പറയുന്നു: എനിക്ക് സന്തോഷമില്ലല്ലോ.

നല്ല വരുമാനമുണ്ട്, നല്ല ഭവനമുണ്ട്, നല്ല ചുറ്റുപാടുകളെല്ലാമുണ്ട്, നല്ല കുടുംബമുണ്ട്, മക്കളുണ്ട്, ഭാര്യയുണ്ട്, ഭർത്താവുണ്ട് എല്ലാമുണ്ട്. മറ്റുള്ളവർ നോക്കിയാൽ കുറവൊന്നുമില്ല. പക്ഷേ, സന്തോഷമില്ല എന്നുള്ളതാണ് ഹൃദയത്തിന്റെ അവസ്ഥ. ആന്തരികമായ ശാന്തിയില്ല. ആന്തരികമായ സമാധാനമില്ല എന്നുള്ളതാണ് നമ്മുടെ പലരുടെയും അനുഭവം.

**"നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ; കർത്താവു വരുവാൻ അടുത്തിരിക്കുന്നു. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും."**

**ഫിലിപ്പിയർ 4 : 5 – 7**

**"എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിന്നും സ്തോത്രം ചെയ്‌വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം."**

**1 തെസ്സലോനീക്യർ 5 : 16 – 18**

നിങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടം അതാണ്. എപ്പോഴും സന്തോഷിപ്പിൻ, ഇടവിടാതെ പ്രാർത്ഥിപ്പിൻ, എല്ലാറ്റിനും സ്തോത്രം ചെയ്വിൻ.

സ്നേഹിതാ, ഇന്ന് നിങ്ങളുടെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കൂ. പരാജയപ്പെട്ട ജീവിതമാണോ? സമാധാനം കിട്ടാതെ വലയുന്ന ജീവിതമാണോ? ഇത്രയും നാളുകൾ ഈ ഭൂമിയിൽ ജീവിച്ചു. സമാധാനത്തിന്റെ ഒരു കണിക പോലും കാണാതെ വലഞ്ഞുകൊണ്ടിരിക്കുന്ന ജീവിതമാണോ? എന്തെല്ലാം പ്രയാസത്തിൽക്കൂടെ, പ്രശ്നങ്ങളിൽക്കൂടെ, വലിയ ദുർഘടങ്ങളിൽക്കൂടെയെല്ലാമാണ് കടന്നുപോന്നത്? സംഭവബഹുലമായിരുന്നില്ലേ ജീവിതം? എന്തെല്ലാം പ്രതിസന്ധികളായിരുന്നു? സന്തോഷത്തിന്റെ ഒരു ചെറിയ അനുഭവംപോലുമില്ലാതെ വലയുന്ന ജീവിതങ്ങളായിരുന്നില്ലേ?

നിങ്ങൾ ഓരോരുത്തരും പലതരത്തിലുള്ള പ്രയാസങ്ങ ളേയും പ്രശ്നങ്ങളേയും നേരിടുന്നവരാണ്. ഈ ലോകത്തല്ലേ നാം ജീവിക്കുന്നത്? എങ്ങനെയെങ്കിലും ജീവിച്ചുപോകണ്ടേ? പക്ഷേ, ജീവിതം ദുരിതമായിരിക്കുന്ന അനേകം ആളുകളുണ്ട്. യാതനയേറ്റ് പിടയുന്നവരുണ്ട്. ഒരു സ്വസ്ഥതയില്ലാതെ അഴലു ന്നവരുണ്ട്. എത്രയോ വേദനാകരമായ അനുഭവങ്ങളാണ് കുടുംബങ്ങളിലുള്ളത്! തല്ലും വഴക്കും പിണക്കവും ശണ്ഠയും കലഹവും എല്ലാമായി വലയുന്ന കുടുംബങ്ങൾ!

കഴിഞ്ഞ ദിവസം എനിക്കൊരു സന്ദേശം കിട്ടി: “സാറേ, ഞാൻ എന്തുവേണ്ടൂ എന്നറിയുന്നില്ല. ഞങ്ങൾക്ക് ഒരു മോനേ ഉള്ളൂ. ആ മോൻ ഞങ്ങളെ തല്ലുന്നു. ഒരവസരത്തിൽ അവൻ തല്ലിയതുകൊണ്ട് എന്റെ ഭാര്യയുടെ കാൽ ഒടിഞ്ഞുപോയി. അവൻ മദ്യപിക്കുന്നതുകൊണ്ട് പലപ്പോഴും സുബോധമില്ല. സാറ് ഒന്ന് പ്രാർത്ഥിക്കണം.”

അനേകം സന്ദേശങ്ങളും വായിക്കുമ്പോൾ ഞെട്ടിപ്പോ കുന്നു. ചിന്തിക്കാൻ വയ്യാത്ത രീതിയിലുള്ള ദുരിതങ്ങളാണ്

ഓരോരുത്തരും അനുഭവിക്കുന്നത്. ദുരിതം പിടിച്ച ജീവിതം! യാതനാഭരിതമായ ജീവിതം! കഷ്ടപ്പാടേറ്റു തളർന്ന ജീവിതം! വിഷാദം മുറ്റിയ ജീവിതം! പലരുടേയും ജീവിതം അങ്ങനെ യല്ലേ?

നമുക്ക് യഥാർത്ഥമായ സന്തോഷം എന്നെങ്കിലും കിട്ടി യിട്ടുണ്ടോ? ഉണ്ട്, എപ്പോൾ? ക്രിസ്തു അകത്തു വന്നപ്പോൾ. യേശുക്രിസ്തു ഈ ഹൃദയത്തിലേക്ക് വന്നാൽ സമാധാനം കിട്ടും. യേശുക്രിസ്തു ഹൃദയത്തിൽ വന്നാൽ സന്തോഷം ഉണ്ടാകും.

"നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും." ലൂക്കോസ് 1 : 14

നിങ്ങൾ ഓരോരുത്തരും പറയണം: കർത്താവേ 'നിനക്ക്' എന്നു പറഞ്ഞത്, എനിക്കാകട്ടെ. എന്റെ അനുഭവമാ യിത്തീരട്ടെ. എനിക്ക് സന്തോഷം ഉണ്ടാകട്ടെ. എനിക്ക് ഉല്ലാസം ഉണ്ടാകട്ടെ. എന്റെ ആകുലങ്ങളും ആവലാതികളും മാറിപ്പോകട്ടെ. നാളെയെക്കുറിച്ച് വിചാരപ്പെടുന്ന എന്റെ വിചാരങ്ങളെല്ലാം മാറിപ്പോകട്ടെ. നാളെയെക്കുറിച്ചുള്ള ആവ ലാതികൾ മാറിപ്പോകട്ടെ. നാളെയെ ഓർക്കുമ്പോഴേയ്ക്കും ചില പ്രശ്നങ്ങൾ തുറിച്ചുനോക്കുന്നു. കടക്കാരൻ വന്നു ഞെരുക്കുന്നു. കൊടുത്തുതീർക്കാൻ മാർഗ്ഗമില്ല. വാടക കൊടുക്കാൻ മാർഗ്ഗമില്ല, വിഷമിക്കുന്നു. മക്കളെ പഠിപ്പിക്കാൻ മാർഗ്ഗമില്ല, എന്താ പോംവഴി?

ഓരോ ജീവിതവും ഒരഗ്നിപർവ്വതം പോലെ പുകഞ്ഞു കൊണ്ടിരിക്കുകയാണ്. അകത്തു ലാവ തിളച്ചുമറിഞ്ഞുകൊ ണ്ടിരിക്കുന്നു. ആ പർവ്വതത്തിന്റെ ഉപരിതലത്തിൽ എവിടെ യെങ്കിലും ബലക്ഷയമുണ്ടെങ്കിൽ അവിടം പെട്ടെന്ന് തട്ടിത്തുറ ന്നുകൊണ്ട് ലാവ പ്രവഹിക്കുന്നു.

കർത്താവേ, ഞാൻ പിടിച്ചു നിന്നെങ്കിലും എനിക്ക് ജയി ക്കാൻ പറ്റുന്നില്ല. എന്റെ കുടുംബജീവിതം തകർന്നുപോ

യല്ലോ. സ്നേഹത്തിന്റെ കണികപോലും എന്റെ വീട്ടിൽ എനിക്ക് കിട്ടുന്നില്ലല്ലോ. എന്റെ മാതാപിതാക്കൾക്ക് എന്നെക്കുറിച്ച് ഒരു കരുതലുമില്ല. എന്റെ ഭാര്യയ്ക്ക് എന്നെ സ്നേഹമില്ല, എന്നോട് ബഹുമാനമില്ല. എന്റെ ആവശ്യങ്ങൾ നിറവേറ്റിത്തരാൻപോലും അവൾ തയ്യാറല്ല.

എന്റെ ഭർത്താവ് എന്നോട് കലശലായ വൈരാഗ്യത്തിലിരിക്കുന്നു. എന്തിനെന്നറിഞ്ഞുകൂടാ. ഇങ്ങനെ ഓരോരുത്തരും ഓരോ തരത്തിൽപ്പെട്ട ചിന്തയിൽപ്പെട്ട് മനസ്സ് ഉഴന്നുകൊണ്ടിരിക്കുകയാണ്.

യേശുക്രിസ്തു ജീവിതത്തിലേക്ക് വന്നാൽ സന്തോഷവും ഉല്ലാസവും ഉണ്ടാകും.

ഇന്ന് കരുണയുള്ള കർത്താവ് നിങ്ങളുടെ ഹൃദയത്തിലേക്ക് കടന്നുവരാൻ വാതിൽക്കൽ മുട്ടിക്കൊണ്ടുനിൽക്കുകയാണ്. നിങ്ങളുടെ ഉള്ള് ഒന്ന് തുറന്നു കൊടുക്കൂ. എന്റെ ജീവിതത്തിൽ സന്തോഷം തരാൻ നീ ഒന്നെഴുന്നള്ളി വരണമേ. ഗോഗുൽത്തായിലെ കുരിശിൽ തലചായ്ച്ച യേശുവേ, നീ എന്റെ ഈ ഹൃദയത്തിൽ വന്നു തല ചായ്ക്കണമേ.

ഉണങ്ങിയ രണ്ടു മരക്കഷണത്തിന്മേലല്ല രാജാധിരാജൻ തല ചായ്ക്കേണ്ടത്. ഇതുവരെയും പാപം വിഴുങ്ങിക്കളഞ്ഞ എന്റെ ഹൃദയത്തിൽ, ഇതുവരെയും ലോകത്തിന്റെ ആഡംബരങ്ങളിൽ മുഴുകിപ്പോയ എന്റെ ജീവിതത്തിൽ, ലോകയിമ്പങ്ങൾക്കുവേണ്ടി ഓടിയ എന്റെ ഹൃദയത്തിൽ യേശു നാഥാ, നീ എഴുന്നള്ളിവന്ന് ഇപ്പോൾ ഇരിപ്പുറപ്പിക്കണമേ.

ഞാൻ നിരാശനായിരുന്നു. ഒരു വയസ്സിൽ എന്റെ അപ്പൻ മരിച്ചുപോയി. എന്റെ അപ്പന്റെ വാത്സല്യം എനിക്കു ലഭിച്ചില്ല. അപ്പൻ മരിച്ചുകിടന്ന കട്ടിലിനു ചുറ്റും ഞാൻ പിടിച്ചു പിടിച്ചു നടന്ന് അപ്പാ, അപ്പാ എന്നു വിളിച്ചുകൊണ്ടിരുന്നു എന്ന് അമ്മ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്.

ഈ ലോകത്തിലെ അപ്പൻ വിളി കേട്ടില്ല. എന്നാൽ സ്വർഗ്ഗത്തിലെ അപ്പൻ ആ വിളിയ്ക്ക് മറുപടി തന്നു. ദൈവം വിളികേട്ടു. അത് എന്റെ പതിനേഴാമത്തെ വയസ്സിലാണ്. അതു വരെയും യേശു എന്റെ പിറകെ നടക്കുകയായിരുന്നു. എനിക്ക് സ്വതവെ ഒരു പരീശത്വം ഉണ്ടായിരുന്നു. ഞാൻ ഭക്ത നാണെന്നായിരുന്നു എന്റെ ചിന്ത. പ്രകടമായ ഒരു തെറ്റിലും പോയിട്ടില്ല. പ്രകടമായ ഒരു പാപത്തിലും വീഴാൻ ഇടയായി ട്ടില്ല. ചീത്ത കൂട്ടുകെട്ടൊന്നും ഉണ്ടായില്ല. അതുകൊണ്ട് ഞാൻ സ്വർഗ്ഗരാജ്യത്തിൽ പോകും എന്നായിരുന്നു എന്റെ ചിന്ത.

പതിനേഴാമത്തെ വയസ്സിൽ ഞങ്ങളുടെ ഇടവകപ്പള്ളി യിൽ വച്ച് വചനം കേട്ടപ്പോൾ ഞാൻ സംതൃപ്തിയോടെയാ ണിരുന്നത്. ഈ പറയുന്നതൊന്നും എനിക്ക് ആവശ്യമില്ലല്ലോ എന്ന് വിചാരിച്ചാണിരുന്നത്. ഞാൻ രണ്ടുനേരവും പ്രാർത്ഥി ക്കുന്നു. എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോകുന്നു. കൃത്യ മായി നോമ്പും നമസ്ക്കാരവും എല്ലാമുണ്ട്. എന്റെ ജീവിത ത്തിൽ എന്തെങ്കിലും തെറ്റുണ്ടെന്ന് എനിക്ക് തോന്നിയിരുന്നില്ല.

എന്നാൽ അന്ന് വചനം പറഞ്ഞ ദൈവദാസൻ ഇങ്ങനെ പറഞ്ഞു: “കല്ലറയ്ക്കു പുറത്ത് ഒരു ദുർഗ്ഗന്ധവുമില്ല, അഴുക്കു മില്ല, അകത്താണ് ദുർഗ്ഗന്ധം. ഇവിടെയിരിക്കുന്ന ചിലർക്ക് പുറമെ പാപം ഒന്നുമില്ല. പുറമെ മദ്യപാനമില്ല, കൊള്ളരു താത്ത ജീവിതമില്ല. പക്ഷേ, അകത്ത് തിന്മയുള്ളവരുണ്ട്. അകത്ത് അശുദ്ധിയുള്ളവരുണ്ട്. അങ്ങനെയുള്ളവരെയും യേശു സ്നേഹിക്കുന്നു.

ലാസറിന്റെ കല്ലറയ്ക്കകത്ത് ദുർഗ്ഗന്ധമുണ്ട് പക്ഷേ, കല്ല റയ്ക്കു പുറത്ത് ഒരു ദുർഗ്ഗന്ധവുമില്ല എന്നതുപോലെ ഇവിടെ ഇരിക്കുന്ന ചിലർ അശുദ്ധി ഹൃദയത്തിൽ വച്ചുകൊണ്ടിരി ക്കുന്നു. അത്യാഗ്രഹമുണ്ട്, ദ്രവ്യാഗ്രഹമുണ്ട്, നിരാശയുണ്ട്, വൈരാഗ്യമുണ്ട്, ചിലരോട് നീരസമുണ്ട്, ചിലരോട് കയ്പ്പുണ്ട്. ഇങ്ങനെ ചീത്ത ചിന്തകളുമായിരിക്കുന്ന ചിലർ ഇവിടെയുണ്ട്.”

ഞാൻ ഞെട്ടലോടെ കണ്ണ് തുറന്നുനോക്കി. അപ്പോൾ വചനം പറയുന്ന ആൾ എന്റെ നേരെ കൈ ചൂണ്ടുന്നതു പോലെ എനിക്കുതോന്നിപ്പോയി. പെട്ടെന്ന് അദ്ദേഹം പറഞ്ഞു: “ലാസറേ, പുറത്തു വരിക.” (യോഹന്നാൻ 11 : 4). ആ ശബ്ദം കേട്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. ലാസറേ, എന്നു വിളിച്ചത് എന്നെ വിളിക്കുന്നതുപോലെ എനിക്കു തോന്നിപ്പോയി. കല്ലറ യ്ക്കകത്ത് ദുർഗ്ഗന്ധം! ഹൃദയത്തിൽ ചീത്ത ചിന്തകൾ, അശു ദ്ധമായ വിചാരങ്ങൾ, മലിനമായ മോഹങ്ങൾ, ദ്രവ്യാഗ്രഹം, ഇഷ്ടക്കേട്, മുഷിച്ചിൽ, കോപാക്രാന്തമായ പെരുമാറ്റം, പെട്ടെന്ന് പൊട്ടിത്തെറിക്കുന്ന കോപം, ഇതെല്ലാമുള്ള മനു ഷ്യൻ!

എന്റെ കർത്താവേ, അകത്തു ഞാൻ പാപിയാണല്ലോ, അകത്താണല്ലോ തിന്മ, അവിടെ ദുർഗ്ഗന്ധമാണല്ലോ എന്ന് എനിക്ക് ഗ്രഹിക്കാൻ കഴിഞ്ഞപ്പോൾ ഞാൻ പൊട്ടിത്തകർന്നു. ഞാനവിടെ തല താഴ്ത്തി: “കർത്താവേ, ഇന്നുമുതൽ ഞാൻ നിന്റെ വക” എന്നു പറഞ്ഞു. നിരാശ മുറ്റിയ, സകല പ്രതീക്ഷ കളും അടഞ്ഞ ജീവിതം, പത്താം ക്ലാസ്സു കഴിഞ്ഞ് പഠിത്തം മുടങ്ങിപ്പോയ ജീവിതം അന്ന് ഒരു വ്യവസ്ഥയും കൂടാതെ യേശുവിന്റെ കരങ്ങളിലേക്ക് ഏല്പിച്ചുകൊടുത്തു.

അതോടുകൂടി സന്തോഷവും ഉല്ലാസവും തുടങ്ങി. ജീവിതം ഉല്ലാസപ്രദമായിത്തീർന്നു. മനസ്സ് എപ്പോഴും ശുഭ്രമാണ്. എപ്പോഴും ശാന്തമാണ്. യാതൊരുവിധവുമുള്ള tension വരാതെ, പ്രത്യക്ഷമായ യാതൊരു പ്രതിസന്ധിയുമില്ലാതെ കർത്താവ് എന്നെ കാക്കുന്നു.

പ്രതിസന്ധികൾ ചിലതെല്ലാം വന്നിട്ടുണ്ട്. പക്ഷേ, അപ്പോഴെല്ലാം കർത്താവ് തന്റെ അരുമകരംകൊണ്ട് എന്നെ തലോടി. കോളേജിൽ പ്രിൻസിപ്പലായിരുന്ന സമയത്ത് ചില പ്രതിസന്ധികളെനിക്കു വന്നു. ചില സമരങ്ങളൊക്കെയുണ്ടാ വാൻ തുടങ്ങി. സമരം ചെയ്യാൻ വന്ന കോളേജ് യൂണിയൻ ചെയർമാനോടും പിള്ളേരോടും ഞാൻ ചില വാക്കുകൾ പറ

ഞ്ഞതേയുള്ളൂ. എന്നിട്ട് ഞാൻ എന്റെ private room-ൽ പോയിരുന്നു പ്രാർത്ഥിച്ചു: "കർത്താവേ, നാലോ അഞ്ചോ പേർക്കു വേണ്ടി, പഠിക്കാൻ വരുന്ന മൂവായിരത്തിലേറെ കുട്ടികളുടെ പഠിത്തം മുടങ്ങാൻ പാടില്ലല്ലോ. കർത്താവേ, നിന്റെ കരം നീട്ടണമേ." കർത്താവ് പ്രാർത്ഥന കേട്ടു. വളരെ കലി കയറിവന്ന പിള്ളേർ ശാന്തരായിപ്പോയി. അന്ന് സമരം നടന്നില്ല.

ഓരോ കാര്യവും കർത്താവ് ഏറ്റെടുത്തു. ഓരോ നിമിഷവും കർത്താവ് ഏറ്റെടുത്തു. സ്വർഗ്ഗത്തിലെ ദൈവം വിശ്വസിക്കാൻ കൊള്ളാവുന്നവനാണ്; സ്നേഹിക്കാൻ കൊള്ളാവുന്നവനാണ്.

**"നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും."**
**ലൂക്കോസ് 1 : 14**

എന്തിലെല്ലാമാണ് സന്തോഷിക്കാൻ സാധിക്കുക?

**"എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു; എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു. അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ; ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും. " ലൂക്കോസ് 1 : 46 – 48**

1. Dedication! സമർപ്പണത്തിൽ സന്തോഷം.

കന്യകമാതാവിന് സന്തോഷവും ഉല്ലാസവും ഉണ്ടായി. കന്യകമാതാവ് ഇതു പറയുന്നത് സ്വന്തം വീട്ടിലിരുന്നല്ല. മാതാവ് അങ്ങ് ദൂരെ മലനാട്ടിൽ യഹൂദ്യപട്ടണത്തിൽ, തന്റെ ചാർച്ചയിൽപ്പെട്ട സെഖര്യാപുരോഹിതന്റെ ഭാര്യയായ ഏലീശബെത്തിന്റെ അരികിലേക്ക് ബദ്ധപ്പെട്ട് ഓടിപ്പോകുകയായിരുന്നു. കാരണം, നാട്ടിൽ നിൽക്കാൻ വയ്യ. നാട്ടിൽ എല്ലാവരും പരിഹസിക്കുന്നു. കല്യാണം കഴിഞ്ഞില്ല അതിനുമുമ്പ് ആൾ ഗർഭിണിയായിരിക്കുന്നു! അപമാനകരമായ കാര്യമാണ്. ആരുടേയും മുഖത്ത് നോക്കാനൊക്കുന്നില്ല. ലജ്ജാവിവശ

യായ മാതാവ് എലീശബെത്തിനെ കണ്ടയുടനെ വന്ദിച്ചു.

അവിടെ ചെന്നപ്പോൾ എലീശബെത്ത് പറയുന്നു: “സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ. നിന്റെ ഗർഭഫലവും അനുഗ്രഹിക്കപ്പെട്ടത്. എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുന്ന മാനം എനിക്ക് എവിടെനിന്നുണ്ടായി?” (ലൂക്കോസ് 1 : 42, 43). കർത്താവിന്റെ മാതാവ് എന്നാണ് എലീശബെത്ത് കന്യകമാതാവിനെ വിളിക്കുന്നത്.

ലോകത്തിന് മനസ്സിലാവുകയില്ല. ലോകം, ‘പിഴച്ചവൾ’ എന്നാണ് പറയുന്നത്. ലോകം, ‘കുറ്റമുള്ളവൾ’ എന്നാണ് പറയുന്നത്. എന്നാൽ, ലോകം അങ്ങനെ പറയുമ്പോഴും ഒരു ദൈവപൈതൽ കാണുന്നത്, ഇവൾ അനുഗ്രഹിക്കപ്പെട്ടവൾ എന്നാണ്.

കന്യകമറിയാം എലീശബെത്തിന്റെ ആ വന്ദനം കേട്ടുകഴിഞ്ഞപ്പോൾ പാട്ടു പാടുകയാണ്:

**“ശക്തനായവൻ എനിക്കു വലിയവ ചെയ്തിരിക്കുന്നു; അവന്റെ നാമം പരിശുദ്ധം തന്നേ.” ലൂക്കോസ് 1 : 49**

ലോകം എന്നെ വെറുത്തു, ലോകം എന്നെ കളിയാക്കി, ലോകം എന്നെ പരിഹസിച്ചു, ലോകം എന്നെ കൊള്ളരുതാത്തവൾ എന്നു പറഞ്ഞു. പക്ഷേ, എന്റെ ഉള്ളിൽ ഒരു നിധി കിട്ടിയിരിക്കുന്നു. നിത്യസമ്പത്തെനിക്കു കിട്ടിയിരിക്കുന്നു. ആരും ഉയർത്തപ്പെട്ടിട്ടില്ലാത്തതുപോലെ കന്യകമാതാവ് ഉയർത്തപ്പെട്ടു. ആരും താഴ്ത്തപ്പെട്ടിട്ടില്ലാത്തതുപോലെ കന്യകമറിയാം താഴ്ത്തപ്പെട്ടു. പിതാക്കന്മാർ പാടി:

“ആരുമുയർത്തപ്പെട്ടില്ലിതുപോൽ അതിനാൽ സ്പഷ്ടം
മറിയാമേപ്പോൽ ആരും താഴ്ത്തപ്പെട്ടിട്ടില്ല.”

മനുഷ്യരുടെ മുമ്പിൽ ഏറ്റവും താഴ്ത്തപ്പെട്ടവൾ ആയിരുന്നിട്ടും ദൈവസന്നിധിയിൽ ഏറ്റവും ഉയർത്തപ്പെട്ടവളായിത്തീർന്നു. ഇന്നും നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും കന്യകമാതാവ്

ശുദ്ധിമതികളിൽ ശുദ്ധിമതിയായി പരിലസിക്കുന്നു. കന്യകമാതാവ് ഇന്നും വിശുദ്ധന്മാരിൽ തേജസ്സേറിയ വിശുദ്ധിയോടെ നമുക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കുന്നു.

"ഇന്നുമുതൽ തലമുറകൾ എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും." (ലൂക്കോസ് 1 : 48). ഈ ഭാഗ്യം നിങ്ങൾക്കു വേണമെങ്കിൽ ഇപ്പോൾ നിങ്ങൾക്ക് യേശുക്രിസ്തുവിനെ സ്വീകരിക്കാം.

യേശുക്രിസ്തുവിനെ സ്വീകരിക്കേണ്ടതിന് എന്താണ് ചെയ്യേണ്ടത്? കന്യകമറിയാമിന് ഒന്നും മനസ്സിലായില്ലായിരുന്നു. മാലാഖ വന്ന്: "മറിയയേ ഭയപ്പെടേണ്ട, നിനക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. നീ ഗർഭംധരിച്ച് ഒരു മകനെ പ്രസവിക്കും" (ലൂക്കോസ് 1 : 30, 31) എന്നുപറഞ്ഞപ്പോൾ ഒന്നും മനസ്സിലായില്ല.

അപ്പോൾ മറിയാം ഒരു കാര്യം പറഞ്ഞു: "ഇതാ ഞാൻ കർത്താവിന്റെ ദാസി." (ലൂക്കോസ് 1 : 38) നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ. അതിന്റെ ഭവിഷ്യത്തൊന്നും ഞാൻ ഓർക്കുന്നില്ല. ഞാൻ ഒരു കന്യകയാണ്. ഞാൻ ഗർഭിണിയാണെന്നറിയുമ്പോഴുള്ള ഭവിഷ്യത്തുകൾ എനിക്കു ചിന്തിക്കാൻ വയ്യ. പക്ഷേ, ഒരു കാര്യം ഞാൻ തീരുമാനിക്കുന്നു, ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ." കന്യകമറിയാം സമർപ്പണമെടുത്തു.

ഇപ്പോൾ ഒരു സമർപ്പണമെടുത്താൽ നിങ്ങൾക്കും ഈ സന്തോഷം കിട്ടും. കർത്താവേ, എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. എന്റെ ഉള്ളത്തിൽ വന്നു വാഴണമേ. എന്നെ നിയന്ത്രിക്കുന്നവനായി, എന്നെ ഭരിക്കുന്നവനായി തീരണമേ. നാഥാ! ഇന്നുമുതൽ ഞാൻ നിന്റെ വകയായി ജീവിക്കും. ഇത്രയുംകാലം ഞാൻ ലോകത്തിന്റെ ദാസിയായി ദാസനായി ജീവിച്ചു. ഇത്രയുംകാലം ഞാൻ പാപിയായി ജീവിച്ചു. ഇത്രയുംകാലം ഞാൻ ലോകയിമ്പങ്ങളുടെ പുറകെ ജീവിച്ചു. ഇത്ര

യുംകാലം ലോകത്തിലെ ആഡംബരങ്ങളുടെ പിറകെ ജീവിച്ചു. എന്നാൽ കർത്താവേ, ഇപ്പോൾ ഈ മഹാസത്യം മനസ്സിലായപ്പോൾ ഞാൻ എന്നെത്തന്നെ താഴ്ത്തുന്നു. "ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ." (ലൂക്കോസ് 1 : 38).

ഇങ്ങനെ നിങ്ങൾ പറയുമ്പോഴാണ് പരിശുദ്ധാത്മാവ് നിങ്ങളുടെ ഉള്ളത്തിലേക്ക് വരുന്നത്. യേശുക്രിസ്തു ആളത്വമായി നിങ്ങളുടെ ഹൃദയത്തിൽ പ്രവേശിക്കും. പുറമെ നോക്കിയാൽ യേശു അകത്തുവന്നത് ആരും കാണുകയില്ല. പുറമെ പലരും പുച്ഛിച്ചെന്നു വരും; പരിഹസിച്ചെന്നുവരും. പക്ഷേ, അകത്ത് യേശുവുണ്ട്. അകത്ത് നിത്യനിക്ഷേപമുണ്ട്.

അതിന് ആഗ്രഹമുണ്ടെങ്കിൽ നിങ്ങളുടെ ഹൃദയം തുറക്കൂ. കർത്താവേ, എന്റെ ഹൃദയത്തിലേക്ക് വരണമേ. എന്റെ ഉള്ളത്തിലേക്ക് വരണമേ. നാഥാ, എന്റെമേൽ നിന്റെ തൃക്കരം വയ്ക്കണമേ. എന്റെമേൽ നീ വാഴണമേ. എന്റെ ഹൃദയത്തിൽ നീ വസിക്കണമേ. ഇന്നുമുതൽ യേശുവേ, ഞാൻ നിന്റെ വക. ക്രിസ്തുവിന്റെ വകയായിത്തീരുമ്പോൾ സന്തോഷവും ഉല്ലാസവും ഉണ്ടാകും. ഇന്നത്തെ ജീവിതത്തിലെ മ്ലാനതകൾ മാറും, ഹൃദയത്തിലെ വിഷാദമെല്ലാം മാറും. കർത്താവ് നിങ്ങളുടെ കണ്ണുനീർ തുടച്ചുതരും. പ്രശ്നങ്ങളുണ്ടെങ്കിലും പ്രതിസന്ധികളുണ്ടെങ്കിലും അതിന്റെ മീതെ അത്ഭുതകരമായ സമാധാനം അനുഭവിക്കാനിടയാകും.

ക്രിസ്തു അകത്തു വന്നപ്പോൾ കന്യകമാതാവിന് സന്തോഷവും ഉല്ലാസവും ഉണ്ടായി.

# മൂന്ന്

**"അങ്ങനെ യഹോവയാൽ വീണ്ടെടുക്കപ്പെട്ടവർ മടങ്ങി ഉല്ലാസഘോഷത്തോടെ സീയോനിലേക്കു വരും; നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും; അവർ ആനന്ദവും സന്തോഷവും പ്രാപിക്കും; ദു:ഖവും നെടുവീർപ്പും ഓടിപ്പോകും."**

**യെശയ്യാവ് 35 : 10**

2. Salvation! രക്ഷയിൽ സന്തോഷം.

രക്ഷ നമുക്ക് സുരക്ഷിതത്വം നൽകുന്നു. നിത്യജീവൻ നമുക്ക് അവകാശമായി ലഭിക്കുന്നു. എപ്പോൾ കടന്നുപോയാലും പേടിയില്ല. എപ്പോൾ കടന്നു പോയാലെന്താണ്? എന്റെ ജീവിതം ഞാൻ യേശുവിന് കൊടുത്തു. എത്രകാലം ഞാൻ ഈ ഭൂമിയിൽ ജീവിക്കണമെന്ന് കർത്താവിനറിയാം. അതുകൊണ്ട് ഈ രോഗം വന്നതിൽ ഞാൻ പരിഭ്രമിക്കുന്നില്ല. ഈ ദുരിതം വന്നതിൽ ഞാൻ പ്രയാസപ്പെടുന്നില്ല. ഇതുവരെയെന്നെ നടത്തിക്കൊണ്ടുവന്ന ദൈവത്തിന്നറിയാമല്ലോ എല്ലാം. ഞാൻ പിന്നെയെന്തിന് ഭയപ്പെടണം?

വീണ്ടെടുപ്പ് കിട്ടിയവർ ഉല്ലാസഘോഷത്തോടെ മടങ്ങി വരും. അവരുടെ തലമേൽ ആധിയില്ല, വ്യാധിയില്ല, നിത്യാനന്ദമുണ്ടായിരിക്കും. അവിടെ മാനസികരോഗത്തിന്റെ പ്രശ്നമില്ല, ബുദ്ധികേടിന്റെ പ്രശ്നമില്ല, ബുദ്ധിക്കുറവിന്റെ പ്രശ്നമില്ല, പരിജ്ഞാനക്കുറവിന്റെ പ്രശ്നമില്ല. നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും.

പഠിക്കുന്ന വിദ്യാർത്ഥി പഠിക്കുമ്പോൾ അവന് ഒരുറപ്പുണ്ട്.

എന്റെ യേശു എന്റെ ശിരസ്സിൽ ഇരിക്കുകയാണ്. എന്റെ ബുദ്ധി യേശുക്രിസ്തു ഏറ്റെടുക്കുകയാണ്. എന്റെ ബുദ്ധി യേശു നിയന്ത്രിക്കുകയാണ്. ഞാൻ യേശുവിന്റെ വകയാണ്. ഞാൻ യേശുവിന് തീറുകൊടുത്തിരിക്കുകയാണ്. ആ ഒരു സമർപ്പണം വന്നാൽ മഹാഭാഗ്യമാണ്. വലിയൊരു നേട്ടമാണ്.

രക്ഷ ലഭിച്ചാൽ സന്തോഷവും ഉല്ലാസവുമുണ്ടാകും. നിത്യരക്ഷയിൽ സന്തോഷമുണ്ടാകും. ഇന്നു ഞാൻ കടന്നു പോയാൽ എന്റെ കർത്താവിന്റെ സന്നിധിയിലേക്ക് പറന്നെ ത്തുമെന്നുള്ള ധൈര്യം. ഇന്ന് ഞാൻ മൺമറഞ്ഞുപോയാൽ ശരീരം ഇവിടെ ഭൂമിയിൽ കിടക്കും. ആത്മാവോ, അനന്തതയി ലേക്ക് പറന്നുയരും. ഞാൻ അക്കരെ പറന്നുചെന്ന് എന്റെ പ്രിയനോടൊത്ത് വാസം ചെയ്യും. ഈ ഉറപ്പ് നിങ്ങൾക്ക് കിട്ടിയേ പറ്റൂ. അതില്ലാതെ മുന്നോട്ടൊരു ചുവടുവയ്ക്കരുത്.

ഇവിടെ കഷ്ടമുണ്ട്, നഷ്ടമുണ്ട്, പ്രയാസങ്ങളുണ്ട്. മക്ക ളുണ്ട്, ഭാര്യയുണ്ട്, ഭർത്താവുണ്ട്, കുടുംബത്തിൽ ക്ലേശങ്ങ ളുണ്ട്, ഒരുപിടി അലങ്കോലങ്ങളുണ്ട്. പക്ഷേ, ഇന്നു ഞാൻ മരി ച്ചാൽ ഈ അലങ്കോലങ്ങളൊന്നും എന്റെ കൂടെ പോരുന്നില്ല. ഈ ദുരിതങ്ങളോ, രോഗങ്ങളോ എന്റെ പിന്നാലെ പോരുന്നില്ല. അമ്മായിയമ്മപ്പോരോ, കൊള്ളരുതാത്ത സ്വഭാവങ്ങളോ എന്റെ കൂടെ പോരുന്നില്ല. ഇന്ന് ഞാൻ മരിച്ചാൽ പറന്നുപറന്ന് ഉല്ലസിച്ച് അങ്ങ് മുകളിലേക്കെത്തും. അതൊരു സനാതന സത്യമാണ്.

ജീവനുള്ള ക്രിസ്തുവിനെ ഹൃദയത്തിലേക്ക് സ്വീകരിച്ചു കഴിഞ്ഞാൽ ഉല്ലാസവും സന്തോഷവും ഉണ്ടാകും. മാത്രമല്ല, നിത്യരക്ഷ നമുക്ക് ലഭിക്കും.

നിത്യജീവന്റെ അനുഭവം വരിക. അതൊരു അപൂർവ്വാനു ഭവമാണ്. ഇന്നു നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു. മുഖാമുഖമായി കാണുന്ന ഒരു ദിവസമുണ്ട്. ഒരു ദിവസം നാം കടന്നുപോകും. അന്ന് രാജാധിരാജന്റെ തിരുമുഖശോഭ കണ്ട്

അവന്റെ പാദത്തിൽ വീണ് നമസ്ക്കരിച്ച് അവന്റെ തൃപ്പാദം ചുംബിച്ചുകൊണ്ട് നാം അവിടെ ഇരിക്കും. ഹാലേലുയ്യാ ഗാനങ്ങൾ പാടും.

സ്വർഗ്ഗീയസേനകൾ ആരാധിക്കുന്നതുപോലെ നാം ദൈവത്തെ സ്തുതിക്കാൻ തുടങ്ങും. സ്തുതിയുടെ ആഘോഷത്തിൽ മതിമറന്ന്, ദൈവത്തെ ആരാധിക്കുന്നതിൽ സന്തോഷിച്ച്, നാം ദൈവത്തിന് മഹത്വം കരേറ്റും. അപ്പോൾ മാലാഖമാർ കൂടെ പാടും. വിശുദ്ധന്മാർ ചേർന്നുപാടും. കടന്നുപോയ വിശുദ്ധന്മാർ ഓടിവരികയും ആനന്ദത്തോടെ നമ്മെ എതിരേൽക്കുകയും ചെയ്യും. നാം കടന്നു ചെല്ലുമ്പോൾ മാലാഖമാർ കൂട്ടം കൂട്ടമായി വന്ന് നമ്മെ എതിരേൽക്കും. നമ്മെ ആനന്ദത്തിന്റെ പറുദീസയിലേക്ക് ആനയിച്ചുകൊണ്ടുപോകും.

നിങ്ങൾക്ക് ആശയില്ലേ, ഈ സ്വർഗ്ഗീയസൗഭാഗ്യത്തിന്? നിത്യരക്ഷ, നിത്യസൗഭാഗ്യം കിട്ടാൻ ആശയില്ലേ? നിത്യജീവൻ ഉറപ്പാക്കണം. വീണ്ടെടുപ്പ്! എന്താണ് വീണ്ടെടുപ്പ്? Redemption. വീണ്ടെടുപ്പെന്നു പറഞ്ഞാൽ നഷ്ടപ്പെട്ടുപോയത് തിരികെ നേടിയെടുക്കുക എന്നാണ്.

ഒരു കൊച്ചുകുട്ടി ഉണ്ടായിരുന്നു. അവൻ കരകൗശല വിദഗ്ദ്ധനാണ്, മിടുക്കനാണ്. അവൻ ഉളിയൊക്കെ ഉപയോഗിച്ച് കൈകൊണ്ട് നല്ല മനോഹരമായ ഒരു തോണിയുടെ (വഞ്ചി) ശില്പമുണ്ടാക്കി. അതിന്റെ അറ്റത്ത് ഒരു ചെറിയ ദ്വാരമിട്ട് നല്ല ബലമുള്ള ചരടു കോർത്ത് കൂട്ടുകാർ കൂടി പുഴയുടെ തീരത്തേക്ക് പോയി. അവർ പുഴയിലെ വെള്ളത്തിലേക്ക് വള്ളം ഇട്ടു. വള്ളം ഒഴുകിയൊഴുകി താഴോട്ടുപോകുന്നു. ചരട് കൈയിലുണ്ട്. വളരെ ആനന്ദത്തോടെ അവർ ആർത്ത് ഉല്ലസിച്ച് മുന്നോട്ടുപോവുകയായിരുന്നു.

പെട്ടെന്ന് ആ വഞ്ചി ഒരു ചുഴിയിൽ ചെന്നു പെട്ടു. ചുഴിയിൽ വള്ളം വട്ടം കറങ്ങി. ആ കറക്കത്തിൽ ചരടു പൊട്ടിപ്പോയി. അവൻ ഉച്ചത്തിൽ നിലവിളിച്ചു. കൂട്ടുകാരും നിലവി

ളിച്ചു. എന്താ ഫലം! വള്ളം പോയല്ലോ. അവന്റെ കൈകൊണ്ട് അവൻ കൊത്തിയുണ്ടാക്കിയ സുന്ദരമായ കലാശില്പം, മനോഹരമായ വള്ളം പിടിവിട്ട് താഴോട്ട് ഒഴുകിപ്പോകുന്നു. കുറേനേരം അവർ പുഴയുടെ തീരത്തുകൂടി ഓടി. സങ്കട ത്തോടെ ഏങ്ങലടിച്ചുകൊണ്ട് അവൻ വീട്ടിൽ വന്നു. അവന് ദു:ഖം മാറുന്നില്ല. കഷ്ടം! ഞാൻ എത്രയോ ദിവസം പണിപ്പെട്ട് ഉണ്ടാക്കിയതാണ്. അതുപോയല്ലോ. അവൻ സങ്കടത്തോടെ ഇരിക്കുകയാണ്.

അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം അവന്റെ അപ്പൻ സിറ്റിയിൽ എന്തോ സാധനങ്ങൾ വാങ്ങാൻ പോകുകയാണ്. അപ്പൻ മോനെയും കൂട്ടിക്കൊണ്ടുപോയി. ഏതോ ഒരു കട യിൽ കയറി സാധനങ്ങൾ വാങ്ങുമ്പോൾ, കടയിൽ മനോഹര മായ സാധനങ്ങൾ ചിട്ടയായി അടുക്കി വച്ചിരിക്കുന്നു. അതിന്റെ ഇടയിലായി അവൻ കണ്ടു, തന്റെ നഷ്ടപ്പെട്ടുപോയ ആ കലാ ശില്പം! വള്ളം അവിടെ ഷോകേസിൽ ഇരിക്കുന്നു! അവൻ സൂക്ഷിച്ചുനോക്കി. അവന്റെ പേര് അതിൽ കൊത്തിയിട്ടുണ്ട്. അവൻ ഓടി ഉടമസ്ഥന്റെ അടുത്തുചെന്നു: ദേ, അത് എന്റെ യാണ്, അത് എനിക്ക് തരണം.

“മോനേ, അങ്ങനെ തരാൻ നിർവ്വാഹമില്ല. ഇവിടെ കൊണ്ടുവന്ന ആൾക്ക് ഞാൻ വില കൊടുത്ത് മേടിച്ചതാണ്. രൂപ തരികയാണെങ്കിൽ വള്ളം തരാം.” അവൻ അപ്പനോട് പറഞ്ഞു: അപ്പാ എനിക്കത് എങ്ങനെയെങ്കിലും മേടിച്ചു തരണം.

സ്വന്തം മോൻ കൈകൊണ്ട് തീർത്ത ആ കലാശില്പം വാങ്ങിച്ചെടുക്കാൻ അപ്പൻ വലിയ വില കൊടുത്തു. അത് കിട്ടിയ ഉടനെ അവൻ അതെടുത്ത് മാറോടണച്ച് ഉമ്മവെച്ചിട്ട് പറഞ്ഞു: “നിന്നെ ഞാൻ മെനഞ്ഞുണ്ടാക്കി. ഞാൻ കഷ്ടപ്പെ ട്ടുണ്ടാക്കി. നീ പക്ഷേ, അന്യന്റെ അധീനതയിൽ ആയിപ്പോയി. പക്ഷേ, എനിക്കത് വീണ്ടും കിട്ടിയിരിക്കുന്നു. വലിയ വില കൊടുത്ത് നിന്നെ ഞാൻ വാങ്ങിച്ചു.”

അവൻ സന്തോഷത്തോടെ, ആർപ്പോടെ, തിമിർപ്പോടെ വീട്ടിലേക്കു വന്നു. ഇതൊരു ഉദാഹരണ കഥയാണ്.

നിത്യനായ ദൈവത്തിന്റെ കൈപ്പണിയായ മനുഷ്യൻ പൈശാചികന്റെ കൈയിൽ അകപ്പെട്ടുപോയി. അവന് സ്വയം രക്ഷപ്പെടാൻ സാദ്ധ്യമല്ല. ശത്രുവിന്റെ ജയിലിൽ ആയിക്കഴിഞ്ഞു. ശത്രുവിന്റെ ഷോകേസിൽ ആയിക്കഴിഞ്ഞു. ശത്രുവിന്റെ കൈവശമായിക്കഴിഞ്ഞു. ശത്രുവിന്റെ അധീനതയിലായിക്കഴിഞ്ഞു. തിരിച്ചുകിട്ടാൻ മാർഗ്ഗമില്ല.

അതിന് നിത്യനായ ദൈവം വൻ വിലയായി തന്റെ പുത്രന്റെ തിരുരക്തം കൊടുത്തു. നിത്യനായ ദൈവം, തന്റെ ഏകജാതനായ കർത്താവായ യേശുക്രിസ്തുവിന്റെ തിരുരക്തം ഗോഗുൽത്തായിലെ തിരുബലിയിൽ അണച്ച് ആ തിരുരക്തത്താൽ നമ്മെ വീണ്ടെടുത്തു. നാം ഓരോരുത്തരും ദൈവത്തിന്റെ മോഹനശില്പമായിരുന്നു.

നാം ഓരോരുത്തരും ദൈവത്തിന്റെ കരവിരുതിന്റെ ഫലമായിരുന്നു. നിത്യനായ ദൈവം നമ്മെ മെനഞ്ഞതായിരുന്നു. ദൈവം നമ്മെ നടത്തിക്കൊണ്ടുപോരുകയായിരുന്നു. പക്ഷേ, നാം പിശാചിന്റെ കൈകളിലായിപ്പോയി. ഇന്നിതാ അതു കണ്ടുകൊണ്ട് കരുണയുള്ള ദൈവം, തന്റെ കൈപ്പണിയായ മനുഷ്യനെ വീണ്ടെടുക്കാൻ വേണ്ടി മറുവില കൊടുത്തിരിക്കുന്നു!

ഏതാണ് ഈ മറുവില? തന്റെ പുത്രന്റെ തിരുരക്തം!

**"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."**

**യോഹന്നാൻ 3 : 16**

ദൈവത്തിന്റെ സ്നേഹം! അഗാധമായ സ്നേഹം! ഈ സ്നേഹം കണ്ടാൽ നാം അടങ്ങിയിരിക്കുകയില്ല. ആ സ്നേഹം എന്താണെന്ന് അറിയാത്തതുകൊണ്ടാണ് പിന്നെയും പാപത്തി

ലേക്ക് പോകുന്നത്. നിത്യസ്നേഹമായ യേശുവിനെ സ്നേഹിക്കാൻ പറ്റാത്തതുകൊണ്ടാണ് നിങ്ങൾ തെറ്റായ വഴിയിലേക്ക് പോകുന്നത്. യേശുക്രിസ്തു സ്നേഹസ്വരൂപനാണ്! സ്നേഹനിധിയാണ്! സ്നേഹം മാത്രമാണ്!

നമ്മുടെ താഴ്ചയിൽ നമ്മെ ഓർക്കുന്ന ദൈവം! എളിമയിൽ താണുവരുന്ന ദൈവം! കുറെ വർഷങ്ങൾക്ക് മുമ്പുള്ള കാലത്തേക്ക് നിങ്ങൾ ഓർത്തുനോക്കൂ. എല്ലാ രംഗത്തും താഴ്ചയല്ലായിരുന്നോ?

ഞാൻ പത്താം ക്ലാസ്സ്കഴിഞ്ഞ് പഠിത്തം നിറുത്തിയ ആളാണ്. എന്നും മുഖം മ്ലാനമാണ്. എന്റെ മുഖം വാടിയിരിക്കുകയാണ്. ഞാൻ ദു:ഖിതനായിരുന്നു. വിഷാദ പരവശനായിരുന്നു. ജീവിതം വരണ്ടുണങ്ങിപ്പോയിരുന്നു. പത്താം ക്ലാസ്സ് കഴിഞ്ഞു, പഠിത്തം തീർന്നു. പിന്നെ ഒരേർകാളയുടെ കൃഷിയുമായി പാടത്തേക്കിറങ്ങി. പകലും രാവും അമ്മയുടെ ഏങ്ങലടിയും കരച്ചിലും കേൾക്കാം. അമ്മ കരയുമ്പോൾ ഞാനും എന്റെ പെങ്ങളും കരയും.

ഈ അനാഥനായ എന്നെ സ്നേഹിച്ച, എന്നെ കുപ്പയിൽ നിന്ന് പൊക്കിയെടുത്ത ഒരു ദൈവമുണ്ട്. അഡ്രസ്സില്ലാത്തവന് അഡ്രസ്സ് തന്ന ഒരു ദൈവമുണ്ട്. വിലകെട്ടവനെ വിലയേറിയവനാക്കി മാറ്റിയ ദൈവമുണ്ട്. ആർക്കും യാതൊരു വിലയുമില്ലാതിരുന്ന മനുഷ്യനെ വചനം കേട്ടപ്പോൾ സ്വർഗ്ഗത്തിലെ ദൈവം വില മതിച്ചു എന്നറിയാനിടയായി.

നിങ്ങൾ അനാഥരാണോ? നിങ്ങൾ അഗതികളാണോ? നിങ്ങൾ പലതരത്തിൽ ക്ഷീണിതരാണോ? തളർന്നിരിക്കുന്നവരാണോ? മനസ്സ് വാടിത്തളർന്ന് അവശനിലയിലിരിക്കുന്നവരാണോ? മനസ്സ് മടുത്തുപോയവരാണോ? പ്രതീക്ഷകൾ നശിച്ചുപോയവരാണോ? സന്തോഷവും ഉല്ലാസവും തരുന്ന ഒരു ദൈവമുണ്ട്.

പരീക്ഷയിൽ തോൽവി വരുന്നു. കുട്ടികൾ പരീക്ഷയിൽ

തോൽക്കുന്നു. വിചാരിച്ചതുപോലെ മാർക്ക് കിട്ടിയില്ല. അപ്പനും അമ്മയ്ക്കും വേണ്ടപ്പെട്ടവർക്കൊക്കെ സങ്കടമുണ്ട്. കൂട്ടുകാർക്കും സങ്കടമുണ്ട്. സഹോദരങ്ങൾക്ക് സങ്കടമുണ്ട്. പക്ഷേ, അപ്പോഴുണ്ട് ദൈവം പറയുന്നു, ഈ ലോകത്തിലെ സന്തോഷങ്ങൾ നിനക്കു കിട്ടിയില്ലെങ്കിലും നിനക്ക് ആത്മാവിൽ രക്ഷ തരാം. രക്ഷയിൽ നിനക്ക് സന്തോഷിക്കാം. നിത്യജീവൻ നിനക്കു തരാം.

ഈ ലോകം ശാശ്വതമല്ല. നിലനില്ക്കുന്ന ഒരു രാജ്യമുണ്ട്. ക്ഷയിക്കാത്ത ഒരു ജീവിതമുണ്ട്. അത് സ്വർഗ്ഗസീയോൻ പുരിയിലാണ്. സ്വർഗ്ഗസീയോൻ നഗരത്തിൽ നിനക്കുവേണ്ടി ഞാൻ പണിയുന്ന കൊട്ടാരമുണ്ട്. ഇന്നിവിടെ കണ്ണീരും കൈയുമായി കഴിയുന്നു. ഇന്ന് എതിർപ്പുകളുണ്ട്, പോരാട്ടങ്ങളുണ്ട്, അപവാദങ്ങളുണ്ട്, തെറ്റിദ്ധാരണകളുണ്ട്, പല രീതിയിലുള്ള വലച്ചിലുകളുണ്ട്; ഇല്ലായ്മയും വല്ലായ്മയുമുണ്ട്.

**"അങ്ങനെ യഹോവയാൽ വീണ്ടെടുക്കപ്പെട്ടവർ മടങ്ങി ഉല്ലാസഘോഷത്തോടെ സീയോനിലേക്ക് വരും; നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും; അവർ ആനന്ദവും സന്തോഷവും പ്രാപിക്കും; ദു:ഖവും നെടുവീർപ്പും ഓടിപ്പോകും." യെശയ്യാവ് 35 : 10**

നിത്യാനന്ദം തലമേൽ ഉണ്ടാകുമ്പോൾ നിത്യ രക്ഷയാണ് ലഭിക്കുന്നത്. ഇവിടുത്തെ ജീവിതം കഴിഞ്ഞ് നാം ഒരുനാൾ നിത്യതയിലേക്ക് പോകുമല്ലോ.

നമ്മുടെ കൂട്ടായ്മയിൽ ഉണ്ടായിരുന്ന പ്രിയപ്പെട്ട ബിജോ കെ. ജോൺ കടന്നുപോയി. സങ്കടമുണ്ട്, വേദനയുണ്ട്. ഊർജ്ജസ്വലനായ ഒരു യുവാവ്. ജോലിയിൽ മികവുറ്റ ഒരു യുവാവ്. വളരെ സമർത്ഥനായി ജോലി ചെയ്ത ചെറുപ്പക്കാരൻ വളരെ പെട്ടെന്ന് കടന്നുപോയി. രക്ഷ കിട്ടുമെന്ന് പ്രതീക്ഷയുണ്ടായിരുന്നു. പ്രാർത്ഥിച്ചപ്പോഴും സൗഖ്യം കിട്ടുമെന്ന പ്രതീക്ഷ എനിക്കുണ്ടായിരുന്നു. പക്ഷേ, പ്രതീക്ഷകളെല്ലാം

മങ്ങി, ബിജോ അക്കരെ ദേശത്തേക്ക് പറന്നുപോയി. നമുക്ക് ഒരു പാട്ട് തന്നിട്ടുപോയി.

നന്മയല്ലാതൊന്നും ചെയ്തിടാത്തോനെ
തിന്മയെ ജയിപ്പാൻ കൃപതരുന്നോനെ

ജീവന്റെ അപ്പം ഞാനെന്നു ചൊല്ലി
മരണത്തെ വരിച്ചോൻ ജീവനെയേകി
ലോകത്തിൻ വെളിച്ചം ഞാനെന്നു ചൊല്ലി
ഇരുളിലിരുന്നോർക്ക് പ്രകാശമായി

നന്മയല്ലാ.........1

ഞാൻ നല്ല ഇടയൻ എന്നവൻ ചൊല്ലി
ജീവനെ തന്നവൻ മാതൃകയായി
പാപത്തിൽ ജയമുണ്ടെന്നവൻ ചൊല്ലി
പാപത്തെ ജയിപ്പാൻ ആത്മാവെ നൽകി

നന്മയല്ലാ .......1

ഞാൻ മുന്തിരിവള്ളി എന്നവൻ ചൊല്ലി
ശാഖകളാകാൻ അവൻ നമ്മെ വിളിച്ചു
ഞാൻതന്നെ വാതിൽ എന്നവൻ ചൊല്ലി
ലോകത്തിൻ മുമ്പിൽ പുതുവാതിൽ തുറന്നു

നന്മയല്ലാ .......1

വഴിയും സത്യവും ജീവനും നീയേ
മരണത്തിൻ താഴ്‌വരെ ശരണവും നീയേ
വീണ്ടും വരാമെന്ന് ചൊല്ലിപ്പോയോനെ
നിൻ വരവിന്നായ് നിൻ സഭ നിൽപ്പൂ

നന്മയല്ലാ ......2

ഒരുദിവസം നാമെല്ലാം കടന്നുപോകും. കടന്നുചെല്ലുമ്പോൾ ജീവന്റെ നാഥനായ കർത്താവായ യേശുക്രിസ്തുവിന്റെ രാജ്യത്തിലെത്തിയില്ലെങ്കിൽ എത്രയോ ഭയാനകമായ നഷ്ടം! തീർത്താൽ തീരാത്ത നഷ്ടം! നികത്താനാകാത്ത നഷ്ടം!

ഞാൻ സങ്കടത്തോടെ ഓർക്കുന്നു, സഭകളിലെല്ലാം നല്ല

പ്രാർത്ഥനകളുണ്ട്. പക്ഷേ ഈ പ്രാർത്ഥനയിലെല്ലാം നിത്യജീവനെക്കുറിച്ച് പറയുന്നത് ആരും ഗൗനിക്കുന്നില്ല. അത് ആർക്കും പറഞ്ഞുകൊടുക്കുന്നില്ല. പറഞ്ഞുകൊടുക്കാനുള്ള സംവിധാനമില്ല.

നമ്മുടെ കൂട്ടായ്മയിൽ വേറൊരു വിഷയം പറയുന്നില്ല. നിത്യജീവനെക്കുറിച്ചു മാത്രം പറയുന്നു. നിത്യദുരിതമാണെങ്കിലും യാതനയാണെങ്കിലും വേദനയാണെങ്കിലും, ഇവിടെ വളരെ വേദനാകരമായ അനുഭവങ്ങൾ നേരിടേണ്ടിവന്നാലും നിത്യരക്ഷ നമുക്കുണ്ട് എന്നുള്ളതാണ് നമുക്കുള്ള സന്തോഷം.

**"നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു."**
**റോമർ 8 : 18**

വലിയോരു തേജസ്സ് നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്നു. നിങ്ങൾ ഇത് അനുഭവിക്കുന്നുണ്ടോ? വലിയോരു തേജസ്സ്! ഇന്ന്, നേരം സന്ധ്യയാകുന്നതിനുമുമ്പ് എന്റെ ശരീരത്തിൽനിന്ന് എന്റെ പ്രാണൻ വിട്ടുപോയാൽ എന്റെ ആത്മാവ് കർത്താവായ യേശുവിന്റെ പാദപീഠത്തിൽ ചെല്ലുമോ? അതോ പാതാളത്തിൽ യാതനാസ്ഥലത്തേക്ക് പോകുമോ?

ധനവാൻ മരിച്ചു അടക്കപ്പെട്ടു. അവൻ പാതാളത്തിൽ യാതനാസ്ഥലത്തേക്കാണ് പോയത്. ദരിദ്രനായ ലാസർ മരിച്ചു. അവനെ ആരെങ്കിലും അടക്കിയെന്നുപോലും പറയുന്നില്ല. പക്ഷേ, അവന്റെ ആത്മാവ് അബ്രാഹാം പിതാവിന്റെ മടിയിലേക്ക്, പറുദീസയിലേക്ക് പോയി.

ഇന്ന് നാം ഈ ഭൂമിയിൽനിന്നു മാറ്റപ്പെട്ടാൽ നമ്മുടെ ആത്മാവിന്റെ അവസ്ഥ എന്താണ്? പ്രാർത്ഥന ചൊല്ലി എന്നുള്ളതുകൊണ്ടോ, പള്ളിയിൽ പോയി എന്നുള്ളതുകൊണ്ടോ, ദു:ഖവെള്ളിയാഴ്ച കുരിശ് കുമ്പിട്ടു എന്നുള്ളതുകൊണ്ടോ, പള്ളിക്ക് നേർച്ചകാഴ്ച കൊടുത്തു എന്നുള്ളതുകൊണ്ടോ ഒന്നും നിങ്ങൾക്ക് രക്ഷ കിട്ടുകയില്ല. മെഴുകുതിരി കത്തിച്ചു

പിടിച്ച് മദ്ധ്യസ്ഥപ്രാർത്ഥന കഴിച്ചതുകൊണ്ടും രക്ഷ കിട്ടുകയില്ല. പേരിനു കുമ്പസാരിച്ചാലും പേരിന് കുർബ്ബാനകൊണ്ടാലും രക്ഷ കിട്ടുകയില്ല. അതൊന്നും വേണ്ട എന്നല്ല, എല്ലാം അറിയേണ്ടതുപോലെ അറിഞ്ഞ് അനുഭവിക്കേണ്ടതുപോലെ അനുഭവിക്കണം.

വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും മാത്രം ഈ വിശുദ്ധതകൾ നൽകപ്പെടുന്നു എന്നാണ് മദ്ബഹായിൽ നിന്നുള്ള കല്പന. ആരെങ്കിലും അത് ചിന്തിച്ചിട്ടാണോ കുർബ്ബാന അനുഭവിക്കാൻ ചെല്ലുന്നത്? വാസ്തവമായി പാപം ഏറ്റുപറഞ്ഞ് ആ പാപത്തിൽനിന്ന് മോചനം കിട്ടിയിട്ടാണോ പോകുന്നത്? പലർക്കും ഇതൊന്നും ഒരു ചിന്താവിഷയമല്ല. നിങ്ങൾ ദിവസംപ്രതി തങ്ങളെത്തന്നെ ശോധന ചെയ്ത് വിശുദ്ധീകരണം അനുഭവിക്കുന്നുണ്ടോ? “വിശുദ്ധീകരണം കൂടാതെ ആർക്കും ദൈവത്തെ കാണ്മാൻ കഴിയുകയില്ല.” (എബ്രായർ 12 : 14)

ഇന്ന് ചടങ്ങുകളുണ്ട്, അനുഷ്ഠാനങ്ങളുണ്ട്, ആചാരങ്ങളുണ്ട്. പക്ഷേ, ആത്മാവിൽ ജീവനില്ല. നിത്യജീവൻ ലഭിച്ചു എന്നുള്ള സന്തോഷമില്ല. ഇപ്പോൾ തന്നെ നിങ്ങളുടെ ഹൃദയത്തിലേക്ക് നോക്കൂ: ഇന്നു ഞാൻ കടന്നുപോയാൽ എന്റെ കർത്താവിന്റെ സന്നിധിയിൽ എനിക്ക് ചെല്ലാൻ പറ്റും; യേശുവിന്റെ രക്തം എന്നെ വീണ്ടെടുത്തിരിക്കുന്നു; യേശുക്രിസ്തുവിന്റെ ക്രൂശിലെ തിരുബലി മൂലം ആ തിരുരക്തത്താൽ എന്നെ കഴുകി വെടിപ്പാക്കിയിരിക്കുന്നു; പാപമില്ലാത്ത ജീവിതം നയിപ്പാൻ ഞാൻ ഒരു തീരുമാനം എടുത്തിരിക്കുന്നു; ആ തീരുമാനം ഞാൻ കർത്താവിന്റെ സന്നിധിയിൽ സമർപ്പിച്ചിരിക്കുന്നു; കർത്താവ് എന്നെ പാപമില്ലാത്ത വഴിയിൽക്കൂടി നടത്തും; അതുകൊണ്ട് ഞാൻ എപ്പോൾ കടന്നുപോയാലും ദൈവരാജ്യത്തിൽ എത്തും, നിത്യരക്ഷ എനിക്കു കിട്ടും. ഉറപ്പുണ്ടോ? ആ ഉറപ്പാണ് ക്രിസ്തീയജീവിതത്തിൽ ആവശ്യം.

ജീവിതം താത്ക്കാലികമാണ്. അത്രമാത്രം ക്ഷണികമാണ്.

എന്നാൽ ഈ താത്ക്കാലിക ജീവിതത്തിൽ നിത്യജീവന്റെ അവകാശം നാം പ്രാപിക്കുക. നിത്യജീവൻ നേടുക. നിത്യജീവന്റെ അനുഭവം കിട്ടിയില്ലെങ്കിൽ നാം പൂജ്യമാണ്; ഒരു വിലയുമില്ലാത്തവരാണ്. അവസാനം നാം കൈകാലിട്ടടിച്ചിട്ട് ഫലമില്ല.

മരണം വന്നടുത്തുകഴിയുമ്പോഴേക്കും നാം വെപ്രാള ത്തിലാകും, പരിഭ്രമിക്കും. ഒരുപക്ഷേ ബോധമില്ലാതെ കിടക്കുകയായിരിക്കും. ബോധമുണ്ടെങ്കിലും ബോധമില്ലെങ്കിലും നാം പരിഭ്രാന്തരായിത്തീരും. ഭയവിഹ്വലരായിത്തീർന്നുകൊണ്ട്, അയ്യോ, നഷ്ടപ്പെട്ടുപോയല്ലോ എന്നോർക്കും. പാപങ്ങളെല്ലാം വന്ന് എതിരെ അണിനിരക്കും. അയ്യോ, ഇതൊക്കെ ഞാൻ ചെയ്തു, എനിക്ക് മോചനം കിട്ടിയില്ലല്ലോ.

ഞാൻ കുമ്പസാരിച്ചിരുന്നു, കുർബ്ബാനകൊണ്ടിരുന്നു, ഞാൻ പള്ളിയിൽ പോയിരുന്നു പക്ഷേ, എനിക്ക് രക്ഷ കിട്ടിയില്ലല്ലോ. അയ്യോ, ഞാൻ എന്തുവേണ്ടൂ? പക്ഷേ അപ്പോൾ വിളി കേൾക്കാൻ, സമയം കഴിഞ്ഞുള്ള നിലവിളി കേൾക്കാൻ ആളില്ല. യേശു അവിടെ വരികയില്ല. യേശുവിന് അടുക്കാൻ പറ്റുകയില്ല. അവസരം തന്നു, അവസരം ഉപയോഗിച്ചില്ല. അതുകൊണ്ട് സംഭവിക്കാൻ പോകുന്നത് നിത്യനരകത്തിലേ ക്കുള്ള യാത്രയാണ്.

ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ, സുബോധമുള്ളപ്പോൾ, ഓർമ്മയുള്ളപ്പോൾ, ബുദ്ധിയുള്ളപ്പോൾ, ചിന്താശക്തിയുള്ള പ്പോൾ ചിന്തിക്കണം: എന്റെ ഇതുവരെയുള്ള ജീവിതം എന്താണ്? ഞാൻ എന്തു സമ്പാദിച്ചു? നിത്യജീവൻ നേടിയോ? നിത്യരക്ഷ ഞാൻ കരസ്ഥമാക്കിയോ? എന്റെ ജീവിതം guaranteed ആണോ? എന്റെ ജീവിതം കർത്താവായ യേശുവിന്റെ രാജ്യത്തിൽ ചെല്ലുമെന്ന് ഉറപ്പുള്ളതാണോ? ഇല്ലെങ്കിൽ നഷ്ടമാണ്.

ഇന്ന് നിത്യജീവന്റെ അനുഭവം തരാൻ കർത്താവ്

നിങ്ങളുടെ അടുത്തു വന്നിട്ടുണ്ട്. അവിടുന്ന് നിങ്ങളെ ആശയോടെ നോക്കുകയാണ്. ആരെങ്കിലും എനിക്കുവേണ്ടി ഹൃദയം താഴ്ത്തുന്നുണ്ടോ? സെഖര്യാവ് പ്രാർത്ഥിച്ചതുപോലെ വിനയത്തോടെ പ്രാർത്ഥിക്കുന്നുണ്ടോ? കന്യകമറിയാം, “ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ” (ലൂക്കോസ് 1 : 29). എന്നു പറഞ്ഞതു പോലെ താഴ്മയോടെ സമർപ്പണമെടുക്കുന്നുണ്ടോ?

സന്തോഷത്തോടെ, നിത്യരക്ഷയ്ക്കു വേണ്ടി വാഞ്ഛിക്കുന്നുണ്ടോ? രക്ഷകനെ നോക്കുന്നുണ്ടോ? ക്രൂശിൽ ചൊരിഞ്ഞ തിരുരക്തത്തിലേക്കു നോക്കുന്നുണ്ടോ? തിരുരക്തത്താലുള്ള വീണ്ടെടുപ്പ് അനുഭവിക്കുന്നുണ്ടോ? കർത്താവ് നോക്കിക്കൊണ്ടു നില്ക്കുകയാണ്. ആരെല്ലാം ഇപ്പോൾ ക്രൂശിലേക്ക് നോക്കുന്നു? ക്രൂശിൽ മരിച്ച രാജാധിരാജനെ ആരെല്ലാം കാണുന്നു? “അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല.” (സങ്കീർത്തനങ്ങൾ 34 : 5). അതിവേഗം നിങ്ങളുടെ ജീവിതം കർത്താവിന് സമർപ്പിച്ച് രക്ഷപ്പെടുവിൻ. ആത്മാവിൽ നിത്യജീവൻ പ്രാപിപ്പിൻ.

## നാല്

**"സീയോൻ പുത്രിയേ, ഘോഷിച്ചാനന്ദിക്ക; യിസ്രായേലേ, ആർപ്പിടുക; യെരൂശലേംപുത്രിയേ, പൂർണ്ണഹൃദയത്തോടെ സന്തോഷിച്ചുല്ലസിക്ക. യഹോവ നിന്റെ ന്യായവിധികളെ മാറ്റി, നിന്റെ ശത്രുവിനെ നീക്കിക്കളഞ്ഞിരിക്കുന്നു; യിസ്രായേലിന്റെ രാജാവായ യഹോവ നിന്റെ മദ്ധ്യേ ഇരിക്കുന്നു; ഇനി നീ അനർത്ഥം കാണുകയില്ല."**

**സെഫന്യാവ് 3 : 14, 15**

3. Judgement മാറിപ്പോയതിൽ സന്തോഷം

അനേകം കുടുംബങ്ങളെ ഇന്ന് പിശാച് ബാധിച്ചിരിക്കയാണ്. കോപിക്കാൻ പിശാച് പറയുമ്പോൾ കോപിച്ചുപോകും. വഴക്കടിക്കാൻ പിശാച് പറയുമ്പോൾ വഴക്കടിക്കും. വീട്ടിൽ കലഹം ഉണ്ടാക്കാൻ പറയുമ്പോൾ കലഹമുണ്ടാക്കും. ഒരു ഭീകരൻ പിന്നിൽ നിന്നുകൊണ്ട് പ്രേരിപ്പിക്കുകയാണ്.

ഭാര്യയും ഭർത്താവും തമ്മിൽ പിണങ്ങാൻ പിശാച് പറയുമ്പോൾ പിണക്കമുണ്ടാകും. ഭീകരനായ ദുഷ്ടപ്പിശാച് പ്രേരിപ്പിക്കുകയാണ്. പഠിത്തം ഉഴപ്പാൻ പിശാച് പറയുമ്പോൾ പഠിത്തം ഉഴപ്പും. വായിക്കില്ല, പഠിക്കില്ല. ചുമതലാബോധമില്ല. മദ്യപാനത്തിലേക്ക് പിശാച് ആകർഷിച്ചുകൊണ്ടുപോകുമ്പോൾ ആ കൂടെ പോകും. സാത്താനാണ് കൂടെ പോകുന്നതെന്ന് അറിയുന്നില്ല.

മദ്യത്തിന്റെ അടിമയായിത്തീരുന്നു. അശുദ്ധമായ ജീവിതത്തിന്റെ അടിമയായിത്തീരുന്നു. പല തിന്മകളുടെയും അടിമ

യായിത്തീരുന്നു. വഴക്കും പിണക്കവും കലഹവും ശണ്ഠയും എല്ലാവിധമായ തിന്മകളും അവിശ്വാസവും അന്ധവിശ്വാസവും എല്ലാം പിശാച് കൊണ്ടുവരുന്നതാണ്. അതുമൂലം നമ്മുടെമേൽ ന്യായവിധി വരാൻ പോകുന്നു.

എന്നാൽ കർത്താവ് ന്യായവിധികളെ മാറ്റി നിനക്കു രക്ഷതരും. വലിയൊരു ന്യായവിധി നമ്മെ പ്രതീക്ഷിച്ചു നിൽക്കുന്നുണ്ട്. ഒരു ദിവസം നാം മരിക്കും. മരണത്തിനു ശേഷം എന്ത്? ആരും ചിന്തിക്കാറില്ല.

'To hell and back' എന്ന ഡോ. മൗറിസ് റൗലിംഗ്സ് എഴുതിയ പുസ്തകം വായിച്ചു. അനേകർ നരകത്തിന്റെ ഭീകരദുരിതത്തിലേക്ക് പോകുന്നു. കട്ടിക്കൂരിരുട്ടിലേക്ക് പോകുന്നു. നരകയാതനയിലേക്ക് പോകുന്നു. എന്നാൽ നാം കർത്താവിങ്കലേക്ക് തിരിയുന്നുവെങ്കിൽ നമ്മുടെമേലുള്ള ന്യായവിധി മാറ്റി നമുക്ക് രക്ഷ തരും അപ്പോൾ നമുക്ക് കർത്താവ് തന്ന രക്ഷയിൽ സന്തോഷിക്കാം. അപ്പോൾ ഉല്ലാസവും സന്തോഷവും ഉണ്ടാകും.

സ്നേഹിതരേ, നിങ്ങൾക്കറിയാമല്ലോ ഒരു മരണമുണ്ടെന്ന്.

നാം ചിന്തിക്കാറുണ്ടോ ഒരു മരണമുണ്ടെന്ന്? നിത്യരക്ഷ വേണമെന്ന് ചിന്തിക്കാറുണ്ടോ? നിത്യമായ സ്വർഗ്ഗം വേണമെന്ന് ചിന്തിക്കാറുണ്ടോ?

മരിച്ചതിനുശേഷമുള്ള കാര്യങ്ങൾ ചിന്തിക്കാൻ ഇപ്പോൾ നേരമില്ല, ഇവിടത്തെ കാര്യം തന്നെ ശരിയായിട്ടില്ല, എന്നും രോഗം, എന്നും പ്രയാസം, എന്നും പ്രശ്നം, എന്നും കടം, എന്നും ദുരിതങ്ങൾ! മരിച്ചതിനുശേഷമുള്ള കാര്യങ്ങൾ ചിന്തിപ്പാൻ ഇപ്പോൾ നേരമില്ല എന്നു ചിന്തിക്കുന്ന ആളുകളുണ്ട്. സ്നേഹിതരേ, നിങ്ങൾ ചിന്തിക്കണം.

വേദപുസ്തകം പറയുന്നു: മരിപ്പാൻ നീ ഒരുങ്ങിക്കൊള്ളുക.

**“ആ കാലത്ത് ഹിസ്കീയാവിന്നു മരിക്കത്തക്ക രോഗം പിടിച്ചു; ആമോസിന്റെ മകനായ യെശയ്യാപ്രവാചകൻ അവന്റെ അടുക്കൽ വന്നു അവനോട്: നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക; നീ മരിച്ചുപോകും; സൗഖ്യമാകയില്ല എന്നു യഹോവ അരുളിച്ചെയ്യുന്നു എന്നു പറഞ്ഞു.”**

**യെശയ്യാവ് 38 : 1**

അതിവേഗം ഗൃഹകാര്യം ക്രമത്തിലാക്കണം. ഒന്നും ബാക്കി വച്ചേക്കരുത്. സെന്റ് പോൾ തിമൊഥെയോസിനെഴുതിയ രണ്ടാം ലേഖനം നാലാം അദ്ധ്യായത്തിൽ പറയും: “Nothing be left undone.” (2 തിമൊഥെയൊസ് 4 : 5). പൂർത്തീകരിക്കാതെ ഒന്നും ഇട്ടേക്കരുത്. നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക. എല്ലാം ചെയ്തു തീർത്തുകൊൾക. സഹായിക്കാനുള്ളവരെ സഹായിച്ചുകൊള്ളുക.

നിങ്ങളുടെ സ്നേഹവും വാത്സല്യവും അനേകർക്കു കൊടുത്തുകൊള്ളുക. നിങ്ങളുടെ കരുണ എല്ലാവർക്കും കൊടുത്തുകൊള്ളുക. നിങ്ങളുടെ വിനയവും നിങ്ങളുടെ സൗമ്യതയും എല്ലാവർക്കും കൊടുത്തുകൊള്ളുക. എല്ലാവരേയും മാനിക്കാൻ തുടങ്ങുക. എല്ലാവരേയും സ്നേഹിക്കാൻ തുടങ്ങുക. എല്ലാവരേയും ആദരിക്കാൻ തുടങ്ങുക.

ഭർത്താവ് ഭാര്യയെ സ്വന്തം ജീവനെപ്പോലെ സ്നേഹിക്കുക. ഭാര്യ ഭർത്താവിനെ അനുസരിക്കുക. ഭർത്താവ് ഭാര്യയെ ബഹുമാനിക്കുക. ഭാര്യ ഭർത്താവിനു കീഴ്പ്പെടുക. ഭർത്താവ് ഭാര്യയെ കരുതുക. ഭാര്യ ഭർത്താവിനെ ഭയപ്പെടുക. അങ്ങനെ കുടുംബജീവിതം ഭദ്രമായിത്തീരട്ടെ. ആത്മാവിന്റെ രക്ഷ കിട്ടുമ്പോൾ ഇതെല്ലാം സാധിച്ചു കിട്ടും.

സെഫന്യാപ്രവാചകൻ അതാണ് പറയുന്നത്. ന്യായവിധികളെ മാറ്റി നിനക്കു രക്ഷ വരുത്തിയിരിക്കുന്നു. (സെഫന്യാവ് 3 : 15)

നാം ഓരോരുത്തരും ഒരു ന്യായവിധിയെ നേരിടാൻ

പോകുന്നു എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അനേകർ ഇതൊന്നും വിശ്വസിക്കുന്നില്ല. എന്നാൽ അവരും ഈണത്തിൽ പാടും:

“നീതിയിൽ വിധിചെയ്യും ന്യായാധിപതേ നീ
ഏറ്ററുതേ വിധിയിൽ കടമോർത്തീടരുതേ

ബലഹീനത നീക്കി തുണ ചെയ്യുക നാഥാ!
രാപ്പകലടിയങ്ങൾക്കാശ്രയമങ്ങല്ലോ.”

നാം പാടുന്നുണ്ട്. എന്നാൽ അർത്ഥം ഗ്രഹിക്കുന്നുണ്ടോ? ആരും പറഞ്ഞുകൊടുക്കുന്നുമില്ല. നിർഭാഗ്യവശാൽ ഇതെല്ലാം പറഞ്ഞുകൊടുപ്പാനുള്ള സംവിധാനം ഇല്ലതാനും. സങ്കടകരമാണ്.

പ്രിയപ്പെട്ടവരേ, ഒരു ന്യായവിധിയുണ്ട്. ഒരു ന്യായവിസ്താര ദിവസമുണ്ട്. ന്യായാധിപസഭയുണ്ട്. നിത്യനായ ദൈവം വെള്ളസിംഹാസനത്തിൽ ഇരിക്കുന്ന ഒരു നാളുണ്ട്. അന്ന് ഓരോരുത്തരുടെ പേരിലും എഴുതപ്പെട്ടിരിക്കുന്നതെല്ലാം വായിച്ചുകേൾപ്പിക്കും. പുസ്തകം തുറക്കും. “ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറക്കും.” “അതിൽ പേരില്ലാത്ത ഏവനേയും തീപ്പൊയ്കയിലേക്ക് തള്ളിയിടും.” (വെളിപ്പാട് 20 : 12, 15).

ജീവന്റെ പുസ്തകത്തിൽ ഇവിടെവച്ച് പേര് സമ്പാദിക്കണം. ആത്മാവിന്റെ രക്ഷ, ആത്മാവിന്റെ നിത്യജീവൻ നേടണം. പൈസ കുറഞ്ഞാലെന്ത്? വിദ്യാഭ്യാസം കുറഞ്ഞാലെന്ത്? വരുമാനമാർഗ്ഗങ്ങൾ ഇല്ലെങ്കിലെന്ത്? നിത്യജീവൻ പ്രാപിക്കുക. നിത്യജീവൻ പ്രാപിച്ചുകഴിഞ്ഞാൽ നിങ്ങൾ ക്രിസ്തുവിന്റെ വകയായിത്തീർന്നു. നിത്യനായ ദൈവം, അഖിലാണ്ഡത്തിന്റെ ഉടയവൻ സർവ്വസമ്പന്നനാണ്. തന്റെ മക്കൾ പട്ടിണി കിടക്കാൻ അവൻ സമ്മതിക്കയില്ല. അപ്പൻ മക്കളുടെ കാര്യം അന്വേഷിക്കും.

നാം ചൊല്ലും, സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേയെന്ന്.

സ്വർഗ്ഗത്തിലെ അപ്പന്റെ മകളായിത്തീർന്നോ? മകനായിത്തീർന്നോ? പലരും ഇത് ചിന്തിക്കുന്നില്ല. സ്വർഗ്ഗത്തിലെ അപ്പന്റെ മകനാണെങ്കിൽ, സ്വർഗ്ഗത്തിലെ അപ്പന്റെ മകളാണെങ്കിൽ സ്വർഗ്ഗത്തിലെ അപ്പന്റെ ഛായ വരും. അപ്പന്റെ ഛായ അപ്പന്റെ വിശുദ്ധിയാണ്, അപ്പന്റെ സ്നേഹമാണ്, അപ്പനിലുള്ള വിശ്വാസമാണ്. നമ്മെ കാണുമ്പോൾ നമ്മിൽക്കൂടി ക്രിസ്തുവിനെ ജനം കാണും.

കർത്താവ് എങ്ങനെയുള്ളവൻ എന്ന് കാണുവാൻ സക്കായി ആഗ്രഹിച്ചു. സക്കായി ദ്രവ്യാഗ്രഹിയാണ്. അവൻ കൊള്ളപ്പലിശക്കാരനാണ്. കൊള്ളരുതാത്തവനാണ്. എന്നാൽ ഒരു ദിവസം യേശു ആ വഴിയായി പോകുന്നതറിഞ്ഞപ്പോൾ അവന് യേശുവിനെ ഒന്നു കാണണമെന്ന് തോന്നി. യേശു എങ്ങനെയുള്ളവൻ എന്ന് കാണ്മാൻ ശ്രമിച്ചു. യേശു എങ്ങനെയുള്ളവൻ എന്ന് കണ്ടു എന്നു മാത്രമല്ല, യേശുവിനെ വീട്ടിൽ കൈക്കൊണ്ടു, വീടിന് രക്ഷ വന്നു.

ഇപ്പോൾ നിങ്ങൾ യേശുവിനോട് ഹൃദയം തകർന്ന് പ്രാർത്ഥിക്കൂ: കർത്താവേ, എന്റെ കൂടെ എന്റെ വീട്ടിലേക്ക് നീ ഒന്നു പോരണമേ? എന്റെ കലങ്ങിയ വീട്ടിലേക്ക്, അനുസരണംകെട്ട മക്കളുള്ള എന്റെ വീട്ടിലേക്ക് ഒന്നു പോരണമേ. ലോകത്തിന്റെ ഇമ്പങ്ങളിലും ലോകത്തിന്റെ വെറിക്കൂത്തിലും ആശ്രയിച്ചുപോകുന്ന ചിലരുള്ള എന്റെ വീട്ടിലേക്ക് നീ ഒന്നു പോരാമോ? എന്റെ വീട്ടിൽനിന്ന് എല്ലാ തിന്മയും നീ ഒന്ന് ദൂരീകരിക്കാമോ? നീതിസൂര്യൻ എന്റെ വീട്ടിൽ ഒന്നുദിക്കാമോ? സൂര്യൻ ഉദിക്കുമ്പോൾ ഇരുൾ മാറുന്നതുപോലെ നീ വരുമ്പോൾ എന്റെ ഹൃദയത്തിന്റെ ഇരുൾ മാറും. എന്റെ കുടുംബത്തിന്റെ ഇരുൾ മാറും.

നിത്യരക്ഷ അവകാശമാക്കണം. രക്ഷിക്കപ്പെട്ടാൽ സന്തോഷവും ഉല്ലാസവും ഉണ്ടാകും.

രക്ഷിക്കപ്പെടുക എന്ന വാക്ക് കേൾക്കുമ്പോൾ ചിലർക്ക്

അലർജിയുണ്ട്. രക്ഷിക്കപ്പെട്ടു എന്നുപറഞ്ഞാൽ പൂർത്തിയായി എന്നല്ല അതിന്റെ അർത്ഥം. ഒരു കുഞ്ഞ് ജനിച്ചു, ആത്മലോകത്ത് ഒരു ശിശു ജനിച്ചു. അതുകൊണ്ടായില്ലല്ലോ. ഇന്ന് എന്തുമാത്രം ശിശുമരണങ്ങൾ സംഭവിക്കുന്നു? ശിശു ജനിച്ചു. ഇനി ആ ശിശു വളരണ്ടേ?

കൈകാലിട്ടടിച്ച്, ഇന്ന് പിള്ളത്തൊട്ടിലിൽ കരഞ്ഞുകൊണ്ടിരിക്കുന്ന ശിശു, എഴുന്നേറ്റ് പയ്യെപ്പയ്യെ നടക്കുന്നു. പിന്നീട് എഴുന്നേറ്റ് ഓടുന്നു. പിന്നീട് വളർച്ച പ്രാപിക്കുന്നു, ജോലികൾ ചെയ്യുന്നു. ശിശു വളർന്നു വളർന്നു വരണം. അങ്ങനെ ഇനിയും വളർച്ചയുടെ പടവുകൾ കയറേണ്ടതുണ്ട്. രക്ഷിയ്ക്കപ്പെട്ടു എന്നുപറഞ്ഞാൽ തീർന്നില്ല, ആരംഭം മാത്രമേ ആയുള്ളൂ.

നിങ്ങൾ പ്രാർത്ഥിക്കൂ: കർത്താവേ, ഇന്ന് എനിക്ക് ആത്മാവിൽ ഒരു ജനനം വേണം. അപ്പന്റെയും അമ്മയുടേയും മകനായി ഞാൻ ഈ ഭൂമിയിൽ ജനിച്ചു. അപ്പന്റേയും അമ്മയുടേയും മകളായി ഞാൻ ഈ ഭൂമിയിൽ ജനിച്ചു. എന്നാൽ നിത്യനായ ദൈവത്തിന്റെ മകനും മകളുമായി എനിക്ക് തീരണം. അതിന് യേശുവേ, എന്റെ ഹൃദയത്തിലേക്ക് നീ കടന്നുവരണം. എന്റെ ഹൃദയത്തിലേക്ക് വരുവാനാണല്ലോ നീ ഗോഗുൽത്തായിലെ കുരിശിൽ മരിച്ചത്. കർത്താവേ, ഞാനിതാ എന്നെത്തന്നെ ക്രൂശിൻ ചുവട്ടിൽ അർപ്പിക്കുന്നു.

ഒരു വശത്തിതാ യേശു ക്രൂശിക്കപ്പെടുന്നു. എന്റെ പഴയ താല്പര്യങ്ങൾ ക്രൂശിക്കപ്പെടുന്നു. എന്റെ പഴയ ഇമ്പങ്ങൾ ക്രൂശിക്കപ്പെടുന്നു. ലോക ലാവണ്യങ്ങളും ഇമ്പങ്ങളും ക്രൂശിക്കപ്പെടുന്നു. എന്റെ ഹൃദയത്തിന്റെ ദുഷ്ടതകളെല്ലാം ക്രൂശിക്കപ്പെടുന്നു. എന്റെ ക്രൂരതകളെല്ലാം ക്രൂശിക്കപ്പെടുന്നു. എന്റെ അശുദ്ധിയെല്ലാം ക്രൂശിക്കപ്പെടുന്നു. എന്റെ തിന്മയെല്ലാം ക്രൂശിക്കപ്പെടുന്നു. കർത്താവേ, ഞാൻ ഒരു പുതിയ മനുഷ്യനായി ഉയിർത്തെഴുന്നേൽക്കുന്നു.

ആ ഉയിർത്തെഴുന്നേൽപ്പാണ് വീണ്ടുംജനനം! പഴയ

മനുഷ്യൻ മരിച്ചു, പുതിയ മനുഷ്യൻ ഉയിർത്തെഴുന്നേൽക്കുന്നു. ഒരു പുതിയ സൃഷ്ടിയായിത്തീരുന്നു. ആ മഹാഭാഗ്യം ലഭിക്കാൻ നിങ്ങൾക്കാഗ്രഹമുണ്ടോ?

കത്തോലിക്കാസഭയിലെ ഒരു വിശുദ്ധനാണ് സെന്റ് അഗസ്റ്റിൻ. ചെറുപ്പത്തിൽ അഗസ്റ്റിൻ ഒരു ദുർമ്മാർഗ്ഗി ആയിരുന്നു. അപ്പൻ മരിച്ചുപോയി. അമ്മ അവനെ വളർത്തി. അമ്മ ഭക്തിയുള്ള സ്ത്രീ ആയിരുന്നു. അവൻ യൗവ്വനപ്രായത്തിലേക്ക് കാലൂന്നാൻ തുടങ്ങുമ്പോഴേയ്ക്കും അവനിൽ തിന്മകൾ തെറുത്തുയർന്നു വരികയായി.

അനേകം ദുഷ്ടതകൾ! അശുദ്ധികൾ! അവൻ ധിക്കാരിയായി മാറി. അമ്മ പ്രാർത്ഥിക്കുമ്പോൾ അവൻ വന്ന് പ്രാർത്ഥിക്കുകയില്ല. അവൻ പള്ളിയിൽ പോകുകയില്ല. ആത്മീയകാര്യങ്ങളിൽ താത്പര്യമില്ല. അമ്മ ദൈവത്തിന്റെ വചനം കേൾക്കാൻ പോകും. ഒരു ബിഷപ്പിന്റെ അടുക്കൽ ചെന്ന് അമ്മ ആവലാതി പറഞ്ഞു. പ്രാർത്ഥിക്കാൻ അപേക്ഷിച്ചു.

ബിഷപ്പും പ്രാർത്ഥിച്ചു, അമ്മയും പ്രാർത്ഥിച്ചു. പക്ഷേ, ഈ ചെറുപ്പക്കാരൻ താന്തോന്നിയായി നടന്നു. അവൻ ഒരു കൊള്ളരുതാത്ത സ്ത്രീയുമായി ബന്ധപ്പെട്ടു. വിവാഹം കഴിയാത്ത ആ ചെറുപ്പക്കാരന് ആ സ്ത്രീയിൽ ഒരു കുഞ്ഞ് പിറന്നു. വളരെ മോശമായിപ്പോയി, അപമാനകരമായിപ്പോയി. പക്ഷേ, അവനത് അപമാനമായിട്ട് തോന്നിയില്ല.

അമ്മ അവനുവേണ്ടി കരഞ്ഞുകൊണ്ടിരുന്നു. എന്റെ കർത്താവേ, എന്റെ മോനെ രക്ഷിയ്ക്കണമേ എന്നു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അമ്മയുടെ കണ്ണുനീർ സ്വർഗ്ഗത്തിലെ ദൈവം കണ്ടു, അവന് ഒരു മാനസാന്തരം കിട്ടി. അവന് നിത്യരക്ഷയെക്കുറിച്ചുള്ള ഒരു ബോധം കിട്ടി. നിത്യശിക്ഷയിലേയ്ക്ക് പോകാതിരിക്കാൻ നിത്യരക്ഷ പ്രാപിക്കണമെന്നുള്ള ബോധം കിട്ടി. അവൻ ആ വേശ്യാസ്ത്രീയുടെ കൂടെനിന്ന് മാറി അമ്മയുടെ അടുക്കൽ വന്നു പ്രാർത്ഥിക്കാൻ തുടങ്ങി.

എന്നാൽ കുറെ നാളുകളായി ആ സ്ത്രീ അവനുവേണ്ടി പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അവൾ അവനുവേണ്ടി കാത്തിരിക്കുകയായിരുന്നു. ഒരിക്കൽ അവൾ നോക്കുമ്പോൾ അവൻ ദൂരെനിന്നു വരുന്നു. അവൾക്ക് വലിയ സന്തോഷമായി. ഭാഗ്യം, അവൻ വീണ്ടും വന്നല്ലോ. അവൾ സന്തോഷത്തോടെ അവനെ എതിരേൽക്കാൻ എല്ലാം തയ്യാറാക്കി. നല്ല വിഭവസമൃദ്ധമായ ഭക്ഷണം തയ്യാറാക്കാൻ അവൾ അടുക്കളയിലേക്ക് പോയി. എന്നാൽ അവൻ വീട്ടിൽ വന്നതിന്റെ കാൽപ്പെരുമാറ്റം കേൾക്കുന്നില്ല. അവൾ വെളിയിലിറങ്ങി നോക്കുമ്പോൾ അങ്ങ് ദൂരെക്കൂടി അഗസ്റ്റിൻ നടന്നുപോകുന്നു. അവൾ പിന്നാലെ ഓടി മുൻ കടന്നു.

അഗസ്റ്റിൻ അവളെ മുൻപരിചയമില്ലാത്തതുപോലെ നോക്കിനിന്നു. "അഗസ്റ്റിനെ, ഇതു ഞാനാണ്, നീ എന്നെ അറിയില്ലേ?" അവൻ പറഞ്ഞു: "ഇതു ഞാനല്ല, നിന്റെകൂടെ ജീവിച്ച അഗസ്റ്റിൻ മരിച്ചുപോയി. ഞാൻ പുതിയ മനുഷ്യനാണ്."

Confessions എന്ന പുസ്തകത്തിൽ ഇതു കാണാം. സെന്റ് അഗസ്റ്റിന്റെ ആത്മകഥയാണത്.

ഞാൻ പഴയ ആളല്ല, പുതിയ സൃഷ്ടിയായി. പഴയകോപം എവിടെപ്പോയി? പഴയ വാശി എവിടെപ്പോയി? പഴയ ദുശ്ശാഠ്യം എവിടെപ്പോയി? പഴയ കലഹസ്വഭാവം എവിടെപ്പോയി? പഴയ അശുദ്ധമായ ചിന്തകളെവിടെപ്പോയി? പഴയ അഴുക്കായ വികാരങ്ങൾ എവിടെപ്പോയി? എല്ലാം മാറി.

നിങ്ങൾ ഈ അനുഭവത്തിനുവേണ്ടി കൊതിക്കണം. പഴയതെല്ലാം മാറി, ഒരു പുതിയ സൃഷ്ടിയായിത്തീരുന്നു.

വേദപുസ്തകം പറയുന്നു:

**"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയത് കഴിഞ്ഞുപോയി, ഇതാ, അത് പുതുതായി തീർന്നിരിക്കുന്നു. അതിന്നൊക്കെയും ദൈവം തന്നേ കാരണഭൂതൻ."** **2 കൊരിന്ത്യർ 5 : 17, 18**

ക്രിസ്തുവിന്റെ തിരുരക്തത്തിന്റെ ഒരു തുള്ളി നിങ്ങളുടെമേൽ വീണാൽ നിങ്ങൾ പുതിയ സൃഷ്ടിയായിത്തീരും.

ഇപ്പോൾ നിങ്ങൾ വിശ്വാസത്തോടെ കർത്താവിനോട് ഒരു വാക്കുപറയുമെങ്കിൽ: "യേശുവേ, ഇന്ന് നിന്റെ തിരുമാർവ്വിൽ നിന്നൊഴുകിയ തിരുരക്തത്തിന്റെ ഒരു തുള്ളി എന്റെമേൽ വന്നു പതിയണമേ. എന്റെ സകല പാപവും പോക്കി ശുദ്ധീകരിക്കുന്ന തിരുരക്തം എന്നെ ഇന്നു കഴുകണമേ," എന്നു പ്രാർത്ഥിക്കുമെങ്കിൽ നിങ്ങൾക്കതു ലഭിക്കും.

പഴയതെല്ലാം പോകും. അത് നിങ്ങളോടടുക്കാതാകും. മദ്യപാനം മാറും. കൊള്ളരുതാത്ത കൂട്ടുകെട്ടുകൾ മാറും. ചീത്തബന്ധങ്ങൾ മാറും. അശുദ്ധമായ ജീവിതം മാറും. ഹീനമായ വികാരങ്ങൾ മാറും. മ്ലേച്ഛമായ മോഹങ്ങൾ മാറും. അശുദ്ധിയെല്ലാം മാറി നിങ്ങൾ പുതിയ സൃഷ്ടിയായിത്തീരും.

ക്രിസ്തുവിലാകുക. To be in Christ.

ഇപ്പോൾ നിങ്ങൾ കർത്താവിനോട് ഒരു വാക്കു പറയൂ: കർത്താവേ, എന്റെ കോപം മുഴുവൻ മാറ്റണമേ. എന്റെ കുടുംബം കലങ്ങാൻ ഇടയായത് എന്റെ കോപംകൊണ്ടാണ്. ഞാനാണ് ഉത്തരവാദി. എന്റെ ശാഠ്യപ്രകൃതി, എന്റെ അനുസരണക്കേട്, വചനത്തോട് ബഹുമാനമില്ലായ്മ, ഇതെല്ലാം എന്നിൽനിന്ന് മാറ്റിത്തരണമേ. എന്നെ ഒരു പുതിയ സൃഷ്ടിയാക്കിത്തീർക്കണമേ.

കാണാം നിങ്ങൾക്ക് ഐശ്വര്യം ഇരച്ചുവരുന്നത്. നിങ്ങളുടെ മക്കൾ അനുഗ്രഹിക്കപ്പെടുന്നത്, നിങ്ങളുടെ മക്കൾ വളർന്നുവരുന്നത്, ശോഭനമായ ഭാവി നേടുന്നത് കാണാം. നിങ്ങൾ അത്ഭുതത്തോടെ ദൈവത്തെ സ്തുതിക്കാൻ തുടങ്ങും.

എന്റെ കർത്താവേ, ഇത്രയുംനാൾ നഷ്ടപ്പെട്ടുപോയ കാലങ്ങൾ, പാഴായിപ്പോയ കാലങ്ങൾ! നാഥാ! ഒരു വിശുദ്ധജീവിതത്തിന്റെ സൗഭാഗ്യം എനിക്കു തരണമേ.

ഇപ്പോൾ നിങ്ങളുടെ ഹൃദയത്തിൽ മുട്ടിക്കൊണ്ടു നിൽക്കുന്ന ക്രിസ്തുവിനെ നിങ്ങൾ വെറുതെ പറഞ്ഞുവിട രുത്. അവൻ അധികാരിയാണ്. സ്വർഗ്ഗത്തിന്റെ അധിപനാണ്. അവൻ നിത്യജീവന്റെ ഉടമയാണ്. നിത്യജീവന്റെ അധിപതി യാണ്. നിങ്ങൾക്ക് സ്വർഗ്ഗം തരാൻ, നിങ്ങളെ സ്വർഗ്ഗീയസന്തോ ഷത്തിലേക്ക് ആനയിക്കാനാണ് അവൻ വന്നു മുട്ടുന്നത്. സന്തോഷവും ഉല്ലാസവും തരുവാനാണ് നിങ്ങളുടെ ഹൃദയ ത്തിൽ വന്നു മുട്ടുന്നത്.

ഇപ്പോൾ നിങ്ങളുടെ ഹൃദയം നിങ്ങൾ തുറക്കുക: കർത്താവേ, എനിക്കു സമ്മതമാണ്. എന്റെ യേശുവേ, എനി ക്കാഗ്രഹമാണ്. എനിക്ക് കൊതിയാണ്. യേശു എന്റെ ഉള്ള ത്തിലേക്ക് വരണമേ. യേശുവേ, നീ എന്റെ ഹൃദയത്തിൽ വന്നു വസിക്കണമേ. എന്നിൽ വാഴണമേ.

യേശുവേ, എന്നെ കടന്നുപോകല്ലേ. എന്നെ അനുഗ്രഹി ക്കാതെ പോകല്ലേ. എന്റെ അനാഥത്വം മാറ്റാതെ നീ പോകല്ലേ. എന്റെ അഗതിത്വം മാറ്റാതെ നീ പോകല്ലേ. എന്റെ ആത്മീയ മായ ജീർണ്ണാവസ്ഥ മാറ്റാതെ നീ പോകല്ലേ. എന്നെ വിശുദ്ധ നാക്കി മാറ്റണമേ. എന്നെ ഒരു ശുദ്ധിമതിയാക്കി മാറ്റണമേ. നാഥാ! തൃക്കരം എന്റെമേൽ നീട്ടണമേ. എന്നെ നീ അനുഗ്രഹി ക്കണമേ.

പ്രാർത്ഥിക്കൂ, സമർപ്പിക്കൂ, യേശുവിനായി ജീവിതം തുറ ന്നുകൊടുക്കൂ. യേശു നിങ്ങളുടെ ഹൃദയത്തിലേക്ക് വരട്ടെ. യേശുവിന്റെ നാമം മഹത്വപ്പെടട്ടെ.

# അഞ്ച്

എത്രയോ വചനം കേട്ടു! എത്രയോ സമർപ്പണമെടുത്തു! പക്ഷേ, ജീവിതം ഇന്നും ശരിയായിട്ടില്ല. കർത്താവേ, ജീവൻ തരണമേ. ശക്തി തരണമേ. നിന്റെ സ്നേഹം തരണമേ. ഞാൻ ആത്മാവിൽ മരിച്ചുകിടക്കുന്നു. എനിക്ക് ജീവൻ തരണമേ.

ശരീരത്തിൽ ജീവനുണ്ട്. പക്ഷേ, അനേകരുടേയും ആത്മാവിൽ ജീവനില്ല. ആത്മാവ് നിർജ്ജീവമാണ്. ആദാം പാപം ചെയ്തപ്പോൾ ആത്മാവ് മരിച്ചു. തിന്നുന്ന നാളിൽ നീ മരിക്കും എന്നാണ് കല്പന? പിന്നെയും തൊള്ളായിരത്തി മുപ്പതുവർഷം ആദാം ശരീരപ്രകാരം ജീവിച്ചിരുന്നു പക്ഷേ, ആത്മാവ് മരിച്ചിരുന്നു. ആദാം മരിച്ചു, പാതാളത്തിലേക്ക് പോകേണ്ടിവന്നു.

എന്നാൽ കരുണാസമ്പന്നനായ ദൈവം പാതാളത്തിലേക്കിറങ്ങിച്ചെന്ന് മരിച്ചുകിടക്കുന്നവരുടെ ഇടയിൽ ആദാമിനെ അന്വേഷിച്ചു. പിതാവായ ദൈവം ഒരു വാഗ്ദത്തം കൊടുത്തിരുന്നു, സ്ത്രീയുടെ സന്തതി പാമ്പിന്റെ തല ചതയ്ക്കുമെന്ന്. ഏദെൻതോട്ടത്തിൽ വന്ന് മനുഷ്യനെ ചതിച്ച ദുഷ്ടപ്പിശാചിന്റെ തല കർത്താവായ യേശുക്രിസ്തു ചതയ്ക്കുമെന്നാണ് ദൈവം പറഞ്ഞത്.

ആ കാര്യം നിർവ്വഹിച്ചുകഴിഞ്ഞിട്ട് കർത്താവ് സന്തോഷത്തോടെ പാതാളത്തിലേക്കിറങ്ങിച്ചെന്ന് ആദാമിനെ തേടുകയാണ്. ഏദെൻതോട്ടത്തിൽ നിന്ന് പുറന്തള്ളപ്പെട്ട ആദാം പാതാളത്തിൽ യാതന അനുഭവിക്കുകയാണ്. കർത്താവായ യേശുക്രിസ്തു മരിച്ചവരുടെ ഇടയിൽ ആദാമിനെ

കണ്ടെത്തി.

ആദാമിനോട് കർത്താവ് പറഞ്ഞു: ഈ മൃതരുടെ ഇടയിൽ ഞാൻ നിന്നെ അന്വേഷിച്ചു; നിന്നെ കണ്ടെത്തി. പണ്ട് ഞാൻ ഏദെൻതോട്ടത്തിൽക്കൂടി നിന്നോടൊപ്പം നടന്നത് നിനക്ക് ഓർമ്മയില്ലേ? ഒരു ദിവസം ഞാൻ, 'നീ എവിടെ?' (ഉല്പത്തി 3 : 9) എന്നു ചോദിച്ചത് നിനക്ക് ഓർമ്മയില്ലേ? നീ എവിടെയാണ് മറഞ്ഞിരിക്കുന്നത് എന്നന്വേഷിച്ച് ഞാൻ നടക്കുകയായിരുന്നു. ഇപ്പോൾ ഞാൻ നിന്നെ കണ്ടെത്തി. മോനേ, നീ ഭയപ്പെടണ്ട, ദു:ഖിക്കണ്ട.

"നാഥൻ മൃതരിടയിലുറപ്പി-ച്ചാദത്തെ
ഖേദിക്കേണ്ടാ നിൻപാപ-ത്തെയോർ-ത്തിനിയും നീ
നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടടികൾ
ഏദൻകനി നീ തിന്നതിനാൽ കയ്പ്പും- കുടിച്ചേൻ ഞാൻ
നഗ്നതയാൽ- നീ ഇലകൾ ചാർത്തി
നഗ്നതയോടെന്നെയവർ തൂക്കി
ഞാൻ ചിന്തിയ രക്തത്താൽ പോയ്-കോപം താതന്റെ."

അന്ന് ആദാമിനോട് ചോദിച്ചതുപോലെ ഇന്ന് യേശു നിങ്ങളോട് ചോദിക്കുന്നു: നീ എവിടെ പോയിരിക്കുന്നു? വചനം കേട്ട ദൈവപൈതലേ, നിന്നെ എന്റെ രാജ്യത്തിൽ ഞാൻ കാണുന്നില്ലല്ലോ. നിന്നെ എന്റെ പ്രിയരായ ദൈവമക്കളുടെ ഇടയിൽ കാണുന്നില്ലല്ലോ. വാങ്ങിപ്പോയ വിശുദ്ധന്മാരുടെ നിരയിൽ നിന്നെ ഞാൻ കാണുന്നില്ലല്ലോ.

മകനേ, നീ എവിടെയാണ് ഒളിച്ചിരിക്കുന്നത്? ഏതു വൃക്ഷത്തിന്റെ കൊമ്പിലാണ് നീ മറഞ്ഞിരിക്കുന്നത്? ഏതു പാപത്തിലാണ് നീ ഒളിച്ചിരിക്കുന്നത്? ആരും നിന്നെ കാണരുതെന്ന് വിചാരിച്ച് എവിടെയാണ് നീ ഒളിച്ചിരിക്കുന്നത്? ആദാമേ, നീ എവിടെ? മനുഷ്യാ, നീ എവിടെ?

ഒരിക്കൽ ആ ശബ്ദം ഞാൻ കേട്ടു. ഒരു സുവിശേഷകന്റെ നാവിൽക്കൂടിയാണ് കേട്ടത്. ഒരു ചെറുപ്പക്കാരനായ

സുവിശേഷകൻ. അദ്ദേഹത്തെ പിന്നെ ഞാൻ കണ്ടിട്ടില്ല. അദ്ദേഹം പ്രസംഗിക്കുകയായിരുന്നു: "ആദാമേ നീ എവിടെ?" ഞാൻ ഞെട്ടിത്തരിച്ചിരുന്ന് കേട്ടു. സുവിശേഷം കേൾക്കുന്നത് എനിക്ക് ഇഷ്ടമായിരുന്നു. കാരണം, ഞാൻ മാനസാന്തര പ്പെട്ടവനായിരുന്നു. പക്ഷേ മാനസാന്തരപ്പെട്ട എനിക്ക് അന്ന് ആ വചനം വളരെ പുതുമയായി തോന്നി. അപ്പോഴാണ് ഞാൻ ചിന്തിക്കുന്നത്, ഞാൻ എവിടെയാണെന്ന്. ഞാൻ മാനസാന്തര പ്പെട്ടു, രക്ഷിക്കപ്പെട്ടു, ഞാൻ ദൈവത്തിന്റെ വേല ചെയ്യുന്നുമുണ്ട്.

പക്ഷേ, ആ യൗവ്വനക്കാരനായ സുവിശേഷകൻ ആ ചോദ്യം ചോദിച്ചുകൊണ്ട് പ്രസംഗിച്ചത് എന്റെ ഹൃദയത്തിൽ തറഞ്ഞുകയറി. ആത്മാവിൽ സംസാരിക്കുന്ന വചനം കേൾക്കുമ്പോൾ ഉള്ളിൽ തറഞ്ഞു കയറും. വചനം നിങ്ങളുടെ ഹൃദയത്തിലേക്ക് അസ്ത്രം പോലെ കയറും. വചനം ഹൃദയത്തെ കീറിമുറിക്കും. ജീവനുള്ള ദൈവം നിങ്ങളുടെ അന്തരാത്മാവിനെ കീറിമുറിച്ച് നിങ്ങളുടെ ഹൃദയത്തിൽ തന്റെ നിക്ഷേപം തരും. തന്റെ രക്തം അവിടെ നിക്ഷേപിക്കും. സ്വർഗ്ഗീയനിക്ഷേപം നിങ്ങൾക്കു തരും.

നീ എവിടെയാണെന്നു നീ തുറന്നുപറയണം. കർത്താവേ, ഇവിടെ ഞാൻ ഒളിച്ചിരിക്കുകയാണ്. ചില പാപങ്ങളുടെ മറവിലാണ് ഞാൻ ഒളിച്ചിരിക്കുന്നത്. ചില ഇലച്ചിലുകളുടെ മറവിലാണ് ഞാൻ ഒളിച്ചിരിക്കുന്നത്. ദ്രവ്യാഗ്രഹത്തിന്റെ മറവിലാണ് ഞാൻ ഒളിച്ചിരിക്കുന്നത്. സ്വാർത്ഥതയുടെ മറവിൽ, അത്യാഗ്രഹത്തിന്റെ മറവിലാണ് ഞാൻ ഒളിച്ചിരിക്കുന്നത്.

അശുദ്ധിയുടെ മറവിലാണ് ഞാൻ ഒളിച്ചിരിക്കുന്നത്. അശുദ്ധബന്ധങ്ങളുടെ മറവിലാണ് ഞാൻ ഒളിച്ചിരിക്കുന്നത്. കവർച്ചയുടെയും കളവിന്റെയും രംഗത്താണ് ഞാൻ ഒളിച്ചിരിക്കുന്നത്. എന്റെ സന്മാർഗ്ഗപ്രവൃത്തികളുടെ മറവിൽ ഞാൻ ഒളിച്ചിരിക്കുകയാണ്.

ഞാൻ ഘോരമായ പാതകം ചെയ്തെങ്കിലും സന്മാർഗ്ഗ

പ്രവൃത്തികൾ ചെയ്യുന്നു. ചിലർക്ക് വീടുവച്ചു കൊടുക്കുന്നു. ചിലർക്ക് സൗജന്യമായി ഭക്ഷണം കൊടുക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ കൃപയിലാണെന്നു ധരിച്ചുകൊണ്ട് ഞാൻ ഭോഷ്ക്കിൽ ഒളിച്ചിരിക്കുകയാണ്.

ഒളിച്ചിരിക്കുന്നവരേ, നിങ്ങൾ പുറത്തുവരിക എന്ന് കർത്താവ് പറയുന്നു. ഇന്ന് നിങ്ങൾ ഒളിച്ചിരിക്കുന്ന ഇടത്തു നിന്ന് പുറത്തുവരണം. വ്യഭിചാരജീവിതത്തോട് യാത്ര പറഞ്ഞ് പുറത്തുവരണം. നിങ്ങളുടെ കൊള്ളരുതായ്മകളോട് യാത്രപറഞ്ഞ്, നിന്റെ ദുഷ്ടഹൃദയത്തോട് യാത്രപറഞ്ഞ് പുറത്തുവരണം. നിങ്ങളുടെ ക്രൂരതയോടും കൗടില്യത്തോടും യാത്രപറഞ്ഞ് പുറത്തുവരണം. നിങ്ങളുടെ ദ്രവ്യാഗ്രഹത്തോട് യാത്രപറഞ്ഞ്, ഹൃദയത്തിലുള്ള ഈർഷ്യയോടും പകയോടും വിദ്വേഷത്തോടും യാത്രപറഞ്ഞ് പുറത്തു വരണം.

ഇപ്പോൾ ദൈവം നിങ്ങളോട് ചോദിക്കുന്നു: നീ എവിടെ? എന്റെ മകളേ, നീ എവിടെയാണ് മറഞ്ഞിരിക്കുന്നത്? അനേകം നാളുകളായി ഞാൻ നിന്റെ പുറകെ നടക്കുന്നല്ലോ. നീ എവിടെയാണ് ഒളിച്ചിരിക്കുന്നതെന്നറിയാൻ ഞാൻ ബദ്ധപ്പെട്ടു നടക്കുന്നുണ്ടായിരുന്നല്ലോ.

നിന്നെ തേടി നടന്നപ്പോഴാണ് എന്റെ കാലിൽ ആണി തറച്ചത്. നിന്നെത്തേടി വന്നപ്പോഴാണ് എന്റെ കൈകളിൽ ആണി തറഞ്ഞത്. നിന്നെത്തേടി നടന്നപ്പോഴാണ് എന്റെ ചങ്കിൽ കുന്തംകൊണ്ടു കുത്തിയത്. നിന്നെത്തേടിത്തേടി, നിന്നെ സ്നേഹിച്ച് സ്നേഹിച്ച് നിന്റെ പിന്നാലെ ഞാൻ നടന്നപ്പോൾ എനിക്ക് പീഡയേല്ക്കേണ്ടിവന്നു, മരണശിക്ഷ ഏല്ക്കേണ്ടി വന്നു, കുരിശുമരണം ഏല്ക്കേണ്ടിവന്നു.

നിങ്ങൾക്ക് യേശുവിനോടു പറയാം: കർത്താവേ, ഞാനിന്ന് എന്റെ പാപത്തിന്റെ ഒളിവിടത്തിൽനിന്ന് പുറത്തു വരികയാണ്. എന്റെ പാപം പുരണ്ട രഹസ്യജീവിതത്തിൽ നിന്ന് ഞാനിതാ പുറത്തുവരികയാണ്. പിശാചിന് അവകാശ

മുള്ള ഒരു രഹസ്യവും എന്റെ ജീവിതത്തിൽ ഇനി ഉണ്ടാവുകയില്ല. എന്റെ രഹസ്യജീവിതം എന്നെന്നേക്കും പരിപാവനമായിരിക്കും. അതിൽ കറ പിണയാൻ ഞാൻ സമ്മതിക്കില്ല. അതിൽ ശത്രു കയറിവരാൻ ഞാൻ സമ്മതിക്കില്ല.

പാപത്തോട് ഞാൻ പോരാടും. പാപത്തോട് ഞാൻ എതിർത്തുനില്ക്കും. കർത്താവിന്റെ കരത്തിൽ പിടിച്ചുകൊണ്ട്, യേശുവിന്റെ ജയമുള്ള സ്ലീബായിൽ പിടിച്ചുകൊണ്ട് ഞാൻ പാപത്തോട് യുദ്ധം ചെയ്യും. പാപം ഇനി എന്നെ തൊടുകയില്ല.

മേലിൽ ലോകത്തിന്റെ മാലിന്യം എന്നിൽ പറ്റുകയില്ല. മേലിൽ വെറിക്കൂത്തിലേക്ക് എന്റെ മനസ്സ് ചായുകയില്ല. മേലിൽ പാപം എന്നു തോന്നുന്ന ഒന്നും എന്റെ ജീവിതത്തിൽ സംഭവിക്കുകയില്ല. ഞാൻ ദൃഢപ്രതിജ്ഞയെടുത്തിരിക്കുകയാണ്. കർത്താവേ, എനിക്ക് ജീവൻ തരണമേ. ഞാൻ ആത്മാവിൽ മരിച്ചിരിക്കുകയാണ്.

സഹോദരങ്ങളേ, ഇന്ന് നിങ്ങളിൽ എത്രപേർക്ക് ആത്മാവിൽ ജീവനുണ്ട്? നിങ്ങളുടെ ഹൃദയം നിങ്ങളോട് സംസാരിക്കുന്നുണ്ടോ? നിങ്ങളുടെ പാപങ്ങളെല്ലാം മാറിയെന്ന് ഉറപ്പു കിട്ടിയോ?

ഇനി മേൽ ഞാൻ പാപം ചെയ്യുകയില്ലെന്ന് പറഞ്ഞാൽ അപ്പോൾ തന്നെ ഉള്ളത്തിൽ ഉറപ്പുകിട്ടണം, പാപം ചെയ്യാതെ കർത്താവ് എന്നെ കാക്കുമെന്ന്. എല്ലാ പാപവും മാറിപ്പോകും, പേടിക്കണ്ട. ഒരു ഭയപ്പാടിനും ആവശ്യമില്ല. നമുക്ക് ആ തീർച്ച വരാത്തതുകൊണ്ടാണ് ഇന്നും പാപം നമ്മെ കീഴ്പ്പെടുത്താൻ വരുന്നത്. എനിക്ക് രക്ഷ കിട്ടുമോ എന്ന് സംശയം വരുന്നത് അതുകൊണ്ടാണ്.

നിങ്ങൾ മേലിൽ പാപം ചെയ്യുകയില്ല എന്നു പറഞ്ഞ വാക്ക് വാസ്തവമാണെങ്കിൽ, ഇനിമേൽ തെറ്റിലേക്കില്ല എന്നു പറഞ്ഞത് സത്യമാണെങ്കിൽ നിങ്ങൾക്കതിൽ ജയിച്ചു

നിൽപ്പാനുള്ള കൃപ കർത്താവ് തരും, ഉറപ്പാണ്. യേശു നിങ്ങളെ ഓരോരുത്തരേയും വിളിക്കുന്നു: മകനേ, നിനക്ക് രക്ഷ വേണ്ടേ?

**"അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന് കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു. ദൂതന്മാർ മുഖാന്തരം അരുളിച്ചെയ്ത വചനം സ്ഥിരമായിരിക്കയും ഓരോരോ ലംഘനത്തിനും അനുസരണക്കേടിനും ന്യായമായ പ്രതിഫലം ലഭിക്കയും ചെയ്തു എങ്കിൽ, കർത്താവ് താൻ പറഞ്ഞു തുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും സാക്ഷി നിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ചുതന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?"**

**എബ്രായർ 2 : 1 – 4**

പ്രിയപ്പെട്ടവരേ, നിങ്ങൾ വചനം കേട്ടവരാണ്. ജീവന്റെ വഴി അറിഞ്ഞവരാണ്. രക്ഷപ്പെടാനൊരു വഴിയുണ്ട്. അത് കർത്താവായ യേശുക്രിസ്തു മാത്രമാണെന്ന് നിങ്ങൾ മനസ്സിലാക്കിയവരാണ്. നിങ്ങൾ വെളിവു കിട്ടിയവരാണ്. വചനം ലഭിച്ചിട്ടുണ്ട്. ഈ വചനം കിട്ടിയ നിങ്ങൾ വചനപ്രകാരം ജീവിച്ചില്ലെങ്കിൽ, ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?

അത്ര വലിയ ശിക്ഷയിൽനിന്നുള്ള വിടുതലായതുകൊണ്ടാണ് ഇത്ര വലിയ രക്ഷ എന്നു പറഞ്ഞത്.

പരിശുദ്ധനായ ഒരു ദൈവദാസൻ ഞങ്ങൾക്കു പറഞ്ഞുതന്നിട്ടുണ്ട്: "എനിക്ക് ഈ അന്ധകാരത്തിലേക്ക് നോക്കാൻ പറ്റുന്നില്ലല്ലോ. അയ്യോ, എനിക്ക് ശ്വാസം മുട്ടുന്നല്ലോ. എന്ത് കൂരിരുട്ടാണവിടെ? നരകത്തിന്റെ ഭീകരത! നോക്കാൻ വയ്യ! എന്തൊരു വേദനാകരമായ അനുഭവം! ഈ ഭൂമിയിലിരുന്ന്

അത് കണ്ടിട്ട് ഞാൻ പേടിച്ചു വിറച്ചുപോകുന്നു.”

ഒരിക്കൽ അദ്ദേഹം പറഞ്ഞു: ‘‘നമുക്കാർക്കും ദൈവരാജ്യത്തിലെത്താൻ പറ്റുകയില്ല.” ഞങ്ങൾ പരിഭ്രമിച്ചു പോയി. അദ്ദേഹം വീണ്ടും പറഞ്ഞു: “സാധിക്കും, നിങ്ങൾ മരിക്കുമ്പോൾ കർത്താവിന്റെ തിരുവസ്ത്രത്തിന്റെ തൊങ്ങ ലിൽ പിടിച്ചുകൊണ്ട് മരിച്ചാൽ നിങ്ങൾക്ക് രക്ഷ കിട്ടും. അതുവരെയും പിടിച്ചുനിന്നുകൊള്ളണം.”

തിരിഞ്ഞുനോക്കുമ്പോൾ, ഞാൻ അതുപോലെ ത്യാഗം സഹിച്ചു നിന്നില്ല. ആക്ഷേപം വന്നപ്പോൾ മനസ്സുവേദനിച്ചു. പരിഹാസമേറ്റപ്പോൾ ഉള്ളിൽ നീറ്റലുണ്ടായി. ആളുകൾ കളിയാക്കിയപ്പോൾ എനിക്കു പരിഭവം വന്നു. ഞാൻ പാപിയായിപ്പോയി. ഞാൻ പാപികളിലേക്കും ഒന്നാമൻ. എന്നാൽ കരുണാസമ്പന്നനായ ദൈവത്തിന്റെ കൃപയുടെ നിഴൽ എന്റെമേൽ വീശിയപ്പോൾ ഞാൻ രക്ഷപ്പെട്ടു; ഞാൻ രക്ഷിക്കപ്പെട്ടു.

ഇന്ന് നിങ്ങൾ നിത്യരക്ഷ പ്രാപിക്കണം. യേശു നോക്കുന്നു നിങ്ങളുടെ മുഖത്തേക്ക്. നിങ്ങളുടെ കണ്ണുകളിലേക്ക് നോക്കുന്നു. നിങ്ങളുടെ കണ്ണുകളിൽ അനുതാപം വരുന്നത്, ഹൃദയം ആർദ്രമാകുന്നത് കർത്താവ് കാണുന്നു. കർത്താവ് നിങ്ങളുടെ ഉള്ളത്തിലേക്ക് വരാൻ ബദ്ധപ്പെട്ടുകൊണ്ട് നിൽക്കുന്നു. യേശുവിന്റെ കൈകളിലേക്ക് നിങ്ങളുടെ ജീവിതം വിട്ടുകൊടുക്കാമോ?

കർത്താവേ, പല ഭൗതികമായ കാര്യങ്ങളിലും ഞാൻ വിഷമിച്ചിരിക്കുകയാണ്. കടത്തിന്റെ ബാദ്ധ്യതകൊണ്ടും പൈസയുടെ ഞെരുക്കംകൊണ്ടും പലവിധ രോഗങ്ങളുടെ ആപത്തുകൊണ്ടും പല അപകടങ്ങൾകൊണ്ടും ഞാൻ വിഷമിക്കുകയാണ്. വീട്ടിലെ വഴക്കുകൊണ്ടും പിണക്കംകൊണ്ടും ഉൾത്തിക്കലുകൊണ്ടുമെല്ലാം ഞാൻ വിഷമിച്ചിരിക്കുകയാണ്. കർത്താവേ, ഇനി അതൊന്നും ചിന്തിക്കാൻ നേരമില്ല.

എനിക്കിനി ഒരൊറ്റക്കാര്യം മാത്രം: യേശുവേ, എനിക്ക് നിന്റെ നിത്യരക്ഷയുടെ സമാധാനം തരണമേ. നിത്യരക്ഷയുടെ സന്തോഷം തരണമേ. നിത്യരക്ഷയുടെ ഉല്ലാസം തരണമേ.

ഇപ്പോൾ നിങ്ങളുടെ ഹൃദയം തുറക്കൂ. ഉള്ളം തുറക്കൂ. നിത്യരക്ഷ തരും. അത്രവലിയ ശിക്ഷ ഒഴിവാക്കിത്തരും. അപ്പോഴാണ് ഇത്ര വലിയ രക്ഷ കിട്ടുന്നത്.

ഈ നിത്യരക്ഷ നമുക്ക് തരാൻ കർത്താവ് ഒരുക്കി ക്കൊണ്ടിരിക്കുന്നു. ഈ നിത്യരക്ഷ സൗജന്യമായി എനിക്കു തന്നു. എന്റെ യോഗ്യത നോക്കിയല്ല തന്നത്. എന്തെങ്കിലും നന്മ നോക്കിയല്ല തന്നത്. പൂർവ്വിക പാരമ്പര്യം പറഞ്ഞാൽ ഒരു മേന്മയുമില്ല. പ്രത്യേകിച്ച് പറയത്തക്ക യാതൊരു യോഗ്യതയുമില്ല. ഞാനൊരു പാവം മനുഷ്യൻ! ഒരു സാധു മനുഷ്യൻ! നിസ്സാരനായ മനുഷ്യൻ!

എന്നിൽ കരുണ തോന്നിയ കർത്താവ് എനിക്ക് ആ നിത്യരക്ഷ തന്നു. എന്റെ ഹൃദയത്തിന്റെ വാട്ടം മാറ്റി, എന്റെ മനസ്സിന്റെ മ്ലാനത മാറ്റി, എന്റെ ന്യായവിധികളെ മാറ്റി. ന്യായവിസ്താരദിവസത്തിൽ ലജ്ജിതനായി നില്ക്കാതിരിക്കാൻ കർത്താവ് എനിക്ക് രക്ഷ തന്നിരിക്കുന്നു; ശിക്ഷ മാറ്റിയിരിക്കുന്നു.

എനിക്ക് നേരിടേണ്ട ശിക്ഷാവിധി ഭയങ്കരമായിരുന്നു. എന്റെ ജീവിതത്തിൽ സംഭവിച്ചുപോയ ഓരോരോ പാപങ്ങൾ! എന്റെ പ്രവൃത്തിയിലല്ലായിരിക്കാം, എന്റെ വാക്കിലല്ലായിരിക്കാം. എന്റെ ചിന്തകളിൽ, മനോഭാവങ്ങളിൽ, എന്റെ പ്രകൃതിയിൽ, എന്റെ സ്വഭാവത്തിൽ! മനസ്സുനിറയെ വൈരാഗ്യങ്ങളുണ്ടാ യിരുന്നു. മനസ്സുനിറയെ പരിഭവമുണ്ടായിരുന്നു. മനസ്സു നിറയെ നൈരാശ്യമുണ്ടായിരുന്നു.

മനസ്സുനിറയെ കോപാവേശമുണ്ടായിരുന്നു. മനസ്സുനിറയെ ചീത്ത ചിന്തകളുണ്ടായിരുന്നു, അശുദ്ധവികാരങ്ങളുണ്ടായിരുന്നു, മ്ലേച്ഛമായ മോഹങ്ങളുണ്ടായിരുന്നു. ഈ പാപിയായ മനുഷ്യന്റെ ആത്മാവിന് ജീവൻ തരാൻ സ്വർഗ്ഗത്തിലെ ദൈവം

പ്രസാദിച്ചു. അവിടുന്ന് തന്റെ തിരുരക്തം എന്റെമേൽ തളിച്ചു. ശിക്ഷാവിധി ഒഴിവാക്കി.

സ്നേഹിതരേ, ഇന്ന് നിങ്ങളുടെ ശിക്ഷാവിധി ഒഴിവാക്കി ക്കിട്ടാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? നിത്യന്യായവിധി ഒഴിവായിക്കിട്ടാൻ ആഗ്രഹമുണ്ടോ?

**"ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാ വിധിയുമില്ല." റോമർ 8 : 1**

യേശുക്രിസ്തുവിലായാൽ ഒരു ശിക്ഷാവിധിയുമില്ല. ന്യായവിസ്താരദിവസം ലജ്ജിതരായി നില്ക്കാൻ ഇടവരാതെ നിങ്ങൾ ഇന്ന് രക്ഷയുടെ സന്തോഷംകൊണ്ടുല്ലസിച്ച് ആർപ്പോടെ, ആഘോഷത്തോടെ, ആരവാരത്തോടെ ആരാധന നടത്തും. ദൈവത്തെ നിങ്ങൾ സ്തുതിക്കും. ഇന്ന് ഈ അനുഭവം നിങ്ങൾക്ക് തരുവാൻ കർത്താവാഗ്രഹിക്കുന്നു.

നിങ്ങൾ പത്തുപൈസ മുടക്കണ്ട. ആർക്കും സംഭാവന കൊടുക്കണ്ട. ഒരു പ്രവൃത്തിയും ചെയ്യണ്ട. ഒരു കാര്യം മാത്രം ചെയ്താൽ മതി. നിങ്ങളെ സ്നേഹിക്കുന്ന യേശുവിനെ നിങ്ങൾ സ്നേഹിക്കാൻ തുടങ്ങുക. നിങ്ങളെ വ്യക്തിപരമായി അറിയുന്ന യേശുവിനെ നിങ്ങൾ സ്നേഹിക്കാൻ തുടങ്ങുക. ആ സ്നേഹനിധിയുടെ മുമ്പിൽ നിങ്ങൾ മുട്ടുമടക്കുക.

കർത്താവേ, സ്നേഹവാനായ യേശുവേ, നീ ഇന്ന് എന്നെ സന്ദർശിക്കാൻ വന്നിരിക്കുന്നല്ലോ. ഞാനിതാ രക്ഷയുടെ സങ്കേതമായ നിങ്കലേക്ക് ഓടിയണയുന്നു. എന്നെ നീ സ്പർശിക്കണമേ. നിന്റെ തിരുരക്തം പുരണ്ട കരം എന്റെ തലമേൽ വച്ച് എന്നെ അനുഗ്രഹിക്കണമേ. നിന്റെ തിരുവിലാവിനോട് എന്നെ ചേർത്തണയ്ക്കണമേ. ആ തിരുരക്തം പുരണ്ട തിരുവിലാവിലേക്ക് എന്നെ ഒട്ടിച്ചുചേർത്തു പിടിക്കണമേ.

നാഥാ, ഞാൻ മറ്റെങ്ങും പോവുകയില്ല. ഞാൻ മാറി

പ്പോവുകയില്ല. ഞാൻ പാപത്തിന്റെ പിന്നാലെ പോവുകയില്ല. പിശാചിന്റെ കൂടെ പോവുകയില്ല. അശുദ്ധിയുടെ പിന്നാലെ ഞാൻ പോവുകയില്ല. ലോകസന്തോഷത്തിന്റെ പിന്നാലെ പോവുകയില്ല. ലോക ഇമ്പങ്ങളുടെ പിന്നാലെ പോവുകയില്ല. എനിക്ക് ഒന്നേയൊന്നുമാത്രം. ഒറ്റയ്ക്കൊരു ലക്ഷ്യം മാത്രം. യേശു, യേശു, യേശു. യേശുവിന്റെ ക്രൂശിലെ മരണം. യേശുവിന്റെ തിരുരക്തം. കർത്താവായ യേശുവിന്റെ ക്രൂശിലെ തിരുബലി. ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന യേശു. വീണ്ടും വരുന്ന യേശു.

വീണ്ടും വരുന്നവനായ യേശുവേ, ഞാൻ എന്നെ നിന്റെ കരങ്ങളിലേക്ക് തരികയാണ്. നാഥാ, എന്നെ ജീവിപ്പിക്കണമേ. യേശുവേ, നീ എന്നെ കണ്ടെത്തണമേ. ഒളിച്ചിരിക്കുന്നിടത്തു നിന്ന് എന്നെ തിരികെ കൊണ്ടുവന്ന് ന്യായവിധി മാറ്റിത്തരണമേ. ശിക്ഷാവിധി ഒഴിവാക്കിത്തരണമേ. രക്ഷ തരണമേ. രക്ഷയിൽ ഉല്ലസിക്കാനും സന്തോഷിക്കാനും എനിക്ക് ഭാഗ്യം തരണമേ.

നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും എന്ന അവിടുത്തെ വാഗ്ദത്തം എന്റെ ജീവിതത്തിൽ അനുഭവമാക്കിത്തരണമേ. യേശുവേ, എന്റെ ന്യായവിധികളെ നീ മാറ്റുന്നതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു. എന്നോട് കരുണ തോന്നിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു. എന്റെ പാപങ്ങളെല്ലാം നീ ക്രൂശിൽ വഹിച്ചു തീർത്തതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു. എന്റെ സകല പാപങ്ങളും പോക്കി എന്നെ ശുദ്ധീകരിക്കുന്ന തിരുരക്തം എന്റെമേൽ തളിച്ചതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. ഇന്നുമുതൽ ഞാൻ നിന്റെ സ്വന്തം.

# ആറ്

സന്തോഷം എന്ന വിഷയത്തെക്കുറിച്ചാണ് നാം ചിന്തിച്ചു കൊണ്ടിരിക്കുന്നത്. നമുക്ക് പലർക്കും ഇല്ലാത്തതാണ് സന്തോഷം. ആകമാനം നോക്കിയാൽ ഒരു സംതൃപ്തിയില്ല, സന്തോഷമില്ല.

സന്തോഷം ലഭിക്കാൻ വേറെ പോംവഴിയില്ല, കർത്താവ് തരണം. നമ്മൾ യത്നിച്ചു നേടേണ്ടതല്ല, അദ്ധ്വാനിച്ചു സമ്പാദിക്കേണ്ടതല്ല, എവിടെയെങ്കിലും യാത്രചെയ്ത് സമ്പാദിക്കേണ്ടതല്ല സന്തോഷം. നമ്മൾ വഴിപാട് കൊടുത്തോ പള്ളിക്ക് എന്തെങ്കിലും കാഴ്ച കൊടുത്തോ സമ്പാദിക്കേണ്ടതല്ല സന്തോഷം. നാം ഒരു വിലയും കൊടുക്കാതെ കർത്താവ് സൗജന്യമായി നമുക്ക് തരുന്ന ഒരു സമ്മാനമാണ്, ഒരു വലിയ നിധിയാണ് സന്തോഷം.

നമ്മുടെ പലരുടേയും ഹൃദയത്തിൽ വാസ്തവമായ സന്തോഷമുണ്ടോ? പരീക്ഷ പാസ്സാകുമ്പോൾ സന്തോഷമുണ്ട്. ഡിഗ്രി കിട്ടുമ്പോൾ സന്തോഷമാണ്. നല്ല വിവാഹം കഴിയുമ്പോൾ സന്തോഷമാണ്. കുഞ്ഞുങ്ങളെ കിട്ടുമ്പോൾ സന്തോഷമാണ്. പക്ഷേ, ഇതെല്ലാം ഉള്ളപ്പോഴും നമ്മുടെ ഹൃദയത്തിൽ, അന്തരാത്മാവിൽ സന്തോഷമില്ല.

"നിനക്ക് സന്തോഷവും ഉല്ലാസവും ലഭിക്കും." (ലൂക്കോസ് 1 : 14). ഇതാണ് ദൈവത്തിന്റെ വാഗ്ദത്തം. നാം യാചിക്കുമ്പോഴാണ് കർത്താവ് നമുക്ക് സന്തോഷം തരുന്നത്.

**"യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ**

**എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്ക് തുറക്കും. യാചിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവനു തുറക്കും. മകൻ അപ്പം ചോദിച്ചാൽ അവന് കല്ല് കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളൂ? മീൻ ചോദിച്ചാൽ അവന് പാമ്പിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോട് യാചിക്കുന്നവർക്ക് നന്മ എത്ര അധികം കൊടുക്കും!"**

**മത്തായി 7 : 7 – 11**

സന്തോഷം ഉണ്ടാകണമെങ്കിൽ പരിശുദ്ധാത്മാവ് വരണം. നന്മ ഉണ്ടാകണമെങ്കിൽ പരിശുദ്ധാത്മാവ് വരണം.

**"അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും"**

**ലൂക്കോസ് 11 : 13**

പരിശുദ്ധാത്മാവിനെ കിട്ടുക എന്നു പറയുന്നത് നന്മ കിട്ടുന്നതാണ്. നമ്മിൽ പലരും ധരിച്ചുവച്ചിരിക്കുന്നത് പരിശുദ്ധാത്മാവ് നമ്മുടെയുള്ളിൽ ഉണ്ടെന്നാണ്. കാരണം, പലപ്പോഴും നാം കേൾക്കുന്നു: നിങ്ങൾ മാമോദീസ മുങ്ങി, സഭയുടെ അംഗങ്ങളായി, ഇത്രയും നാൾ ജീവിക്കാൻ കർത്താവ് കൃപ തന്നു, നിങ്ങൾക്ക് എല്ലാ സന്തോഷവുമുണ്ട്, എല്ലാ നന്മയുമുണ്ട്, ആരും ഭയപ്പെടേണ്ട കാര്യമൊന്നുമില്ല; കുമ്പസാരിച്ചു, കുർബ്ബാനകൊണ്ടു, ഇനി പേടിക്കേണ്ട എന്നു പറയുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്.

എന്നാൽ പേടിക്കാനുണ്ട്. ഇവിടുത്തെ സന്തോഷം താൽക്കാലികമാണ്. നിത്യമായ സന്തോഷം കർത്താവ് നമുക്ക് തരണം. അത് നാമെന്തെങ്കിലും കൊടുത്തു വാങ്ങുന്നതല്ല. പെരുന്നാൾ ഏറ്റുകഴിച്ചു വാങ്ങുന്നതല്ല. ഏതെങ്കിലും

കണ്ടുകാഴ്ചകൾ കൊടുത്തു വാങ്ങുന്നതല്ല. നേർച്ചകാഴ്ചകൾ ചെയ്തു വാങ്ങുന്നതല്ല.

ഞങ്ങളുടെ ഇടവകപ്പള്ളിയിൽ മദ്ധ്യസ്ഥപ്രാർത്ഥനക്ക് ശക്തിപോരാ എന്ന് തോന്നി വടവുകോട്പള്ളിയിൽ പോയി മദ്ധ്യസ്ഥപ്രാർത്ഥനക്ക് നിന്ന വ്യക്തിയാണ് ഞാൻ. കാരണം, അവിടെ അച്ചനും കുറെയേറെ ശെമ്മാശ്ശന്മാരും കൂടിയാണ് മദ്ധ്യസ്ഥപ്രാർത്ഥന ചൊല്ലുന്നത്.

എല്ലാം ചെയ്തു. പക്ഷേ, സന്തോഷം മാത്രം കിട്ടിയില്ല. സമാധാനം കിട്ടിയില്ല. നീറിപ്പുകയുകയായിരുന്നു മനസ്സ്. എങ്ങനെയാണ് സമാധാനം കിട്ടേണ്ടത് എന്നു പറഞ്ഞുതരാൻ, യഥാർത്ഥമായ സത്യവഴി കാണിച്ചുതരുവാൻ ആരും ഉണ്ടായിരുന്നില്ല. സമാധാനം വേണമെന്നുണ്ട്, സന്തോഷം വേണമെന്നുണ്ട്, ജീവിതത്തിൽ ഒരു പ്രസന്നത വേണമെന്നുണ്ട് പക്ഷേ, കിട്ടുന്നില്ല. വാടിത്തളർന്ന ജീവിതം! മ്ലാനമായ ജീവിതം! കരഞ്ഞുകലങ്ങിയ കണ്ണുകൾ! മൂകതയിൽ, നിശ്ശബ്ദതയിൽ ഏങ്ങലടികൾ മാത്രം കേൾക്കുന്ന ഒരു ഭവനം!

ഞാനിന്ന് സന്തോഷത്തോടെ ഓർക്കുന്നു, ജീവനുള്ള ക്രിസ്തു എന്റെ ജീവിതത്തിലേക്ക് കടന്നുവന്നു. ഈ gift, സന്തോഷം എനിക്കു തന്നു. യേശുവാണ് സന്തോഷം. യേശുക്രിസ്തു മാത്രമാണ് സന്തോഷം. വേറെ എന്തെല്ലാം കിട്ടിയാലും സന്തോഷമാവില്ല.

യേശുക്രിസ്തുവിനെ കിട്ടുവാൻ നേർച്ച കഴിക്കേണ്ട ആവശ്യമില്ല. മറ്റു പരിപാടികളൊന്നും വേണ്ട. ഒരു എളിമയുള്ള മനസ്സുമാത്രം മതി. കർത്താവേ, എനിക്ക് നിന്റെ പിന്നാലെ വരാൻ താല്പര്യമുണ്ട്. നിന്റെ ശിഷ്യനായി, നിന്നോട് ചേർന്നു നടക്കാൻ താല്പര്യമുണ്ട്. ഞാനൊരു പാപിയായ മനുഷ്യനാണ്, ലോകയിമ്പങ്ങൾക്കുവേണ്ടി മാത്രം ജീവിച്ച മനുഷ്യനാണ്.

ജീവിതത്തിൽ വാസ്തവത്തിൽ നേടേണ്ടത് എന്താണെന്ന് എനിക്ക് ഇതുവരെ അറിയാൻ വയ്യായിരുന്നു. ഇപ്പോൾ

എനിക്കു മനസ്സിലായി. യേശുവേ, നീയാണ് സത്യം, നീയാണ് സ്വത്ത്! അതുകൊണ്ട് ഞാൻ നിന്റെ പാദപീഠത്തിങ്കൽ എന്നെ അർപ്പണം ചെയ്യുന്നു. നിനക്കായി എന്റെ ഈ ജീവിതം ഞാൻ വേർതിരിക്കുന്നു.

നിങ്ങൾക്കിങ്ങനെ തീരുമാനിക്കാൻ പറ്റുമെങ്കിൽ സന്തോഷം കിട്ടും. യേശുക്രിസ്തു നിങ്ങളുടെ ഹൃദയത്തിലേക്ക് എഴുന്നള്ളിവരും. It is devoted to Christ. ഈ ഒരു വിശ്വാസം മാത്രം മതി നിങ്ങൾക്ക് ക്രിസ്തുവിന്റെ സന്തോഷം കിട്ടാൻ. ഈ നിർമ്മലവിശ്വാസം മാത്രം മതി നിങ്ങൾക്ക് സൗഭാഗ്യകരമായ ഒരു ജീവിതം നയിക്കാൻ.

ഏതെല്ലാം വിഷമങ്ങളിൽപ്പെട്ട് ഉഴലുന്നവരാണെങ്കിലും ഏതെല്ലാം യാതനകളും വേദനകളുമായി അലയുന്നവരാണെ ങ്കിലും എന്തെന്തെല്ലാം പ്രതിസന്ധികളിൽപ്പെട്ട് മനസ്സു വാടിയവരാണെങ്കിലും നിങ്ങൾ വിശ്വസിക്കൂ, കരുണയുള്ള കർത്താവ് നിങ്ങളുടെ ഹൃദയത്തിലേക്ക് വരും.

രക്ഷ വന്നാൽ സന്തോഷമാകും. യേശുവിന്റെ കൂടെ നടന്നാൽ പലരും പരിഹസിക്കും. യേശുവിന്റെ കൂടെ നടന്നാൽ പലരും പിന്മാറിപ്പോവുകയും ചെയ്യും. പലരും തെറ്റിദ്ധരിക്കും. പലർക്കും മനസ്സിലാവുകയില്ല. പക്ഷേ, യേശുവിന്റെ കൂടെ നടന്നാൽ വീടിന് രക്ഷ വരും, അതുറപ്പാണ്. ഭാര്യക്ക് രക്ഷവരും. മക്കൾക്ക് രക്ഷ വരും. കുടുംബത്തിന് രക്ഷ വരും.

യേശുവിനെ ചേർത്തണച്ചു പിടിച്ചുകൊണ്ട് പോകാൻ നിങ്ങൾക്ക് പറ്റുമോ? ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി എന്തെങ്കിലും തീരുമാനമെടുക്കാൻ പറ്റുന്നുണ്ടോ? ചതിവായി വാങ്ങിയിട്ടുള്ളതെല്ലാം തിരിച്ചുകൊടുക്കാൻ, മോഷണ വസ്തുക്കൾ തിരിച്ചു കൊടുക്കാൻ തോന്നുന്നുണ്ടോ? കൈക്കൂലി വാങ്ങിയതെല്ലാം ഏതെങ്കിലും നല്ലകാര്യങ്ങൾക്കുവേണ്ടി ചെലവഴിച്ച്, എല്ലാം വിട്ടുമാറാൻ തോന്നുന്നുണ്ടോ?

നിങ്ങൾ അന്യായമായി സമ്പാദിച്ചതെന്തെങ്കിലുമുണ്ടോ? കൃഷിപ്പാടത്ത് വരമ്പ് കിളച്ചുകിളച്ച് അന്യന്റെ ഭൂമി സ്വന്തമാക്കിയതിന് പ്രായശ്ചിത്തം ചെയ്യാൻ മനസ്സുവരുന്നുണ്ടോ? സാധുവിനെ വഞ്ചിച്ചത് നിങ്ങൾക്കോർമ്മയുണ്ടോ? പാവപ്പെട്ട വിധവയെ വിഷമിപ്പിച്ചത്, ഏതെങ്കിലും സാധുവിനെ വേദനിപ്പിച്ചത്, അവന്റെ ഹൃദയത്തെ കുത്തിമുറിവേല്പിച്ചത് ഓർമ്മയുണ്ടോ?

നിന്റെ വാക്കുകൾ ചിലരുടെ ഹൃദയത്തെ മുറിപ്പെടുത്തിയത്, ചിലർ വിതുമ്പിക്കരയാൻ ഇടയായത്, സ്വന്തം വീട്ടിൽത്തന്നെ അമ്മയെ വേദനിപ്പിച്ചത്, മോനേ, നിന്റെ വാക്കുകേട്ട് അപ്പൻ കരഞ്ഞത്, നിന്റെ പെരുമാറ്റംകൊണ്ട് നിന്റെ കൂടെ പഠിച്ചവർ വിഷമിച്ചത്, നിന്റെ റാഗിംഗ് കൊണ്ട് സാധുവിനെ മർദ്ദിച്ച് അവശനാക്കിയത്, ഇങ്ങനെ എന്തെല്ലാം ഓർക്കാനുണ്ട്?

ഇന്ന് ഇതെല്ലാമോർത്ത് കർത്താവിനോട് പറയണം: കർത്താവേ, എനിക്ക് വേറൊന്നും വേണ്ട, നീ എന്റെ കൂടെ പോന്നാൽ മതി.

യേശുക്രിസ്തുവിനോടുകൂടി ജീവിക്കുന്നതാണ് സന്തോഷം. ക്രിസ്തുവിൽ ആശ്രയിച്ചു ജീവിക്കുന്നതാണ് സന്തോഷം. ക്രിസ്തുവിനെ സ്നേഹിച്ചു ജീവിക്കുന്നതാണ് സന്തോഷം. ക്രിസ്തുവിനുവേണ്ടി വേല ചെയ്യുന്നതാണ് സന്തോഷം. ക്രിസ്തുവിനുവേണ്ടി ത്യാഗം സഹിക്കുന്നതാണ് സന്തോഷം. ക്രിസ്തുവിനുവേണ്ടി അപമാനം ഏല്ക്കുന്നതാണ് സന്തോഷം.

സന്തോഷം ലഭിക്കുന്നത് എന്തിനെല്ലാമാണ്?

1. നമ്മുടെ ജീവിതത്തിൽ സമർപ്പണമെടുക്കുമ്പോൾ, ക്രിസ്തുവിനുവേണ്ടി സമർപ്പിക്കുമ്പോൾ സന്തോഷമുണ്ടാകും.
2. രക്ഷ ലഭിക്കുമ്പോൾ സന്തോഷമുണ്ടാകും.
3. ന്യായവിധി മാറുമ്പോൾ സന്തോഷമുണ്ടാകും.

**“ഭയത്തോടെ യഹോവയെ സേവിപ്പിൻ; വിറയലോടെ ഘോഷിച്ചുല്ലസിപ്പിൻ.” സങ്കീർത്തനങ്ങൾ 2 : 11**

4. ദൈവത്തിന്റെ വേല ചെയ്യുന്നതിൽ സന്തോഷമുണ്ടാകും.

നിങ്ങൾ കർത്താവിന്റെ വേല ചെയ്താൽ അതിൽ നിങ്ങൾക്ക് സന്തോഷം കിട്ടും. ദൈവത്തിന്റെ വേലയിൽ സന്തോഷം! ദൈവത്തിന്റെ ശുശ്രൂഷയിൽ സന്തോഷം! കർത്താവിന്റെ വേല ചെയ്യുക, അത് നിസ്സാര കാര്യമല്ല.

യേശുക്രിസ്തു നിങ്ങളുടെയുള്ളിൽ വന്നാൽ കർത്താവിനുവേണ്ടി വേല ചെയ്യാൻ പിന്നെ ആരും പറയണ്ട. നിങ്ങളുടെ ജീവിതം തന്നെ ക്രിസ്തുവിന്റെ സുവിശേഷമായി മാറും. നിങ്ങളുടെ ഓരോ ചലനത്തിലും ക്രിസ്തുവിന്റെ സുവിശേഷം വ്യാപരിക്കാൻ തുടങ്ങും.

ഞാൻ കോളേജിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ചില പിള്ളേരെല്ലാം കളിയാക്കിയിട്ടുണ്ടെങ്കിലും, എത്രയോ കുട്ടികളാണ് എന്റെ അടുക്കൽ വന്ന് അവരുടെ ഹൃദയ ഭാരങ്ങൾ പറഞ്ഞത്! എത്രയോ കുട്ടികളാണ് അവരുടെ നീറുന്ന പ്രശ്നങ്ങൾക്ക് ആശ്വാസം തേടി എന്റെ അടുക്കൽ വന്നത്!

കരുണയുള്ള കർത്താവ് അനേകരെ എന്റെ അടുക്കൽ കൊണ്ടുവന്നു. അവർക്കെല്ലാം ഞാൻ യേശുവിനെ കൊടുത്തു, എന്നെ കൊടുത്തില്ല. ഒന്നും പ്രതിഫലം ഇച്ഛിച്ചുമില്ല. യേശുക്രിസ്തു അകത്തുവന്നാൽ, വാസ്തവമായി ക്രിസ്തുവിന്റെ ആത്മാവ് ഉള്ളത്തിൽ വന്നാൽ അനേകർ നിങ്ങളുടെ അരികിലേക്ക് ആവശ്യക്കാരായി വരും. അവർക്ക് വചനം കൊടുക്കാൻ നിങ്ങൾക്ക് സാധിക്കും.

ഈ ജീവിതം വ്യർത്ഥമാക്കാനുള്ളതല്ല. ജീവിതം കളഞ്ഞുകുളിക്കാനുള്ളതല്ല. ക്രിസ്തുവിന്റെ സേവയിൽ,

ക്രിസ്തുവിന്റെ വേലയിൽ സന്തോഷിപ്പിൻ. ഇന്നു നിങ്ങൾക്ക് അങ്ങനെ ഒരു തീരുമാനമെടുക്കാൻ പറ്റുമോ? കർത്താവേ, ഞാൻ നിന്റെ ഒരു വേലക്കാരനാകാൻ പോവുകയാണ്.

പ്രസംഗിക്കുന്നതോ പാട്ടുപാടുന്നതോ അല്ല വേല. എല്ലാറ്റിലും വലിയ വേല നിങ്ങളുടെ ജീവിതം തന്നെയാണ്. മാതൃകാജീവിതം തന്നെയാണ് സുവിശേഷം. സ്നേഹം, സഹിഷ്ണുത, ക്ഷമിക്കുന്ന സ്വഭാവം, വീട്ടിൽത്തന്നെയുള്ള ഇണക്കം ഇതൊക്കെ നമ്മുടെ സ്വത്താകണം. നമ്മുടെ വീട് കൊച്ചുസ്വർഗ്ഗമായി മാറേണ്ടതാണ്.

ഞാൻ ആശിക്കുന്നു, നിങ്ങൾ ഓരോരുത്തരും നിങ്ങളുടെ വീട് സ്വർഗ്ഗമാക്കാൻ പരിശ്രമിക്കുമെന്ന്. സ്വർഗ്ഗമാക്കിത്തരുന്നത് ക്രിസ്തുവാണ് പക്ഷേ, നിങ്ങൾ ആഗ്രഹിക്കണം. അതിനു വേണ്ടി ത്യാഗം സഹിക്കണം. നിങ്ങൾ സ്വയമേവ താഴണം.

യേശുക്രിസ്തു അകത്തുവന്നു കഴിയുമ്പോഴേക്കും ക്രിസ്തുവിന്റെ കുരിശ് ഹൃദയത്തിൽ സ്ഥാപിച്ചുകഴിഞ്ഞു. കുരിശ്, ക്രിസ്തുവിന്റെ രക്ഷയാണ്. ക്രിസ്തുവിന്റെ ത്യാഗമാണ്. ക്രിസ്തുവിന്റെ സ്നേഹമാണ്. ക്രിസ്തു തന്നെത്തന്നെ മറന്നു ചെയ്തതാണ്. ആ കുരിശ് ഏറ്റെടുത്ത് നമ്മുടെ ഹൃദയത്തിൽ സ്ഥാപിക്കുന്നു.

ഈ കുരിശ് ഏറ്റെടുക്കാൻ നിങ്ങൾക്ക് തയ്യാറുണ്ടോ? കുരിശ് നിങ്ങളുടെ ഹദയത്തിലേക്ക് സ്വീകരിക്കാൻ മനസ്സുണ്ടോ? എന്നും കുരിശ്! എന്നും വേദന! എന്നും ദുരിതം! ഭർത്താവ് മദ്യപാനി. കുടിച്ചുകഴിയുമ്പോൾ സുബോധമില്ലാത്തതു പോലെയാണ്. സ്നേഹമില്ല. കുടിക്കാത്തപ്പോൾ നല്ല സ്നേഹമാണു താനും.

ഇതുപോലുള്ള നിരാശാകരമായ സാഹചര്യത്തിൽ എത്രയോ പേരാണ് വലഞ്ഞുകഴിയുന്നത്! യേശുക്രിസ്തു ആശ്വാസം തരും. സമാധാനം തരും. നിങ്ങളുടെ ജീവിതത്തിലേക്ക് യേശു സന്തോഷം തരും.

ഇപ്പോൾ നിങ്ങൾ ഒരു കാര്യം ചെയ്യൂ: കർത്താവേ, നിന്റെ വേലക്കായി ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു. സുവിശേഷത്തിന്റെ പേരിൽ പല വഞ്ചനകളും നടക്കുന്ന ഈ കാലത്ത് നിർമ്മലസുവിശേഷം മാത്രം പറയാൻ, ക്രിസ്തുവിനെക്കുറിച്ചു മാത്രം ഉദ്ഘോഷിക്കാൻ എന്റെ ജീവിതം ഞാനിതാ നിനക്കു തരുന്നു.

എന്റെ സമസ്തയാളത്വവും ഞാനിതാ സമർപ്പിക്കുന്നു. നാഥാ, നീ എന്നെ രൂപാന്തരപ്പെടുത്തിയെടുത്ത് നിന്റെ കൈയിലെ ഒരു മാനപാത്രമാക്കിത്തീർക്കണമേ. നിന്റെ കൈയിൽ ഇണങ്ങുന്ന ആയുധമാക്കിത്തീർക്കണമേ. എന്നെക്കൊണ്ട് നിന്റെ വേല ചെയ്യിക്കണമേ.

വളരെ പ്രസിദ്ധരായ രണ്ടു യുവാക്കന്മാരുണ്ടായിരുന്നു. വളരെ വിശ്രുതന്മാരായ ക്രിക്കറ്റ് കളിക്കാർ! ക്രിക്കറ്റിനെ സ്നേഹിക്കുന്ന എല്ലാവരുടെയും ആരാധനാപാത്രങ്ങളായിരുന്നു രണ്ടുപേരും. ഒരാളുടെ പേര് സി.റ്റി. സ്റ്റഡ്. രണ്ടുപേരും കളിക്കളം നിറഞ്ഞുനിന്നവരായിരുന്നു. രണ്ടുപേരും നല്ല സമ്പന്നരായിരുന്നു.

ഈ യുവാക്കന്മാരിൽ ഒരാൾ, സ്റ്റഡിന്റെ സഹോദരൻ പെട്ടെന്ന് രോഗിയായിത്തീർന്നു. എത്ര പെട്ടെന്നാണ് രോഗം വന്നു കയറിയത്! പ്രതീക്ഷിച്ചില്ല. വിദേശത്തുനിന്നുപോലും ഡോക്ടർമാരെ വരുത്തി ചികിത്സിപ്പിച്ചു. പെട്ടെന്നാണ് ശരീരം മെലിഞ്ഞുണങ്ങിത്തുടങ്ങിയത്! സി.റ്റി. സ്റ്റഡ്, സഹോദരന്റെ കിടക്കക്കരികിൽ നിന്നുകൊണ്ട് കണ്ണീരണിഞ്ഞ് ചില വാക്കുകൾ പറഞ്ഞു:

“Just one life, it will soon soon be past, that which is done for Christ alone will last.”

ഒരേ ഒരായുസ്സുമാത്രം! എത്രവേഗം അതു പറന്നുപോകും! ക്രിസ്തുവിനുവേണ്ടി ചെയ്തതുമാത്രം നിലനില്ക്കും.

സ്റ്റഡ് തീരുമാനിച്ചു: എനിക്കിനി യാതൊന്നും വേണ്ട. യേശുക്രിസ്തുവിന്റെ വേലക്കുവേണ്ടി ഇറങ്ങാം. സ്റ്റഡ്, ചൈന ഇൻഡ്യൻ മിഷനിൽ ചേർന്ന് ചൈനയിലേക്ക് സുവിശേഷവേലയ്ക്കുവേണ്ടി പോയി. ചൈനയിൽ കുറെനാൾ ജോലി ചെയ്തപ്പോൾ അവിടുത്തെ കാലാവസ്ഥ ശരീരത്തിനു പറ്റുന്നില്ല. സ്റ്റഡിന്റെ ശരീരം മെലിഞ്ഞുണങ്ങി ത്തുടങ്ങി. സ്നേഹിതന്മാർ ഉപദേശിച്ചു: നാട്ടിൽ പോകുന്നതാണ് നല്ലത്. ഇവിടുത്തെ കാലാവസ്ഥ നിനക്ക് പറ്റിയതല്ല.

തിരിച്ച് ഇംഗ്ലണ്ടിൽ എത്തിയതിനുശേഷം പള്ളിയിലേക്ക് ചെന്നപ്പോൾ പള്ളിയുടെ ചുമരിന്മേൽ എഴുതിവച്ചിരിക്കുന്നു: "ആഫ്രിക്കയിലെ കാട്ടാളന്മാരായ നരഭോജികൾക്ക് മനുഷ്യ മാംസം വേണം." ആലങ്കാരികമായിട്ടാണ് എഴുതിയിരി ക്കുന്നത്. അദ്ദേഹം സ്വന്തം ശരീരത്തിലേക്ക് നോക്കി പറഞ്ഞു: "അത്ര പെരുത്ത് മാംസമൊന്നും ശരീരത്തിൽ ഇല്ല. ഇത് മതിയെങ്കിൽ കൊടുക്കാൻ ഞാൻ തയ്യാറാണ്."

അന്നത്തെ പള്ളിപ്പൊതുയോഗത്തിലെ വിഷയം അതായിരുന്നു. ആഫ്രിക്കയിലേക്ക് മിഷനറിമാരായി പോകാൻ ആരുണ്ട്? ഒരുപക്ഷേ മരണമായിരിക്കും വരാൻ പോകുന്നത്. നരഭോജികൾ കൊന്നുതിന്നേക്കും. അങ്ങനെ പോകാൻ ആരുണ്ട്?

ഇന്നത്തെ പള്ളിപ്പൊതുയോഗംപോലെയല്ല, ആത്മീയ വിഷയങ്ങൾക്കുള്ള പൊതുയോഗമായിരുന്നു അന്ന്. ആഫ്രിക്കയിലെ കിരാതന്മാരുടെ മദ്ധ്യത്തിലേക്ക് സുവിശേഷ വേലയ്ക്കുവേണ്ടി പോകാൻ ആരുണ്ട് എന്ന ചോദ്യത്തിന് സ്റ്റഡ് പറഞ്ഞു: "ഞാൻ പോകാം."

സ്റ്റഡ്, ആഫ്രിക്കയിൽ പോയി, ആഫ്രിക്കയിലെ കുഗ്രാമങ്ങൾ സന്ദർശിച്ചു. യേശുക്രിസ്തുവിനെക്കുറിച്ച് പറഞ്ഞു. യേശുക്രിസ്തുവിനെ അനേകർ സ്വീകരിക്കാനിടയായി. ആ

ഇരുണ്ടപ്രദേശത്ത് യേശുക്രിസ്തുവിന്റെ ദിവ്യവെളിച്ചം പ്രകാശിച്ചു. സ്റ്റഡ് ജീവിതം ക്രിസ്തുവിനായി വേർതിരിച്ചു.

ഇതൊക്കെ കേൾക്കുമ്പോൾ നിങ്ങൾക്ക് ആവേശം വരണം. എന്റെ കർത്താവേ, അനേകർക്ക് മനുഷ്യത്വം കൊടുക്കുന്ന, അനേകർക്ക് ദൈവികത്വം കൊടുക്കുന്ന ക്രിസ്തുവിനെ ലോകത്തിന് കാണിച്ചുകൊടുക്കാൻ എന്റെ ഈ ശരീരവും മനസ്സും ആത്മാവും ഞാനിതാ സമർപ്പിക്കുന്നു.

നമ്മുടെ ഭാരതഭൂമിയിൽ വിദ്യാഭ്യാസം വന്നതെങ്ങനെയാണ്? അനേകം വിദേശ മിഷനറിമാർ ഈ ഭാരതത്തിൽ വന്നു വേലചെയ്തു. സുവിശേഷം പ്രസംഗിച്ചു. അവർ ഇവിടുത്തെ ഭാഷ പഠിച്ചു. ഭാഷക്ക് വ്യാകരണം ഉണ്ടാക്കി. മലയാളിയല്ല മലയാളഭാഷക്ക് ആദ്യം വ്യാകരണം ഉണ്ടാക്കിയത്. മലയാളിയല്ല മലയാളിക്ക് ആദ്യനിഘണ്ടു ഉണ്ടാക്കിയത്. ഗുണ്ടർട്ട് സായിപ്പ് മിഷനറിയായിട്ടുവന്ന് മംഗലാപുരത്ത് താമസിച്ചുകൊണ്ട് മലയാളഭാഷ പഠിച്ചു. എന്നിട്ട് മലയാള ഭാഷക്ക് ഒരു വ്യാകരണം ഉണ്ടാക്കി. കാൾഡ്വെൽ എന്ന ഒരു സായിപ്പ് വന്ന് ‘Comparative Grammar of Dravidian Languages’ എന്ന ഒരു പുസ്തകം ഇംഗ്ലീഷിൽ എഴുതി. ഗുണ്ടർട്ട് സായിപ്പ് നിഘണ്ടു ഉണ്ടാക്കി, വ്യാകരണമുണ്ടാക്കി.

വിദേശത്തുനിന്നു വന്നവർ ഇവിടെ വന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസം തന്നതുകൊണ്ട് ഈ നാടുണർന്നു. ഇന്ന് ഈ സമരവീര്യം കിട്ടിയതെവിടെനിന്നാണ്? സമരം ചെയ്യാനുള്ള, മുദ്രാവാക്യങ്ങളുണ്ടാക്കാൻ വിദ്യാഭ്യാസം കിട്ടിയതെവിടെ നിന്നാണ്? ഇതെല്ലാം ഇംഗ്ലീഷ് ഭാഷ ഇങ്ങോട്ടുവന്നതുകൊണ്ടാണ്. ഇന്ന് ഇവിടെ, വിദ്യാഭ്യാസം കിട്ടിയവർ സുബോധമില്ലാത്ത വരെപ്പോലെ, കാട്ടാളന്മാരെപ്പോലെ പ്രവർത്തിക്കുന്നുണ്ട്.

ഞാൻ പണ്ടൊരിക്കൽ മലയാളമനോരമ ആഴ്ചപ്പതിപ്പിൽ ‘മലയാളത്തിന് മിഷനറിമാരുടെ സംഭാവന’ എന്നു പറഞ്ഞ് ഒരു ലേഖനം എഴുതിയിരുന്നു.

ജീവനുള്ള ക്രിസ്തുവിന്റെ സുവിശേഷം എവിടെയെല്ലാം പരന്നിട്ടുണ്ടോ അവിടെയെല്ലാം സംസ്ക്കാരം വളർന്നു. H.G. Wells എന്ന പണ്ഡിതനായ ചരിത്രകാരൻ, 'The outline history of the world' എന്ന പുസ്തകത്തിൽ എഴുതി: "എവിടെയെല്ലാം മനുഷ്യസംസ്ക്കാരം വളർന്നിട്ടുണ്ടോ, എവിടെയെല്ലാം മാനവസംസ്ക്കാരം ഉണർന്നിട്ടുണ്ടോ അതിന്റെ പിന്നിൽ ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ അത്ഭുതശക്തി കാണാം." സംസ്ക്കാരം വളരുന്നു, ക്രിസ്തുവിന്റെ സുവിശേഷംമൂലം.

ബൈബിൾ ഒരു വിലപ്പെട്ട നിധിയാണ്. ഈ ബൈബിൾ അനേകരെ മാറ്റിയിട്ടുണ്ട്. ക്രിസ്തു അനേകർക്ക് രൂപാന്തരം തന്നിട്ടുണ്ട്. ഈ ബൈബിളിലുള്ള ക്രിസ്തുവിന്റെ സന്ദേശം അനേകർക്ക് ആശ്വാസം പകർന്നിട്ടുണ്ട്. എത്രയോ പ്രാവശ്യം ഞാൻ മനസ്സുനൊന്ത് വിങ്ങിച്ചെന്ന് ഈ വേദപുസ്തകം വായിച്ച് ആശ്വസിച്ചിട്ടുണ്ട്! ധൈര്യം കിട്ടിയിട്ടുണ്ട്! പ്രത്യാശ കിട്ടിയിട്ടുണ്ട്!

ബൈബിളിലെ ഓരോ വാക്കും എനിക്ക് ജീവനാണ്. യേശുക്രിസ്തുവിന്റെ വചനത്തിന്റെ ശക്തി എന്നെ ഇന്ന് രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. യേശുക്രിസ്തുവിന്റെ വചനത്തിന്റെ അത്ഭുതശക്തി എനിക്ക് സമാധാനം തന്നുകൊണ്ടിരിക്കുകയാണ്. യേശുക്രിസ്തുവിന്റെ ഈ അത്ഭുതശക്തിയാണ് ഇന്ന് അനേകരിലേക്ക് സുവിശേഷം പകരാൻ കർത്താവ് എന്നെ ഉപയോഗിക്കാൻ കാരണമായി ത്തീർന്നത്.

നിങ്ങൾ ഒരു കാര്യം ചെയ്യൂ. നിങ്ങൾ വേദപുസ്തകം വായിക്കൂ. നിങ്ങൾ കർത്താവിന്റെ വേല ചെയ്യാൻ ഈ പുസ്തകവുമായിട്ടിറങ്ങൂ.

ബർട്രന്റ് റസ്സൽ എന്ന പ്രസിദ്ധനായ തത്ത്വചിന്തകൻ, 'The impact of science on society' എന്ന പുസ്തകത്തിൽ പറയുന്നു: "In this Godless universe, we shall become Gods."

ദൈവമില്ലാത്ത ഈ പ്രപഞ്ചത്തിൽ നാമെല്ലാം ദൈവങ്ങളായിരിക്കും എന്ന്. തത്ത്വചിന്തകനാണ്. മഹാജ്ഞാനിയാണ്. പക്ഷേ, അദ്ദേഹം പറഞ്ഞതങ്ങനെയാണ്. എന്നാൽ, കാലം മുന്നോട്ടുപോയപ്പോൾ അദ്ദേഹത്തിന്റെ ചിന്താഗതി മാറി. അദ്ദേഹത്തിന് നോബൽ സമ്മാനം കിട്ടിയ ഒരു പുസ്തകമുണ്ട്, 'The History of Western Philosophy.' ആ പുസ്തകത്തിൽ അദ്ദേഹം ക്രിസ്തുവിശ്വാസം ഊന്നിപ്പറയുന്നു. എന്തൊരത്ഭുതം! മാറ്റങ്ങൾ വരുന്നുണ്ട്.

നിങ്ങൾ കർത്താവിന്റെ വേലക്കുവേണ്ടി ഇറങ്ങിയാൽ അനേകർക്കുവരുന്ന ആശ്വാസം നിങ്ങൾക്കു കാണാൻ പറ്റും. സഭയും സമുദായവുമൊന്നും നോക്കണ്ട. അതൊന്നുമല്ല കാര്യം. അവരവർ നില്ക്കുന്ന സഭയിൽ തന്നെ നില്ക്കുക. അവരവർ പോകുന്ന പള്ളിയിൽ തന്നെ പോകുക. അതിനൊന്നും ഒരു കുഴപ്പവുമില്ല. പക്ഷേ, നിങ്ങൾ ക്രിസ്തുവിന്റെ സുവിശേഷം ഹൃദയത്തിൽ വഹിക്കുക.

ഹൃദയത്തിൽ തീ വഹിച്ചുകൊണ്ടു നടക്കുക. യേശുക്രിസ്തുവിന്റെ സുവിശേഷമാകുന്ന തീ ഹൃദയത്തിൽ നിറഞ്ഞുനിൽക്കുക. ഏതു കൊടിയ പ്രശ്നം വന്നാലും അതെല്ലാം കെടുത്തിക്കളഞ്ഞിട്ട് ആ തീ പിന്നെയും ആളിക്കത്തിക്കൊണ്ടിരിക്കും. എല്ലാ പ്രശ്നങ്ങളെയും എല്ലാ ഭാരങ്ങളെയും കത്തിച്ചുകളയും.

നിങ്ങൾ ചിന്തിക്കും: സാറേ, അങ്ങനെയാണെങ്കിൽ എന്തുകൊണ്ടാണ് എന്റെ ഭാരം മാറാത്തത്? ഞാൻ പ്രാർത്ഥിക്കുന്നുണ്ടല്ലോ. ഞാൻ മാനസാന്തരപ്പെട്ടവനാണല്ലോ. ഞാൻ അറിഞ്ഞുകൊണ്ട് വേണ്ടാതീനത്തിനു പോകുന്നില്ലല്ലോ. മദ്യപാനമോ, പുകവലിയോ, ചീത്ത ജീവിതമോ ഒന്നും എനിക്കില്ലല്ലോ.

സ്നേഹിതാ, ശരി, നീ അങ്ങനെ തന്നെ നിന്നുകൊണ്ട് യേശുവിനോടു പറയൂ: കർത്താവേ, എന്നെ നിന്റെ തീയാൽ

ജ്വലിപ്പിക്കണമേ. നിന്റെ തീ എന്റെ ഹൃദയത്തിൽ കത്തിപ്പടരണമേ. സ്വർഗ്ഗത്തിന്റെ അഗ്നി എന്റെ ഹൃദയത്തിൽ നീറിപ്പിടിക്കണമേ. എന്റെമേൽ നിറയണമേ. പരിശുദ്ധാത്മാവാകുന്ന അഗ്നി എന്റെ ഹൃദയത്തിൽ കത്തിക്കൊണ്ടിരിക്കണമേ. കാണാം, നിങ്ങളുടെ ജീവിതത്തിലെ വിഘ്നങ്ങൾ മാറുന്നത്, പ്രശ്നങ്ങൾ മാറുന്നത്, നിങ്ങൾക്ക് സമാധാനം ലഭിക്കുന്നത്, ഹൃദയത്തിൽ ആശ്വാസം ലഭിക്കുന്നത്.

സന്തോഷം നിറഞ്ഞ ജീവിതത്തിന്റെ സൗഭാഗ്യാവസ്ഥ കളിലേക്ക് കർത്താവ് നിങ്ങളെ ഉയർത്തിക്കൊണ്ടുപോകും. കർത്താവിന്റെ വേലയിൽ നിങ്ങൾക്ക് സന്തോഷിക്കാം. കർത്താവിന്റെ വചനത്തിൽ നിങ്ങൾക്ക് സന്തോഷിക്കാം. ഈ വചനം തേനിലും തേങ്കട്ടയിലും മധുരമാണ്. പാതക്ക് ദീപമാണ്. ഊടുവഴികൾക്ക് പ്രകാശമാണ്.

വചനം പറയുമ്പോൾ തീ കത്തണം. ഞാൻ മാത്രമല്ല, നിങ്ങൾ ഓരോരുത്തരും തീ കത്തുന്ന വചനം പറയുന്നവരായിത്തീരണം. നിങ്ങൾ ഓരോരുത്തരും സംസാരിക്കാൻ തുടങ്ങുമ്പോൾ തീ നിങ്ങളുടെ നാവിൽനിന്ന് പുറപ്പെടണം. നിങ്ങൾ കർത്താവിന്റെ വചനം പറയാൻ തുടങ്ങുമ്പോൾ തീപ്പൊരി ചിതറിച്ചിതറി തെറിക്കണം.

നിങ്ങൾക്കതു സാധിക്കും. ആരെയും കാണിക്കാനല്ല. ആരുടെയും മുന്നിൽ വിളങ്ങാനുമല്ല. എന്തുവിളങ്ങാൻ? അപമാനമല്ലേ കിട്ടുന്നത്? മറ്റൊരു ലക്ഷ്യവുമില്ല. യേശുക്രിസ്തുവിന്റെ നിർമ്മലസുവിശേഷം എല്ലായിടത്തും പരക്കണമെന്നുള്ള ഏക ലാക്കോടുകൂടി നിങ്ങൾ കർത്താവിന്റെ വേലചെയ്യാൻ തുടങ്ങുമ്പോൾ നിങ്ങളുടെ വായിൽനിന്ന് തീപ്പൊരികൾ ചിതറും.

സഭാചരിത്രത്തിൽ ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. മാർ ബസ്സേലിയോസ് എന്നു പേരുള്ള പരിശുദ്ധനായ ഒരു പിതാവുണ്ടായിരുന്നു. പണ്ടത്തെ പിതാക്കന്മാരെല്ലാം

പരിശുദ്ധന്മാരായിരുന്നു. അന്ന് പരിശുദ്ധനായ ഒരു ശെമ്മാശ്ശനുണ്ടായിരുന്നു, മാർ അപ്രേം.

മാർ ബസ്സേലിയോസ് വലിയ വിശുദ്ധനായിരുന്നതുകൊണ്ട് അദ്ദേഹത്തെ ഒന്നു കാണണമെന്ന് മാർ അപ്രേമിന് തോന്നി. പക്ഷേ, മാർ ബസ്സേലിയോസ് സംസാരിക്കുന്ന ഭാഷയല്ല മാർ അപ്രേമിന്റെ ഭാഷ. മാർ അപ്രേമിന് ഹീബ്രു (സുറിയാനി) ഭാഷയേ അറിയാവൂ. മാർ ബസ്സേലിയോസിന് ഗ്രീക്ക് ഭാഷയാണ് അറിയാവുന്നത്.

വിശുദ്ധ കുർബ്ബാന നടന്നുകൊണ്ടിരിക്കുമ്പോഴാണ് മാർ അപ്രേം ചെന്നത്. അപ്രേം വളരെ വിനീതനായി പള്ളിയുടെ പുറകിൽ നിന്നു. മാർ ബസ്സേലിയോസ് ഏവൻഗേലിയോൻ വായിച്ച് ഏവൻഗേലിയോനെക്കുറിച്ച് സംസാരിക്കാൻ തുടങ്ങിയപ്പോൾ മാർ അപ്രേം കാണുന്നത്, രണ്ടുവശത്തും ഓരോരോ പ്രാക്കൾ വന്നുനിന്ന് മാർ ബസ്സേലിയോസിന്റെ ചെവിയിൽ എന്തോ ഓതി കൊടുക്കുന്നു. മാർ അപ്രേമിന് ദർശനവരമുണ്ടായിരുന്നു.

അദ്ദേഹം പ്രസംഗിക്കാൻ തുടങ്ങിയപ്പോഴേക്കും നാവിൽ നിന്ന് പുറത്തുവരുന്നത് തീപ്പൊരിയാണ്. മാർ അപ്രേം അതു കണ്ട് അമ്പരന്നു നില്ക്കുകയാണ്.

ഏവൻഗേലിയോൻ കഴിഞ്ഞപ്പോൾ ശുശ്രൂഷക്കാരൻ മദ്ബഹായിൽനിന്ന് ഇറങ്ങിവന്ന് മദ്ബഹായിലേക്ക് കയറിച്ചെല്ലാൻ മാർ ബസ്സേലിയോസ് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞു. മാർ അപ്രേം നേരെ മദ്ബഹായിലേക്ക് കയറിച്ചെന്നു. ഒന്നും മിണ്ടിയില്ല, കുർബ്ബാന തുടർന്നുകൊണ്ടിരുന്നു.

കുർബ്ബാന കഴിഞ്ഞു അവർ മുറിയിലേക്ക് പോയി. ഡ്രസ്സ് മാറിക്കഴിഞ്ഞപ്പോൾ മാർ ബസ്സേലിയോസിന്റെ ശരീരം മുഴുവൻ കയറുകൊണ്ട് വരിഞ്ഞുമുറുക്കിയിട്ടിരിക്കുന്നതാണ് കണ്ടത്. ശരീരം ദണ്ഡിപ്പിച്ച് അടിമയാക്കുക. പുറമെ നല്ല വർണ്ണപ്പകിട്ടുള്ള കാപ്പയാണ്. പക്ഷേ ശരീരത്തിൽ കയറുകൊണ്ട്

വരിഞ്ഞു മുറുക്കിയിരിക്കുന്നു.

അവർ സംസാരിക്കാൻ തുടങ്ങി. മാർ അപ്രേമിന്റെ ഭാഷ മാർ ബസ്സേലിയോസിന് മനസ്സിലാവുകയില്ല. മാർ ബസ്സേലിയോസിന്റെ ഭാഷ അപ്രേമിന് മനസ്സിലാവുകയില്ല. പക്ഷേ രണ്ടുപേർക്കും മനസ്സിലാകുന്ന ഒരു ഭാഷ കർത്താവ് കൊടുത്തു. അതാണ് വിവിധഭാഷാവരം! സ്വർഗ്ഗീയ ദൂതന്മാരുടെ ഭാഷ! ആ ഭാഷ രണ്ടുപേർക്കും ലഭിച്ചു. ആ ഭാഷയിൽ അവർ സംസാരിച്ചു. അനുഗൃഹീതമായ ഒരു കൂട്ടായ്മയായിരുന്നു അത്. സഭാചരിത്രത്തിലെ ഒരു സംഭവമാണിത്.

കർത്താവിന്റെ മക്കൾക്ക് തമ്മിൽത്തമ്മിൽ ഒരാകർഷ ണമുണ്ട്. അത് ആത്മാവിന്റെ ആകർഷണമാണ്. ആത്മാവ് എല്ലാറ്റിനേയും വിവേചിക്കും. നമ്മുടെയുള്ളിൽ ഒരു തീ കത്തിത്തുടങ്ങും. സാക്ഷാൽ ആത്മാവുള്ള ദൈവപൈതലിനെ കാണുമ്പോൾ നമ്മുടെ കണ്ണ് നിറയും. ഉള്ളം തകരും. ആത്മാവിന്റെ ശക്തിയാണത്.

പരിശുദ്ധാത്മാവിന്റെ ശക്തികൊണ്ടുവേണം നാം ദൈവത്തിന്റെ വചനം പറയാൻ. നിങ്ങൾ ദൈവത്തിന്റെ വചനം പറയുന്നവരായിത്തീരണം. ദൈവത്തിന്റെ വേല ചെയ്യുന്നവരായിത്തീരണം. ദൈവത്തിന്റെ വേലയിൽ നമുക്ക് സന്തോഷിക്കാം.

ഇന്ന് എനിക്ക് വാർദ്ധക്യമായി. എന്റെ യൗവ്വനപ്രായത്തിൽ കൺവെൻഷനുകൾക്കുവേണ്ടി ധാരാളം യാത്രചെയ്തു. അന്ന് കോളേജുകഴിഞ്ഞാൽ ഉടനെ ദൂരെ എവിടെയെങ്കിലും കൺവെൻഷനുവേണ്ടി പോവുകയാണ്. എത്രയോ രാത്രികളിൽ ഞാൻ റെയിൽവേസ്റ്റേഷനുകളിൽ പത്രം വിരിച്ച് കിടന്നുറങ്ങിയിട്ടുണ്ട്! എത്രയോ രാത്രികളിൽ ട്രാൻസ്പോർട്ട് ബസ്സ്റ്റാന്റുകളിൽ പത്രം വിരിച്ച് കിടന്നുറങ്ങിയിട്ടുണ്ട്! രാവിലെ ആദ്യത്തെ ബസ്സിന് അവിടുന്ന് പോരും.

കൃത്യസമയത്ത് കോളേജിൽ എത്തുകയും ചെയ്യും.

നിങ്ങൾ കർത്താവിനോട് പറയണം: കർത്താവേ, നിന്റെ വേല ചെയ്യാൻ തുടങ്ങുമ്പോൾ, ഞാനിതാ പുറകിലേക്ക് മാറുന്നു. നീ മുന്നോട്ടുവന്ന് സംസാരിച്ചു കൊള്ളണമേ. യേശുവേ, നീ നിന്റെ ജനത്തോട് സംസാരിച്ചുകൊള്ളുക. നിന്റെ മക്കൾ വന്നിരിക്കുന്നു. ഞാനിതാ കുരിശിന്റെ പുറകിലേക്ക് മാറി നില്ക്കുകയാണ്. എന്നെ ആരും അറിയണ്ട. ആരും സ്നേഹിക്കുകയും മാനിക്കുകയും വേണ്ട. എന്റെ യേശുവിന്റെ സാക്ഷിയായി ഞാനിതാ പുറകിൽ നിന്നുകൊള്ളാം. ആരും എന്നെ കാണണ്ട. എന്റെ യേശുവിനെ ജനം ഒന്നു കാണട്ടെ. എന്റെ യേശുവിന്റെ സ്നേഹത്തെ ജനം അറിയട്ടെ.

നിങ്ങൾ കർത്താവിന്റെ വേലക്കുവേണ്ടി ഓടുക. കർത്താവിന്റെ വേലക്കുവേണ്ടി ഓടിയാൽ നഷ്ടമല്ല. കർത്താവ് ആർക്കും കടക്കാരനായിരിക്കില്ല. കർത്താവിന്റെ വേലക്കുവേണ്ടി, കർത്താവിന്റെ മക്കൾക്കുവേണ്ടി, കർത്താവിന്റെ വേലക്കാർക്കുവേണ്ടി നിങ്ങൾ ചെറിയ ഒരു കാര്യം ചെയ്താൽ പോലും കർത്താവ് പ്രതിഫലം തരും, സംശയിക്കണ്ട. നിങ്ങളെത്തന്നെ മറന്ന് നിങ്ങൾ ദൈവത്തിന്റെ വേല ചെയ്യുക.

എന്തെല്ലാമെന്തെല്ലാം വേലകളാണുള്ളത്! എല്ലാം സന്തോഷത്തോടെ ചെയ്തുകൊള്ളൂ. ഫലമോ, അനുഗ്രഹത്തിന്റെ പെരുമഴയായിരിക്കും. എല്ലാ ദേശങ്ങളും ജീവജലംകൊണ്ടു നിറയും. അനേകർ ആനന്ദംകൊണ്ട്, സന്തോഷത്തോടെ ജീവനുള്ള ക്രിസ്തുവിനെ ആരാധിച്ചുതുടങ്ങും. പുതിയ ആരാധന! പുതിയ സന്തോഷം! പുതിയ മന്ന! എല്ലാം കർത്താവ് നമുക്കു തരും. കുടുംബം സ്വർഗ്ഗമായി മാറും. കുടുംബത്തിൽ സമാധാനം ലഭിക്കും, സന്തോഷം ലഭിക്കും.

# ഏഴ്

**"അത്തിവൃക്ഷം തളിർക്കയില്ല; മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല; ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായ്പ്പോകും; നിലങ്ങൾ ആഹാരം വിളയിക്കയില്ല; ആട്ടിൻകൂട്ടം തൊഴുത്തിൽനിന്ന് നശിച്ചുപോകും; ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കയില്ല. എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും." ഹബക്കൂക് 3 : 17, 18**

5. കഷ്ടതയിൽ സന്തോഷം.

പരീക്ഷയിൽ തോറ്റു. ജയിക്കുമെന്നാണ് വിചാരിച്ചത്. പക്ഷേ, തോറ്റുപോയി. നിരാശ വരരുത്. ഞാൻ പഠിച്ചു. പ്രതിഫലം തരേണ്ടത് കർത്താവല്ലേ? ചിലപ്പോൾ ഞാൻ വേണ്ടതുപോലെ പഠിച്ചില്ലായിരിക്കും. ഞാൻ പഴയ പാഠങ്ങൾ പഠിച്ചില്ലായിരിക്കും. ചിലപ്പോൾ ഞാൻ പഠിക്കാൻ കഷ്ടപ്പെട്ടുകാണുകയില്ല. പലതും ഓർമ്മയിൽ നില്ക്കുന്നില്ലായിരിക്കും. ഇങ്ങനെ നാം വിനയപ്പെടുക. അല്ലാതെ നിരാശ വരരുത്.

ഒരു വിസായ്ക്ക് വേണ്ടി പരിശ്രമിച്ചു. പല രീതിയിലും നോക്കി. വിസ കിട്ടുന്നില്ല. എല്ലാകാര്യങ്ങളും ക്രമപ്രകാരം ചെയ്തു. കൂടെയുണ്ടായിരുന്ന എല്ലാവർക്കും വിസ കിട്ടി. എല്ലാവരും ജോലിക്കു കയറിക്കഴിഞ്ഞു. എനിക്കുമാത്രം കിട്ടിയില്ല. നിരാശ.

നിങ്ങൾ വിശ്വസിക്കൂ. എല്ലാം കാണുന്ന ദൈവമുണ്ട്. നിങ്ങൾ മനസ്സിലാക്കൂ. നിങ്ങളുടെ വിസയുടെ അപേക്ഷ, പരീ

ക്ഷാപേപ്പർ, നിങ്ങൾ അതിനുവേണ്ടി പഠിച്ചത്, നിങ്ങൾ അതിനുവേണ്ടി അദ്ധ്വാനിച്ചത് എല്ലാം കാണുന്ന ഒരു ദൈവമുണ്ട്. ജീവനുള്ള ദൈവത്തിൽ ആശ്രയിച്ചുകൊണ്ട്, യേശുക്രിസ്തുവിന്റെ തിരുരക്തത്തിൽ ആശ്രയിച്ചുകൊണ്ട്, യേശുക്രിസ്തുവിന്റെ തിരുബലിയിൽ ശരണപ്പെട്ടുകൊണ്ട് നിങ്ങൾ തുടർന്നു പഠിക്കൂ. തീർച്ചയായിട്ടും ദൈവം നിങ്ങൾക്കു ജയം തരും.

ഓരോ തരത്തിലുള്ള കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങളിൽപ്പെട്ട് മനുഷ്യർ വലയുകയാണ്. ആകുലഭാരങ്ങൾ തിങ്ങിവരുന്നു. എങ്ങനെ ഈ കുരുക്കഴിക്കാൻ പറ്റും?

ഒരാൾ പറഞ്ഞു: സാറേ, ഞങ്ങൾക്കുണ്ടായ രണ്ടാമത്തെ കുട്ടിയെ ഗർഭച്ഛിദ്രം നടത്തിക്കളഞ്ഞു. അത് ഇപ്പോൾ തീവ്രമായ വേദനയായിരിക്കുകയാണ്. കാരണം, ഗർഭച്ഛിദ്രം ചെയ്തു കുറച്ചുകഴിഞ്ഞപ്പോൾ മൂത്തകുട്ടിക്ക് അസുഖം വന്ന് മരിച്ചുപോയി. ഇപ്പോൾ ഞങ്ങൾക്ക് പിള്ളേരില്ല. എന്തുചെയ്യണം? കുഴയ്ക്കുന്ന പ്രശ്നമാണ്. ഓരോരുത്തരുടെയും ഉള്ളിൽ തിങ്ങിവിങ്ങുന്ന പ്രശ്നങ്ങളുണ്ട്.

ഞാൻ പറയട്ടെ, എല്ലാ പ്രശ്നത്തിനും എന്റെ യേശുവിന്റെ അടുക്കൽ പരിഹാരമുണ്ട്. ഈ കുരുക്കൊന്നും നിങ്ങൾ അഴിക്കാൻ നോക്കിയാൽ അഴിയില്ല. പക്ഷേ, അഴിക്കാൻ കഴിവുള്ള ഒരാളുണ്ട്. ഏതെല്ലാം കുരുക്കിൽപ്പെട്ട് നട്ടം തിരിഞ്ഞാലും അതെല്ലാം അഴിച്ചുമാറ്റി നിങ്ങൾക്ക് സ്വാതന്ത്ര്യം തന്ന് സമാധാനത്തിലാക്കാൻ യേശുക്രിസ്തുവുണ്ട്. ഏതു കൊടിയ പ്രശ്നമാണെങ്കിലും പരിഹാരം തരാൻ യേശുക്രിസ്തുവുണ്ട്. ഇന്നവിധത്തിൽ ചെയ്യൂ എന്ന് പറഞ്ഞുതരാൻ ഭൂമിയിൽ ആർക്കും കഴിഞ്ഞു എന്നു വരികയില്ല. പക്ഷേ, യേശുക്രിസ്തുവിന് കഴിയും!

ജീവിതത്തിലെ കുരുക്കഴിച്ച് മുന്നോട്ടുപോകാൻ ശ്രമിക്കുകയാണെങ്കിൽ നിങ്ങളുടെ ജീവിതം ഭാസുരമായിത്തീരും.

പ്രകാശമേതുരമായിത്തീരും. പ്രസന്നമായിത്തീരും.

പ്രേമിച്ചു വിവാഹം കഴിച്ചു. ഒരു കുഞ്ഞുണ്ടായി. പക്ഷേ, പെൺകുട്ടിയുടെ ആളുകൾ അത് അംഗീകരിച്ചില്ല. അവസാനം അവൾ കുട്ടിയേയുംകൊണ്ട് വീട്ടിൽപ്പോയി. ഇപ്പോൾ അവളെ കാണാൻ പറ്റുന്നില്ല, കുഞ്ഞിനെയും കാണാൻ പറ്റുന്നില്ല. അവൻ വെപ്രാളത്തിലായി. കർത്താവേ, അബദ്ധം പറ്റിപ്പോയി എന്നു പറഞ്ഞ് നിലവിളിച്ചുനോക്കി. കർത്താവ് കേൾക്കുന്നില്ല.

എന്റെ കുഞ്ഞിനെക്കാണാൻ എനിക്കു പറ്റുന്നില്ല. അവ ളുടെ ആളുകളുടെ അനുവാദം കൂടാതെയാണ് കല്യാണം കഴി ച്ചത്. അവിടെയെല്ലാം തെറ്റുകൾ പറ്റിയെന്ന് എനിക്കു മനസ്സി ലായി. ഞാൻ എങ്ങിനെ ഇതിൽനിന്നു രക്ഷനേടും? സമാ ധാനമില്ല, മനസ്സിന് സ്വസ്ഥതയില്ല. ഉറങ്ങാൻ പറ്റുന്നില്ല. ഞാൻ പറഞ്ഞു: ഈ പ്രശ്നത്തിനും പരിഹാരമുണ്ട്. പരിഹാരം യേശുക്രിസ്തുവിന്റെ കൈയിലാണ്.

നിങ്ങൾ അനേകംപേർ കുരുക്കിൽപ്പെട്ട് കഴിയുന്നവരാണ്. ഊരാക്കുരുക്കിൽപ്പെട്ട് വലയുന്നവരാണ്. എല്ലാ കുരുക്കും അഴിച്ചുതരാൻ യേശുക്രിസ്തുവിന്റെ തൃക്കരം നിങ്ങളെ തൊട്ടാൽ മാത്രം മതി. യേശുക്രിസ്തുവിന്റെ ജയമുള്ള സ്ലീബാ നിങ്ങളുടെ പ്രശ്നത്തിന്മേൽ വച്ചാൽ മാത്രം മതി. എല്ലാം അഴി ഞ്ഞുപോകും.

ക്രിസ്തു നിങ്ങളുടെ ഹൃദയത്തിലേക്ക് വന്ന് ക്രിസ്തു വിനായി നിങ്ങളുടെ ഹൃദയം തുറന്ന് കഴിഞ്ഞകാലത്തിൽ വന്നുപോയ പാപങ്ങളെല്ലാം ഏറ്റുപറഞ്ഞുപേക്ഷിച്ച് മേലിൽ മന സ്സറിഞ്ഞ് ഒരു പാപം ചെയ്യുകയില്ലെന്ന് തീരുമാനിച്ച് കർത്താ വിന്റെ കരങ്ങളിലേക്ക് നിങ്ങളുടെ ജീവിതം കൊടുക്കുന്നുവെ ങ്കിൽ എല്ലാ കുരുക്കും കർത്താവഴിച്ചു തരും. എല്ലാ പ്രതിസ ന്ധിയും കർത്താവ് മാറ്റിത്തരും. എല്ലാ തിന്മയും കർത്താവ് മാറ്റിത്തരും.

ഇന്ന് നിങ്ങൾക്ക് തീരുമാനമെടുക്കാം. കർത്താവേ, കുരുക്കുകൾ അഴിഞ്ഞില്ലെങ്കിൽ എനിക്ക് സന്തോഷമുണ്ടാവുകയില്ല. കുരുക്കുകൾ അഴിച്ചു തരണമേ. കുരുക്കുകൾ അഴിയുന്ന സന്തോഷം, എന്റെ ജീവിതത്തിലെ പ്രതിസന്ധികൾ മാറുന്ന സന്തോഷം, യാതനകൾ മാറുന്ന സന്തോഷം എനിക്ക് തരണമേ. കർത്താവിന്റെ കരങ്ങളിലേക്ക് നിങ്ങളെ വിട്ടുകൊടുക്കൂ.

മടികൂടാതെ, അല്പംപോലും വൈമനസ്യമില്ലാതെ യേശുവിന്റെ കരങ്ങളിലേക്ക് നിങ്ങളെത്തന്നെ കൊടുക്കുമ്പോൾ ക്രിസ്തുവിന്റെ കരം നിങ്ങളെ തലോടുകയും നിങ്ങളുടെ കുരുക്ക് കർത്താവ് അഴിച്ചു തരികയും ചെയ്യും.

കഷ്ടതയിൽ സന്തോഷം!

ഹബക്കൂക് പ്രവാചകൻ ദുരിതങ്ങളുടെ പ്രവാചകനാണ്. ഒട്ടേറെ ദുരിതങ്ങൾ! അടിക്കടി ആപത്തുകൾ! പ്രവാചകൻ നോക്കി, ജീവിക്കാൻ വല്ല മാർഗ്ഗവുമുണ്ടോ? ജീവിക്കാൻ മാർഗ്ഗമൊന്നുമില്ല.

എന്നാൽ കുറേ അത്തിപ്പഴം വിറ്റ് ജീവിക്കാം. അല്പം പറമ്പുള്ളതിൽ അത്തിവൃക്ഷം തളിർക്കയില്ല. മറ്റുള്ളവരുടെ പറമ്പിലെല്ലാം അത്തിക്കായ്കൾ വിളഞ്ഞ് നല്ല വില്പനച്ചരക്കായി നില്ക്കുന്നു. പ്രവാചകന്റെ പറമ്പിൽ മാത്രം അത്തിവൃക്ഷം തളിർക്കുന്നതുപോലുമില്ല. എന്തുചെയ്യും?

എന്നാൽ അത്തിയുടെ ജോലി വിട്ടിട്ട് കുറെ മുന്തിരി വള്ളി കൃഷി ചെയ്യാം. മുന്തിരി തഴച്ചുവളർന്നു, മനോഹരമായി പടർന്നു പന്തലിച്ചു. പക്ഷേ, മുന്തിരിവള്ളിയിൽ മുന്തിരിങ്ങ ഉണ്ടാകുന്നില്ല. എന്തുകൊണ്ട്? അറിഞ്ഞുകൂടാ. മറ്റുള്ളവർക്കെല്ലാം മുന്തിരിങ്ങ ഉണ്ടാകുന്നുണ്ട്.

എന്നാൽ കുറേ ഒലിവ് മരം കൃഷി ചെയ്യാം. ഒലിവെണ്ണ വിറ്റു ജീവിക്കാം. ജീവിക്കണമല്ലോ. എന്തെങ്കിലും ഉപജീവനത്തിന് മാർഗ്ഗം വേണമല്ലോ. പ്രയത്നിച്ചു, കഷ്ടപ്പെട്ടു, അദ്ധ്വാ

നിച്ചു. പക്ഷേ, ഫലമുണ്ടായില്ല. എന്തുപറ്റി എന്നറിയില്ല, ഒലിവു മരത്തിന്റെ പ്രയത്നം നിഷ്ഫലമായിപ്പോയി.

എന്നാൽ കുറച്ചു ഗോതമ്പോ നെല്ലോ കൃഷി ചെയ്തു നോക്കാം. എല്ലാ കണ്ടങ്ങളിലും നല്ലപോലെ വിളഞ്ഞുകിട ക്കുന്നു. പക്ഷേ, ഈ കണ്ടത്തിൽമാത്രം ആഹാരം വിളയുന്നില്ല. കതിരുണ്ടാകും പക്ഷേ, എല്ലാം പതിരായിപ്പോകുന്നു.

കുറേ ആടുകളെ വളർത്താം. പക്ഷേ, ആട്ടിൻകൂട്ടം തൊഴുത്തിൽനിന്ന് കൂട്ടത്തോടെ നശിക്കുന്നു. കുറെ പശുക്കളെ വളർത്തിയാലോ? ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കു കയില്ല.

ഇങ്ങനെ തൊട്ടതെല്ലാം അപകടമായിട്ടുള്ളവരാരെങ്കിലു മുണ്ടോ? ഉപജീവനത്തിന് മാർഗ്ഗം നോക്കിയിട്ട് ഒരിടത്തും ജയം കിട്ടാതെ വിഷമിക്കുന്നവരാരെങ്കിലുമുണ്ടോ? മുന്നോട്ട് ഗതി കിട്ടാതെ വിഷമിക്കുന്നവരാരെങ്കിലുമുണ്ടോ? സമാധാന ത്തിന് മാർഗ്ഗം കിട്ടാതെ വലയുന്നവരാരെങ്കിലുമുണ്ടോ? ഏതു വഴിപോയാലും രക്ഷയില്ല എന്നുള്ളരീതിയിൽ മനസ്സു മടുത്തി രിക്കുന്നവരാരെങ്കിലുമുണ്ടോ? ഏതെല്ലാം വിധത്തിൽ പരിശ്ര മിച്ചാലും ഈ കടം മാറുന്നില്ലല്ലോ എന്നോർത്ത് വിഷമിച്ചിരി ക്കുന്നവരാരെങ്കിലുമുണ്ടോ? എങ്ങനെ അദ്ധ്വാനിച്ചാലും ഒന്നും ഫലം കിട്ടുന്നില്ല. ഫലപ്രാപ്തിയിലാകുന്നില്ല. ഞാൻ എന്തുചെയ്യും? അങ്ങനെ വലയുന്നവരാരെങ്കിലുമുണ്ടോ? ഉണ്ട്, ഹബക്കൂക് പ്രവാചകനുണ്ട്.

ഇങ്ങനെയൊക്കെയാണെങ്കിലും-തൊട്ടത് തൊട്ടതെല്ലാം അപകടമാണ്, ചെന്നു ചേരുന്നേടത്തെല്ലാം ദോഷമാണ്, ഏതു കാര്യത്തിൽ ഇടപെട്ടാലും എനിക്ക് നഷ്ടമാണ് - പ്രവാചകൻ പറയുകയാണ്:

“എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും.” (ഹബ ക്കൂക്ക് 3 : 18)

എനിക്ക് ഒരു വീണ്ടെടുപ്പുകാരനുണ്ട്. എനിക്ക് ഒരപ്പനുണ്ട്. എനിക്കൊരു ഉടയവനുണ്ട്. എനിക്കൊരു രക്ഷകർത്താവുണ്ട്. എനിക്കൊരു നാഥനുണ്ട്. എനിക്കൊരു നായകനുണ്ട്. എനിക്കൊരു നേതാവുണ്ട്. എനിക്കൊരു ഗുരുനാഥനുണ്ട്. എനിക്ക് അഭ്യുദയകാംക്ഷിയായ ഒരുവനുണ്ട്. എന്റെ നന്മമാത്രം ആഗ്രഹിക്കുന്ന ഒരാളുണ്ട്. ജീവനുള്ള ദൈവം!

ഉറക്കത്തിലും ഉണർവ്വിലും അവൻ നിന്നെ കാക്കും. മകനേ, നീ ഒരിക്കലും തളർന്നുപോകരുത്. നിരാശപ്പെട്ടുപോകരുത്. അനേകരുടെ മുഖം കുനിഞ്ഞിരിക്കുന്നു. നിരാശപ്പെട്ടിരിക്കുകയാണ്. പ്രിയപ്പെട്ടവരേ, നിരാശപ്പെടണ്ട. നിന്റെ പ്രശ്നം കാണാൻ ഒരാളുണ്ട്. നിന്റെ ആവശ്യങ്ങൾ ഓടിച്ചെന്ന് പറയാൻ, നിന്റെ കഷ്ടപ്പാടിന്റെ കാര്യങ്ങളെല്ലാം വിവരിച്ചു പറയുമ്പോൾ എല്ലാം കേൾക്കാൻ തയ്യാറായി യേശുവുണ്ട്.

ഇപ്പോൾ യേശു നിങ്ങളുടെ അരികത്തു നിന്നുകൊണ്ട് നിറകണ്ണുകളോടെ നിങ്ങളെത്തന്നെ നോക്കിക്കൊണ്ട് നില്ക്കുന്നത് മനസ്സിലാകുന്നുണ്ടോ? നിങ്ങൾ യേശുവിനെ കാണുന്നില്ലല്ലോ എന്നാണ് കർത്താവിന്റെ സങ്കടം. ഈ സാഹചര്യങ്ങളിലെല്ലാം സന്തോഷം തരാൻ കഴിവുള്ള യേശുവിനെ നിങ്ങൾ കണ്ടാൽ മാത്രം മതി, വേറൊന്നും വേണ്ട. എല്ലാം നിങ്ങൾക്ക് ലഭിക്കും.

പഴയനിയമത്തിൽ ഒരു സംഭവമുണ്ട്. എലീശാപ്രവാചകന്റെ ഒരു ശിഷ്യൻ മരിച്ചുപോയി. പ്രവാചകശിഷ്യന്റെ ഭാര്യ - രണ്ടു മക്കളുണ്ട് - മക്കളേയും കൂട്ടിക്കൊണ്ട് പ്രവാചകന്റെ അടുക്കൽ വന്നു, പ്രവാചകനോട് കൈകൂപ്പിക്കൊണ്ട് പറഞ്ഞു: ദൈവപുരുഷനേ, ഞാൻ സങ്കടത്തോടെ പറയുകയാണ്; നിന്റെ ശിഷ്യനായിരുന്ന എന്റെ ഭർത്താവ് മരിച്ചുപോയി. ഇപ്പോൾ ഞങ്ങൾ മൂന്നുപേർ അനാഥരാണ്. ഞങ്ങൾക്കു കുറച്ചു കടമുണ്ട്. കടം വീട്ടാൻ മാർഗ്ഗമില്ല. കടം വീട്ടിയില്ലെങ്കിൽ ഈ മക്കളെ രണ്ടുപേരേയും അടിമകളായി പിടിച്ചുകൊണ്ടുപോകും, ഞാൻ പിന്നെ ഒറ്റയ്ക്കായിപ്പോകും. യജമാനനേ, ഞാൻ എന്താണ്

ചെയ്യേണ്ടത്?

"നിന്റെ ദാസനായ എന്റെ ഭർത്താവ് മരിച്ചുപോയി." (2 രാജാക്കന്മാർ 4 : 1)

ആ വാക്കു കേട്ടപ്പോൾത്തന്നെ പ്രവാചകന്റെ ഉള്ളം ഇടറി, മനസ്സിൽ വിഷമം. പ്രവാചകൻ അല്പനേരം ചിന്തിച്ചു കൊണ്ടിരുന്നു. എന്നിട്ടു ചോദിച്ചു: "വീട്ടിൽ എന്താണുള്ളത്?" (2 രാജാക്കന്മാർ 4 : 2).

"യജമാനനേ, ഇതു ക്ഷാമകാലമല്ലേ? കാര്യമായിട്ടൊന്നുമില്ല. പിന്നെ, അല്പം എണ്ണയുണ്ട്." പ്രവാചകൻ അവളെ സൗമ്യതയോടെ നോക്കി. എന്നിട്ടു പറഞ്ഞു: "നീയും നിന്റെ മക്കളുംകൂടിച്ചെന്ന് അടുത്തുള്ള വീടുകളിലെല്ലാമുള്ള ഭരണികൾ വായ്പ വാങ്ങുക. എല്ലാ ഭരണിയും നിങ്ങളുടെ മുറിയിൽ നിരത്തിവയ്ക്കുക. അല്പം എണ്ണയുള്ളത് ഒരു ഭരണിയിലേക്ക് ഒഴിക്കുക. ആ ഭരണി നിറഞ്ഞുകവിയുമ്പോൾ അടുത്ത ഭരണിയിലേക്ക് ഒഴിക്കുക. അങ്ങനെ കിട്ടുന്ന ഭരണിയിലെല്ലാം എണ്ണ നിറയ്ക്കുക."

അവൾക്ക് ആദ്യം ഒന്നും മനസ്സിലായില്ല. ഈ അല്പം എണ്ണ നിറച്ചാൽ എന്തു കിട്ടാനാണ്? അല്പം എണ്ണകൊണ്ട് ഒരു പാത്രം നിറയുകയില്ല. വേണമെങ്കിൽ സംശയിക്കാം. പക്ഷേ, അവൾ വിശ്വാസിയായിരുന്നു. പ്രവാചകൻ പറഞ്ഞത് ജീവനുള്ള ദൈവത്തിന്റെ വചനമാണെന്ന് അറിയാമായിരുന്നു. അതുകൊണ്ട് ഒട്ടും സംശയിച്ചില്ല, അവളും പിള്ളേരുംകൂടി പോയി അടുത്ത വീടുകളിലെല്ലാം ചെന്ന് പാത്രങ്ങൾ വായ്പ വാങ്ങി.

ആ സ്ത്രീ വാതിലെല്ലാം അടച്ചു. വേറാരുമില്ല. മഹത്വമേറിയ ശുശ്രൂഷ നടക്കാൻ പോവുകയല്ലേ? അവൾ അവളുടെ പാത്രത്തിലുള്ള എണ്ണ എടുത്ത് വായ്പ വാങ്ങിച്ചുകൊണ്ടുവന്ന പാത്രത്തിലേക്ക് ഒഴിക്കുകയാണ്. ഒഴിച്ചതൊഴിച്ചത് ഒരു മകൻ മാറ്റി വയ്ക്കുന്നു. അടുത്ത മകൻ പുതിയ പാത്രം എടുത്തുവ

യ്ക്കുന്നു. അവൾ എണ്ണ ഒഴിച്ചുകൊണ്ടേയിരിക്കുന്നു. ഭരണിയിലെല്ലാം എണ്ണ നിറഞ്ഞു. എണ്ണനിറഞ്ഞപ്പോൾ അവൾ ചോദിച്ചു. പാത്രം എവിടെ? ഇനി പാത്രം ഇല്ല. എല്ലാ പാത്രങ്ങളിലും നിറഞ്ഞു. എണ്ണയുടെ പ്രവാഹം നിലച്ചു. പാത്രം ഉണ്ടായിരുന്നെങ്കിൽ കുറേക്കൂടി ഒഴിക്കാമായിരുന്നു.

**"പ്രവാചകശിഷ്യന്മാരുടെ ഭാര്യമാരിൽ ഒരുത്തി എലീശയോട് നിലവിളിച്ചു: നിന്റെ ദാസനായ എന്റെ ഭർത്താവ് മരിച്ചുപോയി; നിന്റെ ദാസൻ യഹോവാഭക്തനായിരുന്നു എന്നു നിനക്കറിയാമല്ലോ; ഇപ്പോൾ കടക്കാരൻ എന്റെ രണ്ടു മക്കളെ പിടിച്ച് അടിമകളാക്കുവാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു. എലീശ അവളോട്: ഞാൻ നിനക്കുവേണ്ടി എന്തു ചെയ്യേണം? പറക; വീട്ടിൽ നിനക്ക് എന്തുള്ളൂ എന്ന് ചോദിച്ചു. ഒരു ഭരണി എണ്ണയല്ലാതെ അടിയന്റെ വീട്ടിൽ മറ്റൊന്നും ഇല്ല എന്ന് അവൾ പറഞ്ഞു. അതിന് അവൻ: നീ ചെന്ന് നിന്റെ അയൽക്കാരോടൊക്കയും വെറും പാത്രങ്ങൾ വായ്പ വാങ്ങുക; പാത്രങ്ങൾ കുറവായിരിക്കരുത്. പിന്നെ നീയും നിന്റെ മക്കളും അകത്തു കയറി വാതിലടച്ച് പാത്രങ്ങളിലൊക്കെയും പകർന്ന്, നിറഞ്ഞത് നിറഞ്ഞത് ഒരു ഭാഗത്ത് മാറ്റി വയ്ക്കുക എന്നു പറഞ്ഞു. അവൾ അവനെ വിട്ടുചെന്നു തന്റെ മക്കളോടുകൂടെ അകത്തു കടന്നു വാതിൽ അടച്ചു; അവർ അവളുടെ അടുക്കൽ പാത്രങ്ങളെ വെച്ചുകൊടുക്കുകയും അവൾ പകരുകയും ചെയ്തു. പാത്രങ്ങൾ നിറഞ്ഞ ശേഷം അവൾ തന്റെ മകനോട്: ഇനിയും പാത്രം കൊണ്ടുവരിക എന്നു പറഞ്ഞു. അവൻ അവളോട്: പാത്രം ഒന്നും ഇല്ല എന്നു പറഞ്ഞു. അപ്പോൾ എണ്ണ നിന്നുപോയി. അവൾ ചെന്ന് ദൈവപുരുഷനോട് വസ്തുത അറിയിച്ചു. നീ പോയി എണ്ണ വിറ്റു കടം വീട്ടി ശേഷിപ്പുകൊണ്ട് നീയും മക്കളും ഉപജീവനം കഴിച്ചുകൊൾക എന്നു പറഞ്ഞു."**

**2 രാജാക്കന്മാർ 4 : 1 – 7**

പരിഹാരമുണ്ട്, ഉറപ്പാണ്. നിനക്കെന്തുണ്ട്? "കർത്താവേ നിലനിൽക്കുന്നതൊന്നും എന്റെ കൈവശമില്ല. അവിടുന്ന് പ്രസാദിക്കുന്നതൊന്നുമില്ല. കുറെയേറെ പാപങ്ങൾ മാത്രം. പഴയകാല ജീവിതത്തിൽ അഹങ്കാരവും സ്വയവും സ്വയമഹത്വവും അഴുക്കുചിന്തകളും എല്ലാമുള്ള ഒരാളത്വം മാത്രം."

നിങ്ങൾക്കുള്ളത് ഓടിനടന്നു പകർന്നുകൊള്ളുക. നിങ്ങൾക്ക് പരിശുദ്ധാത്മാവിന്റെ കൃപയുടെ ഒരംശം കിട്ടിയിട്ടുണ്ടോ? പരിശുദ്ധാത്മാവിന്റെ വചനത്തിന്റെ ശക്തി ഒരല്പം കിട്ടിയിട്ടുണ്ടോ? അത് ഓടി നടന്ന് വിതരണം ചെയ്തുകൊള്ളുക. പാത്രം നിറഞ്ഞു നിറഞ്ഞു വരും. എണ്ണ വിറ്റ് ഉപജീവനം കഴിച്ചു കൊള്ളുക. കടം വീട്ടിക്കൊള്ളുക. നിങ്ങൾ ഒന്നേയൊന്നു മാത്രം ചെയ്താൽ മതി, ഉള്ളത് യേശുവിന്റെ കൈകളിലേക്ക് കൊടുക്കുക. കർത്താവേ, ഈ ചെറിയ ഒരായുസ്സ്, എത്ര ദിവസം എന്നറിഞ്ഞുകൂടാ, നിന്റെ കൈകളിലേക്ക് തരുന്നു.

അങ്ങനെ കൊടുക്കുമ്പോഴാണ് എണ്ണ നിറഞ്ഞു നിറഞ്ഞു വന്നുകൊണ്ടിരിക്കുന്നത്. പരിശുദ്ധാത്മാവ് നിറഞ്ഞു നിറഞ്ഞു വന്നുകൊണ്ടിരിക്കും. പരിശുദ്ധാത്മാവിനെ പകരാൻ സാധിക്കും. പരിശുദ്ധാത്മാവിനെ വ്യാപാരം ചെയ്യാൻ സാധിക്കും. പരിശുദ്ധാത്മാവിനെ വ്യാപാരം ചെയ്ത് നിങ്ങളുടെ കടം വീട്ടാൻ പറ്റും.

പരിശുദ്ധാത്മാവ്, ആ അപ്രമേയശക്തി, അപരിമേയ ശക്തിയുടെ ധന്യതയാർന്ന സ്വർഗ്ഗീയരാജാധിരാജന്റെ ആത്മാവ്, നിത്യനായ ദൈവത്തിന്റെ അരൂപിയായ ആത്മാവ്, ഈ പരിശുദ്ധാത്മാവിനെ കിട്ടുമ്പോൾ നിങ്ങൾ അത്ഭുതപ്പെടും. കർത്താവേ, എനിക്കിത് അർഹതയില്ലാത്തതാണല്ലോ. ഈ നിധി ഞാൻ കണ്ടിട്ടില്ലല്ലോ. ഈ നിധി എനിക്ക് പരിചയമില്ലാത്തതാണല്ലോ; ഇത് മൺപാത്രത്തിലാണല്ലോ നീ നിക്ഷേപിച്ചത്. അത്യന്തശക്തിയായ പരിശുദ്ധാത്മാവിനെ ഈ മൺപാത്രങ്ങളിലേക്ക് പകരാൻ നിനക്ക് തിരുമനസ്സായല്ലോ.

വിശ്വസിക്കൂ, നിങ്ങളുടെ മേൽ പരിശുദ്ധാത്മാവിനെ പക രാൻ കർത്താവ് തയ്യാറാണ്. നിങ്ങളുടെ മേൽ എണ്ണ പകർന്ന് നിങ്ങൾക്ക് അനുഗ്രഹം തരാൻ കർത്താവ് തയ്യാറാണ്. നിങ്ങ ളുടെ എല്ലാ കടങ്ങളും പാപങ്ങളും ക്ഷമിക്കാൻ കർത്താവ് തയ്യാറാണ്. നിങ്ങൾ വലയുന്നത് കർത്താവ് വാത്സല്യത്തോടെ, സഹാനുഭൂതിയോടെ കാണുന്നുണ്ട്. സഹതാപത്തോടെ കാണുന്നുണ്ട്. ദൈവം നിങ്ങളോട് ദേഷ്യപ്പെടുകയല്ല, നിങ്ങളെ സ്നേഹിക്കുകയാണ്.

അദ്ധ്വാനഭാരം കൊണ്ടു വലയുന്നവരായ അനേകരുണ്ട്. ഞാൻ ശരീരംകൊണ്ട് അദ്ധ്വാനിച്ചിട്ടില്ല. പക്ഷേ, മനസ്സിൽ വലിയ അദ്ധ്വാനമായിരുന്നു. ഭാരം ചുമന്ന ഒരു മനുഷ്യനായി രുന്നു ഞാൻ. ജീവിതത്തിൽ സന്തോഷമില്ല, സമാധാനമില്ല. എല്ലാം വരണ്ടുണങ്ങിപ്പോയി. അപ്പൻ പോയതോടുകൂടി എല്ലാം പോയി. പിറ്റേയാണ്ട് ചേട്ടനും പോയി. സ്വത്ത് പോയി. കുറേ കണ്ടങ്ങളൊക്കെ വില്ക്കാൻ ഇടയായി. കുറെ കശുവണ്ടിയുണ്ട്, പിന്നെ കുരുമുളകുമുണ്ട്. ഇതേയുള്ളൂ വരുമാനം.

കോളേജിൽ എനിക്ക് ജോലിയുണ്ട്. സ്കൂളിൽ ആലീസിന് ജോലിയുണ്ട്. പക്ഷേ, എന്നുമെന്നും കടംവാങ്ങിയാണ് കാര്യ ങ്ങൾ നിർവ്വഹിച്ചിരുന്നത്. വാസ്തവത്തിൽ ജീവിതത്തിൽ മനംമടുത്ത ഒരു മനുഷ്യനാണ് ഞാൻ. നിരാശപൂണ്ട മനുഷ്യ നാണ് ഞാൻ. തനിയെ ഇരുന്ന് ഏങ്ങലടിച്ച് എനിക്ക് ആരുമി ല്ലല്ലോ എന്നോർത്ത് കരഞ്ഞിട്ടുണ്ട്. പക്ഷേ, യേശു എന്റെ അരികിലേക്ക് വന്നു. ഈ കുരുക്കുകളിൽപ്പെട്ടുഴലുന്ന സാധുമ നുഷ്യന്റെ അരികിലേക്ക് യേശു എഴുന്നള്ളിവന്നു.

ആ യേശു നിങ്ങളുടെ അടുക്കലേക്ക് വരികയാണ്. വർഷങ്ങൾക്കുമുമ്പ് എന്റെ അരികിലേക്ക് വന്ന് എന്റെ തല മേൽ വച്ചകരം നിങ്ങളുടെ തലമേൽ വയ്ക്കുവാൻ അവനി പ്പോൾ നീട്ടുകയാണ്. നിങ്ങൾക്കുവേണമെങ്കിൽ യേശുവിനെ സ്വീകരിക്കാം. യേശുവിന്റെ കരങ്ങളിലേക്ക് നിങ്ങളെ കൊടു

ക്കാം. അവനോട് നിങ്ങൾക്ക് വാക്കു പറയാം: കർത്താവേ, എന്റെ ജീവിതത്തിലെ കുരുക്കുകളെല്ലാം അഴിച്ച് എന്റെ കഷ്ട തകളെല്ലാം മാറ്റി എനിക്ക് സമാധാനം തരണമേ.

കഷ്ടതയിലും സന്തോഷം! ദുരിതങ്ങളിലും സന്തോഷം! ആപത്തുകളിലും സന്തോഷം! ഹൃദയത്തിൽ ആനന്ദം ലഭിക്കു കയാണ്. എന്തൊരു ഭാഗ്യം! ഹൃദയത്തിൽ സമാധാനം, സന്തോഷം ലഭിക്കുന്നു. കാരണം, യേശു എനിക്കുണ്ട്, എനിക്ക് ഒരു ഉടമസ്ഥനുണ്ട് എന്നുള്ള സന്തോഷം. എനിക്ക് ഒരു രക്ഷകർത്താവുണ്ട് എന്നുള്ള സന്തോഷം. എനിക്ക് അപ്പ നുണ്ട് എന്നുള്ള സന്തോഷം.

നിങ്ങൾ യേശുവിനെ മറന്നുപോകരുത്. നാം ഭൂമിയിൽ നിന്ന് മാറ്റപ്പെടും. എന്നാൽ യേശു മാറ്റപ്പെടുകയില്ല. ദൈവം നിശ്ചയിക്കുന്ന സമയത്ത് ഞാനും മാറിപ്പോകും. പക്ഷേ, യേശു മാറുകയില്ല. യേശുവിനെ മറക്കരുത്. യേശുവിനോടു കൂടെ നിങ്ങൾ മുന്നോട്ടു പോകണം. യേശുവിനെ പിൻപറ്റണം. യേശുവിന്റെ ഭാവം പൂണ്ട് നിങ്ങൾ ജീവിക്കണം. കഷ്ടതകൾ വരുമ്പോൾ നിരാശപ്പെടരുത്. ഒന്നിലും ജയം കിട്ടാതെ വിഷമി ക്കുമ്പോൾ നിരാശപ്പെടരുത്.

കർത്താവിന്റെ കരങ്ങളിലേക്ക് നിങ്ങളെ കൊടുത്തുകൊ ണ്ടിരിക്കുക. കർത്താവ് വിജയം തരും. നിങ്ങളെ അനുഗ്രഹിക്കും. അവനുവേണ്ടി ഹൃദയം ചായ്ച്ചുകൊടുത്താൽ അവൻ നിങ്ങ ളുടെ കാര്യം ഏറ്റെടുക്കും. നിങ്ങളുടെ വിദ്യാഭ്യാസം, നിങ്ങ ളുടെ ജോലി, കുടുംബത്തിന്റെ പ്രാരബ്ധങ്ങൾ എല്ലാം അവ നേറ്റെടുക്കും.

ശരീരത്തിലെ രോഗങ്ങളുടെ കാര്യം അവനേറ്റെടുക്കും. കടഭാരം ഏറ്റെടുക്കും. എല്ലാം ഏറ്റെടുക്കുന്ന നല്ലവനായ യേശുവിനെ നിങ്ങൾ പിൻപറ്റുക. അവനാണ് നിങ്ങളുടെ നാഥൻ! അവനാണ് നിങ്ങളുടെ രക്ഷകൻ! അവൻ തന്റെ രക്തം

നിങ്ങൾക്കുവേണ്ടി ചിന്തിയിരിക്കുകയാണ്.

അവന്റെ തിരുവിലാവ് തുറന്നിരിക്കുകയാണ്. ഗോഗുൽത്തായിൽ തിരുമാർവ്വു തുറന്ന ഉത്തമനായ മശിഹാതമ്പുരാന്റെ തിരുവിലാവിൽ നിന്നൊഴുകിയ രക്തത്താലും വെള്ളത്താലും നിങ്ങളുടെ പാപങ്ങൾ കഴുകുകയാണ്. അത് നിങ്ങൾ അനുഭവിക്കുക. വിശ്വസിക്കുക. യേശുവിനെ സ്വീകരിക്കുക. യേശുവിനോടൊത്ത് ജീവിക്കുക. യേശുവിന്റെ കരങ്ങളിലേക്ക് നിങ്ങളെ ഏല്പിക്കുക. യേശുവിനോട് വാക്കുപറയുക.

എന്റെ യേശുവേ, ഈ നിമിഷംമുതൽ ഞാൻ നിന്റെ സ്വന്തം. എന്റെ യേശുവേ, ഈ നിമിഷംമുതൽ കഷ്ടതയിൽ പതറാതെ നിന്റെ മുഖത്തേക്ക് നോക്കിക്കൊണ്ട് പ്രത്യാശയോടെ ഞാൻ ജീവിക്കും. നിരാശ മാറ്റുന്ന യേശുവേ, എന്റെ ജീവിതത്തിലേക്ക് പ്രത്യാശ പകരണമേ.

# എട്ട്

അപ്പൊസ്തലനായ പൗലോസ് തെസ്സലോനിക്യർക്ക് ലേഖനം എഴുതുമ്പോൾ വളരെ ആർദ്രതയോടെയാണ് എഴുതുന്നത്. ഒരുപാട് കഷ്ടപ്പാട് സഹിച്ച സഭയാണ് തെസ്സലോനിക്യ സഭ. മനുഷ്യരിൽ നിന്നുള്ള അധിക്ഷേപങ്ങൾ, പരിഹാസങ്ങൾ, നിന്ദനങ്ങൾ, കുറ്റപ്പെടുത്തലുകൾ, പല ഭൗതിക ആവശ്യങ്ങൾപോലും നടത്തിക്കൊടുക്കാത്ത സാഹചര്യങ്ങൾ, ഇങ്ങനെ വലഞ്ഞുപോയ ഒരു സഭയാണ് തെസ്സലോനിക്യസഭ. പക്ഷേ, ആ സഭയോട് കർത്താവ് പറയുന്നത്:

**"എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ്വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം."**

**1 തെസ്സലോനിക്യർ 5 : 16 – 18**

ഈ ദുരിതപൂരിതമായ ജീവിതത്തിൽ നിങ്ങൾ എപ്പോഴും സന്തോഷിപ്പിൻ. വീട്ടിൽതന്നെ ഒറ്റപ്പെട്ട അനുഭവത്തിൽ കഴിയുന്ന ആളുകളുണ്ട്. മാതാപിതാക്കൾക്ക് വിലയില്ല. ഭർത്താവിന് വിലയില്ല. ആരും ഗൗനിക്കുന്നില്ല. വേണ്ടതു പോലെ കരുതാൻ ആരുമില്ല. പക്ഷേ, കർത്താവ് പറയുന്നു: "എപ്പോഴും സന്തോഷിപ്പിൻ."

നിങ്ങളുടെ മുഖം വാടിയിരിക്കരുത്, പ്രസന്നമായിരിക്കണം. ദൈവം നിങ്ങൾക്ക് പ്രസന്നത തരും. പ്രതിസന്ധികളുടെയും പ്രശ്നങ്ങളുടെയും നടുവിൽ പൂർണ്ണസന്തോഷത്തോടെ

കർത്താവിനെ പിൻചെല്ലാനുള്ള കൃപ നിങ്ങൾക്ക് കർത്താവ് തരും.

ജീവിതത്തിൽ ദൈവസ്നേഹം കിട്ടുമ്പോഴാണ് സന്തോഷം കിട്ടുന്നത്. യേശുക്രിസ്തുവിന്റെ സ്നേഹം! സ്നേഹമായ യേശുവിനെ കണ്ടെത്തുമ്പോൾ നമുക്ക് സന്തോഷം കിട്ടും. യേശുക്രിസ്തു ഉള്ളത്തിൽ വസിക്കുമ്പോൾ സന്തോഷം കിട്ടും.

ഇന്നുള്ള ദയനീയമായ അവസ്ഥ, യേശുക്രിസ്തു പലരുടെയും ഉള്ളത്തിൽ വസിക്കുന്നില്ല എന്നുള്ളതാണ്.

യേശുക്രിസ്തു ഉള്ളത്തിലുണ്ട് എന്ന് എങ്ങനെ അറിയും? അതിന് ആരുടെയും അഭിപ്രായം ചോദിക്കണ്ട. ഇതിനുമുമ്പ് ബാധിച്ചിരുന്ന പാപത്തിന്റെ ചോദനകൾ, താല്പര്യങ്ങൾ എന്നെ അലട്ടുന്നുണ്ടോ? അതുനോക്കിയാൽ മതി. പാപത്തിന്റെ പ്രേരണകൾ അലട്ടുന്നുണ്ടെങ്കിൽ, പാപത്തിന്റെ വശീകരണം വന്നു പതിക്കുന്നുണ്ടെങ്കിൽ ക്രിസ്തു അവിടെ വസിക്കുകയില്ല. ഇരുട്ടുണ്ടെങ്കിൽ വെളിച്ചമില്ലല്ലോ. മനസ്സറിഞ്ഞ് ഒരു പാപവും എനിക്കു വരികയില്ല എന്നു തീരുമാനിച്ചു കഴിഞ്ഞാൽ ക്രിസ്തു അവിടെ വന്നു കഴിഞ്ഞു. പിന്നെ നിരാശയില്ല.

അനേകർക്കും പറ്റുന്ന അപകടം, തീരുമാനമെടുക്കുന്നു പിന്നെയും തെറ്റിപ്പോകുന്നു. എന്തുകൊണ്ട് തെറ്റിപ്പോകുന്നു? ക്രിസ്തുവിനോടുള്ള സ്നേഹം വരാത്തതുകൊണ്ട്. ക്രിസ്തുവിനോട് ഒരു സ്നേഹം വന്നു കഴിഞ്ഞാൽ ഈ സന്തോഷം അവിടെ നിലനില്ക്കും. മാത്രമല്ല, കുറേശ്ശെ കുറേശ്ശെയായി ഈ സന്തോഷം പൊങ്ങിപ്പൊങ്ങിവരും.

കിണർ താഴ്ത്തി. കുറെ താഴ്ത്തിയിട്ടും വെള്ളം കാണുന്നില്ല. ഉടമസ്ഥന് അല്പം നിരാശ. ഇത്രയും താഴ്ത്തിയിട്ടും വെള്ളം കണ്ടില്ലല്ലോ. കുറെ കഴിഞ്ഞു നോക്കിയപ്പോൾ അവിടവിടെ

ഒരു നനവ് കാണുന്നുണ്ട്. അദ്ദേഹം പോയിക്കിടന്നുറങ്ങി. പിറ്റെ ദിവസം രാവിലെ വന്നപ്പോഴുണ്ട് അരയടി വെള്ളം കിടപ്പുണ്ട്. അദ്ദേഹം അടുത്ത ദിവസം നോക്കിയപ്പോൾ പിന്നെയും വെള്ളം കൂടുന്നു; വെള്ളം മെത്തി മെത്തി വരുന്നു. വെള്ളം കൂടിക്കൂടി വരുന്നു.

താഴ്ത്തി ആഴത്തിലേക്കിറങ്ങുമ്പോൾ നമുക്ക് വെള്ളം കിട്ടും. ജീവജലം കിട്ടും. താഴ്ത്തുന്നത് പ്രയാസമാണ്. പക്ഷേ, താഴ്ത്തിത്താഴ്ത്തി ചെന്നാൽ വെള്ളം കിട്ടും.

അനേകർ ചെറിയ ഒരു സമർപ്പണംകൊണ്ട് തൃപ്തിപ്പെട്ടി രിക്കുകയാണ്. അങ്ങനെയല്ല, എന്റെ ജീവിതം ഇനി യേശുവിന് മാത്രം. അങ്ങനെ ഒരു സമർപ്പണം വരണം. സമ്പൂർണ്ണമായിട്ട് എന്റെ ജീവിതം ഞാൻ യേശുവിന് കൊടുത്തിരിക്കുന്നു. ഈ ഒരുറപ്പ് നിങ്ങൾക്ക് വരണം. എങ്ങനെ ആ ഉറപ്പ് കിട്ടും?

ഉറപ്പുകിട്ടാൻ ഒരു പോംവഴിയേയുള്ളൂ. കർത്താവായ യേശുക്രിസ്തു എന്റെ സകലശിക്ഷകളും വഹിച്ച്, എന്റെ പാപത്തിന്റെ ഭാരം ചുമന്ന് ക്രൂശിന്മേൽ കിടന്നു. ക്രിസ്തു അവിടെ കിടന്നുകൊണ്ട് പറഞ്ഞു: “നിവൃത്തിയായി” (യോഹ ന്നാൻ 19 : 30). “It is finished.” തീർത്തിരിക്കുന്നു. എന്റെ രക്ഷയ്ക്കു വേണ്ടതെല്ലാം ക്രിസ്തു പൂർത്തീകരിച്ചിരിക്കുന്നു. ക്രിസ്തു ക്രൂശിലേറി എന്റെ പാപം വഹിച്ചു എന്നു നീ വിശ്വസിക്കുക.

യേശുക്രിസ്തു ഒരു സജീവയാഥാർത്ഥ്യമാണെന്ന്, അനുഭവിക്കുന്ന ദൈവമക്കൾ പറയുമ്പോൾ അത് വിശ്വസിക്കുക. എന്റെ ഭാരം യേശു ഏറ്റെടുക്കും എന്ന് പറയുമ്പോൾ നിങ്ങൾ വിശ്വസിക്കുക. വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴികയില്ല. അതൊരു ഗാഢമായ, ഹൃദയത്തിന്റെ ആഴത്തിൽ വേരൂന്നിയ വിശ്വാസമാണ്. ക്രിസ്തു ഇപ്പോഴും ജീവിക്കുന്നു! ക്രിസ്തു എന്നെ സ്നേഹിക്കുന്നു!

ഞാനോ പാപിയായ ഒരു മനുഷ്യൻ. എനിക്ക് അഭിമാനിക്കാൻ ഒന്നുമില്ല. ഇത് ഉള്ളത്തിൽനിന്നു വരണം. പുറമെ ഭംഗിവാക്കു പറഞ്ഞിട്ട് കാര്യമില്ല. എനിക്ക് പ്രശംസിക്കാൻ ഒന്നുമില്ല. എന്തെങ്കിലും എനിക്കുണ്ടെങ്കിൽ, നന്മയെന്തെങ്കിലുമുണ്ടെങ്കിൽ ക്രിസ്തു തന്നതേയുള്ളൂ. എന്റേതായിട്ടൊന്നുമില്ല. അതു സമ്മതിച്ച് നമ്മെത്തന്നെ സമർപ്പിക്കുമ്പോൾ അത്ഭുതകരമായ അനുഭവങ്ങൾ നമുക്ക് കിട്ടും.

എന്റെ ജീവിതം യേശുവിന് കൊടുത്തിരിക്കുന്നു. അതാണ് ബലം. അതാണ് നമുക്കുള്ള ആശ്രയം. ഞാൻ എന്റേതായിരിക്കുന്നതെല്ലാം വിട്ടിരിക്കുന്നു. എനിക്ക് യാതൊരു കാര്യത്തിലും നിർബ്ബന്ധമില്ല. ഒന്നേയൊന്നുമാത്രം. ക്രിസ്തുവിന്റെ ഒരു രഹസ്യവിശുദ്ധനായി ജീവിക്കുക. ആ ഒരു തീരുമാനം നിങ്ങൾക്കു വന്നാൽ അനുഗ്രഹമായിരിക്കും.

അനാഥത്വത്തിന്റെ, അപകർഷതാബോധത്തിന്റെ കദന ഭാരത്തിൽ വിങ്ങിക്കഴിയുന്ന ചിലരെങ്കിലും ഇത് വായിക്കുന്നുണ്ടാകും. എനിക്ക് അപ്പനില്ല, എനിക്ക് അമ്മയില്ല, എന്റെ കാര്യം അന്വേഷിക്കാൻ ആരുമില്ല. എന്നെ സ്നേഹിക്കാൻ ആരുമില്ല. എന്റെ വേദന കാണാൻ ആരുമില്ല. എന്റെ ഭാര്യ എന്നെ വിട്ടുപോയി. എന്റെ ഭർത്താവ് എന്നെ വിട്ടുപോയി. അദ്ദേഹം അങ്ങ് അനന്തതയിലേക്ക് പറന്നു പോയി. ഇനി ഞാൻ കാണുമോ? ആർക്കറിയാം.

ഇങ്ങനെ അനാഥരായിരിക്കുന്നവർ ജീവിതത്തിൽ യേശുക്രിസ്തു എന്നെ സ്നേഹിക്കുന്നു എന്നുള്ള വാർത്ത കേൾക്കുമ്പോൾ, യേശുക്രിസ്തു എന്നെ വ്യക്തിപരമായി അറിയുന്നു, എന്റെ കാര്യങ്ങൾ അന്വേഷിക്കുന്നു, ലോകത്തിൽ ആരും കരുതിയിട്ടില്ലാത്തവിധം ഏറ്റവും മനോഹരമായി എന്റെ കാര്യങ്ങൾ കരുതുന്ന യേശു ജീവിക്കുന്നു എന്നുള്ള വാർത്ത കേൾക്കുമ്പോൾ താഴും, തല കുനിക്കും.

കർത്താവേ, ഞാനിതാ, പാപിയായ ഒരു മനുഷ്യൻ. ഞാനിതാ, ഒന്നിലും ജയം കിട്ടാത്ത ഒരു മനുഷ്യൻ. അനാഥ നായ ഒരു മനുഷ്യൻ. കർത്താവേ, നിന്റെ തൃക്കരം എന്റെമേൽ നിന്നു മാറരുതേ. നിന്റെ വചനത്തിന്റെ ശക്തി എന്റെമേൽനിന്ന് ചോർന്നുപോകരുതേ. നിന്റെ കൃപയുടെ കരം എന്നിൽനിന്ന് മാറരുതേ.

നിരന്തരം പ്രാർത്ഥന. ജോലി ചെയ്യുമ്പോഴും പ്രാർത്ഥന. യാത്രചെയ്യുമ്പോഴും ഉറങ്ങാൻ കിടക്കുമ്പോഴും ഊണു കഴിക്കുമ്പോഴും ഓരോ കാര്യം ചെയ്യുമ്പോഴും ഒരു ജീവൽ സ്പർശം നമ്മെ നയിച്ചുകൊണ്ടിരിക്കും. ക്രിസ്തുവിന്റെ കരം നമ്മെ തൊട്ടുതൊട്ടു നടത്തിക്കൊണ്ടിരിക്കും. ആ സ്നേഹത്തിന്റെ ബന്ധം നമ്മെ തൊട്ടിരിക്കുന്നത് നമുക്ക് മനസ്സിലാകും.

കർത്താവിന്റെ സ്നേഹം അനുഭവിച്ചുകൊണ്ട് ദുരിതങ്ങളും യാതനകളും വേദനകളും കഷ്ടതകളും പ്രശ്നങ്ങളും പ്രതിസന്ധികളും ദുർഘടങ്ങളും എല്ലാമുള്ള ജീവിതത്തിൽ ദൈവത്തിൽ സന്തോഷിക്കാൻ നമുക്ക് സാധിക്കുക എന്നു പറയുന്നത് വലിയ ഒരു അനുഭവമാണ്.

ദൈവത്തിൽ സന്തോഷിക്കുക; കഷ്ടതയിൽ സന്തോഷി ക്കുക.

സ്തെഫാനോസ് കല്ലേറുകൊണ്ട് ശരീരമാസകലം മുറിഞ്ഞ്, ചതഞ്ഞ് അസ്ഥികൾ ഉടഞ്ഞ് കുഴഞ്ഞുവീണു. ആ ഒരു അവസ്ഥയിൽ ഞാനാണെങ്കിലോ? അസ്ഥികളെല്ലാം ഉടഞ്ഞ് ശരീരമാസകലം കുഴഞ്ഞ് തുരുതുരാ കല്ലേറു വരുന്നു. വീണു കഴിയുമ്പോൾ കഷ്ടിച്ച് കൊടുങ്കൈ ഊന്നിയിട്ട് സ്തെഫാനോസ് മേലോട്ട് നോക്കി.

അപ്പോൾ സ്തെഫാനോസിന്റെ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു. കാരണം, അവിടെ നീതിസൂര്യനായ കർത്താവായ

യേശുവിനെ കണ്ടു. പിതാവിന്റെ വലത്തുഭാഗത്ത് യേശു എഴുന്നേറ്റ് കൈനീട്ടിക്കൊണ്ട് നില്ക്കുന്നതു കണ്ടു. സകല വിഷാദവും മാറി, സകല വേദനയും മാറി, സകല പ്രയാസവും മാറി. സ്തെഫാനോസ് മുകളിലോട്ട് നോക്കി.

"ഇതാ, സ്വർഗ്ഗം തുറന്നിരിക്കുന്നത് ഞാൻ കാണുന്നു" (അപ്പൊ. പ്രവൃത്തികൾ 7 : 56) എന്ന് സ്തെഫാനോസ് ഉറക്കെപ്പറഞ്ഞു. ഉപദ്രവിച്ചവർക്ക് ദേഷ്യം വർദ്ധിച്ചു. ഇപ്പോഴും അവൻ ദൈവവചനമാണോ പറയുന്നത്? ക്രിസ്തുവിന്റെ കാര്യമാണോ പറയുന്നത്? അവർക്ക് ദേഷ്യം വർദ്ധിച്ചു. തുരുതുരാ കല്ലേറു വരികയാണ്. സ്തെഫാനോസ് കുഴഞ്ഞുവീണു. മരിക്കാൻ നേരത്ത് സ്തെഫാനോസ് പറഞ്ഞു:

"പിതാവേ, ഇവർക്ക് ഈ പാപം നിറുത്തരുതേ." (അപ്പൊ. പ്രവൃത്തികൾ 7 : 60) സ്നേഹംകൊണ്ട് നിറഞ്ഞിരിക്കുന്ന ഹൃദയം. ഉപദ്രവിക്കുന്നവരോടുള്ള സ്നേഹം. അവരോടാരോടും പരിഭവമില്ല.

ഉപദ്രവിക്കുന്നവരോട് പരാതിയില്ല. കുറ്റം പറയുന്നവരോട് പരാതിയില്ല. മിഥ്യാപവാദം പറഞ്ഞു പരത്തുന്നവരോട് പരാതിയില്ല. നമ്മെക്കുറിച്ച് ഇല്ലാത്തത് പറയുന്നവരോട് അല്പം പോലും പരിഭവമില്ല. കാരണം, നമുക്കറിയാം ആരാണ് നമ്മെ പിടിച്ചിരിക്കുന്നതെന്ന്. ഉയരത്തിൽനിന്ന് കൈ നീട്ടി പിടിച്ചിട്ടുണ്ട്. ആ കൈയുടെ ബലത്തിലാണ് നില്ക്കുന്നത്. നമ്മുടെ മനസ്സ് എപ്പോഴും സന്തോഷഭരിതമാണ്. ഹൃദയത്തിൽ സന്തോഷം നിറഞ്ഞുനില്ക്കുകയാണ്.

യാതനയുടെ മദ്ധ്യത്തിൽ, അതിവേദനയുടെ മദ്ധ്യത്തിൽ ഞരങ്ങിക്കൊണ്ട് സ്തെഫാനോസ് മുകളിലോട്ട് നോക്കി. നോക്കിയപ്പോൾ യേശുവിനെ കണ്ടു. നിത്യസൂര്യൻ ഉദിച്ചു നില്ക്കുന്നു. ആ സൂര്യനിൽനിന്നുള്ള കിരണകന്ദളങ്ങൾ

സ്തെഫാനോസിന്റെ മുഖത്തുവന്നു പതിച്ചു. അപ്പോൾ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു.

യേശുക്രിസ്തുവിന്റെ മുഖം സൂര്യനു തുല്യമാണ്. അനേകായിരം കോടി സൂര്യന്മാർ ഒരുമിച്ചുദിച്ചാൽ എങ്ങനെ യിരിക്കും? അതുപോലെ തേജോമയനായ യേശുവിനെയാണ് കണ്ടത്. ആ യേശുവിൽനിന്ന് തേജോമയമായ പ്രകാശം സ്തെഫാനോസിന്മേൽ വന്നടിച്ചു. അപ്പോൾ സ്തെഫാനോസിന്റെ മുഖവും പ്രകാശിച്ചു.

ദൈവപൈതലേ, നിന്റെ ജീവിതത്തിൽ യേശുവിങ്കലേക്ക് നീ നോക്കൂ. കഷ്ടതയുടെ മദ്ധ്യത്തിൽ, വേദനയുടെ മദ്ധ്യത്തിൽ ക്രൂശിലേക്ക് നോക്കൂ. യാതനയുടേയും ദുരിതത്തിന്റേയും മദ്ധ്യത്തിൽ ജീവിതം വഴിമുട്ടിപ്പോകുമ്പോൾ, എല്ലാ വഴിയും അടഞ്ഞുകാണുമ്പോൾ, പ്രതീക്ഷകളറ്റു പോകുമ്പോൾ ക്രൂശിലേക്ക് നോക്കൂ. ജീവിതം തീർന്നുപോയി എന്നുവിചാരിക്കുമ്പോൾ, ഇനി പ്രതീക്ഷക്ക് വകയില്ല എന്നു വരുമ്പോൾ ക്രൂശിതനായ ക്രിസ്തുവിലേക്ക് നോക്കൂ. ആ ക്രൂശിൽ നിനക്ക് രക്ഷയുണ്ട്.

**"അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല." സങ്കീർത്തനങ്ങൾ 34** *: 5*

യേശുക്രിസ്തുവിലേക്ക് നോക്കിയാൽ പ്രകാശം കിട്ടും. നിത്യലജ്ജ മാറ്റിത്തന്ന ക്രിസ്തുവിലേക്ക് നോക്കുമ്പോൾ ഭൗതിക ലജ്ജകളെല്ലാം നിസ്സാരമെന്ന് നമുക്ക് തോന്നും. അപവാദങ്ങൾ പെരുകട്ടെ, ആക്ഷേപങ്ങൾ പെരുകട്ടെ. പരിഹാസങ്ങൾ മുറുകട്ടെ. എന്തെല്ലാം വന്നാലും എനിക്കെന്റെ യേശു മതി, എന്റെ യേശുവിന്റെ കൃപ മതി. യേശുവിനെ ഞാൻ കാണുന്നു. അവന്റെ മോഹനരൂപം കാണുന്നു. അവന്റെ സ്നേഹം കാണുന്നു. അവന്റെ സ്നേഹത്തിന്റെ തലോടൽ ഏല്ക്കുന്നു. ആ സ്നേഹത്തിന്റെ മൃദുലമായ

സ്പർശത്തിൽ എന്റെ ഹൃദയം ആനന്ദംകൊണ്ട് ആറാടുന്നു.

കഷ്ടതയിൽ നമുക്ക് സന്തോഷിക്കാം.

സന്തോഷംകൊണ്ട് നമ്മുടെ ഹൃദയം നിറയുമ്പോൾ, ക്രിസ്തുവിന്റെ സാന്നിദ്ധ്യംകൊണ്ട് നിറയുമ്പോൾ ക്ഷീണമെല്ലാം മാറിപ്പോകും. ശരീരത്തിന് ക്ഷീണമുണ്ടായിരിക്കും. ബലഹീനത യുണ്ടായിരിക്കും. പക്ഷേ, യേശുക്രിസ്തുവിന്റെ സ്നേഹം വന്ന് നിറയുമ്പോൾ നമ്മുടെ തളർച്ചകൾ മാറിപ്പോകും. യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം നിങ്ങൾ അനുഭവിക്കണം.

വചനം നമുക്ക് സമീപസ്ഥമാണ്. കുട്ടികളെ പ്രാർത്ഥന പഠിപ്പിക്കണം. പ്രാർത്ഥനാജീവിതം അവർക്ക് മനസ്സിലാക്കി ക്കൊടുക്കണം. ക്രിസ്തു ഉണ്ടെങ്കിലുള്ള സന്തോഷം എന്താണെന്ന്, ക്രിസ്തു സ്വന്തമായി വേണമെന്ന് അവർക്ക് മനസ്സിലാക്കിക്കൊടുക്കണം. അങ്ങനെ അവർ വളർന്നു വരികയാണെങ്കിൽ തെറ്റായ വഴികളിലൂടെ പോകാൻ ഇടവരാ തിരിക്കും. കർത്താവിന്റെ സംരക്ഷണം അവർക്കു കിട്ടും.

എന്തുമാത്രം യൗവ്വനക്കാർ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു! നല്ലപോലെ പഠിച്ച കുട്ടികൾ, ഉയർന്ന ഡിഗ്രികൾ കിട്ടിയവർ ഇപ്പോൾ മൗനമായിരിക്കുന്നു. ഒന്നും ചെയ്യുന്നില്ല. ഒരു പ്രവൃത്തിയും ചെയ്യുന്നില്ല. അവരുടെ മനസ്സു മുഴുവൻ കലങ്ങിയിരിക്കുന്നു. എന്തോ ഒരു വലിയ പൈശാചിക ബാധ അവർക്ക് വന്നിരിക്കുന്നു.

നല്ലപോലെ, ഊർജ്ജസ്വലരായി സഞ്ചരിച്ചിരുന്ന ചെറുപ്പ ക്കാർ ഇന്ന് മുറിയിൽനിന്നു പുറത്തിറങ്ങാതെ, മുറിക്കകത്തിരി ക്കുന്നു. ചിലർ ഭക്ഷണം കഴിക്കാൻ വിളിച്ചാൽപോലും വരുന്നില്ല. നിർബ്ബന്ധിച്ചാൽ ദേഷ്യം വരും, കോപിക്കും.

ചെറുപ്പം മുതലേ കുട്ടികളെ ദൈവസ്നേഹത്തിൽ വളർത്തണം. യേശുക്രിസ്തു കാണുന്നുണ്ട് എന്നുള്ള

ദൈവഭയം വേണം. എന്റെ ദൈവം വ്യസനിക്കാൻ ഇടവരരുത്, ദൈവം ദുഖിക്കാനിടവരരുത് എന്നുള്ള ചിന്ത വേണം.

കുഞ്ഞുങ്ങളെ ആത്മീയവഴികളിൽക്കൂടി നടത്തണം. അവരെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണം. അവർക്ക് വേദപുസ്തകം വായിക്കാനുള്ള പരിശീലനം കൊടുക്കണം. ആവശ്യമുള്ള നിർദ്ദേശങ്ങൾ പ്രത്യേകിച്ച് അമ്മമാർ, അതാതു സമയത്ത് കൊടുക്കണം. അമ്മവേണം കൂടെയിരുന്ന് മക്കളെ നേർവഴിക്കു നടത്താൻ.

അമ്മമാർ ആത്മീയമായി ഉറങ്ങിപ്പോകരുത്; ആത്മീയമായി മയങ്ങിപ്പോകരുത്. അവർ ബോധമില്ലാത്തവരെപ്പോലെയാണ് ജീവിക്കുന്നത്. മക്കൾ അവരുടെ കാര്യം നോക്കിക്കൊള്ളും എന്നു വിചാരിച്ച് വിട്ടുകളയരുത്. മക്കളെ സ്നേഹമാണ് പക്ഷേ, അവർ വഴിതെറ്റിപ്പോകുമ്പോൾ നിങ്ങളുടെ ഹൃദയം ദു:ഖിക്കേണ്ടി വരും. അതുകൊണ്ട് വഴിതെറ്റിപ്പോകുന്നതിനുമുമ്പ് നിങ്ങളുടെ കുഞ്ഞുങ്ങളെക്കുറിച്ച് കരുതൽ വേണം.

കഷ്ടതയിൽ സന്തോഷം! ഏതുവഴിപോയാലും രക്ഷയില്ല എന്നാണ് ഹബക്കൂക് പറയുന്നത്. അത്തിവൃക്ഷം കൃഷി ചെയ്തുനോക്കി, മുന്തിരിവള്ളി കൃഷിചെയ്തു നോക്കി, ഒലിവുമരം കൃഷി ചെയ്തു നോക്കി, പശുക്കളെ വളർത്തിനോക്കി, ആടുകളെ വളർത്തിനോക്കി, ഇവ ഒന്നിലും രക്ഷയില്ല. ജീവിക്കാൻ മാർഗ്ഗം കാണുന്നില്ല.

ഇങ്ങനെയെല്ലാമാണെങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും. അവിടെയേ സന്തോഷമുള്ളൂ.

അനേകമനേകം അനുഭവങ്ങളിൽക്കൂടി കർത്താവ് എന്നെ നടത്തിയിട്ടുണ്ട്. വിഷമിച്ചുപോയ ചില പ്രതിസന്ധിഘട്ടങ്ങളിൽ, മനസ്സ് പതറിപ്പോയ സമയങ്ങളിൽ ഞാൻ വിളിച്ചപേക്ഷിച്ചു. തക്കസമയത്ത് കർത്താവ് ഇറങ്ങിവന്നു. കർത്താവ് ഓടി വന്ന്

അത്ഭുതം പ്രവർത്തിച്ചു.

പ്രവർത്തിക്കുന്ന ഒരു ദൈവമുണ്ട്. നമ്മെ കാക്കുന്ന ഒരു ദൈവമുണ്ട്. ഏതു കൊടിയ കഷ്ടതയുടെ മദ്ധ്യത്തിലാണെങ്കിലും നമ്മെ നയിക്കുകയും നമ്മെ നടത്തുകയും ചെയ്യുന്ന ഒരു യേശുവുണ്ട്.

നമുക്ക് എല്ലാം മറന്ന് യേശുവിന്റെ പ്രിയ ശിഷ്യരാകാം. കഷ്ടപ്പാടുകളുടെ മദ്ധ്യത്തിൽ, ദുരിതം നിറഞ്ഞ ജീവിതത്തിന്റെ മദ്ധ്യത്തിൽ യേശുവിനെ നമുക്കുയർത്തിക്കാണിക്കാം. യേശുവിന്റെ ക്രൂശ് നമുക്കുയർത്താം.

പ്രിയപ്പെട്ടവരേ, ജീവിതത്തിൽ ദുരിതം വരുമ്പോൾ, യാതന വരുമ്പോൾ നിങ്ങൾ നിരാശപ്പെടരുത്. യാതനകൾ നല്ലതാണ്. കഷ്ടതകൾ നല്ലതാണ്. പണത്തിനു ഞെരുക്കം വരുന്നത് നല്ലതാണ്. രോഗങ്ങൾ വരുന്നത് നല്ലതാണ്. ആളുകൾ ആക്ഷേപിക്കുന്നത് നല്ലതാണ്. ആളുകൾ നമ്മെ പരിഹസിക്കുന്നത് നല്ലതാണ്. നാം ഒരിക്കലും തലപൊക്കുകയില്ല. നാം നിഗളിക്കയില്ല. എപ്പോഴും നാം താണിരിക്കും.

ഞാൻ അനുഭവത്തിൽനിന്നു പറയുകയാണ്, കഷ്ടപ്പാടുകളും ദുരിതങ്ങളും വരുന്നതുകൊണ്ട് നമുക്ക് നന്മയാണുണ്ടാകുന്നത്. കർത്താവ് നമ്മെ വിട്ടുപോകാതിരുന്നാൽ മാത്രം മതി. ആ കഷ്ടപ്പാടുകളും ദുരിതങ്ങളും മാറേണ്ട സമയത്ത് മാറ്റേണ്ടവൻ മാറ്റിക്കൊള്ളും. നിങ്ങൾ വിശ്വസിക്കൂ, യേശുക്രിസ്തു ജീവിക്കുന്നു.

**“ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തിരിക്കുന്നു എന്ന് പരിശുദ്ധാത്മാവ് പട്ടണം തോറും സാക്ഷ്യം പറയുന്നതല്ലാതെ അവിടെ എനിക്ക് നേരിടുവാനുള്ള ഒന്നും ഞാൻ അറിയുന്നില്ല.” അപ്പൊസ്തലപ്രവൃത്തികൾ 20 : 23**

അപ്പൊസ്തലനായ പൗലോസ്, ആത്മാവിനാൽ

ബന്ധിക്കപ്പെട്ടവനായി യെരൂശലേമിലേക്കു പോവുകയാണ്. ആത്മാവ് വലിച്ചുകൊണ്ടുപോവുകയാണ്. അപ്പൊസ്തലന് വേറെ യാതൊരു ലക്ഷ്യവുമില്ല. പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിന് വിധേയപ്പെട്ടു പോവുക എന്നുള്ളതു മാത്രമേ അപ്പൊസ്തലന് ഉദ്ദേശ്യമുള്ളൂ. “I am drawn out irresistably by the Holy Spirit.” “പരിശുദ്ധാത്മാവ് അപ്രതിരോധ്യമായി എന്നെ വലിച്ചുകൊണ്ടുപോവുകയാണ്.”

**“എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല; എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷ ത്തിന് സാക്ഷ്യം പറയേണ്ടതിന് കർത്താവായ യേശു തന്ന ശുശ്രൂഷയും തികക്കേണം എന്നേ എനിക്കുള്ളൂ.”**

**അപ്പൊസ്തല പ്രവൃത്തികൾ 20:24**

നിങ്ങൾക്ക് ആഗ്രഹം വരുന്നുണ്ടോ? കർത്താവേ, എന്റെ ഓട്ടം ഓടിത്തികയ്ക്കണം.

പ്രയാസങ്ങളും കഷ്ടപ്പാടുകളുമുള്ള ഈലോകജീവിത ത്തിൽ നിങ്ങൾക്ക് ആശ്വാസം തരാൻ യേശുവുണ്ട്. യേശു നിങ്ങളുടെ സമീപത്തു തന്നെയുണ്ട്. യേശു, നിങ്ങളുടെ പാപജീവിതം കണ്ടിട്ട് വെറുപ്പോടെ മാറി നില്ക്കുകയല്ല. നിങ്ങളുടെ അശുദ്ധജീവിതം കണ്ടിട്ട് അറപ്പോടെ മൂക്കുപൊത്തി നില്ക്കുകയല്ല. അവൻ നിങ്ങളുടെ ദുർഗ്ഗന്ധമുള്ള ജീവിതം കണ്ട് മാറി നിന്ന് നിങ്ങളെ കോപത്തോടെ നോക്കുകയല്ല. യേശു നിങ്ങളുടെ അരികത്ത് സ്നേഹത്തോടെ വന്നുനില്ക്കുക യാണ്. നിങ്ങളുടെ കഴിഞ്ഞകാല ജീവിതത്തെക്കുറിച്ച് അവൻ ഒന്നും ചോദിക്കുന്നില്ല.

കർത്താവ് ഒന്നുമാത്രം പറയുന്നു: പോക, ഇനി പാപം ചെയ്യരുത്. കഴിഞ്ഞതെല്ലാം കഴിഞ്ഞു. മോനേ, ഞാൻ എല്ലാം ക്ഷമിച്ചുതരാം. നിനക്കു ഞാൻ സ്വർഗ്ഗം തരാൻ ആഗ്രഹിക്കുന്നു. നിന്നെ സ്വർഗ്ഗത്തിൽ ഇരുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

നിന്റെ ജീവിതത്തിൽ സമാധാനം തരാൻ, സന്തോഷം തരാൻ ഞാൻ ആഗ്രഹിക്കുന്നു. അത്ഭുതകരമായ അനുഭവങ്ങളിലൂടെ നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

നിന്നിൽനിന്നുകൊണ്ട് അനേകരെ രക്ഷയുടെ സന്തോഷ മുള്ളവരാക്കിത്തീർക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മകളേ, നിന്റെ ഹൃദയം എനിക്കു തരിക. എന്റെ മകനേ, നിന്റെ ജീവിതം എനിക്കു തരിക. ഉയിർത്തെഴുന്നേറ്റ ക്രിസ്തു നിങ്ങളോട് സംസാരിക്കുകയാണ്. കർത്താവ് നിന്റെ ചെവിയിൽ പറഞ്ഞു തരികയാണ്: “മകനേ, ഞാൻ നിന്നെ സ്നേഹിക്കുന്നു.” സകലവും മറന്ന് നിങ്ങൾ യേശുവിനെ സ്തുതിക്കുക.

## ഒൻപത്

അടിക്കടി ദുരിതങ്ങൾ, അടിക്കടി രോഗങ്ങൾ, അടിക്കടി അത്യാപത്തുകൾ, അടിക്കടി അത്യാഹിതങ്ങൾ. ഒരാൾ ചോദിച്ചു: എന്തുകൊണ്ടാണ് ഈ കഷ്ടതകൾ? ഇത്രവലിയ കഷ്ടതകൾ എന്തുകൊണ്ടാണ് വരുന്നത്? എന്താണ് കാരണം? അത് എക്കാലത്തെയും ചോദ്യമാണ്. Why these sufferings? Why these tribulations? എന്തുകൊണ്ട് ഈ ദുരിതങ്ങൾ? Why these calamities? അത് ആദിമകാലം മുതലേയുള്ള വിഷയമാണ്. അതുകൊണ്ടാണ് ഉല്പത്തിപുസ്തകത്തിന് മുമ്പ് എഴുതപ്പെട്ട ഇയ്യോബിന്റെ പുസ്തകത്തിൽ ആ ചോദ്യം വന്നത്.

നമുക്ക് ഒന്നും അറിയാൻ പാടില്ല. നമുക്കൊന്നും മനസ്സിലാകുന്നില്ല. ജീവിതത്തിൽ കഷ്ടതകൾ എന്തുകൊണ്ട് വരുന്നു എന്നുള്ളതിന് മറുപടിയില്ല. പക്ഷേ, ഒന്നറിയാം.

**"എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു." റോമർ 8 : 28**

കഷ്ടതവന്നു, ശരിയാണ്. പക്ഷേ, ഞാൻ ദൈവത്തെ സ്നേഹിക്കുന്നവനാണെങ്കിൽ, നിർണ്ണയപ്രകാരം വിളിക്കപ്പെട്ട വനാണെങ്കിൽ എനിക്ക് സംഭവിച്ചതൊക്കെയും ആത്യന്തിക നന്മയ്ക്ക്, പരമോന്നത നന്മയ്ക്ക്.

"Every human being is a walking volcano." ഓരോ മനുഷ്യനും നടക്കുന്ന അഗ്നിപർവ്വതമാണ്. അഗ്നിപർവ്വതം പുകഞ്ഞു കൊണ്ടിരിക്കുകയാണ്. പുകയുന്ന അഗ്നിപർവ്വതം! ഇപ്പോൾ

പുക പുറത്തു കാണുന്നില്ലെന്നേയുള്ളൂ. വിരുന്നുകാർ വരുമ്പോൾ പുക പുറത്തു കാണുന്നില്ല. എവിടെയെങ്കിലും പുറത്തു പോകുമ്പോൾ പുക പുറത്തു കാണുന്നില്ല. നമ്മുടെ പ്രയാസങ്ങൾ മറ്റുള്ളവരെ അറിയിക്കാൻ നമുക്ക് താല്പര്യമില്ല. പക്ഷേ, ചില സമയത്ത് അറിയാതെ ഈ അഗ്നിപർവ്വതം പൊട്ടും. പിന്നെ തിളച്ചുമറിയുന്ന ലാവ ഒഴുകും.

ഇന്ന് നിങ്ങൾ ഒരു തീരുമാനമെടുക്കണം. എന്റെ ജീവിതത്തിൽ കഷ്ടത വന്നാലും നഷ്ടങ്ങൾ വന്നാലും പ്രശ്നങ്ങൾ വന്നാലും എതിർപ്പുകൾ വന്നാലും തെറ്റിദ്ധാരണകൾ വന്നാലും ഞാൻ മരണത്തോളം ക്രൂശിതന്റെ പാതയിൽക്കൂടി നടക്കും. ഞാൻ പരിസരങ്ങളിലേക്ക് നോക്കുന്നില്ല. ഞാൻ എന്റെ മുമ്പേപോയ യേശുവിങ്കലേക്ക് മാത്രം നോക്കിക്കൊണ്ടു പോകും.

പരിസരങ്ങളിൽ ആക്ഷേപിക്കുന്ന സ്വരം ഉയരുന്നുണ്ട്. തൂക്കുക, തൂക്കുക എന്നുള്ള അട്ടഹാസശബ്ദങ്ങൾ മുഴങ്ങുന്നുണ്ട്. പക്ഷേ, ഞാനതു കേൾക്കുന്നില്ല. ഞാൻ നോക്കുന്നത് എന്റെ യേശുവിന്റെ കുരിശിലേക്കാണ്. ക്രൂശും പേറിപ്പോകുന്ന രക്ഷകന്റെ മുഖത്തേക്കാണ്. ആ കാൽച്ചുവടുകളെ പിന്തുടർന്ന് ഞാനിതാ മുന്നോട്ടു പോവുകയാണ്. കർത്താവേ, നീ എന്നെ പിടിച്ചുകൊള്ളണമേ, നയിച്ചുകൊള്ളണമേ, കാത്തുകൊള്ളണമേ. എന്റെമേൽ നിന്റെ തൃക്കരം വച്ചുകൊള്ളണമേ.

**"അവയിൽനിന്ന് സ്തോത്രവും സന്തോഷിക്കുന്ന വരുടെ ഘോഷവും പുറപ്പെടും; ഞാൻ അവരെ വർദ്ധിപ്പിക്കും; അവർ കുറഞ്ഞുപോകയില്ല; ഞാൻ അവരെ മഹത്വീകരിക്കും; അവർ എളിമപ്പെടുകയു മില്ല."** **യിരമ്യാവ് 30 : 19**

ദൈവശബ്ദം പ്രവാചകനിൽക്കൂടി നമുക്ക് കിട്ടുകയാണ്. അവർ കുറഞ്ഞുപോകയില്ല. അവർ വർദ്ധിക്കും. ഒരു നല്ലകാലം, ശോഭനമായ കാലം നമുക്കുവേണ്ടി കാത്തിരിക്കുന്നുണ്ട്.

മനോഹരമായ ഒരു ഭാവികാലം നമുക്കുവേണ്ടി കാത്തിരിക്കുന്നുണ്ട്. ഇന്നത്തെ ദുരിതങ്ങളോർത്ത് നിങ്ങൾ നെടുവീർപ്പിട്ടു കഴിയണ്ട. ഇന്നത്തെ പ്രശ്നങ്ങൾ കണ്ട് നിങ്ങൾ ഭാരപ്പെട്ടു കഴിയണ്ട. ഇന്നത്തെ ആകുലങ്ങളിലും വ്യാകുലങ്ങളിലും ആവലാതിപൂണ്ട് വലയണ്ട. ഒരു നല്ല കാലമുണ്ട്.

**‘‘യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നാം നടുക്കത്തിന്റെ മുഴക്കം കേട്ടിരിക്കുന്നു; സമാധാനമല്ല, ഭയമത്രെ ഉള്ളത്. പുരുഷൻ പ്രസവിക്കുമാറുണ്ടോ എന്നു ചോദിച്ചുനോക്കുവിൻ! ഏതു പുരുഷനും നോവുകിട്ടിയ സ്ത്രീയെപ്പോലെ കൈ നടുവിനു കൊടുത്തിരിക്കുന്നതും ഏതു മുഖവും വിളറിയിരിക്കുന്നതും ഞാൻ കാണുന്നത് എന്ത്? ആ നാൾപോലെ വേറെ ഇല്ലാതവണ്ണം അത് വലുതായിരിക്കുന്നു കഷ്ടം!” യിരമ്യാവ് 30 : 5 – 7**

കഷ്ടത്തിന്റെ നാളുകൾ! ജനത്തോട് കർത്താവ് പറയുന്ന കാര്യമതാണ്. നിങ്ങൾ എല്ലാവരും വിളറി വാടിയിരിക്കുന്നു. പുരുഷന്മാരും സ്ത്രീകളും ഒരുപോലെ കൈ നടുവിന് കൊടുത്തു വിഷമിച്ചിരിക്കുന്നു. ഒരു സ്വസ്ഥതയുമില്ലാതെ, ഒരു സമാധാനവുമില്ലാതെ നിങ്ങൾ വിഷമിക്കുന്നു.

നടുക്കത്തിന്റെ മുഴക്കം! ഏതോ ഒരു ഭീതി! ഏതോ ഒരു ഭയപ്പാട്! വചനം കേൾക്കാൻ വരുമ്പോൾ ഒരു സന്തോഷമുണ്ട്. പക്ഷേ, ഇനി വീട്ടിൽ ചെല്ലുമ്പോൾ എന്തൊക്കെയാണോ? ടി.വി.യിലെ പ്രസംഗം കേൾക്കാൻ ആഗ്രഹിക്കുന്നു. പക്ഷേ, ഭർത്താവ് സമ്മതിക്കുന്നില്ല. ടിവിയിൽ വചനം കേട്ടുകൊണ്ടിരിക്കുമ്പോൾ മകൻ വന്ന് സിനിമയിലെ രംഗം വെക്കുന്നു. ഒന്നുമാറി ഒന്നുമാറി പ്രശ്നങ്ങളാണ്. വലിയ എതിർപ്പുകൾ! വീട്ടിൽത്തന്നെ എതിർപ്പ്!

സമാധാനമുള്ള, സാക്ഷാത്തായ സന്തോഷമുള്ള കുടുംബം എവിടെയുണ്ട്? പൊട്ടലും ചീറ്റലും! ചിലപ്പോൾ വിതുമ്പിക്കരച്ചിലുകളും ഏങ്ങലടികളും നെടുവീർപ്പുകളും! ഇതൊക്കെയല്ലേ

പല കുടുംബങ്ങളിലും? ഇതിനെന്താണ് പോംവഴി? ഇങ്ങനെ ദു:ഖത്തിൽ കഴിയാൻ എന്താണ് കാരണം? കർത്താവ് പറയുന്നു:

**"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിന്റെ പരുക്ക് മാറാത്തതും നിന്റെ മുറിവ് വിഷമമുള്ളതുമാകുന്നു. നിന്റെ വ്യവഹാരം നടത്തുവാൻ ആരുമില്ല; നിന്റെ മുറിവിന് ഇടുവാൻ മരുന്നും കുഴമ്പും ഇല്ല. നിന്റെ സ്നേഹിതന്മാർ ഒക്കെയും നിന്നെ മറന്നിരിക്കുന്നു; നിന്റെ അകൃത്യത്തിന്റെ ആധിക്യം നിമിത്തവും നിന്റെ പാപത്തിന്റെ പെരുപ്പം നിമിത്തവും ഞാൻ നിന്നെ ശത്രു അടിക്കുന്നതുപോലെയും ക്രൂരൻ ശിക്ഷിക്കുന്നതു പോലെയും അടിച്ചിരിക്കകൊണ്ട് അവർ നിന്നെ നോക്കുന്നില്ല. നിന്റെ പരുക്കിനെയും മാറാത്ത വേദനയെയും കുറിച്ചു നിലവിളിക്കുന്നത് എന്തിന്? നിന്റെ അകൃത്യത്തിന്റെ ആധിക്യംനിമിത്തവും നിന്റെ പാപത്തിന്റെ പെരുപ്പംനിമിത്തവും അല്ലോ ഞാൻ ഇത് നിന്നോട് ചെയ്തിരിക്കുന്നത്."**

**യിരമ്യാവ് 30 : 12 – 15**

നിനക്കിതെല്ലാം വരാൻ കാരണമെന്താണ്? നിന്റെ പാപമാണ്. നിന്റെ അകൃത്യമാണ്. നീ നിന്റെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കൂ. തെറ്റുകൾ പറ്റിയത് എവിടെയെല്ലാമെന്നു കണ്ടുപിടിക്കൂ. എവിടെയെല്ലാമാണ് നിന്റെ ദൈവത്തെ നീ ദു:ഖിപ്പിച്ചതെന്ന് കണ്ടുപിടിക്കൂ. ഇന്ന് നിനക്കു പ്രയാസം വരുമ്പോൾ നീ നിലവിളിക്കുന്നുണ്ട്.

അത് വെറും സങ്കടത്തിന്റെ നിലവിളിയാണ്. ആ നിലവിളി മാറ്റിയിട്ട്, നിന്റെ അനുതാപത്തിന്റെ നിലവിളി പൊങ്ങട്ടെ. എവിടെയാണ് എനിക്ക് പാകപ്പിഴ പറ്റിയത്? എവിടെയാണ് എനിക്ക് കേടു പറ്റിയത്? ഏതു കാര്യത്തിൽ ഇടപെട്ടപ്പോഴാണ് എനിക്ക് അപകടം പറ്റിയത്? ഏതു കാര്യത്തിൽ ഞാൻ ചില നിർബ്ബന്ധങ്ങൾ പിടിച്ചപ്പോഴാണ് എനിക്ക് പാപം വന്നത്? ഓരോന്നും ചിന്തിച്ചുനോക്കണം.

ദാവീദ് ഒരിക്കൽ പറഞ്ഞു:

**“തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവൻ ആർ? മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിക്കേണമേ. സ്വമേധാപാപങ്ങളെ അകറ്റി അടിയനെ കാക്കേണമേ; അവ എന്റെമേൽ വാഴരുതേ; എന്നാൽ ഞാൻ നിഷ്ക്കളങ്കനും മഹാപാതകരഹിതനുമായി രിക്കും. എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ, എന്റെ വായിലെ വാക്കുകളും എന്റെ ഹൃദയ ത്തിലെ ധ്യാനവും നിനക്ക് പ്രസാദമായിരിക്കുമാറാകട്ടെ.”**

**സങ്കീർത്തനങ്ങൾ 19 : 12 – 14**

**“ദൈവമേ, എന്നെ ശോധനചെയ്ത് എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി, ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ.”**

**സങ്കീർത്തനങ്ങൾ 139 : 23, 24**

Is there any wicked way in my life? അകൃത്യങ്ങൾ ദൈവം ചൂണ്ടിക്കാണിച്ചുതരുന്നു. മനസ്സിലാക്കിത്തരുന്നു.

യിരെമ്യാവ് കൂടെക്കൂടെ പറയും: യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. യെഹസ്കേൽ പറയും: യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. യെശയ്യാവ് പറയും: യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. പ്രവാചകന്മാരെല്ലാം ദൈവം അരുളിച്ചെയ്യുന്നു എന്നാണ് പറയുന്നത്. അവരുടെ സ്വന്തം അഭിപ്രായമല്ല അവർ പറയുന്നത്. അവരുടെ സ്വന്തബുദ്ധി ക്കൊത്തവണ്ണമല്ല പറയുന്നത്.

ഏതൊരു കാര്യം വരുമ്പോഴും രോഗമാണോ, ഒരു അത്യാഹിതമാണോ, ഒരാപത്തു വരികയാണോ, ചില കഷ്ടങ്ങൾ വരികയാണോ, ചില നഷ്ടങ്ങൾ വരികയാണോ ചിന്തിക്കണം: എന്റെ ജീവിതത്തിൽ പിശാചിന് ഇടം കൊടുത്ത ഏതെങ്കിലും കാര്യമുണ്ടോ? ഏതു കാര്യത്തിലാണ് ഞാൻ വീണത്? ഏതു കാര്യത്തിലാണ് എനിക്ക് തിരുത്താനുള്ളത്? അങ്ങനെ ചിന്തിക്കുമ്പോൾ വ്യക്തമായി തെളിഞ്ഞുവരും.

1980-ൽ, അന്ന് എനിക്ക് കോളേജിൽ ക്ലാസ്സുണ്ടായിരുന്നില്ല, പോയി ഒപ്പിട്ടാൽ മതി. ഞാൻ ഉച്ചകഴിഞ്ഞ് കോളേജിൽ ഒപ്പിടാൻ സ്കൂട്ടറിൽ പോവുകയാണ്. പോകുന്ന വഴിക്ക് ഒരു ലോറി വന്ന് ഇടിച്ചു. ലോറിയുടെ കുറ്റമല്ല, എന്റെ കുറ്റം തന്നെയാണ്. ഞാൻ ഒരു കുഴി ഒഴിവാക്കി മാറിയപ്പോഴേക്കും ലോറി വന്നിടിച്ചു. ഞാൻ തെറിച്ചുവീണു. എന്റെ വയറിന്റെ ഭാഗത്ത് ഒരു മുറിവുണ്ടായി. എന്റെ ഷർട്ട് കീറിപ്പോയി. എന്റെ മുട്ടുകാലിൽ പൊട്ടലുണ്ടായി. ഒന്നരമാസം ആശുപത്രിയിൽ കിടക്കേണ്ടി വന്നു.

എനിക്ക് നല്ലതുപോലെ മനസ്സിലായി, എന്തുകൊണ്ടാണ് എനിക്കത് വന്നതെന്ന്. ഞാൻ വീട്ടിൽ ത്രീ-ഫേസ് കണക്ഷനു വേണ്ടി മൂന്നുവർഷം മുമ്പ് ഇലക്ട്രിസിറ്റി ബോർഡിൽ അപേക്ഷ കൊടുത്തിരുന്നു. അതിന് ചുമതലപ്പെട്ട ആൾ വരികയും കണക്കെടുക്കുകയും ചെയ്തിരുന്നു. അന്നു രാവിലെ ഞാൻ ഇലക്ട്രിസിറ്റി ഓഫീസിൽ ചെന്ന്: "മൂന്നു വർഷമായല്ലോ ഒന്നുചെയ്തു തരണേ" എന്നു പറഞ്ഞു. അദ്ദേഹം അത് വേഗം ചെയ്തുകൊള്ളാമെന്നൊക്കെ പറഞ്ഞു.

പക്ഷേ, എനിക്ക് ഉള്ളിൽ ഭയങ്കര നീരസം. മൂന്നു വർഷമായിട്ടും ഒരു ചെറിയ പേപ്പർപോലും അനക്കിയിട്ടില്ലല്ലോ എന്ന്. എന്നെ അറിയുന്ന ആളാണ്. ഞാൻ അദ്ദേഹത്തെയും അറിയും. പരസ്പരം സ്നേഹമൊക്കെയാണ്. പക്ഷേ, എനിക്ക് നല്ല കയ്പ്പുണ്ടായി. ഞാൻ കോളേജിലേക്കു പോകുന്നതിനു മുമ്പ് ഒന്നു പ്രാർത്ഥിക്കാമെന്നു വിചാരിച്ചു.

പ്രാർത്ഥിക്കാനിരുന്നപ്പോൾ ദൈവസാന്നിദ്ധ്യം കിട്ടുന്നില്ല. കർത്താവ് എന്റെ പ്രാർത്ഥന കേൾക്കുന്നില്ല. ആ മനുഷ്യനോട് എന്റെ ഹൃദയത്തിൽ വന്ന നീരസം, ആ പരുഷത, അതാണ് കാരണമെന്ന് അപ്പോൾ എനിക്കു മനസ്സിലായില്ല. ഒപ്പിട്ടിട്ട് തിരിച്ചുവന്ന് ദൈവസന്നിധിയിൽ ഇരുന്ന് പ്രാർത്ഥിക്കാം എന്നു വിചാരിച്ച് ഞാൻ കോളേജിലേക്ക് പോയി. പോകുന്ന വഴിക്കാണ് ഈ അപകടം വന്നത്.

ശത്രു അവകാശം പറയുന്ന സമയത്ത് പിശാച് കയറി ആക്രമിച്ചു. എന്റെ ജീവിതത്തിൽ തെറ്റുപറ്റിയപ്പോൾ, ദൈവസാന്നിദ്ധ്യം നഷ്ടപ്പെട്ടപ്പോൾ ആ തക്കം നോക്കി പിശാച് കയറിവന്നു. അവൻ എന്നെ അടിച്ചു വീഴിച്ചു. വീണു കഴിഞ്ഞപ്പോൾ എനിക്കു മനസ്സിലായി, കാര്യം ഇതാണെന്ന്. ഒന്നരമാസം ഞാൻ ആശുപത്രിയിൽ പ്ലാസ്റ്ററിട്ട് കിടക്കേണ്ടി വന്നു. പിന്നീട് മൂന്നു വർഷത്തേക്ക് കോളേജിന്റെ മൂന്നാം നിലയിലേക്ക് കയറാൻ പറ്റിയില്ല.

നമ്മുടെ ജീവിതത്തിൽ തെറ്റുപറ്റിയാൽ പിശാച് അവകാശം പറയും. ആ സമയത്ത് അവൻ തട്ടി വീഴിക്കും. തെറ്റുകൾ വരാതെ നോക്കിക്കൊള്ളണം. എന്തെങ്കിലും തെറ്റുവന്നാൽ അവൻ തക്കം നോക്കി നില്ക്കുകയാണ്. പഴുതു കിട്ടിയാൽ അവൻ അടിച്ചു തകർത്തുകളയും, മറക്കരുത്.

യിരെമ്യാപ്രവാചകൻ പറഞ്ഞു: നിങ്ങളുടെ അകൃത്യം നിമിത്തമാണ് നിങ്ങൾ വീണിരിക്കുന്നത്. (യിരമ്യാവ് 31 : 30, ഹോശേയ 14 : 1). നിങ്ങളുടെ അകൃത്യം നിമിത്തമാണ് നിങ്ങൾക്ക് ഈ കേടു വന്നിരിക്കുന്നത്. ജനം അനുതപിച്ചു. വചനം കേട്ടപ്പോൾ ജനത്തിന് തകർച്ചയുണ്ടായി. വചനം കേട്ടപ്പോൾ ജനത്തിന് അനുതാപമുണ്ടായി. പ്രവാചകന്റെ നാവിൽക്കൂടി ദൈവത്തിന്റെ ശബ്ദം കേട്ടപ്പോൾ ആ ശബ്ദത്തിനുമുമ്പിൽ ജനം തളർന്നു, തകർന്നു. ഉള്ളു തകർന്നുകൊണ്ട് അവർ നിലവിളിച്ചു. ദൈവത്തെ വിളിച്ചു.

**"അവർ നിന്നെ ഭ്രഷ്ടയെന്നും ആരും തിരിഞ്ഞു നോക്കാത്ത സീയോനെന്നും വിളിക്കകൊണ്ട്, ഞാൻ നിന്റെ മുറിവുകളെ പൊറുപ്പിച്ച് നിനക്ക് ആരോഗ്യം വരുത്തുമെന്ന് യഹോവയുടെ അരുളപ്പാട്." യിരമ്യാവ് 30 : 17**

വചനം കേട്ടപ്പോൾ ഹൃദയം തകർന്നു. മുറിഞ്ഞ ഹൃദയത്തോടെ ദൈവസന്നിധിയിലേക്ക് ചെന്നു. ഇതൊരു വലിയ പരമാർത്ഥമാണ്. നിങ്ങൾ ഏതു കൊടിയ വിപത്തിൽ

പെട്ടെങ്കിലും അനുതാപത്തോടെ ചെന്നാൽ കർത്താവ് സ്വീകരിക്കും. അനുതാപത്തോടെ ചെന്നാൽ കർത്താവ് നിങ്ങളെ കൈക്കൊള്ളും. നിങ്ങളുടെ മേൽ വന്ന കേടുകളെല്ലാം കർത്താവ് മാറ്റും.

വന്നുപോയ തെറ്റുകളെയോർത്ത്, വന്നുപോയ അബദ്ധങ്ങൾ കണ്ട് അനുതപിക്കുക. ജീവിതത്തിൽ വന്നുപോയ വീഴ്ചകൾ കണ്ട് അനുതപിക്കുക. പുറമെ ആരെയെങ്കിലും കാണിക്കാനുള്ള അനുതാപമല്ല, കരച്ചിലല്ല, ഉള്ളം തകർന്ന് കരയണം. "എന്റെ ദൈവമേ നിന്നോടു തന്നെ ഞാൻ പാപം ചെയ്തു." (സങ്കീർത്തനങ്ങൾ 54: 1). ദാവീദ് അങ്ങനെയാണ് പ്രാർത്ഥിച്ചത്.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തിരിക്കുന്നു. എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ നില്ക്കുന്നു. കണ്ണടച്ചാലും കണ്ണുതുറന്നാലും പാപം മുമ്പിൽ നില്ക്കുന്നു. നിന്റെ മുമ്പിൽ തിന്മയായുള്ളത് ഞാൻ പ്രവർത്തിച്ചുപോയിരിക്കുന്നു. എന്റെ കർത്താവേ, രക്ഷയുടെ സന്തോഷം നഷ്ടപ്പെട്ടുപോയല്ലോ. ആത്മാവിന്റെ സ്തുതി നഷ്ടപ്പെട്ടുപോയല്ലോ.

പുറമെ ഞാൻ സ്തുതി, സ്തോത്രം, ഹാലേലുയ്യാ എന്നൊക്കെ പറയുന്നുണ്ട്. പക്ഷേ, എന്റെ ആത്മാവിൽ സ്തുതിയില്ലല്ലോ. ആത്മാവിൽ സന്തോഷമില്ലല്ലോ. ആത്മാവിൽ വരൾച്ചയാണല്ലോ. പുറമെ മനുഷ്യരെ കാണിക്കാനുള്ള സ്തുതിയുണ്ട്; എനിക്ക് സ്വയം തൃപ്തിപ്പെടാനുള്ള സ്തുതിയുണ്ട്. പക്ഷേ, ഉള്ളിന്റെയുള്ളിൽ ചില നീറ്റലുകൾ കിടക്കുന്നല്ലോ.

തകർന്നു കരഞ്ഞ് ദൈവസന്നിധിയിലേക്ക് ചെല്ലുക. സ്വന്തം കുറ്റം ഏറ്റുപറഞ്ഞുകൊണ്ട്, തെറ്റ് പൂർണ്ണമായും വിട്ടുകളഞ്ഞുകൊണ്ട് കർത്താവിന്റെ സന്നിധിയിലേക്ക് ചെല്ലുക. മനുഷ്യരാരോടെങ്കിലും തെറ്റു ചെയ്തെങ്കിൽ അവരോടു മാപ്പുചോദിക്കുക. അപ്പനോട് തെറ്റുചെയ്തെങ്കിൽ,

അമ്മയോട് തെറ്റുചെയ്തെങ്കിൽ, ഭാര്യയോട് തെറ്റുചെയ്തെങ്കിൽ, ഭർത്താവിനോട് തെറ്റുചെയ്തെങ്കിൽ, വേറെയാരോടെങ്കിലും തെറ്റുചെയ്തെങ്കിൽ, അവരോട് ചെയ്ത തെറ്റ് എന്താണെന്ന് അവർക്കുംകൂടി അറിയാമെങ്കിൽ അവരോട് ഏറ്റുപറയുക. ഇല്ലെങ്കിൽ രഹസ്യമായി ദൈവസന്നിധിയിൽ തന്നത്താനിരുന്ന് ഏറ്റുപറയുക.

വെറുതെ വെട്ടിവിളിച്ചു പറഞ്ഞുകൊണ്ടു നടക്കരുത്. നിങ്ങൾക്കു പറ്റിയ തെറ്റ് ആരോടെങ്കിലും ചെയ്തതായിട്ട് ആ ആൾക്ക് തോന്നുന്നുണ്ടെങ്കിൽ രഹസ്യമായി ചെന്ന് ആ ആളോട് ഏറ്റുപറയുക. ഇതൊന്നും പറ്റിയില്ലെങ്കിൽ നിങ്ങൾ തന്നത്താൻ ദൈവസന്നിധിയിലിരുന്നു തകരുക. അനുതപിക്കുക.

**"യിസ്രായേലേ, നിന്റെ ദൈവമായ യഹോവയുടെ അടുക്കലേക്ക് മടങ്ങിച്ചെല്ലുക; നിന്റെ അകൃത്യം നിമിത്തം അല്ലോ നീ വീണിരിക്കുന്നത്. നിങ്ങൾ അനുതാപവാക്യങ്ങളോടുകൂടെ യഹോവയുടെ അടുക്കൽ മടങ്ങിച്ചെന്ന്, അവനോട്: സകല അകൃത്യത്തെയും ക്ഷമിച്ചു, ഞങ്ങളെ കൃപയോടെ കൈക്കൊള്ളേണമേ; എന്നാൽ ഞങ്ങൾ ഞങ്ങളുടെ അധരാർപ്പണമായ കാളകളെ അർപ്പിക്കും."**

**ഹോശേയ 14 : 1, 2**

കർത്താവേ, ഇപ്പോൾ സ്തുതിയില്ല. പുറമെ ചുണ്ടുകൾ ചലിക്കുന്ന സ്തുതിയുണ്ട്. പുറമെ അധരവ്യായാമത്തിന്റെ സ്തുതിയുണ്ട്. അധരചർവ്വണത്തിന്റെ സ്തുതിയുണ്ട്. അധരസേവയുണ്ട്. എന്നാൽ അകത്തുനിന്ന്, ഹൃദയത്തിന്റെ ആഴത്തിൽനിന്ന് പൊന്തിപ്പൊന്തി വരുന്ന ആത്മാവിന്റെ സ്തുതിയില്ലാതെ പോയിരിക്കുന്നു. എനിക്ക് ആത്മാവിന്റെ നന്ദിയില്ലാതെ പോയിരിക്കുന്നു. ദൈവം എന്റെ പാപം ക്ഷമിച്ചല്ലോ എന്നുള്ള നന്ദിയുടെ സ്തുതി എന്നിൽനിന്നു വരുന്നില്ല.

അനുതാപവാക്യങ്ങളോടുകൂടെ നിങ്ങൾ വരുവിൻ.

ഞങ്ങളുടെ അകൃത്യമെല്ലാം ഞങ്ങളോട് ക്ഷമിക്കണമേ എന്ന് നിങ്ങൾ പറയുവിൻ. പ്രവാചകന്മാരെല്ലാം ഇതാണ് പറഞ്ഞുകൊണ്ടിരുന്നത്. യിരമ്യാവ് അതുതന്നെ പറഞ്ഞു. ജനത്തിനു തകർച്ച കിട്ടി, ഭാഗ്യം. ജനത്തിന് മാനസാന്തരം കിട്ടി. അപ്പോൾ അടുത്ത വാക്യം ലഭിക്കുന്നു.

**"അവയിൽ നിന്ന് സ്തോത്രവും സന്തോഷിക്കുന്നവരുടെ ഘോഷവും പുറപ്പെടും; ഞാൻ അവരെ വർദ്ധിപ്പിക്കും. അവർ കുറഞ്ഞുപോകയില്ല; ഞാൻ അവരെ മഹത്വീകരിക്കും; അവർ എളിമപ്പെടുകയുമില്ല." യിരമ്യാവ് 30 : 19**

ഇന്നത്തെ പ്രയാസങ്ങൾ മാറും. നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും. ഇന്നത്തെ യാതനകൾ മാറും. ഇന്നത്തെ ദുരിതങ്ങൾ മാറും.

എന്തിൽ സന്തോഷിക്കാം? ദൈവത്തിന്റെ വചനത്തിൽ സന്തോഷിക്കാം. ആത്മാവിനെ തൊടുന്ന വചനം കിട്ടുന്നു. കർത്താവേ, അതിൽ സന്തോഷിക്കാം. നീയാണല്ലോ വചനം തരുന്നത്. തരുന്ന നാവ് ആരുടേത് എന്നതിന് പ്രസക്തിയില്ല. തരുന്നത് ആരിൽക്കൂടിയാണെന്ന് പ്രസക്തിയില്ല. ഉത്ഭവം നീയാണല്ലോ.

അങ്ങ് ദൂരെ വാട്ടർടാങ്കിൽ വെള്ളമുണ്ട്. ആ വെള്ളം അവിടെ ഉള്ളതുകൊണ്ടാണ് പൈപ്പിൽക്കൂടി വെള്ളം ഒഴുകി വരുന്നത്. പൈപ്പിന് സ്വന്തമായി വെള്ളം ഉണ്ടാക്കാൻ കഴിവില്ല. ടാങ്കിൽ നിറയെ വെള്ളമുണ്ട്. അതുകൊണ്ട് പൈപ്പിൽക്കൂടി വെള്ളം വന്ന് മുറികളിൽ കിട്ടുന്നു. പൈപ്പിന് പ്രത്യേകം മേന്മയൊന്നുമില്ല. പൈപ്പല്ല വെള്ളം തരുന്നത്, റിസർവോയറിൽനിന്ന് വെള്ളം ഒഴുകി വരികയാണ്.

നിങ്ങൾ കർത്താവിന്റെ വചനത്തെ വിശ്വസിക്കുക. വചനത്തെ അനുസരിക്കുക. കർത്താവേ, തെറ്റുപറ്റിപ്പോയി എന്ന് അനുതപിക്കുക. അപ്പോൾ ആത്മാവിന്റെ സ്തോത്രം പുറപ്പെടും. അവിടെ സ്തുതിഘോഷം പുറപ്പെടും.

“നീതിമാന്മാരുടെ കൂടാരങ്ങളിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം എന്ന് ദാവീദുമുഖാന്തരം പരിശുദ്ധറൂഹാ പാടി.” (സങ്കീർത്തനങ്ങൾ 118 : 15).

നാം നീതിമാന്മാരുടെ കൂടാരമായി മാറണം. ഒരു നീതിമാന്റെ കൂടാരമായിരിക്കണം ഈ ശരീരം. നമ്മുടെ തലച്ചോറ് നീതിമാന്റെ കൂടാരമായിരിക്കണം. നമ്മുടെ ഹൃദയം നീതിമാന്റെ കൂടാരമായിരിക്കണം. നീതിമാന്മാരുടെ ഹൃദയത്തിൽനിന്ന്, കൂടാരങ്ങളിൽനിന്ന് സന്തോഷത്തിന്റേയും ആഹ്ലാദത്തിന്റേയും ആനന്ദത്തിന്റെയും ധ്വനി പുറപ്പെടുന്നു. രക്ഷയുടെ ശബ്ദം പുറപ്പെടുന്നു.

നിങ്ങൾ കർത്താവിനോടു പറയണം: കർത്താവേ, ജീവിതത്തിൽ വന്നുപോയ അനർത്ഥങ്ങളെല്ലാം പൊറുക്കണമേ. സന്തോഷവും ഉല്ലാസവും എനിക്ക് തരണമേ. നഷ്ടപ്പെട്ടു പോയ സമാധാനം തിരികെ തരണമേ. നഷ്ടപ്പെട്ടു പോയ സൗഭാഗ്യകാലം തിരിച്ചുതരണമേ. നഷ്പ്പെട്ടുപോയ അനുഗ്രഹങ്ങൾ തിരികെ തരണമേ. നഷ്ടപ്പെട്ടുപോയ വിലപ്പെട്ട നിധികൾ തിരിച്ചു തരണമേ. എല്ലാം ശത്രു അപഹരിച്ചുകൊണ്ടുപോയല്ലോ. കർത്താവേ, ശത്രുവിന് ഞാൻ ഇടം കൊടുക്കുകയില്ല. നാഥാ, ഇന്ന് ഞാനിതാ തിരുമുമ്പാകെ തീരുമാനമെടുക്കുന്നു. എന്റെ ആയുസ്സ് നിന്റെ കൈകളിലേക്ക് ഏല്പിച്ചു തരികയാണ്. ഭാവി ഏല്പിച്ചു തരികയാണ്.

ഈ നിസ്സാരമായ ജീവിതം, ഈ അല്പായുസ്സ് നിന്റെ കരങ്ങളിലേക്ക് ഞാൻ തരികയാണ്. എനിക്കുവേണ്ടി ജീവൻ വെടിഞ്ഞവനേ, എനിക്കുവേണ്ടി കുറ്റമില്ലാത്ത രക്തം ചിന്തിയവനേ, എനിക്കുവേണ്ടി ക്രൂശിൽ മരിച്ചവനേ, നിന്റെ കരങ്ങളിലേക്ക് തരികയാണ്. നാഥാ, നിന്റെ പാദത്തിൽ ഞാൻ അർപ്പിക്കുകയാണ്. ഈ ജീവിതം നിന്റെ കരങ്ങളിലേക്ക് നീ ഏറ്റെടുക്കണമേ. എന്നെ നീ സ്വീകരിക്കണമേ.

ഈ നിസ്സാരമനുഷ്യനോട് കരുണ തോന്നണമേ. ഈ അഗതിയോട്, ഈ അനാഥനോട് മനസ്സലിവ് തോന്നണമേ. എന്റെ അകൃത്യങ്ങളൊക്കെയും ക്ഷമിക്കണമേ. ഒരു പുതിയജീവിതം കെട്ടിപ്പടുക്കാനുള്ള സൗഭാഗ്യം എനിക്കു തരണമേ. എന്റെ കുടുംബത്തെ നീ അനുഗ്രഹിക്കണമേ. എന്റെ കുടുംബത്തെ നീ വാഴ്ത്തി വിശുദ്ധീകരിക്കണമേ. നഷ്ടങ്ങളും കഷ്ടങ്ങളും മാറ്റി നല്ലൊരു കാലം എനിക്കു തരണമേ.

എന്നോട് സംസാരിക്കുന്ന യേശുക്രിസ്തുവിന്റെ പരിശുദ്ധാത്മാവിനോട് ഞാനിതാ വാക്കുപറയുന്നു: ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും. ഇന്നുമുതൽ സുബോധമുള്ളവനായി ജീവിക്കും. ഇന്നുമുതൽ യേശുവിനെ വിശ്വസിച്ചുകൊണ്ട് യേശുവിനെ പിന്തുടരും. ഇന്നുമുതൽ യേശുവിനെ വാഴ്ത്തിവണങ്ങും.

# പത്ത്

**"ഞാൻ യഹോവയിൽ ഏറ്റവും ആനന്ദിക്കും; എന്റെ ഉള്ളം എന്റെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും; മണവാളൻ തലപ്പാവു അണിയുന്നതുപോലെയും മണവാട്ടി ആഭരണങ്ങ ളാൽ തന്നെത്താൻ അലങ്കരിക്കുന്നതുപോലെയും അവൻ എന്നെ രക്ഷാവസ്ത്രം ധരിപ്പിച്ചു നീതി എന്ന അങ്കി ഇടുവിച്ചി രിക്കുന്നു."** **യെശയ്യാവ് 61 : 10**

ഇന്ന് അനേകംപേർ സന്തോഷമില്ലാത്തവരാണ്. സന്തോ ഷിക്കുന്ന സമയങ്ങൾ ഇല്ലെന്നല്ല. ഇടയ്ക്കിടയ്ക്ക് സന്തോഷം ഉണ്ടാകും. പൊതുവെ പറഞ്ഞാൽ സന്തോഷമില്ല; സംതൃപ്തി യില്ല. എന്തെല്ലാമോ ചില ആധികൾ! ചില വേദനാവിഷയ ങ്ങൾ! ഹൃദയത്തെ നൊമ്പരപ്പെടുത്തുന്ന ചില കാര്യങ്ങൾ! നീറിനീറിപ്പിടിച്ചുകൊണ്ടിരിക്കുന്ന വേദനാവിഷയങ്ങൾ!

ഓർത്തുനോക്കിയാൽ ജീവിതം വളരെ ക്ലേശകരമാണ്. വളരെ ദു:ഖകരമാണ്. എന്തെല്ലാം യാതനകളിൽക്കൂടിയാണ് ഓരോ ദിവസവും നാം കടന്നുപോകുന്നത്! എന്തുമാത്രം പ്രതി സന്ധികൾ! എന്തുമാത്രം പ്രശ്നങ്ങൾ! ഈ ചെറിയ ജീവിത ത്തിൽ നമുക്ക് താങ്ങാൻ പറ്റുന്നതിലേറെയുള്ള ദുരിതങ്ങളും ആവലാതികളും സങ്കടങ്ങളുമെല്ലാമുണ്ട്. ആർക്കുണ്ട് സന്തോഷം?

ഈ പ്രതിസന്ധികളുടെയും പ്രശ്നങ്ങളുടെയും ആവ ശ്യഭാരങ്ങളുടെയും ഇടയിൽ സന്തോഷം ലഭിക്കുന്നത് ദൈവ ത്തിന്റെ പൈതലിന് മാത്രമേയുള്ളൂ. ഒന്നും മാറിയിട്ടല്ല സന്തോഷം കിട്ടുന്നത്. വേദനയുണ്ട്, രോഗമുണ്ട്, ആപത്തുണ്ട്, പൈസക്കു ഞെരുക്കമുണ്ട്, കഷ്ടപ്പാടുകളുണ്ട്, വീട്ടിൽ പല

വിധത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളുണ്ട്, കലഹങ്ങളുണ്ട്. എല്ലാമുണ്ടെങ്കിലും ഒരു ദൈവപൈതലിന്റെ ഉള്ളത്തിൽ എപ്പോഴും സന്തോഷമുണ്ടാകും. അതൊന്നും മാറിയിട്ട് സന്തോഷം കിട്ടുമെന്ന് വിചാരിക്കണ്ട. ഇതെല്ലാം നമ്മുടെ കൂടെ വേണം.

എപ്പോഴും ഓർത്തുകൊള്ളണം, ക്രിസ്തീയജീവിതം കുരിശിന്റെ ജീവിതമാണ്. പലപ്പോഴും പല സുവിശേഷപ്രസംഗങ്ങളിലും വന്നുചേരുന്ന ഒരു വലിയ അപകടം, ദൈവത്തിന്റെ പക്ഷത്തേക്കുവന്നാൽ എല്ലാ പ്രശ്നങ്ങളും മാറിക്കൊള്ളും, പരീക്ഷ പാസ്സായിക്കൊള്ളും, രോഗം മാറിക്കൊള്ളും, പ്രതിസന്ധികളൊന്നുമില്ല എന്നുള്ള ഒരു ചിന്താഗതിയാണ്. അതു തെറ്റാണ്.

ദൈവപക്ഷത്തേക്ക് വന്നിട്ട് എന്താ രോഗം വന്നത്? അങ്ങനെ ചോദിക്കുന്ന ആളുകളുണ്ട്. അത് ആത്മീയമെന്താണെന്ന് അറിയാൻ വയ്യാത്തതുകൊണ്ടാണ്. കൂട്ടായ്മയിൽ വന്നു എന്നതുകൊണ്ടോ ഭക്തിജീവിതം നയിച്ചു എന്നതുകൊണ്ടോ നമ്മുടെ ജീവിതത്തിലെ ദുരിതങ്ങൾ മാറണമെന്നില്ല. എല്ലാമുണ്ട് പക്ഷേ, ദൈവത്തിന്റെ കൃപ നമ്മോടുകൂടെ ഉണ്ടായിരിക്കും. എന്തൊരാശ്വാസം!

അപ്പൊസ്തലനായ പൗലോസ് പറഞ്ഞു:

“വെളിപ്പാടുകളുടെ ആധിക്യത്താൽ ഞാൻ അതിയായി നിഗളിച്ചുപോകാതിരിക്കേണ്ടതിന്ന് എന്റെ ജഡത്തിൽ ഒരു ശൂലം തന്നിരിക്കുന്നു.” (2 കൊരിന്ത്യർ 12 : 7)

ശൂലംകൊണ്ടു കുത്തുന്നതുപോലെയുള്ള വേദനയാണ്. എന്താണ് രോഗമെന്ന് കൃത്യം അറിഞ്ഞുകൂടാ. പക്ഷേ, ഗലാത്യ ലേഖനം നാലാം അദ്ധ്യായം വായിക്കുമ്പോൾ മനസ്സിലാകുന്നത് ശൂലംകൊണ്ട് കുത്തുന്നപോലെയുള്ള വേദന, കണ്ണിലുള്ള വേദനയായിരുന്നു എന്നാണ്. ഏതായാലും നിരന്തരം വേദനിപ്പിക്കുന്ന രോഗമുണ്ടായിരുന്നു. എത്രയോ പേർക്ക് അപ്പൊ

സ്തലന്റെ നിഴലിൽ തൊട്ടാൽ രോഗം മാറുന്നു. വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടാൽ രോഗം മാറുന്നു! പക്ഷേ, അപ്പൊസ്തലന് രോഗമുണ്ടായിരുന്നു.

അപ്പൊസ്തലന് അത്രമാത്രം ദൈവികമായ വെളിപ്പാടുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. നിരന്തരം ദൈവവുമായുള്ള സംസർഗ്ഗത്തിൽ വലിയ ആനന്ദാനുഭവം കിട്ടിക്കൊണ്ടിരിക്കുന്നു. സ്വർഗ്ഗീയമായ ശാന്തി ലഭിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ ആ വെളിപ്പാടുകളുടെ ആധിക്യത്താൽ നിഗളിച്ചുപോയാലോ! തകർന്നുപോകില്ലേ? ദൈവരാജ്യത്തിൽ എത്തുകയില്ലല്ലോ.

ശക്തമായി പ്രവർത്തിച്ചു. ഓടിനടന്നു വേല ചെയ്തു. കഷ്ടതയനുഭവിച്ചു വേല ചെയ്തു. പക്ഷേ, നിത്യതയിലേക്ക് ചെല്ലുമ്പോൾ അവിടെ ചെന്നില്ലെങ്കിൽ നഷ്ടമല്ലേ? അതുകൊണ്ട് നിഗളിച്ചുപോകാതിരിക്കാൻ ജഡത്തിൽ ഒരു ശൂലം തന്നിരിക്കുന്നു.

“അത് എന്നെ വിട്ടുനീങ്ങേണ്ടതിന്ന് ഞാൻ മൂന്നുവട്ടം കർത്താവിനോട് അപേക്ഷിച്ചു.” (2 കൊരിന്ത്യർ 12 : 8)

അപ്പോഴെല്ലാം കർത്താവിന്റെ മറുപടി:

**“എന്റെ കൃപ നിനക്കു മതി. എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു.” 2 കൊരിന്ത്യർ 12 : 9**

നിന്റെ ബലഹീനതയിൽ എന്റെ ശക്തി തികഞ്ഞുവരുന്നു. നീ രോഗം മാറാൻ പ്രതീക്ഷിക്കണ്ട. എന്റെ കൃപ നിനക്കു മതി.

നമ്മുടെ ജീവിതത്തിൽ ആവശ്യഭാരങ്ങൾ വരുമ്പോൾ സന്തോഷം നഷ്ടപ്പെടും. ഉല്ലാസം നഷ്ടപ്പെടും. പക്ഷേ, പ്രാർത്ഥിക്കണം: കർത്താവേ, ജീവിതത്തിലെ ദുരിതങ്ങളുടെയും യാതനകളുടെയും സമയത്ത് എനിക്ക് ഒറ്റയ്ക്കൊരു കാര്യം തന്നാൽ മാത്രം മതി, നിന്റെ കൃപയുടെ കരം മാറിപ്പോകരുത്. എന്റെ രോഗം മാറാൻ ഞാൻ പ്രാർത്ഥിക്കുന്നില്ല.

എന്റെ വേദന മാറാൻ ഞാൻ പ്രാർത്ഥിക്കുന്നില്ല. കർത്താവേ, നിനക്കറിയാം എനിക്കേതാണ് നല്ലതെന്ന്. എന്താണ് വേണ്ട തെന്ന്. ഞാൻ ഒന്നുമാത്രം പ്രാർത്ഥിക്കുന്നു, നിന്റെ കൃപയുടെ കരം മാറരുത്. നിന്റെ സാന്നിദ്ധ്യം എനിക്കു നഷ്ടപ്പെട്ടുപോക രുത്. ഞാൻ എപ്പോൾ കണ്ണുയർത്തിയാലും നിന്റെ സാന്നിദ്ധ്യം എനിക്കു കിട്ടണം. എപ്പോൾ, 'എന്റെ ദൈവമേ' എന്നു ഞാൻ വിളിച്ചാലും നിന്റെ സാന്നിദ്ധ്യം എനിക്കു കിട്ടണം. ഇല്ലെങ്കിൽ ഞാൻ തകർന്നുപോകും.

The real presence of God! ദൈവത്തിന്റെ വ്യക്തമായ സാക്ഷാത്തായ സാന്നിദ്ധ്യബോധം! അതില്ലെങ്കിൽ നാം പൂജ്യ മാണ്. ദൈവസാന്നിദ്ധ്യമില്ലെങ്കിൽ നമുക്ക് ഒരു വിലയുമില്ല.

ഞാൻ ദൈവരാജ്യത്തിൽ ചെല്ലുക എന്നുള്ളതല്ല, ഞാൻ എപ്പോഴും യേശുവിനോടുകൂടെ ആയിരിക്കണം. ഉറങ്ങാൻ കിടക്കുമ്പോഴും ഉറക്കം തെളിയുമ്പോഴും ഭക്ഷണം കഴിക്കാൻ ഇരിക്കുമ്പോഴും ഏതെങ്കിലും ജോലി ചെയ്തുകൊണ്ടിരിക്കു മ്പോഴും ക്രിസ്തുവിന്റെ സാന്നിദ്ധ്യം എനിക്കു വേണം.

ഏതു ദുരിതത്തിന്റെ മദ്ധ്യത്തിലും വേദനയുടെ ആധിക്യ ത്തിലും സന്തോഷവും ഉല്ലാസവും വേണം. മനസ്സ് പതറുന്ന, പരിഭ്രാന്തമാകുന്ന സമയങ്ങളിലും സന്തോഷവും ഉല്ലാസവും വേണം. അങ്ങനെ കർത്താവിന്റെ സാന്നിദ്ധ്യം മൂലം ലഭി ക്കുന്ന സന്തോഷവും ഉല്ലാസവും ജീവിതത്തിൽ എന്നും കിട്ടി ക്കൊണ്ടിരിക്കണം. അതിനുവേണ്ടിയായിരിക്കണം നമ്മുടെ പ്രാർത്ഥന.

അതിന് ആത്മാവിന്റെ കണ്ണ് തുറന്നുകിട്ടണം.

6. ദൈവം തരുന്ന നീതീകരണത്തിൽ സന്തോഷവും ഉല്ലാസവും ഉണ്ടാകും.

സന്തോഷവും ഉല്ലാസവും ലഭിക്കുന്നത് നീതീകരണം ലഭിക്കുന്നതിൽക്കൂടിയാണ്. ആത്മാവിന്റെ സന്തോഷം നീതീ കരണത്തിൽക്കൂടി ലഭിക്കുന്നു. നീതിയില്ലാത്ത മനുഷ്യനെ

നീതിമാനെന്ന് സാക്ഷ്യപ്പെടുത്തുന്നതാണ് നീതീകരണം.

ഒരു കുറ്റവാളിയെ പിടിച്ചു. അവനെ നേരെ ജഡ്ജിയുടെ മുന്നിലെത്തിച്ചു. ഈ കുറ്റവാളിക്ക് ജഡ്ജിയെ കണ്ടപ്പോൾ നല്ല സന്തോഷമായി. കാരണം, ജഡ്ജിയുമായിട്ട് ചെറുപ്രായത്തിൽ ഒരുമിച്ച് പഠിച്ചതാണ്. തന്നെ ജഡ്ജി രക്ഷിക്കും എന്ന് അവൻ വിചാരിച്ചു. പക്ഷേ, അദ്ദേഹം വിധി പറഞ്ഞു: കുറ്റം അസന്നിഗ്ദ്ധമായി തെളിഞ്ഞിരിക്കുന്നു, അതുകൊണ്ട് മൂന്നു വർഷം കഠിനതടവ്. തന്നെയുമല്ല, മൂന്നുലക്ഷം രൂപ അവൻ പിഴയൊടുക്കുകയും ചെയ്യണം.

പത്തു പൈസപോലുമില്ല. എല്ലാം കുടിച്ചു നശിപ്പിച്ചുകളഞ്ഞ മനുഷ്യൻ! എങ്ങനെ പിഴയൊടുക്കും? ജയിലിലേക്ക് പോകുമ്പോൾ അവൻ കരുണ പ്രതീക്ഷിച്ച് ജഡ്ജിയെ നോക്കി. പക്ഷേ, ജഡ്ജി തിരിഞ്ഞുനോക്കുന്നില്ല. കുറ്റം അസന്നിഗ്ദ്ധമായി തെളിഞ്ഞിരിക്കുന്നു. അയാൾ ജയിലിന്റെ വാതിൽക്കൽ എത്തിയപ്പോഴേക്കും കോടതിയിൽ നിന്ന് ഒരാൾ ഓടിവന്ന് ജയിലറുടെ കൈയിലേക്ക് ഒരു കടലാസുകഷണം കൊടുത്തു.

“ഇവനെ മോചിപ്പിക്കുക, ഇവന്റെ പിഴ ഇളവു ചെയ്തിരിക്കുന്നു. ഇവനെ മോചിപ്പിക്കാൻ കോടതിയിൽനിന്നു ഉത്തരവായിരിക്കുന്നു.” ഇത് ബില്ലിഗ്രഹാം പറഞ്ഞ ഒരു ഉദാഹരണകഥയാണ്.

യേശുക്രിസ്തുവിനെ വിശ്വസിച്ച് നിങ്ങളുടെ നിസ്സാരജീവിതം യേശുക്രിസ്തുവിന്റെ കൈകളിലേക്ക് കൊടുത്താൽ ഉറപ്പാണ്, ക്രിസ്തു അത് ഏറ്റെടുക്കും. നിങ്ങൾ ഒരു ചെലവും ചെയ്യണ്ട. നിങ്ങൾ അതിനുവേണ്ടി ഏതെങ്കിലും പുണ്യപ്രവൃത്തികൾ ചെയ്യുകയോ തീർത്ഥയാത്ര ചെയ്യുകയോ വേണ്ട. യേശുക്രിസ്തുവിന്റെ ക്രൂശിലെ ത്യാഗമരണം മൂലം എന്റെ പാപങ്ങളെല്ലാം യേശു ഏറ്റെടുത്തു എന്ന് വിശ്വസിക്കുക മാത്രം ചെയ്യുക.

നിങ്ങൾ കാണേണ്ടത് ക്രിസ്തുവിനെയാണ്. യേശുക്രിസ്തുവാണ് നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കുന്നത്. യേശുക്രിസ്തുവാണ് നിങ്ങൾക്കുവേണ്ടി കുരിശിൽ മരിച്ചത്. യേശുക്രിസ്തുവിന്റെ രക്തമാണ് നിങ്ങളെ കഴുകിയത്. യേശുക്രിസ്തുവിന്റെ കൃപയുടെ ആത്മാവാണ് നിങ്ങളിലേക്ക് കടന്നുവന്ന് നിങ്ങളെ അനുഗ്രഹിച്ചത്. പരിശുദ്ധാത്മാവാണ് പ്രവർത്തിക്കുന്നത്.

**"ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർമുഖാന്തരം പിതാക്കന്മാരോട് അരുളിച്ചെയ്തിട്ടു ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു."** **എബ്രായർ 1 : 1, 2**

പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തു. പ്രവാചകന്മാർ കടന്നുപോയി. പക്ഷേ, ദൈവമോ ദൈവത്തിന്റെ ആത്മാവോ പോയിട്ടില്ല. നിങ്ങൾ ദൈവത്തിന്റെ ആത്മാവിനെയാണ് കാണേണ്ടത്. ആരെല്ലാം പോയാലും എന്റെ യേശു ഇന്നും ജീവിക്കുന്നു. ഞാൻ വിതുമ്പിക്കരയുമ്പോൾ എന്റെ പ്രാർത്ഥന കേൾക്കാൻ യേശു എന്റെ അരികിലേക്ക് വരുന്നു. യേശു മാറിപ്പോയിട്ടില്ല.

നിങ്ങൾ ദൈവമക്കളിൽ ആശ്രയിക്കരുത്. എന്നിലും നിങ്ങൾ ആശ്രയിക്കരുത്. ഞാൻ നിങ്ങളെപ്പോലെ തന്നെ ക്ലേശങ്ങളും ഭാരങ്ങളും ആകുലങ്ങളുമെല്ലാമുള്ള മനുഷ്യൻ. നിങ്ങൾ കാണേണ്ടത് ക്രിസ്തുവിനെ മാത്രമാണ്. യേശുക്രിസ്തുവിങ്കലേക്ക് നിങ്ങളുടെ നോട്ടം പോകണം. ആ അത്യുന്നതനിലേക്ക് നിങ്ങളുടെ ശ്രദ്ധ പോകണം. നിങ്ങൾക്കുവേണ്ടി രക്തം ചിന്തിയത്, നിങ്ങളെ വീണ്ടെടുക്കുന്നത് കർത്താവായ യേശുക്രിസ്തുവാണ്. നിങ്ങൾക്കുവേണ്ടി തന്റെ തിരുരക്തം പകർന്നത് യേശുക്രിസ്തുവാണ്. യേശുക്രിസ്തുവാണ് നിങ്ങളെ ഈ ആത്മീയവെളിച്ചത്തിലേക്ക് കൊണ്ടുവന്നത്. മനുഷ്യരാരുമല്ല നിങ്ങൾക്കു വചനം തന്നത്.

യേശുക്രിസ്തുവിനെ നിങ്ങൾ കാണുക. നിങ്ങളെ നീതീ

കരിക്കുന്നവനാണ് കർത്താവായ യേശുക്രിസ്തു. കുറ്റവാളി യായ മനുഷ്യനെ നീതിയുള്ളവനെന്നു മുദ്രകുത്തുന്നതാണ് യേശുക്രിസ്തുവിന്റെ സ്നേഹം. നിങ്ങൾ കുറ്റവാളിയാണ്. കുറ്റത്തിൽ പിടിക്കപ്പെട്ടുകഴിഞ്ഞു, ശരിയാണ്. എന്നാലും നിങ്ങളുടെ പാപത്തിന്റെ പരിഹാരമായി ക്രിസ്തു ക്രൂശിൽ രക്തം ഒഴുക്കി. ഇത് കണ്ണുമടച്ചു വിശ്വസിക്കുക. ക്രിസ്തു എന്റെ പാപം വഹിച്ചു.

എന്റെ കാര്യം ക്രിസ്തുവിന്റെ ശ്രദ്ധയിലുള്ളതാണ്. എന്റെ ഓരോ ചുവടുവയ്പും ക്രിസ്തു കാണുന്നു. ക്രിസ്തു എന്നെ അറിയുന്നു. എന്നെ നോക്കുന്നു. ക്രിസ്തുമയമായ ഒരു ജീവിതം! എന്തൊരു മഹാഭാഗ്യമാണ്!

നിങ്ങളുടെ ബാങ്കിലെ അക്കൗണ്ടിൽ കാര്യമായ തുക യൊന്നുമില്ല. ഒരു ദിവസം നിങ്ങൾ ബാങ്കിൽ ചെന്നപ്പോൾ ബാങ്കുമാനേജർ പറഞ്ഞു: നിങ്ങളുടെ പേരിൽ ഒരാൾ കുറച്ച് രൂപ നിക്ഷേപിച്ചിട്ടുണ്ടല്ലോ. നോക്കിയപ്പോൾ ഒരു തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. നിങ്ങൾക്ക് കാര്യമായ പരിചയമില്ലാത്ത ഒരാൾ നിങ്ങളുടെ പേരിൽ ഒരു വലിയ തുക നിക്ഷേപിച്ചു. വീണ്ടും ബാങ്കിൽ ചെന്നപ്പോൾ പറയുന്നു: അയാൾ വീണ്ടും ഒരു വലിയ തുക നിങ്ങളുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരി ക്കുന്നു.

നിങ്ങൾ അത്ഭുതപ്പെടുന്നു. ഞാൻ രൂപ ഉണ്ടാക്കിയില്ല. രൂപ നിക്ഷേപിച്ചില്ല. പിന്നെ എങ്ങനെ? വേറൊരാൾ നിങ്ങൾക്കു വേണ്ടി ഡിപ്പോസിറ്റ് ചെയ്തു. നിങ്ങൾ കടക്കാരൻ ആകേണ്ട വനാണ്. എന്നാൽ നിങ്ങൾക്ക് സുഭിക്ഷമായി പൈസ കിട്ടത്ത ക്കവണ്ണം വേറൊരാൾ നിങ്ങൾക്കുവേണ്ടി സൗജന്യമായി വൻതുക നിക്ഷേപിച്ചിരിക്കുന്നു.

നിത്യനായ ക്രിസ്തു നമുക്കുവേണ്ടി രക്ഷയുടെ വൻതുക, സ്വർഗ്ഗീയധനം നിക്ഷേപിച്ചു. എനിക്കുപകരം, എന്റെ അക്കൗ ണ്ടിൽ പൈസയില്ലാതിരുന്നപ്പോൾ, മനസ്സലിഞ്ഞ്, നിത്യസ്നേ

ഹമായ യേശു എനിക്കുവേണ്ടി തുക നിക്ഷേപിച്ചിരിക്കുന്നു. ഏതാണ് ഈ തുക? സ്വർഗ്ഗരാജ്യം! എനിക്കുവേണ്ടി സ്വർഗ്ഗ രാജ്യം നിക്ഷേപിച്ചിരിക്കുന്നു.

ഇത് നാം അറിയുകയാണെങ്കിൽ നമ്മുടെ ഹൃദയം നന്ദി കൊണ്ട് നിറയും. അതാണ് സ്തുതി എന്നുപറയുന്നത്. എനി ക്കർഹതയില്ലാത്ത വൻതുക ഒരു സ്നേഹിതൻ എനിക്കു വേണ്ടി നിക്ഷേപിച്ചു എന്നറിയുന്നത് എന്തൊരു സന്തോഷം! അദ്ദേഹത്തോട് എന്തൊരു നന്ദിയാണ് നമുക്ക്! വൻ കടക്കാ രനായ ഞാൻ ജപ്തി ചെയ്യപ്പെട്ട് തകർന്നുപോകേണ്ടവനായി രുന്നു. അനാഥനായി അലയേണ്ടവനായിരുന്നു. എന്റെ സമ്പ ത്തെല്ലാം പോയ്പ്പോയിരുന്നു. പക്ഷേ, ഇതാ യേശുക്രിസ്തു എനിക്കുവേണ്ടി തന്റെ സ്വർഗ്ഗീയനിക്ഷേപം ഡിപ്പോസിറ്റ് ചെയ്തു. നിത്യനിക്ഷേപമായി ഡിപ്പോസിറ്റ് ചെയ്തു.

നിങ്ങളുടെ പ്രാർത്ഥന കൊണ്ടല്ല, നിങ്ങളുടെ ജാഗരണം കൊണ്ടല്ല കിട്ടിയത്. ഇത് ദൈവത്തിന്റെ സൗജന്യദാനമാണ്. നീതികെട്ടവനായ എനിക്ക് ദൈവം നീതീകരണം തന്നു. എന്റെ കുറ്റങ്ങളും തെറ്റുകളും കർത്താവ് മോചിച്ചുതന്നു. എന്തൊര ത്ഭുതം!

ഇപ്പോൾ നിങ്ങൾ കർത്താവിനോടു പറയണം: കർത്താവേ, എനിക്കുവേണ്ടി നീ നിക്ഷേപിച്ച ആ സ്വർഗ്ഗീയ മഹിമാധ നത്തെ അറിയുവാൻ എന്റെ കണ്ണുകളെ തുറക്കണമേ. എനി ക്കുവേണ്ടി നീ ക്രൂശിൽ ചൊരിഞ്ഞ രക്തം മൂലം എനിക്കു നേടിത്തന്ന രക്ഷയുടെ നിധി ഗ്രഹിക്കുവാൻ എന്റെ കണ്ണു കളെ തുറന്നു തരണമേ. ഞാൻ ഒരു ചെലവും ചെയ്യാതെ എനി ക്കുവേണ്ടി ഇത്രയും വലിയ തുക നിക്ഷേപിച്ചത് മനസ്സിലാക്കി ക്കൊണ്ട് നിന്നെ സ്തുതിക്കാൻ എനിക്ക് കൃപ തരണമേ. ഇതറി യുമ്പോൾ നാം സ്തുതിക്കും. ഇതറിയുമ്പോൾ സന്തോഷവും ഉല്ലാസവും ഉണ്ടാകും. നീതീകരണം ലഭിക്കുകയാണ്.

**"വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താ**

**വായ യേശുക്രിസ്തു മൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്."** **റോമർ 5 : 1**

യേശുക്രിസ്തു മുഖാന്തരം നമുക്ക് നിത്യനായ ദൈവത്തോട് ഐക്യം വന്നു. രമ്യത വന്നു. നിരപ്പുവന്നു. നിങ്ങൾ ദൈവത്തോടു നിരപ്പായിട്ടുണ്ടോ? നിങ്ങളുടെ ജീവിതം ക്രിസ്തുവിന് മുഴുവനായിട്ട് വിട്ടുകൊടുത്ത് ദൈവവുമായി നിരപ്പാവുക. അതിനുവേണ്ടി ഒരു ചെലവും നിങ്ങൾ ചെയ്യണ്ട.

ക്യാംപൽ മോർഗൻ എന്നുപറയുന്ന ഒരു സുവിശേഷകൻ ഒരു ചെറുപ്പക്കാരനോടു സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. വിശ്വാസത്താലുള്ള നീതീകരണം എന്നു പറഞ്ഞിട്ട് അവനു മനസ്സിലാകുന്നില്ല. അവൻ ഒരു ഖനിത്തൊഴിലാളിയാണ്.

മോർഗൻ പറഞ്ഞു: വിശ്വാസത്താലുള്ള നീതീകരണം പ്രാപിക്കാൻ നീ ഒന്നും ചെയ്യണ്ട. "ഞാൻ ഒന്നും ചെയ്യണ്ടന്നോ? ഇത്ര വലിയ കൊടുംപാതകങ്ങളൊക്കെ എന്റെ ജീവിതത്തിൽ വന്നുപോയതാണ്. ഞാൻ ഒന്നും ചെയ്യാതെ എങ്ങനെ ഈ പാപങ്ങൾ എന്നിൽനിന്ന് മാറും?"

മോർഗൻ പറഞ്ഞു: നീ ഖനിത്തൊഴിലാളിയല്ലേ? നീ ഖനിയിലേക്ക് ഇറങ്ങിപ്പോകുന്നത് എങ്ങനെയാണ്? "എലിവേറ്ററുണ്ട്. അതിൽക്കയറി നിന്നാൽ മതി, എലിവേറ്റർ എന്നെ താഴോട്ടുകൊണ്ടുപോകും." "ശരി. നീ അവിടെ നിന്ന് കയറിപ്പോരുന്നത് എങ്ങനെയാണ്?" "എലിവേറ്റർ വരും. അതിൽ ഞാൻ കയറിപ്പോരും." "അപ്പോൾ ഇത്രയും ആഴത്തിലേക്ക് പോയിട്ട് കയറിപ്പോരാൻ നീ ഒരു ചെലവും ചെയ്തില്ലേ?"

"ഇല്ല, അതിനു ചെലവു ചെയ്തത് ഖനിയുടെ ഉടമസ്ഥനാണ്."

"നീ ഒന്നും ചെയ്തില്ലേ?"

"ഇല്ല."

“പിന്നെ, നിനക്കെങ്ങനെ കയറിപ്പോരാൻ പറ്റി?”

“ഉടമസ്ഥൻ അദ്ദേഹം ആ ചെലവു ചെയ്തു. ഞാൻ ചെലവു ചെയ്തില്ല.”

ക്യാംപൽ മോർഗൻ പറഞ്ഞു: “മോനേ, നീ മനസ്സിലാക്കൂ. ഇതുപോലെ നീ ഒരു ചെലവും ചെയ്യണ്ട. നീ അധമപാതാള ത്തിലേക്ക് പോയവനാണ്. അവിടെ നിന്ന് നിന്നെ കോരിയെടു ക്കാൻ സ്വർഗ്ഗത്തിൽ നിന്ന് കർത്താവായ യേശുക്രിസ്തു ഭൂമി യിലേക്കിറങ്ങി വന്നു. നീ പോയിരിക്കുന്ന അധഃപതിച്ച അവ സ്ഥയിൽ നിന്ന് നിന്നെ ഉയർത്തിക്കൊണ്ടുവരാനായിട്ട് ക്രിസ്തു ഈ ഭൂമിയിലേക്ക് എഴുന്നള്ളിവന്നു. നിത്യതേജ സ്സായ, പരമകാരുണികനായ ദൈവം കൃപയാൽ നിന്നെ സ്നേഹിച്ചു.”

അവൻ പറഞ്ഞു: “ഇപ്പോൾ എനിക്ക് മനസ്സിലായി, ഞാനൊന്നും ചെയ്യണ്ടായെന്ന്.”

“ഇപ്പോൾ നിനക്കെന്തു തോന്നുന്നു?”

“എനിക്ക് അർഹതയില്ലാത്ത കാര്യം യേശുക്രിസ്തു എനിക്കുവേണ്ടി ചെയ്തതുകൊണ്ട് ഞാൻ യേശുവിനെ സ്തുതിക്കും. ഈ മഹാസന്തോഷത്തിന്റെ വർത്തമാനം ഞാൻ ഓടിനടന്ന് പറയും. എന്റെകൂടെ ജോലി ചെയ്യുന്നവരോടു പറയും. ഒരു ചെലവും ചെയ്യാതെ സ്വർഗ്ഗീയസോപാനത്തിലേക്ക് കയറാനുള്ള മാർഗ്ഗം ഞാൻ പറയും. ഒരു ചെലവും ചെയ്യാതെ പാപമോചനം കിട്ടി നമുക്ക് സ്വർഗ്ഗത്തിലേക്ക് എത്താൻ സാധിക്കും എന്നു ഞാൻ പറയും.”

നമ്മുടെ ജീവിതത്തിൽ നാം ഒന്നും ചെയ്യാതെ സൗജന്യ മായ ദൈവസ്നേഹം നമ്മെ കോരിയെടുക്കുകയാണ്.

ഒരു മനുഷ്യൻ ചതുപ്പുനിലത്തിൽപ്പെട്ടുപോയി. ആ മനുഷ്യനെ ഉയർത്തിയെടുക്കാൻ ആർക്കും സാധിക്കുന്നില്ല. കരയ്ക്കു നിൽക്കുന്നവരെല്ലാം സങ്കടത്തോടെ കരയുക

യാണ്. അവൻ ചതുപ്പുനിലത്തിൽ താണുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് തോളറ്റം ചെളിയിലായിക്കഴിഞ്ഞിരിക്കുന്നു. ഏതാനും സമയത്തിനകം അവൻ ചെളിയിൽ മുങ്ങിപ്പോകും.

എല്ലാവർക്കും സങ്കടമായി. പക്ഷേ, അവന് തന്നത്താൻ കയറിപ്പോരാൻ സാധിക്കുന്നില്ല; സങ്കടമുള്ളവർക്ക് സഹായിക്കാനും സാധിക്കുന്നില്ല. കാരണം, അവരും താണുപോകും.

അപ്പോൾ ഒരു ഹെലികോപ്റ്റർ പറന്നു വന്ന് അവന്റെ മുകളിൽ ചുറ്റും വട്ടം കറങ്ങുന്നു. ബലവത്തായ ഒരു വടം ഹെലിക്കോപ്റ്ററിൽ നിന്ന് താഴോട്ട് നീട്ടിക്കൊടുക്കുന്നു. അവർ പറഞ്ഞു: ഈ വടത്തിൽ നീ മുറുകെ പിടിച്ചുകൊള്ളണം, വിടരുത്. അവൻ ആ വടത്തിൽ പിടിച്ചു. അവർ പയ്യെപ്പയ്യെ വടത്തിൽ പിടിച്ചു വലിച്ച് അവനെ പൊക്കിയെടുത്തു ഹെലിക്കോപ്റ്ററിൽ കയറ്റി കരയിൽ കൊണ്ടുപോയി വിട്ടു.

ഇത് ഒരുദാഹരണകഥയാണ്. സ്വർഗ്ഗത്തിന്റെ ഹെലികോപ്റ്റർ വന്ന് നമ്മെ പൊക്കിയെടുത്തു. ഇതാണ് വിശ്വസിക്കേണ്ടത്. എന്നാൽ നിങ്ങൾ രക്ഷപ്പെട്ടു.

പക്ഷേ, ഇന്ന് ദൈവത്തോടുള്ള സമാധാനത്തിലല്ല പലരും. ദൈവത്തോടുള്ള ഐക്യത്തിലല്ല. ദൈവത്തോട് നിരപ്പിലല്ല. ദൈവവുമായി നിരപ്പാകുക എന്നുപറഞ്ഞാൽ നമ്മുടെ പാപങ്ങളെല്ലാം ക്ഷമിക്കപ്പെടുക, ദൈവം നമുക്ക് ചെയ്തത് എന്താണ് എന്ന് വിശ്വസിക്കുക എന്നാണർത്ഥം.

**“ആകയാൽ ഞങ്ങൾ ക്രിസ്തുവിന്നു വേണ്ടി സ്ഥാനാപതികളായി ദൈവത്തോട് നിരന്നുകൊൾവിൻ എന്നു ക്രിസ്തുവിനു പകരം അപേക്ഷിക്കുന്നു; അത് ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതുപോലെ ആകുന്നു. പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്ന്, അവൻ നമുക്കുവേണ്ടി പാപം ആക്കി.”**

**2 കൊരിന്ത്യർ 5 : 20, 21**

ദൈവവുമായി നിരപ്പില്ലാതെ ഒരു നിമിഷംപോലും ഇരിക്കരുത്. ദൈവവുമായി നിരപ്പായിക്കൊള്ളണം. അറിയാതെ ചിന്തയിൽ ഒരു പാളിച്ച വന്നാൽ, ഒരു അരുതാത്തചിന്ത, ഒരു നീരസം, ഒരു ഇഷ്ടക്കുറവ്, ഏതെങ്കിലും വരുമ്പോൾ എന്റെ കർത്താവേ, എന്നെ രക്ഷിച്ചുകൊള്ളണമേ എന്ന് നിലവിളിച്ചു കൊള്ളണം.

ക്രിസ്തുവിനു പാപമില്ല. പക്ഷേ, നമുക്കുവേണ്ടി പിതാവായ ദൈവം തന്റെ പുത്രനെ പാപമാക്കി. പാപത്തിന്റെ ശിക്ഷയേൽക്കാൻ കർത്താവിനെ വിട്ടുകൊടുത്തു. പിശാചിന് ഇഷ്ടംപോലെ എന്തും ചെയ്യാൻ വിട്ടുകൊടുത്തു. അതുകൊണ്ടാണ് ദുഷ്ടപ്പരിഷകൾ കർത്താവിന്റെ മുഖത്തു തുപ്പിയത്, രോമങ്ങൾ പിഴുതെടുത്തത്. അതുകൊണ്ടാണ് ശിരസ്സിൽ മുൾമുടി വച്ച് ആഞ്ഞടിച്ചത്. അതുകൊണ്ടാണ് പുറം ഉഴവുചാലുപോലെ കീറിയത്. “പാപമറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപമാക്കി.” (2 കൊരിന്ത്യർ 5 : 21)

നമ്മുടെ ജീവിതത്തിൽ ഏതെങ്കിലും കാര്യത്തിൽ കാപട്യമുണ്ടെങ്കിൽ, വ്യാജഭാവമുണ്ടെങ്കിൽ അതിന്റെ അർത്ഥം പിശാച് അകത്തു കയറി എന്നാണ്. നാം വ്യാജഭാവങ്ങളെല്ലാം മാറ്റണം.

**“നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ; ഇതിൽ അധികമായത് ദുഷ്ടനിൽ നിന്നു വരുന്നു.” മത്തായി 5 : 37**

കാപട്യങ്ങൾ, സൂത്രങ്ങൾ, കൗശലങ്ങൾ, ഉപായങ്ങൾ ഇതെല്ലാം ദൈവം കാണുന്നു. കർത്താവിന്റെ സന്നിധിയിൽ ഇതെല്ലാം എഴുതപ്പെട്ടുപോകുന്നുണ്ട്. ഇങ്ങനെ നോക്കിയാൽ എന്തുമാത്രം കാര്യങ്ങളിലാണ് ദൈവത്തോട് നിരപ്പാകാനുള്ളത്?

കർത്താവിന്റെ വചനം പറയുന്നു:

**"അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്; അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നേ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു." 1 യോഹന്നാൻ 1 : 7 – 9**

നിങ്ങൾ തനിയെ ഒരിടത്തു മാറിയിരുന്ന് നിങ്ങളുടെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുക. ഓരോന്നോരോന്ന് എണ്ണിയെണ്ണി കാണുക. അസത്യം മാത്രമല്ല, അശുദ്ധി, അലസത, അത്യാഗ്രഹം. ദ്രവ്യാഗ്രഹം, സ്വാർത്ഥത, വൈരാഗ്യം, പിണക്കം, ഇഷ്ടക്കുറവ്, മുഷിച്ചിൽ, നീരസം, കയ്പ്പ് എന്തെല്ലാമാണ് വന്നുപോയത്? എന്തെല്ലാം സൂത്രങ്ങളാണ് പ്രയോഗിച്ചുപോയത്? എന്തെല്ലാം കൗശലങ്ങളാണ് ചെയ്തുപോയത്? ആരെയെല്ലാമാണ് വഞ്ചിച്ചുപോയത്? ആരെയൊക്കെയാണ് തെറ്റിദ്ധരിച്ചുപോയത്? കർത്താവേ, എന്തെല്ലാം തെറ്റുകളാണ് വന്നുപോയത്? ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ വേദനിപ്പിച്ചത് ഏതെല്ലാം കാര്യങ്ങളിലാണ്?

ഇങ്ങനെ ഓരോന്നോരോന്ന് കണ്ടുപിടിച്ചിട്ട് കർത്താവിനോടു പറയണം: കർത്താവേ, ഇപ്പോഴിതാ ഞാനിതെല്ലാം തിരുമുമ്പാകെ ഏറ്റുപറയുന്നു. ഇതെല്ലാം തിരുസന്നിധിയിൽ എഴുതപ്പെട്ട കാര്യങ്ങളാണ്. ഈ പാപങ്ങളെല്ലാം ഞാൻ സ്വർഗ്ഗത്തിലേക്ക് വരുന്നതിന് തടസ്സമായി നിൽക്കുന്നു. കർത്താവേ, ഈ പാപത്തിന്റെ ഭീകരമായ ഉരുക്കുമുഷ്ടിയിൽ നിന്ന് എന്നെ വിടുവിക്കണമേ.

**"അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."**

**1 യോഹന്നാൻ 1 : 7**

കർത്താവേ, ഞാൻ വിശ്വസിക്കുന്നു. കർത്താവേ, ഞാനിതാ എന്നെ നിന്റെ കരങ്ങളിലേക്ക് തരുന്നു. കർത്താവേ, ഈ വചനങ്ങൾ മുഖാന്തരം എനിക്ക് ഒരു നീതീകരണം തരണമേ. അവിടുന്ന് ക്രൂശിൽ മരിച്ചത് എനിക്ക് സൗജന്യമായി നീതീകരണം തരാനാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ പാപിയാണ്. കുറ്റവാളിയാണ്. എന്നാൽ കുറ്റവാളിയായ എന്നെ കുറ്റമില്ലാത്തവനെന്ന് സാക്ഷ്യപ്പെടുത്തുന്ന ആ തിരുരക്തത്തിൽ ഞാൻ ആശ്രയിക്കുന്നു. എന്നെ പിശാചിന്റെ കെണിയിൽ നിന്നു വിടുവിക്കണമേ. സാത്താന്റെ ബന്ധനങ്ങളിൽ നിന്ന് എനിക്ക് മോചനം തരണമേ. ഇന്നുമുതൽ ഞാൻ നിന്റെ അടിമ.

# പതിനൊന്ന്

**“നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും.”**

**ലൂക്കോസ് 1 : 14**

സന്തോഷവും ഉല്ലാസവും! അതാണ് നമുക്കുവേണ്ടത്. നമുക്കില്ലാത്തതും അതാണ്. പല കാര്യങ്ങളിലും സന്തോഷ മില്ല. ഇന്നു പലതിലും തൃപ്തിയില്ല. ഒരു ചാരിതാർത്ഥ്യമില്ല. സംതൃപ്തിയില്ല. എന്തെല്ലാമോ കാര്യങ്ങൾക്കുവേണ്ടി ആഗ്ര ഹിക്കുന്നുണ്ട്, നടക്കുന്നില്ല.

ജോലിയിൽ സംതൃപ്തിയില്ലാത്തവരുണ്ട്. ശമ്പളത്തിൽ സംതൃപ്തിയില്ലാത്തവരുണ്ട്. നമുക്കു ലഭിച്ച ഭാര്യയിലോ ഭർത്താവിലോ സംതൃപ്തിയില്ലാത്തവരുണ്ട്. കുഞ്ഞുങ്ങളുടെ സ്വഭാവത്തിൽ സംതൃപ്തിയില്ലാത്തവരുണ്ട്.

സെഖര്യാവിനോട് പറയുന്നു: നിനക്കു സന്തോഷവും ഉല്ലാസവും ഉണ്ടാകും.

എന്തിലെല്ലാമാണ് സന്തോഷവും ഉല്ലാസവും ഉണ്ടാ കുന്നത്?

1. Dedication! നിനക്ക് ഒരു സമർപ്പണം കിട്ടിയിരിക്കുന്നു. കന്യകമാതാവ് സമർപ്പിച്ചു, സന്തോഷവും ഉല്ലാ സവും ഉണ്ടായി.

2. Everlasting life! (Salvation) ദൈവം നിനക്കു തരുന്ന രക്ഷയിൽ സന്തോഷവും ഉല്ലാസവും ഉണ്ടാകും. രക്ഷ, നിത്യജീവൻ.

3. ദൈവത്തിന്റെ കൃപ അനുഭവിക്കാൻ ഇടയായപ്പോൾ നമ്മുടെ ന്യായവിധി മാറിപ്പോയി എന്നുള്ളതിൽ നമുക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും.

4. Evangelisation! ദൈവത്തിന്റെ വേല ചെയ്യുന്നതിൽ സന്തോഷവും ഉല്ലാസവും ഉണ്ടാകും.

5. Tribulations! നമ്മുടെ കഷ്ടതയിൽ സന്തോഷവും ഉല്ലാസവും ഉണ്ടാകും.

6. Justification! Righteousness! ദൈവം തരുന്ന നീതീകരണത്തിൽ സന്തോഷവും ഉല്ലാസവും ഉണ്ടാകും.

7. Second Advent of Jesus Christ.

**"ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും."**

**1 പത്രോസ് 4 : 13**

തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ച് ആനന്ദിപ്പാൻ ഇടവരും. Second advent of Jesus Christ! കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിൽ, കർത്താവിന്റെ പ്രത്യക്ഷതയിൽ സന്തോഷിച്ച് ആനന്ദിപ്പാൻ ഇടവരും.

ഇനി സംഭവിക്കാൻ പോകുന്ന ഏറ്റവും മഹത്തായ സംഭവം കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവാണ്. ഇന്ന് ക്രിസ്ത്യാനികൾപോലും പലരും വിശ്വസിക്കാത്ത കാര്യമാണ് കർത്താവ് വീണ്ടും വരും എന്ന്. യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ നമുക്ക് സന്തോഷിക്കാൻ സാധിക്കും. ഉല്ലസിച്ച് ആനന്ദിക്കാൻ പറ്റും.

പളുങ്കുകടൽതീരത്തുകൂടി കർത്താവിന്റെ മുറിവുള്ള കൈകളിൽ പിടിച്ചുകൊണ്ട് നടക്കുന്നത് സന്തോഷമാണ്. നിത്യശുഭതീരത്തുകൂടി കർത്താവിന്റെ കൂടെ സഞ്ചരിക്കു

മ്പോൾ, കർത്താവിന്റെ പുനരാഗമനത്തിൽ നാം ഈ ഭൂമി യിൽനിന്നു പറന്ന് ആകാശത്തേക്കുയരുമ്പോൾ, മദ്ധ്യാകാശ ത്തുവച്ച് കർത്താവിനെ കണ്ടുമുട്ടുമ്പോൾ അനേകം വിശ്വാസി കളും വിശുദ്ധന്മാരുമായ വീരജേതാക്കൾ അവിടെ വന്ന് സമ്മേളിക്കുമ്പോൾ, ആ കൂട്ടത്തിൽ നാമും ചെന്നുചേ രുമ്പോൾ സന്തോഷവും ഉല്ലാസവും ഉണ്ടാകും.

നമ്മുടെ ജീവിതത്തിലെ ഏക പ്രത്യാശ കർത്താവിന്റെ രണ്ടാമത്തെ വരവാണ്. ഇപ്പോൾ ഇത് നിങ്ങൾക്കു വേണ്ടത്ര മനസ്സിലാകുന്നില്ലായിരിക്കാം, സാരമില്ല. യേശുക്രിസ്തു വീണ്ടും വരും, അത് ഒരു പരമസത്യമാണ്. കർത്താവിന്റെ രണ്ടാമത്തെ വരവിൽ, അവന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ച് ആനന്ദിപ്പാൻ ഇടവരും.

കർത്താവിന്റെ രണ്ടാമത്തെ വരവിന് രണ്ടു ഘട്ടങ്ങളുണ്ട്. ഒന്ന്, മദ്ധ്യാകാശം വരെയുള്ള വരവാണ്. ഭൂമിയിലേക്ക് വരു ന്നില്ല. രണ്ടാമത്തെ ഘട്ടം, ഭൂമിയിലേക്ക് അക്ഷരികമായി, ആള ത്വമായി ഇറങ്ങിവരുന്നതാണ്. ഒന്നാമത്തെ ഘട്ടത്തിൽ, അന്ന് വിശ്വാസികളും വിശുദ്ധന്മാരും ഉൽപ്രാപണം പ്രാപിക്കും. Rapture! കർത്താവിന്റെ തിരുരക്തത്താൽ കഴുകപ്പെട്ടവരും കർത്താവിന്റെ പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിച്ചവ രുമായ വിശുദ്ധന്മാർ പറന്നുയരും.

ആ സമയത്ത് ഒരു ഇടിവെട്ട് കേൾക്കുന്നതുപോലെയോ ഭൂമികുലുക്കംപോലെയോ ഒക്കെ തോന്നി എന്നു വരാം. വലിയ ഒച്ചപ്പാടുകൾ, വലിയ ശബ്ദങ്ങൾ കേട്ടു എന്നു വരാം. ആ സമയം വരെയും ലോകകാര്യങ്ങൾ അന്വേഷിച്ചും ലോക ചിന്തകളിൽ മുഴുകിയുമിരിക്കുന്ന മനുഷ്യൻ പെട്ടെന്ന് ഞെട്ടി പ്പോകും. കാരണം, കൂടെയുള്ള ചിലർ പറന്നുപോകുന്നു. ചിലരെ കാണുന്നില്ല.

ബസ്സിൽ നിറയെ ആളുകളുണ്ടായിരുന്നു. ചിലരെ

ഇപ്പോൾ ബസ്സിൽ കാണുന്നില്ല. എങ്ങോട്ടുപോയി? വിമാനത്തിൽ നിറയെ ആളുകളുണ്ടായിരുന്നു, അതിൽ ഒന്നോ രണ്ടോ പേർ, അവരെമാത്രം കാണുന്നില്ല. എങ്ങോട്ടുപോയി? ഭാര്യയും ഭർത്താവും ഒരുമിച്ച് കിടന്നുറങ്ങുകയായിരുന്നു, ഒരാളെ കാണുന്നില്ല. മൃതശരീരം കാണണ്ടേ? അതുമില്ല. ഇതു സംഭവിക്കാൻ പോകുന്ന കാര്യമാണ്. നേരിട്ട് കാണാൻ പോകുന്ന കാര്യമാണ്.

കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ ആദ്യഘട്ടത്തിൽ മദ്ധ്യാകാശം വരെ കർത്താവായ യേശുക്രിസ്തു എഴുന്നള്ളി വരും. അബ്രാഹാം പിതാവിന്റെ മകനായ യിസ്ഹാക്ക്, എലെയാസർ തന്റെ മണവാട്ടിയെ കൂട്ടിക്കൊണ്ടു വരുന്നുണ്ടോ എന്നുനോക്കി തന്റെ കൂടാരത്തിൽ നിന്നിറങ്ങി വെളിമ്പ്രദേശത്തു വന്നുനിന്നു. അതുപോലെ കർത്താവായ യേശുക്രിസ്തു തന്റെ മണവാട്ടിസഭയെ സ്വീകരിപ്പാൻ മദ്ധ്യാകാശത്തിൽ വന്നു നില്ക്കും.

ഇപ്പോൾ ഇതൊന്നും നമുക്ക് മനസ്സിലാവുകയില്ല. മദ്ധ്യാകാശത്ത് എങ്ങനെയാണ് വന്നു നില്ക്കുന്നത്? മദ്ധ്യാകാശംവരെ നാം പറന്നുചെല്ലുന്നത് എങ്ങനെയാണ്? ഇത്രയും മനസ്സിലാക്കുക: കുറെ മണൽ ഇവിടെ വച്ചിരിക്കുന്നു. ആ മണലിന്റെ ഇടയ്ക്ക് ചില മൊട്ടുസൂചികൾ അവിടവിടെ കിടക്കുന്നുണ്ട്. ഒരു കാന്തം മുകളിൽ നിന്നു പിടിച്ചപ്പോൾ പെട്ടെന്ന് ആകെ ഒരനക്കം. ആ മണലിൽ നിന്ന് മൊട്ടുസൂചികൾ പറന്നു ചെന്ന് കാന്തത്തിൽ പിടിക്കുന്നു.

മണലിന്റെ കൂടെ റബ്ബർ കഷണങ്ങളോ പ്ലാസ്റ്റിക് കഷണങ്ങളോ കാണാം. പക്ഷേ, അതൊന്നും കാന്തത്തിൽ പിടിക്കുന്നില്ല. കാന്തത്തിലേക്ക് ഇരുമ്പ് പറന്നുചെന്ന് പിടിക്കുന്നതുപോലെ, കർത്താവായ യേശു മദ്ധ്യാകാശത്തിൽ വരുമ്പോൾ വിശുദ്ധന്മാർ, ആ ആകർഷണത്തിൽപ്പെട്ടവർ മാത്രം, കൃപയിൽ ശരണപ്പെട്ടവർ മാത്രം പറന്നുയരും. അവർക്ക് ഉല്ലാസമായി

രിക്കും. ആനന്ദമായിരിക്കും. ക്ലേശങ്ങൾ തീർന്നു. യാതനകൾ തീർന്നു. വേദനകൾ തീർന്നു.

ഡോക്ടർ മൗറീസ് റൗലിംഗ്സ് എഴുതിയ 'To hell and back' എന്ന പുസ്തകത്തിൽ ഞാൻ വായിച്ചു: അപ്പുറം ലോകത്തേക്ക് കടന്നുപോകുന്ന ആളുകൾക്ക് മരണം സംഭവിച്ചു കഴിയുമ്പോൾ പെട്ടെന്ന് രോഗം മാറിയതുപോലെയാണ് തോന്നുന്നത്. കഠിനമായി വേദനിച്ചുകൊണ്ടിരുന്ന വേദന എവിടെപ്പോയി? ഇപ്പോൾ എന്തൊരു ഭാഗ്യം! സുഖം. പെട്ടെന്ന് അസുഖം മാറി. വേദന മാറിയിരിക്കുന്നു.

ഭയങ്കരമായ ശ്വാസംമുട്ടലുണ്ടാകുന്ന ഒരാൾക്ക് ശ്വസം മുട്ടലില്ല. ഭയങ്കരമായ വയറുവേദനയുള്ള ഒരാൾക്ക് ഇപ്പോൾ വയറുവേദനയില്ല. നല്ല സുഖമാണല്ലോ, പെട്ടെന്ന് രോഗം മാറിയല്ലോ എന്നോർത്തു. അപ്പോഴാണ് മനസ്സിലായത്, തന്റെ സ്വന്തം ശരീരം അവിടെ കിടക്കുന്നു. ആദ്യം മനസ്സിലായില്ല. സ്വന്തം ശരീരം, മൃതശരീരമായി കിടക്കുന്നതു കണ്ടപ്പോൾ മനസ്സിലായി, ഞാൻ മരിച്ചു!

പിന്നെ ഒരന്തവുമില്ലാത്ത അനന്തതയിലേക്ക് ആത്മാവ് പോവുകയാണ്. എന്നാൽ ഭാഗ്യവശാൽ 'റിസസിറ്റേഷൻ' കൊടുത്തപ്പോൾ കർത്താവിന്റെ കൃപയാൽ ഭൂമിയിലേക്ക് ആത്മാവ് മടങ്ങിവന്നു. ശരീരത്തിൽ ആത്മാവ് കടന്നുവന്നു. മടങ്ങി വന്നപ്പോഴേക്കും പഴയ വേദന.

നാം ഈ ഭൂമിയിൽനിന്ന് കടന്നുപോകുമ്പോൾ ഇവിടെയുള്ള വേദനകളെല്ലാം മാറി; എല്ലാ ദുരിതങ്ങളും മാറി. ഒന്നും നമുക്കൊരു ചിന്താവിഷയമല്ലാതാകും. ഇവിടെ ഭൂമിയിലിരിക്കുമ്പോൾ മക്കളുടെ പഠിത്തം, അവരുടെ വിവാഹം, ഭാവിജീവിതം, ജോലി ഇതെല്ലാം നമുക്കൊരു ചിന്താവിഷയമാണ്. ആകുലപ്പെട്ടിരിക്കുകയാണ്. ഇവിടുന്ന് അക്കരയ്ക്ക് മാറിക്കഴിഞ്ഞാൽ ഇതു നമ്മുടെ ചിന്താവിഷയമല്ല. നാം വേറൊരു ലോകത്തെത്തിക്കഴിഞ്ഞു.

പരിശുദ്ധാത്മാവിന്റെ കൃപയാൽ ക്രിസ്തുവിന്റെ ആകർഷണത്തിലേക്ക് വന്നവർ മാത്രം പറന്ന് മദ്ധ്യാകാശത്തിൽ എത്തിച്ചേരും. അപ്പോൾ എല്ലാ ക്ലേശങ്ങളും മാറി സന്തോഷിച്ചുല്ലസിക്കാൻ സാധിക്കും. വാങ്ങിപ്പോയ വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കും. ജീവനോടിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെടും. സഭയുടെ പിതാക്കന്മാർക്ക് ഇതെല്ലാം അറിയാമായിരുന്നു.

മൃതരേ ജീവിപ്പിപ്പാനെഴുന്നള്ളും രാജാ
മുകിലഴകിന്മേലാഘോഷിതനായീടുന്നു
നയവാന്മാർ തൻ മുൻകൊമ്പിൻ നാദം കേട്ടി-
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.

മരിച്ചവരെ ഉയിർത്തെഴുന്നേല്പിക്കാൻ വരുന്ന രാജാവാണ് യേശുക്രിസ്തു. മേഘത്തിന്റെ പ്രകാശധോരണിയിൽ കർത്താവായ യേശുക്രിസ്തു ആഗതനാകുന്നു, ആഘോഷിക്കപ്പെടുന്നു, സ്തുതിക്കപ്പെടുന്നു. അപ്പോൾ വിശുദ്ധന്മാർ മാത്രം കർത്താവിന്റെ രണ്ടാമത്തെ വരവിനുമുമ്പുള്ള കാഹളനാദം കേട്ടിട്ട് സ്തുതിയുടെ മേലാട ധരിച്ചുകൊണ്ട്, വിശുദ്ധതേജസ്സിന്റെ വസ്ത്രം, നീതിയിൻ വസ്ത്രം, തിരുരക്തത്താലുള്ള കൃപയിൻ വസ്ത്രം പുതച്ചുകൊണ്ട്, കല്യാണവസ്ത്രം ധരിച്ചുകൊണ്ട് – മണവാട്ടി മന്ത്രകോടി അണിയുന്നതുപോലെ – പറന്നുയരും.

ഇത് വായിക്കുമ്പോൾ നിങ്ങൾക്ക് അനുഭവഭേദ്യമായിത്തീരുന്നില്ല. കാരണം, ഇന്ന് നമ്മുടെ വേരുകൾ ഈ ഭൂമിയിലേക്കാണ്. നമ്മുടെ ആളത്വം ഈ ഭൂമിയിലേക്ക് കെട്ടപ്പെട്ടുകിടക്കുകയാണ്, വേരോടി നിൽക്കുകയാണ്. നാം ഭൂമിയിലാണ് ജീവിക്കുന്നത്, ശരിയാണ്. തീർച്ചയായും ഈ ഭൂമിയിലെ കാര്യങ്ങളെല്ലാം ഉള്ളപ്പോൾത്തന്നെ നമുക്ക് ആത്മാവിൽ എല്ലാറ്റിൽനിന്നും ഒരു വേർപാട് കിട്ടും. നിങ്ങൾ അതിനുവേണ്ടി പ്രാർത്ഥിക്കുക. ഒരു പുതിയ ലോകം നിങ്ങൾക്കു തുറന്നുകിട്ടും.

**"അല്ലയോ കുമാരീ, കേൾക്ക; നോക്കുക; ചെവി ചായ്ക്ക. സ്വജനത്തേയും നിന്റെ പിതൃഭവനത്തെയും മറക്ക. അപ്പോൾ രാജാവ് നിന്റെ സൗന്ദര്യത്തെ ആഗ്രഹിക്കും; അവൻ നിന്റെ നാഥനല്ലോ; നീ അവനെ നമസ്ക്കരിച്ചുകൊൾക."**

**സങ്കീർത്തനങ്ങൾ 45 : 10, 11**

ഇതു കേട്ടാൽ മനസ്സിലാവുകയില്ല. പിതൃഭവനത്തെ മറക്കുകയോ? എന്റെ സ്വന്തക്കാരെ മറക്കുകയോ? മറക്കുക എന്നുപറഞ്ഞാൽ അവരെ സ്നേഹിക്കണ്ട എന്നല്ല, സ്നേഹം കൂടുകയേയുള്ളൂ. ഒരു വിശ്വാസിയാണെങ്കിൽ മക്കളോടുള്ള സ്നേഹം വർദ്ധിക്കും. ഭർത്താവിനോടുള്ള സ്നേഹം വർദ്ധിക്കും. ഭാര്യയോടുള്ള സ്നേഹം വർദ്ധിക്കും. സഹോദരങ്ങൾ തമ്മിലുള്ള വൈരുദ്ധ്യങ്ങളെല്ലാം മാറി പൂർണ്ണ സ്നേഹമാകും. മാതാപിതാക്കളെ ആദരിക്കും. അങ്ങനെ നമുക്ക് ഈ ലോകത്തിൽ നിന്ന് പറിഞ്ഞുമാറുന്ന അനുഭവം കിട്ടും. ലോകത്തിൽ ജീവിക്കുന്നു പക്ഷേ, അതിൽനിന്നെല്ലാം വേരു പറിഞ്ഞു മാറും.

ആ ഒരു ആത്മലോകത്തേക്ക് നിങ്ങളുടെ ഹൃദയം ചെന്നാൽ, ആത്മലോകത്തിന്റെ പരിശുദ്ധമായ അനുഭവം ലഭിച്ചാൽ നമ്മുടെ ഹൃദയത്തിന്റെ എല്ലാ വിഷാദങ്ങളും മാറും. ഏകാന്തത മാറും. എനിക്കാരുമില്ലല്ലോ എന്നുള്ള ചിന്ത മാറും. ഭർത്താവ് മരിച്ചുപോയല്ലോ, ഞാൻ ഒറ്റപ്പെട്ടുപോയല്ലോ എന്നുള്ള ചിന്ത മാറും.

കർത്താവേ, ഈ ഭൂമിയിൽ അനേകം പ്രശ്നങ്ങളുണ്ട്, അതെല്ലാം എന്നെ വലയ്ക്കുന്നല്ലോ എന്ന ചിന്ത മാറിയിട്ട്, എന്റെ കർത്താവ് എല്ലാം അറിയുന്നു, അവൻ അറിയാതെ ഒന്നും സംഭവിക്കുകയില്ല എന്നുള്ള ഒരുറപ്പ് കിട്ടും.

നിങ്ങൾ ഈ യേശുവിനെ കാണാതെ പോകരുത്. യേശുവിന്റെ സ്നേഹം അറിയാതെ പോകരുത്. യേശുവിന്റെ

സ്നേഹത്തിന്റെ തലോടൽ ഏല്ക്കാതെ പോകരുത്.

ഈ ഭൂമിയിലെ ജീവിതം താത്ക്കാലികമാണ് എപ്പോഴാണ് കടന്നുപോകുന്നതെന്ന് ആരറിയുന്നു? കർത്താവിന്റെ കൃപ യാൽ ഇന്നുവരെ ആയുസ്സു കിട്ടി. കഴിഞ്ഞ രണ്ടുവർഷം മുമ്പ് ഞാൻ ഈ ഭൂമിയിൽനിന്ന് മാറ്റപ്പെട്ടുപോയി എന്ന് എനിക്കു തോന്നുന്നു. എനിക്ക് ഒന്നും ഓർമ്മയില്ല. പക്ഷേ, ഒന്നെനിക്ക റിയാം, ഞാൻ വേറൊരു ലോകത്തായിരുന്നു. കർത്താവ് എന്റെ ആത്മാവിനെ തിരികെ കൊണ്ടുവന്നു. ഈ ശരീരം നിർജ്ജീവമായിപ്പോകാതെ എനിക്ക് കർത്താവ് ആയുസ്സു നീട്ടിത്തന്നു.

ഓരോ പ്രാവശ്യവും വചനശുശ്രൂഷയ്ക്കു നിൽക്കു മ്പോൾ ഞാൻ പറയും, കർത്താവേ, ഇതുകൂടി നടത്താനായി രിക്കും എനിക്ക് നീ ആയുസ്സു തന്നതെന്ന്. കാലങ്ങൾ വേഗം വേഗം പോവുകയാണ്. നാമോരോരുത്തരും മരണത്തോട് ഓരോ ചുവട് അടുത്തുകൊണ്ടിരിക്കുകയാണ്. കർത്താവിന്റെ രണ്ടാമത്തെ വരവിൽ നിങ്ങളാരും ഉപേക്ഷിക്കപ്പെടരുത്, തള്ള പ്പെട്ടുപോകരുത്.

കാഹളം ധ്വനിക്കും. മരിച്ചവർ അക്ഷയരായി ഉയിർക്കും. അങ്ങനെ നാം ക്രിസ്തുവിനോടുകൂടെയാകും. ആ ഉൽപ്രാപ ണത്തിന്റെ സന്തോഷം അനുഭവിക്കുന്നതിന് നിങ്ങൾക്കു കൊതിയുണ്ടോ? കർത്താവേ, ഇവിടെ ഈ ഭൂമിയിലേക്കുള്ള എന്റെ വേരുകളെല്ലാം പറിച്ചു മാറ്റണമേ. കർത്താവേ, എന്റെ മേൽ നിന്റെ അനുഗ്രഹത്തിന്റെ നിക്ഷേപം, സ്വർഗ്ഗീയനി ക്ഷേപം പകരണമേ. ഈ ലോകം മായയാണെന്ന് എണ്ണാനുള്ള കൃപ തരണമേ.

ഏതു നിമിഷത്തിലും ഞാനീ ഭൂമിയിൽനിന്ന് മാറ്റപ്പെട്ടു പോകാം. ഏതു നിമിഷത്തിലും അവിടുത്തെ രണ്ടാമത്തെ വര വാകാം. അതുകൊണ്ട് എല്ലാറ്റിൽനിന്നും പറിഞ്ഞ് മാറിനിന്നു

കൊണ്ട് യേശുക്രിസ്തുവിന്റെ തിരുരക്തത്തിന്റെ ആകർഷണ വലയത്തിൽ ഉൾപ്പെട്ടുനിൽക്കാനുള്ള ഭാഗ്യം എനിക്കു തരണമേ. പ്രാർത്ഥിക്കൂ. നിങ്ങളെത്തന്നെ കർത്താവിന്റെ കരങ്ങളിലേക്ക് കൊടുക്കൂ.

അവന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ച് ആനന്ദിപ്പാൻ ഇടയാകും.

ആർക്കാണ് ഉല്ലാസമുണ്ടാകുന്നത്? പാപങ്ങളെല്ലാം കഴുകപ്പെട്ട് കിട്ടിയവർക്ക്. പാപങ്ങൾ ഉണ്ടായിരുന്നു; പക്ഷേ, ഭാഗ്യവശാൽ, ക്രിസ്തുവിന്റെ തിരുരക്തത്താൽ, എല്ലാം കഴുകപ്പെട്ടുകിട്ടി. അത് നാം ഒരു വിലയും കൊടുക്കാതെയാണ് സാധിച്ചുകിട്ടുന്നത്. അതിനുവേണ്ടി ഒരു ചെലവും ചെയ്യുന്നില്ല.

**"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ."**

**1 തെസ്സലോനിക്യർ 4 : 16 – 18**

ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കും. ഈ ഭൂമിയിൽ ജീവിക്കുമ്പോൾത്തന്നെ ക്രിസ്തു അകത്തുള്ളവരായിട്ടു വാങ്ങിപ്പോയവർ, ഉയിർത്തെഴുന്നേൽക്കും.

ഞാൻ അത്ഭുതത്തോടെ ഓർക്കുന്നു, എന്റെ പതിനേഴാമത്തെ വയസ്സിൽ യേശുക്രിസ്തു എന്റെ ഹൃദയത്തിലേക്ക് വന്നത് എന്തു ഭാഗ്യമായിപ്പോയി! ഞാൻ ഒന്നും അറിഞ്ഞില്ല. ഞാൻ ഒട്ടും ചെലവു ചെയ്തില്ല. ഞാൻ യാചിച്ചില്ല, പ്രാർത്ഥിച്ചില്ല, ഉപവസിച്ചില്ല, ജാഗരിച്ചില്ല, ഒന്നും ചെയ്തില്ല. ഞാൻ

വചനം കേൾക്കാൻ പോയി. പ്രസംഗം കേട്ടു. എനിക്കെന്താണ് സംഭവിക്കുന്നതെന്ന് അറിയില്ലായിരുന്നു. ഒരു മരവിച്ച മനുഷ്യനായിട്ട് ഞാൻ ഇരിക്കുകയായിരുന്നു. കാരണം, നിരാശ മാത്രമായിരുന്നു എന്റെ ജീവിതം. അപകർഷതാബോധം കൊണ്ട് മുറ്റിയതായിരുന്നു എന്റെ ജീവിതം.

ഒരു വയസ്സിൽ എന്റെ അപ്പൻ മരിച്ചുപോയി. മുപ്പതാമത്തെ വയസ്സിൽ എന്റെ അമ്മ വിധവയായിത്തീർന്നു. ഞാൻ തീർത്തും അവശനായിരുന്നു. ഞാൻ കഴിവില്ലാത്ത ഒരു മനുഷ്യനായിരുന്നു. എനിക്ക് യാതൊരു കാര്യത്തിനും പ്രാപ്തിയുണ്ടായിരുന്നില്ല. തന്റേടമുണ്ടായിരുന്നില്ല, ധൈര്യമുണ്ടായിരുന്നില്ല. ആരെയെങ്കിലും ചാരിനില്ക്കാനേ എനിക്കു പറ്റുമായിരുന്നുള്ളൂ. എന്റെ അമ്മയെ ചാരിയാണ് ഞാൻ നിന്നിരുന്നത്. എന്റെ പെങ്ങൾ അമ്മയെപ്പോലെതന്നെ എന്നെ ലാളിച്ചു വളർത്തി. പക്ഷേ, ഞാൻ നിരാശനായിരുന്നു. എനിക്ക് ആരും ഉണ്ടായിരുന്നില്ല. എന്റെ ഹൃദയം നിരാശപൂണ്ട് വലഞ്ഞുപോയിരുന്നു. പലപ്പോഴും ഒറ്റയ്ക്കിരുന്ന് കരയാറുണ്ട്.

ഇന്ന് ഞാൻ അത്ഭുതത്തോടെ ഓർക്കുന്നു. ഞാൻ ആവശ്യപ്പെടാതെ യേശു എന്റെ ഹൃദയത്തിലേക്ക് വന്നു കയറി. കർത്താവേ, വരണമേയെന്നു ഞാൻ പറഞ്ഞില്ല. ഞാൻ കൃത്യമായി പള്ളിയിൽ പോകുമായിരുന്നു. പ്രാർത്ഥനയും നമസ്ക്കാരവുമുള്ള മനുഷ്യനായിരുന്നു. ആത്മികകാര്യങ്ങളിൽ ഉത്സാഹമുണ്ടായിരുന്നു. എനിക്ക് ഒരു മാനസാന്തരം ആവശ്യമുണ്ടെന്ന് അറിയാൻ വയ്യായിരുന്നു. ഞാൻ ഒരു നീതിമാനാണെന്നാണ് എന്നെക്കുറിച്ച് ധരിച്ചു വച്ചിരുന്നത്. വേറെ പാപം ഒന്നുമില്ല. ഭാഗ്യവശാൽ അരുതാത്ത വഴികളിലൊന്നും പോകാൻ ഇടയായിട്ടില്ല.

കരുണയുള്ള കർത്താവിന്റെ തിരുവചനം ഞാൻ കേട്ടുകൊണ്ടിരുന്നപ്പോൾ എപ്പോഴോ എന്റെ ഹൃദയത്തിന്റെ പൂട്ടു തുറന്നു; യേശു അകത്തു വന്നു കയറി. ഞാൻ ഒന്നും ചെയ്തില്ല.

അന്നുമുതൽ ഇന്നയോളം സമാധാനം അനുഭവിച്ചുകൊണ്ട് ഞാൻ കഴിയുന്നു. സമാധാനവും സന്തോഷവും ഉല്ലാസവും കർത്താവെനിക്ക് ദാനമായി തന്നു.

നിങ്ങൾക്ക് ഇന്ന് യേശുവിനെ കിട്ടണം. നിങ്ങൾ പറയണം: കർത്താവേ, നീ എന്റെ പുറകെ എത്രയോ നാൾ നടന്നു! ഞാൻ വിട്ടു തന്നില്ല. എത്രയോ നാൾ എന്റെ ഹൃദയവാതില്ക്കൽ നീ മുട്ടിക്കൊണ്ടുനിന്നു! ഞാൻ തുറന്നില്ല. എന്നാൽ ഇന്ന് എനിക്ക് സന്തോഷവും ഉല്ലാസവും തരുന്ന എന്റെ യേശുവിന്റെ ആ കൃപ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണം. യേശുവിന്റെ തിരുരക്തത്താൽ എന്റെ കഴിഞ്ഞകാല പാപങ്ങളെല്ലാം കഴുകിത്തരണം.

കർത്താവേ, ഒന്നുമാത്രം ഞാൻ എളിമയോടെ പറയുകയാണ്: മനസ്സറിഞ്ഞ് ഒരു പാപം വരികയില്ല, അക്കാര്യം ഉറപ്പാണ്. മനസ്സറിഞ്ഞ് ഒരു തെറ്റിലേക്ക് ഞാൻ പോവുകയില്ല. തെറ്റ് എന്ന് സംശയമുള്ള ഒരു കാര്യംപോലും ഞാൻ ചെയ്യുകയില്ല. കർത്താവേ, ഇനിമേൽ ഞാനൊരു പുതിയ മനുഷ്യനായിരിക്കും.

നിങ്ങളിത് യാഥാർത്ഥ്യമായി അംഗീകരിക്കണം, അനുഭവിക്കണം. അവന്റെ പ്രത്യക്ഷത വരാൻ പോകുന്നു. കർത്താവ് വീണ്ടും വരും. മദ്ധ്യാകാശം വരെയും വരും. വിശുദ്ധന്മാരവിടെ ചെന്നുചേരും. പൗലോസ് ശ്ലീഹായുണ്ടാകും, പത്രോസ് ശ്ലീഹായുണ്ടാകും, വിശുദ്ധ കന്യകമാതാവുണ്ടാകും, അനേകം വിശുദ്ധന്മാർ അവിടെയുണ്ടാകും, ശുദ്ധിമതികളവിടെയുണ്ടാകും.

നമുക്കാർക്കും പരിചയമില്ലാത്ത എത്രയോ വിശുദ്ധന്മാരുണ്ടാകും! നാമാരും കണ്ടിട്ടില്ലാത്ത എത്രയോ വിശുദ്ധന്മാരുണ്ടാകും! ഓരോ തലമുറയിലുണ്ടായിരുന്ന വിശുദ്ധന്മാർ, അവർ കർത്താവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെടും. അപ്പോൾ ഈ നിസ്സാരനായ ഞാനും ആ കൂട്ടത്തിൽ ചെന്നു ചേരും. ഈ ഉറപ്പ് നിങ്ങൾക്കു വേണം. ഞാനും ഒരു കണ്ണി

യായി അവിടെ ചെന്നുചേരും.

ഈ വ്യക്തമായ വിശ്വാസം നിങ്ങൾക്കു കിട്ടിയില്ലെങ്കിൽ പ്രിയപ്പെട്ടവരേ, നിങ്ങളുടെ ജീവിതം ശൂന്യമായിപ്പോയി. ക്രിസ്തു വീണ്ടും വരുമ്പോൾ എടുക്കപ്പെടും എന്നുള്ള വിശ്വാസം. എനിക്ക് നന്മയൊന്നും ഉണ്ടായിട്ടല്ല, എന്റെ ജീവിതത്തിലെ തിന്മകളെല്ലാം യേശു തന്റെ രക്തത്താൽ കഴുകിത്തന്നു. അതാണെന്റെ ആശ്വാസം.

നിങ്ങളുടെ ജീവിതത്തിൽ കഴുകൽ കിട്ടിയോ? ഹൃദയം സ്വച്ഛനിർമ്മലമായോ? ഹൃദയം ശുദ്ധമായോ? ആരോടും വിദ്വേഷമില്ലാതെ, ആരോടും മുൻവിധിയില്ലാതെ, ആരെക്കുറിച്ചും ഒരു പ്രയാസവുമില്ലാതെ, പ്രശ്നവുമില്ലാതെ, എല്ലാവരോടും സ്നേഹം മാത്രം. എല്ലാവരോടും സഹിഷ്ണുതമാത്രം. എല്ലാവരേയും ആദരിക്കുന്നു. എല്ലാവരേയും ബഹുമാനിക്കുന്നു. എതിർക്കുന്നവരെയും ബഹുമാനിക്കുന്നു. ഈ ഒരു സ്നേഹം നിങ്ങൾക്കു കിട്ടുന്നുണ്ടോ? നിങ്ങൾക്ക് ആ ഭാഗ്യം വേണമെങ്കിൽ ലഭിക്കും.

കണ്ണിമയ്ക്കുന്നതിനിടയിൽ എല്ലാം നടന്നു കഴിഞ്ഞിരിക്കും.

**“സഹോദരന്മാരേ, മാംസരക്തങ്ങൾക്ക് ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴികയില്ല, ദ്രവത്വം അദ്രവത്വത്തെ അവകാശമാക്കുകയുമില്ല എന്നു ഞാൻ പറയുന്നു. ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം: നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്ന് കണ്ണിമെക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും.” 1 കൊരിന്ത്യർ 15 : 50 – 52**

സഹോദരങ്ങളേ, അതു സംഭവിക്കാൻ പോകുന്നു. ഇനി നടക്കുന്ന ഏറ്റവും വലിയ കാര്യം അതാണ്. കാഹളം ധ്വനിക്കും.

മരിച്ചവർ അക്ഷയരായി ഉയിർക്കും. എല്ലാ കല്ലറയും തുറക്കുകയില്ല. അനേകം കല്ലറകൾ അടഞ്ഞുതന്നെ കിടക്കും. എന്നാൽ ചില കല്ലറകൾ തുറക്കും. മരിച്ചവർ ക്ഷയമില്ലാത്തവരായി ഉയിർക്കും. ക്ഷയമുള്ള ശരീരത്തോടെ മരിച്ചു, ക്ഷയമില്ലാത്ത ശരീരത്തോടെ ഉയിർക്കും. നമ്മുടെ ആളത്വം മുഴുവൻ മാറും.

ഈ ശരീരം, പഴയ മുഖം, പഴയ ചെവി, പഴയകാലുകൾ, പഴയ കൈകൾ, പഴയ ഛായ, പക്ഷേ, അത് ശരീരരക്തമുള്ളതല്ല, ആത്മശരീരമാണ്. കർത്താവായ യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റശേഷം ശിഷ്യന്മാർക്കു പ്രത്യക്ഷനായി. കർത്താവ് കരം ഉയർത്തി അവരെ അനുഗ്രഹിച്ചു, നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞു.

ഉയിർത്തെഴുന്നേറ്റ മശിഹ ആത്മാവാണ്. കർത്താവ് ശരീരത്തോടെ വരുന്നതുപോലെ അവർക്കു തോന്നി. കർത്താവ് അവരുടെ നേരെ അവന്റെ കൈ കാണിച്ചു, വിലാപ്പുറവും കാണിച്ചു. രക്തം തുളിച്ചുവരുന്നു. മുറിവുണ്ട്. എമ്മവൂസിലേക്ക് പോയ ശിഷ്യന്മാരുടെ കൂടെ കർത്താവ് നടന്നു. കർത്താവിന് വേണമെങ്കിൽ ഭക്ഷണം കഴിക്കാതിരിക്കാം. കഴിക്കണമെങ്കിൽ കഴിക്കുകയും ചെയ്യാം. ആത്മശരീരം!

ആത്മശരീരം പ്രാപിച്ചാൽ സെക്കന്റുവേണ്ട, അമേരിക്കയിലെത്താൻ! വാതിലും ജനലും അടച്ചിരുന്നാലും ആത്മശരീരത്തിന് ആ മുറിയിൽ കടന്നുചെല്ലാം!

ഈ ഭാഗ്യം കിട്ടിയില്ലെങ്കിൽ നഷ്ടമല്ലേ? പലതും നേടി. നിങ്ങൾ കഠിനാദ്ധ്വാനം ചെയ്തവരാണ്. രാവുംപകലും അദ്ധ്വാനിച്ചവരുണ്ട്. ജീവിതമാർഗ്ഗം തേടാൻ, മക്കളെ വളർത്താൻ, മക്കളുടെ പഠിത്തം ശരിയാക്കാൻ, മക്കൾക്ക് ആഹാരം കൊടുക്കാൻ, നല്ല വസ്ത്രം കൊടുക്കാൻ എല്ലാം നിങ്ങൾ കഷ്ടപ്പെട്ടു. നല്ലപോലെ അദ്ധ്വാനിച്ചവരാണ് പലരും. എന്നാൽ അദ്ധ്വാനമി

ല്ലാത്ത, യാതനയില്ലാത്ത, രോഗമില്ലാത്ത, വേദനയില്ലാത്ത നിത്യശോഭനതീരത്തേക്ക് നിങ്ങൾ പറന്നുയരാൻ പോവുകയാണ്. ആത്മശരീരം പ്രാപിച്ച് ഉല്ലസിച്ചാനന്ദിക്കാം.

നിങ്ങൾ ദൈവത്തോടു പറയണം: ആ മഹാസംഭവത്തിൽ കർത്താവേ, ഞാനും ഉയിർത്തെഴുന്നേറ്റ് അവിടെ പറന്നുചെല്ലുവാൻ, ഞാൻ ജീവനോടിരിക്കുന്നെങ്കിൽ രൂപാന്തരപ്പെട്ട് അവിടെ പറന്നുചെല്ലുവാൻ, മദ്ധ്യാകാശത്തിലെ ആ സമ്മേളനത്തിൽ ഞാനും കൂടുവാൻ എനിക്കു നീ ഭാഗ്യം തരണമേ.

സുന്ദർസിംഗ് ഒരു ദർശനം കണ്ടു. കണ്ട ദർശനം ഇതാണ്. ഈ ഭൂമിയിൽ നിന്ന് മരിച്ച് ആത്മലോകത്തേക്ക് ചെല്ലുമ്പോൾ മാനസാന്തപ്പെടാത്ത ആത്മാക്കൾക്ക് അസഹ്യതയാണ്. തീക്ഷ്ണമായ ജ്വാലയുള്ള വെളിച്ചത്തിൽ അവർക്ക് അവിടെ നില്ക്കാൻ പറ്റുന്നില്ല. അവർ മുഴുവനും ഇരുട്ടാണ്. ഈ ഭൂമിയിൽനിന്ന് കടന്നുചെല്ലുന്ന മനുഷ്യൻ, പാപത്തിൽനിന്ന് മോചനം കിട്ടാത്ത മനുഷ്യൻ ഇരുട്ടാണ്. അവന് വേഗം എവിടെയെങ്കിലും ഒളിക്കാനാണ് താത്പര്യം. പ്രകാശത്തിൽ നില്ക്കാൻ പറ്റുന്നില്ല. പ്രകാശത്തിൽ നില്ക്കുമ്പോൾ വലിയ ലജ്ജ തോന്നുന്നു. അവന് ആസകലം പുകയുന്നു. അവൻ വിഷമിക്കുന്നു. അവൻ വേഗം ഓടി ഒളിക്കുവാൻ ശ്രമിക്കുന്നു.

പറമ്പിൽ കിടക്കുന്ന ഒരു വലിയ കല്ല് എടുത്ത് മാറ്റിയാൽ ചീവീടുകൾ പോലുള്ള ജീവികൾ പുറത്തു വരും. എന്നാൽ അതെത്രയുംവേഗം ഒളിക്കാൻ ഒളിവിടം തേടി ഇരുട്ടുള്ള സ്ഥലത്തേക്ക് പോകുന്നു. എന്നതുപോലെ, ഈ ഭൂമിയിൽനിന്ന് കടന്നുപോകുന്ന മനുഷ്യൻ ദൈവരാജ്യത്തിൽ എത്തിയാലും ആ വെളിച്ചത്തിൽ നില്പാൻ കഴിയാതെ ഇരുട്ടിലേക്ക് ഓടിപ്പോകുന്നു. ദൈവം ആരേയും തള്ളക്കളയുന്നില്ല. നീ ഇങ്ങോട്ട് വരണ്ട എന്ന് കർത്താവ് പറയുന്നില്ല.

സുന്ദർസിംഗ് ആ ദർശനത്തിൽ കണ്ടു. മരിച്ചു കടന്നു ചെന്ന ഒരാൾ, ദൈവം കൃപയാൽ അവനെ സ്വർഗ്ഗത്തിൽ കൊണ്ടുപോയി. പക്ഷേ, അവനവിടെ ഇരിക്കാൻ പറ്റാതെ ഓടി നടക്കുകയാണ്. ആ തീയിൽ, ആ ചൂടിൽ അവനിരിക്കാൻ പറ്റുന്നില്ല. അപ്പോൾ അവൻ തന്നത്താൻ ഇരുട്ടിലേക്ക്, യാതനാസ്ഥലത്തേക്ക് പോകുന്നു.

കർത്താവ് ആരേയും തള്ളിക്കളയുന്നില്ല. ആരേയും ഉപേക്ഷിക്കുന്നില്ല. എന്നാൽ നിങ്ങൾ ഓരോരുത്തരും വെളിച്ചമായില്ലെങ്കിൽ വെളിച്ചത്തിൽ നില്ക്കാൻ സാധിക്കാതെ നിങ്ങൾ പുറത്തുപോകേണ്ടി വരും. കർത്താവ് തള്ളിക്കളയുന്നതല്ല. വെളിച്ചമായാൽ അവിടെ നില്ക്കാം. നിങ്ങൾ തീയായാൽ ആ സ്വർഗ്ഗീയ അഗ്നിയിൽ നിങ്ങൾക്ക് നില്ക്കാം. തീയല്ലെങ്കിലോ നിങ്ങൾ എരിഞ്ഞുപോകും. ഇന്ന് ഈ ഭൂമിയിൽ നില്ക്കുമ്പോൾ തീയായിത്തീരണം.

ഇന്ന് ഇതു വായിക്കുന്നവർ തീയായി മാറണമേയെന്ന് ഞാൻ ആശിക്കുന്നു. പരിശുദ്ധാത്മാവിന്റെ അഗ്നിയാൽ അഭിഷേകം പ്രാപിക്കണമെന്ന്, പരിശുദ്ധാത്മാവിന്റെ തീയാൽ നിങ്ങൾ എല്ലാവരും പാപജീവിതം വിട്ടുമാറണമെന്ന്, പാപമെല്ലാം കത്തിപ്പോകണമെന്ന്, ലോകസ്നേഹം കത്തിപ്പോകണമെന്ന്, ജഡയിമ്പങ്ങൾ കത്തിപ്പോകണമെന്ന്, ദുശ്ശീലങ്ങൾ കത്തിപ്പോകണമെന്ന്, വഴക്കുകളും പിണക്കങ്ങളും കത്തിപ്പോകണമെന്ന്, ഇഷ്ടക്കേടുകളും മുഷിച്ചിലുകളും കത്തിപ്പോകണമെന്ന്, കുടുംബം സ്വർഗ്ഗമായിത്തീരണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ഈ ഹൃദയം ഒരു സ്വർഗ്ഗമായി മാറണം. ദൈവത്തിന്റെ രാജ്യം എന്റെ ഹൃദയത്തിൽ വരണം. അവിടെ സ്നേഹമാണ്. സന്തോഷമാണ്. സമൃദ്ധിയാണ്. അവിടെ ഒന്നിനും കുറവില്ല. ഈ മഹാഭാഗ്യം നിങ്ങൾക്കു ലഭിക്കട്ടെ. കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ. കർത്താവിന്റെ കൃപ നിങ്ങളുടെമേൽ ചൊരി

യട്ടെ. നിങ്ങൾ ഓരോരുത്തരും ആത്മാവിൽ നിറയട്ടെ. ദൈവ കൃപയിൽ നിങ്ങൾ ഓരോരുത്തരും വളരട്ടെ. ആത്മീയമായ സൗഭാഗ്യം നിങ്ങൾക്കു ലഭിക്കട്ടെ. കർത്താവിന്റെ പ്രത്യക്ഷത യിൽ ഉല്ലസിച്ച് ആനന്ദിപ്പാൻ ഇടവരട്ടെ.

നമുക്കു പ്രാർത്ഥിക്കാം: മഹാപരിശുദ്ധനായ ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, ഈ മനോഹരമായ സമയം ഞങ്ങൾക്കു തന്നതിനാൽ ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. ഈ മക്കളെ എല്ലാവരേയും വാഴ്ത്തി അനുഗ്രഹിച്ച് വിശുദ്ധീ കരിക്കണമേ. അവിടുത്തെ രണ്ടാമത്തെ വരവിൽ പറന്നുയ രുന്ന വിശുദ്ധന്മാരുടെ നിരയിൽ നില്പാൻ എല്ലാവർക്കും ഭാഗ്യം നൽകണമേ. എല്ലാ നന്മകളാലും ഞങ്ങളെ അനുഗ്രഹി ക്കണമേ. യേശുനാഥന്റെ പരിശുദ്ധമായ നാമത്തിൽ പ്രാർത്ഥി ക്കുന്നു, കൃപയോടെ കേൾക്കണമേ, ആമ്മേൻ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
123. സ്നേഹാർദ്രകരങ്ങൾ
124. മ്ലാനത മാറുമോ?
125. ഫിലേമോൻ
126. DEDICATION
127. മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ
128. ദൈവത്തിന്റെ സ്നേഹിതൻ
129. വിശ്വാസികളുടെ പിതാവ്
130. വിശ്വാസത്തിന്റെ ചുവടുവെപ്പുകൾ
131. ALL FOR THE BEST
132. അനുഗ്രഹം തലമുറകളിലേയ്ക്ക്
133. തളരാതെ ഓടുക
134. സ്മാരക സ്തംഭങ്ങൾ
135. ആത്മവിവശത
136. സ്നേഹത്തിന്റെ തീജ്ജ്വാല
137. പ്രത്യാശയുടെ നറുനാമ്പുകൾ
138. യഥാസ്ഥാനപ്പെടുവിൻ
139. ഭീരു ധീരനാകയോ?
140. പുനഃപ്രതിഷ്ഠ
141. കൊടുങ്കാറ്റുകൾ
142. സന്തോഷം
143. COURAGE IN CRISES

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രധാനയോഗങ്ങൾ

**Prof. M.Y. യോഹന്നാന്റെ** ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ
കടയിരുപ്പ് (കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്)
Ph : 0484 -2689489, 9142 303096

---

| | |
|---|---|
| രണ്ടാം ശനിയാഴ്ച (മാസം തോറുമുള്ള പ്രധാന യോഗം) | 9.00am - 2.00pm |
| കുട്ടികൾക്കുള്ള ബൈബിൾ ക്ലാസ്സ് | 3.00pm - 4.30pm |
| യുവതികളുടെ ഫെല്ലോഷിപ്പ് | 3.00pm - 4.30pm |
| സാക്ഷ്യയോഗം | 4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.30pm |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.30pm |
| ഒന്നാം ചൊവ്വാഴ്ച (വനിതകളുടെ യോഗം) | 9.00am - 12.45pm |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |